








# നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണം




## വികസനറിപ്പോർട്ട് 1996




# നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്ത്



# നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം
## വികസന റിപ്പോർട്ട്
## 1996




| | | | | | |
|---|---|---|---|---|---|
| 1. | കേണംപുള്ളി | 2. | ചന്ദനപ്പുറം | 3. | കൊട്ടപ്പള്ളം |
| 4. | പന്നിപ്പെരുന്തല | 5. | കൊററമംഗലം | 6. | എരട്ടകുളം |
| 7. | കിഴക്കേത്തറ | 8. | നടത്തറ | 9. | പടിഞ്ഞാറെത്തറ |
| 10. | കൗണ്ടൻകളം | 11. | കുററിപ്പള്ളം | 12. | കണക്കമ്പാറ |

# ഉള്ളടക്കം


1. ആമുഖം.......................................................

   പ്രവർത്തന റിപ്പോർട്ട് ...............................................

2. പഞ്ചായത്ത് പൊതുവിവരണം..........................................

3. സാമൂഹ്യ സാംസ്കാരിക ചരിത്രം........................................

4. ഭൂപ്രകൃതി.......................................................

5. 1. കൃഷിയും ജലസേചനവും..........................................
   2. മൃഗസംരക്ഷണവും മത്സ്യബന്ധനവും.................................
   3. വ്യവസായം, ഊർജ്ജം............................................
   4. വിദ്യാഭ്യാസം.................................................
   5. പൊതുജനാരോഗ്യവും കുടിവെള്ളവും.................................
   6. ഗതാഗതം.....................................................
   7. പാർപ്പിടം, സാമൂഹ്യക്ഷേമം......................................
   8. സംസ്ക്കാരം...................................................
   9. വനിത........................................................
   10. സഹകരണം....................................................
   11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം...................................
   12. വിഭവസമാഹരണം...............................................

6. ഉപസംഹാരം.....................................................

# നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ അംഗങ്ങൾ



എം. ശെൽവം
പ്രസിഡണ്ട്



പി. ശാരങ്ങ്ധരൻ
വൈസ് പ്രസിഡണ്ട്



എം. ബാലകൃഷ്ണൻ
സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ



ഇ. പൊന്നു
മെമ്പർ വാർഡ് I



പി. ഷൺമുഖൻ
മെമ്പർ വാർഡ് IV



വി. രാമൻ
മെമ്പർ വാർഡ് V



**ജയമണി**
മെമ്പർ വാർഡ് VI



**എ. രാജശേഖരൻ**
മെമ്പർ വാർഡ് VII



**എ. വൃന്ദാകുമാരി**
മെമ്പർ വാർഡ് VIII



**പി. ഭാസ്കരനുണ്ണി**
മെമ്പർ വാർഡ് !X



ശെൽവരാജ്
മെമ്പർ വാർഡ് X



ഇന്ദിര
മെമ്പർ വാർഡ് XII

# വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

1. കൃഷി ജലസേചനം,
   ഹൃദയസ്വാമി. എ,
   ഹക്കീം. വി
   രവീന്ദ്രൻ കൃഷി ഓഫീസർ
   രവീന്ദ്രൻ എ.ഇ
   പ്രഭാകരൻ. വി

2. മൃഗസംരക്ഷണം മത്സ്യബന്ധനം
   കുട്ടൻ
   പ്രേമചന്ദ്രൻ
   ഫെഫ്സി റാണി
   ഡോ. എലിസബത്ത്
   അനന്തകൃഷ്ണൻ

3. വിദ്യാഭ്യാസം
   രത്നമ്മ. ജി
   രാമചന്ദ്രൻ
   വേലായുധൻ. എ
   വേലായുധൻ. ആർ

4. കുടിവെള്ളം പൊതുജനാരോഗ്യം
   മുകുന്ദൻ. എം
   കണ്ടസ്വാമി
   ലളിതാംബിക
   എം. വസന്ത
   ഡോ. അരവിന്ദാക്ഷൻ
   ഡോ. കെ.എം. പൊന്നമ്മ

5. വ്യവസായം
   [illegible]
   രാജു
   [illegible]

6. ഗതാഗതം ഊർജ്ജം മാർക്കറ്റ്
   കെ. മുത്തു
   രവിചന്ദ്രൻ
   കണ്ടുണ്ണി
   മുരളീധരൻ

7. പാർപ്പിടം സാമൂഹ്യക്ഷേമം
   എ. രാമചന്ദ്രൻ
   വി. മണി
   ഇന്ദിര
   സുകുമാരൻ. പി

8. സംസ്കാരം
   കാളിദാസ് പുതുമന
   കൃഷ്ണൻ നായർ
   രാമസ്വാമി
   മോഹനൻ. എ

9. വനിത
   പി.വി. രാധ
   പി.കെ. രാധ
   അജിത
   ശാന്താകാരളം
   പി. ശാരദ

10. സഹകരണം
    ഭാസ്കരനുണ്ണി
    എൻ.കെ. ഓമന
    വൃന്ദാകുമാരി

11. പട്ടികജാതി പട്ടികവർഗക്ഷേമം
    പൊന്നു. ഇ
    വി. മാണിക്കൻ
    മുരുകദാസ്

12. വിഭവസമാഹരണം
    എ. ശെൽവം
    തങ്കവേലു



# ആമുഖം

ആസൂത്രണം താഴെതട്ടിൽ നിന്ന് എന്ന ആശയം മുൻനിർത്തിയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം രൂപം കൊണ്ടത്. 1997 ഏപ്രിൽ മുതൽ ആരംഭിക്കുന്ന 9-ാം പദ്ധതിക്കാവശ്യമായ രൂപരേഖ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കണമെന്നാണ് 1996 ജൂലൈ 14ന് ചേർന്ന സംസ്ഥാന ആസൂത്രണ ബോർഡ് തീരുമാനമെടുത്തത്. ഇതിന്നായി പ്രത്യേക ഗ്രാമസഭകൾ കൂടണമെന്നും ഗ്രാമസഭകളിൽ നിന്നും രൂപപ്പെടുന്ന നിർദ്ദേശങ്ങളുടെയും സ്ഥിതി വിവര കണക്കുകളുടേയും അടിസ്ഥാനത്തിൽ അതാത് പഞ്ചായത്തിന്റെ 9-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കണമെന്നും ഗവ. തീരുമാനിക്കുകയുണ്ടായി. ഇതിന്റെ വിജയത്തിനായി കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായ ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട് ചെയർമാനായും മുൻ മുഖ്യമന്ത്രിമാരും മററും അടങ്ങുന്ന ഒരു ഉന്നതതല ഉപദേശക സമിതി, മാർഗ്ഗ നിർദ്ദേശക സമിതിക്ക് രൂപം കൊടുക്കുകയും ചെയ്തു. ഇതോടൊപ്പംതന്നെ വിവിധ വകുപ്പുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു ശൃംഖല ഇതിനായി രൂപീകരിച്ചിരുന്നു.

ഒന്നാം ഘട്ടത്തിൽ ഗ്രാമസഭകൾ ഫലപ്രദമായി വിളിച്ചുകൂട്ടി അവിടെ നിന്നും പ്രശ്നങ്ങളും, നിർദ്ദേശങ്ങളും തിട്ടപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം. ഇതിന് വേണ്ടുന്ന സംസ്ഥാനതല പരിശീലനം 300 പേർക്ക് 3 ഘട്ടങ്ങളിലായി നടന്നു. ഇതിൽ പങ്കെടുത്തവരെ കെ.ആർ.പി (കീ റിസോഴ്സ് പേർസൺ) എന്നു വിളിക്കുന്നു. അതിന് ശേഷം രണ്ട് ബ്ലോക്കുകൾക്ക് വീതം ജില്ലാതല പരിശീലനം നടന്നു. ഇതിൽ ബ്ലോക്കിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും 5 പേരും വീതം പങ്കെടുപ്പിച്ചു. ഇവരെ ഡി.ആർ.പി (ജില്ലാ റിസോഴ്സ് പേർസൺ) എന്നു വിളിക്കുന്നു. ചിററൂർ, കൊല്ലങ്കോട് ബ്ലോക്കുകൾക്കായുള്ള ജില്ലാതല പരിശീലനം നല്ലേപ്പിള്ളി പഞ്ചായത്ത് കമ്മ്യൂണിററി ഹാളിൽ വെച്ച് നടന്നു. ഇതിൽ ഈ പഞ്ചായത്തിൽ നിന്ന് എൻ.കെ. ഓമന, രാമചന്ദ്രൻ, രത്നമ്മ ടീച്ചർ, രത്നകുമാർ, മുത്തു, മുരുകദാസ്, കണ്ടച്ചാമി, പഞ്ചായത്ത് പ്രസിഡണ്ട് എന്നിവർ പങ്കെടുത്തു. ഈ ക്യാമ്പ് സെപ്ററംബർ 11,12,13 തിയ്യതികളിലാണ് നടന്നത്. ഇതിനുശേഷം 17-9-96 ന് പഞ്ചായത്തിൽ സംഘാടക സമിതി രൂപീകരിച്ചു. പ്രസിഡണ്ട് ശ്രീമതി. എ. ശെൽവം ചെയർമാനും 9-ാം വാർഡ് മെമ്പർ ശ്രീ. ഭാസ്കരനുണ്ണി കൺവീനറുമായുള്ള സമിതിയാണ് രൂപംകൊണ്ടത്.

പഞ്ചായത്ത്തല ഏകദിന പരിശീലന ക്യാമ്പ് 19-9-96 ന് നടന്നു. ഇതിൽ ഓരോ വാർഡിൽ നിന്നും 5 പേർക്ക് വീതം പരിശീലനം കൊടുത്തു. ഇവരെ എൽ.ആർ.പി (ലോക്കൽ റിസോഴ്സ് പേർസൺ) എന്നു വിളിക്കുന്നു. ഈ ക്യാമ്പിൽ 102 പേർ പങ്കെടുത്തു. ഇതിൽ 12 സ്ത്രീകളാണ്. ഗ്രാമസഭകൾ കൂടുന്നതിന് മുമ്പായി പ്രചരണ പ്രവർത്തനങ്ങൾ നടന്നു. 20-9-96 ന് പഞ്ചായത്തിലെ എല്ലാ വാർഡുകളെയും സ്പർശിച്ചുകൊണ്ടുള്ള 3 കാൽനട ജാഥകൾ നടന്നു. വാർഡുതല സംഘാടക സമിതികൾ രൂപീകരിച്ചിരുന്നു. പോസ്റ്റർ, ബാനർ, ബോർഡ്, ചുമർ, സ്ക്വാഡ് എന്നിവ പ്രചരണത്തിന്റെ ഭാഗമായി നടന്നു. 6-ാം വാർഡിൽ പ്രചരണത്തിന്റെ ഭാഗമായി ചെണ്ടകൊട്ടി പ്രചരണവും നടന്നു. സംസ്ഥാന ആസൂത്രണ സമിതി നിർദ്ദേശിച്ചതുപോലെ പൊതു അവധി ദിവസങ്ങളിൽ തന്നെയാണ് പഞ്ചായത്തിൽ ഗ്രാമസഭകൾ കൂടിയത്. 21-9-96 ന് പഞ്ചായത്ത് കമ്മ്യൂണിററി ഹാളിൽ വെച്ച് 9-ാം വാർഡ് ഗ്രാമസഭയാണ് പഞ്ചായത്ത് തലത്തിൽ ഉത്ഘാടനം ചെയ്തത്. ജില്ലാ പഞ്ചായത്തിലെ ഗ്രാമസഭകൾ 6-10-96 ന് പൂർത്തിയായി. വിവിധ ഗ്രാമസഭകൾ ബ്ലോക്ക് പ്രസിഡണ്ട്, ബ്ലോക്ക് വൈസ് പ്രസിഡണ്ട്, ബ്ലോക്ക് മെമ്പർ, പഞ്ചായത്ത് പ്രസിഡണ്ട് എന്നിവർ ഉത്ഘാടനം ചെയ്തു. ഗ്രാമസഭകളിൽ ആകെ 1766 പേർ പങ്കെടുത്തു. ഇതിൽ പുരുഷന്മാർ 1268 സ്ത്രീകൾ 498 ആണ്. ഏററവും കൂടുതൽ സ്ത്രീകൾ പങ്കെടുത്ത വാർഡ് 6 ആണ്. ഏററവും കൂടുതൽ അംഗങ്ങൾ പങ്കെടുത്തത് 5,6,7 എന്നീ വാർഡുകളിലാണ് 226 വീതം.

ഇതോടൊപ്പംതന്നെ സ്ഥിതിവിവര കണക്കുകളുടേയും, ഗ്രാമസഭ റിപ്പോർട്ട് ക്രോഡീകരണത്തിനായും 2 തവണ L.R.P മാരുടെ യോഗം വിളിച്ചിരുന്നു.

2-ാം ഘട്ട പ്രവർത്തനങ്ങളുടെ ജില്ലാ പരിശീലനം നവംബർ 24,25,26 എന്നീ തിയ്യതികളിൽ നല്ലേപ്പിള്ളി കമ്മ്യൂണിററി ഹാളിൽ വെച്ച് നടന്നു. ഇതിൽ 1-ാം ഘട്ടത്തിലെ പരിശീലകർക്കുപുറമെ പഞ്ചായത്തിൽ നിന്നും മുകുന്ദൻ, ഹൃദയസ്വാമി, ഹക്കീം എന്നിവർകൂടി ഉണ്ടായിരുന്നു. ഇതിനുശേഷം 31-10-96 ന് ഏകദിന L.R.P. ക്യാമ്പ് നടന്നു. ഇതിൽവെച്ച് പഞ്ചായത്തിൻെറ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിവിധ കോർ ഗ്രൂപ്പുകളെ നിയോഗിച്ചു. അവർ തയ്യാറാക്കിയ പഞ്ചായത്തിലെ വിവിധ വികസന തുറകളെ സംബന്ധിച്ച് സമഗ്രമായ വികസന റിപ്പോർട്ടാണ് ഇത്. ഈ വികസന സെമിനാറിൽവെച്ച് വിവിധ വികസന മേഖലകളിലെ കർമ്മസമിതി രൂപീകരിക്കുകയും ഈ കർമ്മ സമിതി വികസന റിപ്പോർട്ടിലെ സാധ്യതകളെ സ്കീമുകളാക്കി മാററുകയും ചെയ്യും. ഓരോ കർമ്മ സമിതിയുടെയും ചെയർമാൻ വാർഡ് മെമ്പറും, കൺവീനർ അതാത് വകുപ്പ് ഉദ്യോഗസ്ഥരും, ജോയിൻറ് കൺവീനർ ഒരു ഡി.ആർ.പി യും ആയിരിക്കും.

## പ്രവർത്തനരേഖ

കേരളത്തിൽ നടക്കുന്ന ജനകീയ ആസൂത്രണത്തെക്കുറിച്ച് പഠിക്കാൻ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും പ്രതിനിധികൾ കേരളത്തിൽ വന്നിരുന്നു. അതിൽ പാലക്കാട് ജില്ലാ പ്രതിനിധികളായി എത്തിയ രാജസ്ഥാനിൽ നിന്നുള്ള നാലംഗസംഘം നമ്മുടെ പഞ്ചായത്തിൽ 5 ദിവസം തങ്ങുകയും പഞ്ചായത്തിൽ നടക്കുന്ന ജനകീയ ആസൂത്രണ പ്രവർത്തനത്തെക്കുറിച്ചും സ്പെഷൽ ഗ്രാമസഭകളെക്കുറിച്ചും നേരിട്ട് പഠിക്കുകയും ചെയ്തു. വിവിധ ഗ്രാമസഭകളിലും, വാർഡുതല സംഘാടക സമിതികളിലും അവർ പങ്കെടുത്തു. രാജസ്ഥാനിലെ ദാരാ ജില്ലയിലെ നാഹർഘട്ട് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി മാങ്കി ദായ് ബാട്ടിയ, കർണാഹേട്ട പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സവിതാ ശർമ്മ എന്നിവരും മുൻ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജെയിൻ, ഭാരത് ജ്ഞാൻ വിജ്ഞാൻ സമിതി പ്രവർത്തകനായ ശ്രീ. വിജയ് രാഘവ് എന്നിവരായിരുന്നു സംഘാംഗങ്ങൾ.

## ജനാധികാര കലാജാഥ

ജനകീയ ആസൂത്രണ പ്രവർത്തനത്തിൻെറ ഭാഗമായി ബ്ലോക്കുതല കലാജാഥകൾ സംഘടിപ്പിച്ചിരുന്നു. ഗ്രാമസഭകളിൽ പങ്കെടുക്കേണ്ടതിനെകുറിച്ചും ജനകീയാസൂത്രണത്തിൻെറ പ്രസക്തിയുമായിരുന്നു കലാജാഥയുടെ സന്ദേശം. ചിററൂർ, കൊല്ലങ്കോട് ബ്ലോക്കുകളിലെ കലാജാഥാ അംഗങ്ങൾക്ക് നല്ലേപ്പിള്ളിയിലെ അണ്ണാൻതോട്ടിൽ വെച്ച് ഒക്ടോബർ 8 മുതൽ 14 വരെ പഞ്ചായത്തിൽ നിന്നും, കൃഷ്ണകുമാർ, ഷിബു, ബിന്ദു, സുനിത എന്നിവർ പങ്കെടുത്തു. ചിററൂർ ബ്ലോക്കിൻെറ നേതൃത്വത്തിലുള്ള കലാജാഥ 20-10-96 ന് നല്ലേപ്പിള്ളി പഞ്ചായത്തിലെ നെടുങ്ങോട്, കണക്കൻപാറ, പാറക്കളം, അപ്പുപ്പിള്ളയൂർ, നല്ലേപ്പിള്ളി എന്നീ സ്ഥലങ്ങളിൽ കലാപരിപാടികൾ അവതരിപ്പിച്ചു. ബ്ലോക്കുതല കലാജാഥയുടെ സമാപനം നല്ലേപ്പിള്ളിയിൽ വെച്ചായിരുന്നു.



# പ്രവർത്തന റിപ്പോർട്ട്

ഇന്ത്യൻ ഭരണഘടനയുടെ 73,74 വകുപ്പുഭേദഗതികൾ വഴി ത്രിതല പഞ്ചായത്ത് സംവിധാനം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയതിൻെറ അടിസ്ഥാനത്തിൽ 1995 സെപ്തംബർ മാസത്തിൽ നടന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പോടുകൂടിയാണ് ഇപ്പോഴത്തെ ഭരണസമിതി 1995 ഒക്ടോബർ മാസം 2-ാം തിയ്യതി വിവിധ രാഷ്ട്രീയ പ്രവർത്തകരുടേയും, സാമൂഹ്യസാംസ്കാരിക പ്രവർത്തകരുടേയും മഹനീയ സാന്നിദ്ധ്യത്തിൽ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിററി ഹാളിൽ വെച്ചുനടന്ന സത്യപ്രതിജ്ഞ ചടങ്ങിൽവെച്ച് അധികാരമേററെടുത്തത്.

കക്ഷിരാഷ്ട്രീയത്തിനതീതമായി പഞ്ചായത്തിലെ 12 വാർഡുകളുടേയും പൊതുവായ വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതിയുടേയും ബ്ലോക്ക് മെമ്പർമാരുടേയും ആത്മാർത്ഥമായ പ്രവർത്തനത്തിൻെറ ഫലമായി ലഭ്യമായ വിവിധ പദ്ധതി വിഹിതങ്ങളിൽ ജെ.ആർ.വൈ പദ്ധതി ഉപയോഗിച്ച് പട്ടികജാതി വിഭാഗത്തിന് 22 വീടുകൾ നിർമ്മിക്കുന്നതിനും, 14 വീടുകൾ വൈദ്യുതീകരിക്കുന്നതിനും ഗ്രാൻറ് അനുവദിക്കുകയും, കൊററമംഗലം, തെക്കുമുറി എന്നിവിടങ്ങളിൽ ഓരോ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുകയും, കേണംപുള്ളി റോഡ്, കൗണ്ടൻകളം റോഡ്, എരിശ്ശേരി മൂച്ചിക്കുന്ന് റോഡ്, ഉപ്പുമൺപടിക, ആലാംകടവ് റോഡ്, അഗ്രഹാരം റോഡ്, ഒലുവംപൊററ വെററിലംപൊററ റോഡ്, പണ്ടാരത്തറ റോഡ്, ഫുട്ട്പാത്ത് നിർമ്മാണം, ചെട്ടിത്തറ റോഡിൽ ഇറിഗേഷൻ കനാലിന് കുറുകെ ഫുട്ട്പാത്ത് നിർമ്മാണം വട്ടംപൊററ അകംപാടം കനാൽ സൈഡ് കെട്ടൽ എന്നീ നിർമ്മാണ പ്രവർത്തനങ്ങളും ചെയ്തിട്ടുണ്ട്.

അൺടൈയിഡ് ഫണ്ട് ഉപയോഗിച്ച് കോട്ടപ്പള്ളം I.H.D.P കോളനി റോഡിൻെറയും, മേപ്പള്ളം റോഡിൻെറയും റീ മെററലിംങ്ങ് പണിപൂർത്തിയാക്കുകയും, വെള്ളാന്തറ റോഡ് റീമെററലിംങ്ങ് ചെയ്യുന്നതിനും, കൊററമംഗലം പട്ടികജാതി കോളനി റോഡ് കോൺക്രീററ് ചെയ്യുന്നതിനും ഉള്ള പണി ആരംഭിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലെ പ്രധാന ഭാഗങ്ങളിലായി 12 സോഡിയം വാപ്പർ ലാംബ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ഇറിഗേഷൻ പദ്ധതി ഉപയോഗിച്ച് കമ്പിളിചുങ്കം അകംപാടം കനാൽ സൈഡ് കെട്ടൽ, പൊട്ടകുളം സൈഡുകെട്ടൽ എന്നിവ ചെയ്തിട്ടുണ്ട്.

വരൾച്ചാദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് അണ്ണാംതോട്, കണക്കംപാറ, കുറുമണ്ണാംപള്ളം, കേണംപുള്ളി എന്നിവടങ്ങളിലെ നാല് പൊതുകിണറുകളുടെ അററകുററപണികൾ ചെയ്യുകയും വിവിധ വാർഡുകളിലായി 9 പൊതു കിണറുകൾ വൃത്തിയാക്കുകയും ചെയ്തു.

ഗ്രാമീണ റോഡുകളുടെ അററകുററപണികൾ ചെയ്യുന്നതിൻെറ ഭാഗമായി 12 വാർഡുകളിലായി 12 ഗ്രാമീണ റോഡുകളുടെ അററകുററപണികൾ ചെയ്തിട്ടുണ്ട്.

സാമൂഹ്യക്ഷേമത്തിൻെറ ഭാഗമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും 233 പേർക്ക് ഓലപുരകൾ കെട്ടി മേയുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്.

വാട്ടർ അതോറിററി മുഖാന്തിരം കുററിപ്പള്ളം ബോർവെല്ലിൽ നിന്നും കുററിപ്പള്ളം കോളനി, അരണ്ടപ്പള്ളം ഭാഗങ്ങളിലും, വീരൻപൊററ ബോർവെല്ലിൽ നിന്നും കവറ കോളനി, വെന്തപാളയം, അത്തിക്കോട്, ആണ്ടിത്തറ പ്രദേശങ്ങളിലും പൈപ്പ് ലൈൻ നീട്ടി കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 300

പേർക്ക് ഹൗസ് കണക്ഷൻ നൽകുന്നതിന് തീരുമാനിക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

അൺടെയിഡ് ഫണ്ട് ഉപയോഗിച്ച് 8 ാം വാർഡിലെ ഏരിപ്പറമ്പ്, ശ്മശാനം റോഡ് റീ മെററലിംങ്ങ് ചെയ്യുന്നതിനും, കമ്പിളിച്ചുങ്കം ആലാംകടവ് റോഡ് ടാർ ചെയ്യുന്നതിനും, വാരിയത്ത്കാട് റോഡ് സൈഡ് കെട്ടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതിൻെറ ജോലികൾ ഉടനെ ആരംഭിക്കുന്നതുമാണ്.

പുനരർപ്പണദിനം ആചരിക്കുന്നതിൻെറ ഭാഗമായി അണ്ണാംതോട് കോളനി റോഡ്, ഹൈസ്കൂൾ റോഡ്, കുപ്പയ്യൻ ചള്ള റോഡ് എന്നിവ ഏറെറടുത്തു നടത്തുന്നതിനു തീരുമാനിക്കുകയും നവംബർ 1 ന് അണ്ണാംതോട് കോളനി റോഡ് ജനപങ്കാളിത്തത്തോടെയുള്ള പുനരർപ്പണ പ്രവർത്തനം തുടങ്ങിവെക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ചിററൂർ ബ്ലോക്ക് പഞ്ചായത്ത് മുഖേന തോട്ടശ്ശേരി അകംപാടം കനാൽ സൈഡ് കെട്ടുന്നതിനും, 4-ാം വാർഡിൽ 2 നടപാലം കെട്ടുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിന് 40 വീടുകളും, മററു വിഭാഗക്കാർക്ക് 24 വീടുകളും ഗ്രാൻറായും, 30 പേർക്ക് കക്കൂസ് കെട്ടുന്നതിനുള്ള ഗ്രാൻറും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഘ.ങ.അ.ഡ ലോണുകളും ലഭ്യമായിട്ടുണ്ട്.

പഞ്ചായത്തിൽ സ്വന്തമായി സർക്കാർ ആശുപത്രിക്ക് കെട്ടിടം ഇല്ലാത്ത സാഹചര്യവും, നിലവിലുണ്ടായിരുന്നു വാടക കെട്ടിടത്തിൻെറ ശോചനീയാവസ്ഥയും പാലക്കാട് പാർലമെൻറ് അംഗമായി ശ്രീ. എൻ.എൻ. കൃഷ്ണദാസ് അവർകളെ നേരിൽ ബോദ്ധ്യപ്പെടുത്തി നിവേദനം കൊടുത്തതിൻെറ അടിസ്ഥാനത്തിൽ ആശുപത്രി കെട്ടിടം പണിയുന്നതിനായി എം.പി. ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ചുതന്ന ശ്രീ. എൻ.എൻ. കൃഷ്ണദാസ് എം.പി. അവർകൾക്ക് പഞ്ചായത്തിൻെറ പേരിൽ ഈ സന്ദർഭത്തിൽ കൃതജ്ഞത രേഖപ്പെടുത്തുന്നു.

പഞ്ചായത്തിലെ കലാ കായിക താരങ്ങൾക്ക് പ്രോത്സാഹനം കൊടുക്കുന്നതിനായി സംഘടിപ്പിച്ച കേരളോത്സവം, ഓണാഘോഷം എന്നിവ വിപുലമായി രീതിയിൽ ജനപങ്കാളിത്തത്തോടെ നടത്തുകയും, ബ്ലോക്ക് തലമത്സരങ്ങളിൽ നമ്മുടെ പഞ്ചായത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

ദേശീയ തലത്തിൽ നടന്ന പോളിയോ നിർമ്മാർജ്ജന പദ്ധതി നമ്മുടെ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും വിപുലമായ രീതിയിൽ രണ്ടു ഘട്ടങ്ങളിലും സംഘടിപ്പിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പ്രവർത്തനത്തിൻെറ ഭാഗമായി ജില്ലാതലത്തിലുള്ള ഒന്നും, രണ്ടും ഘട്ടപരിശീലന ക്യാമ്പുകൾ ബ്ലോക്ക് പഞ്ചായത്തിൻെറ നേതൃത്വത്തിൽ നമ്മുടെ പഞ്ചായത്തിൽ വെച്ചാണ് നടന്നത്. കൂടാതെ ജനകീയസൂത്രണപ്രചരണത്തിനായി ചിററൂർ, കൊല്ലങ്കോട് ബ്ലോക്കുകളിലെ കലാജാഥയ്ക്കുള്ള കലാകാരന്മാർക്ക് ഒരാഴ്ച നീണ്ടുനിന്ന പരിശീലന ക്യാമ്പ് നടന്നതും നമ്മുടെ പഞ്ചായത്തിൽ വെച്ചാണ്.

കഴിഞ്ഞ ഒരു വർഷത്തിനകം മേൽകാണിച്ച അഭിമാനകരമായ പ്രവർത്തനങ്ങൾ നടത്തി നേട്ടങ്ങൾ നേടിയെടുക്കുവാൻ വേണ്ടി പ്രവർത്തിക്കുകയും, സഹായിക്കുകയും ചെയ്ത രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരോടും, ഉദ്യോഗസ്ഥന്മാരോടും കൃതജ്ഞത രേഖപ്പെടുത്തുന്നതോടൊപ്പം ജനകീയാസൂത്രണത്തിൻെറ ഭാഗമായി ലഭിക്കുന്ന 9 ാം പദ്ധതി വിഹിതം ഉപയോഗിച്ച് നമ്മുടെ പഞ്ചായത്തിലെ നാനാമുഖ വികസന കക്ഷിരാഷ്ട്രീയത്തിനതീതമായും, അഴിമതി രഹിതമായും, ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കുന്നതിന് എല്ലാവരുടേയും സഹായങ്ങളും ഉപദേശങ്ങളും തുടർന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്,

ഭരണസമിതിക്കുവേണ്ടി,

എ. ശെൽവം
പ്രസിഡണ്ട്
നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്



# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | നല്ലേപ്പിള്ളി |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ചിററൂർ (ഭാഗം), തെക്കേദേശം, നല്ലേപ്പിള്ളി, കുററിപ്പള്ളം |
| താലൂക്ക് | : | ചിററൂർ |
| ജില്ല | : | പാലക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | ചിററൂർ |
| ജില്ലാ പഞ്ചായത്ത് | : | പാലക്കാട് |
| അസംബ്ലി നിയോജകമണ്ഡലം | : | ചിററൂർ |
| വിസ്തീർണ്ണം | : | 28.00 Sq.Km. |

അതിരുകൾ:

| | | |
|---|---|---|
| കിഴക്ക് | : | കൊഴിഞ്ഞാമ്പാറ |
| തെക്ക് | : | പെരുമാട്ടി |
| പടിഞ്ഞാറ് | : | ചിററൂർ തത്തമംഗലം മുനിസിപ്പാലിററി, എലപ്പുള്ളി, പൊൽപ്പുള്ളി |
| വടക്ക് | : | എലപ്പുള്ളി |

| | | |
|---|---|---|
| ജനസംഖ്യ | : | 30,032 (1991 സെൻസസ് പ്രകാരം) |
| പുരുഷന്മാർ | : | 14,534 |
| സ്ത്രീകൾ | : | 15,498 |
| ജനസാന്ദ്രത | : | 1072 |
| അക്ഷരാഭ്യാസം | : | പു. 62.6% സ്ത്രീ 54% |
| വാർഡുകൾ | : | 12 |
| പ്രസിഡണ്ടിന്റെ പേര് | : | ശ്രീമതി എ. ശെൽവം |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : | ശ്രീ. പി. ശാർങ്ധരൻ |
| സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ | : | ശ്രീ. എം. ബാലകൃഷ്ണൻ |

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ:

1. നല്ലേപ്പിള്ളി ഡിവിഷൻ : ശ്രീ. എ.ടി. മന്നാടിയാർ
2. കുററിപ്പള്ളം : ശ്രീമതി പി.കെ. രാധ

ജില്ലാ പഞ്ചായത്ത് മെമ്പർ : ശ്രീ. പി. ബാലചന്ദ്രൻ

മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ:

1. ശ്രീ. എ.ടി. മന്നാടിയാർ : 1962 മുതൽ 1984 വരെ
2. ശ്രീ. പി. സുരേന്ദ്രൻ : 1988 മുതൽ 1995 വരെ



# സാമൂഹ്യ സാംസ്കാരിക ചരിത്രം

ഈ പഞ്ചായത്ത് പഴയ കൊച്ചി രാജ്യത്തിൻെറ ഭാഗമായിരുന്നു. 1-10-57ൽ പാലക്കാട് ജില്ല രൂപീകരിക്കുന്നതുവരെ തൃശ്ശൂർ റവന്യൂ ജില്ലയിലെ ചിററൂർ താലൂക്കിൽപ്പെട്ടതായിരുന്നു ഈ പ്രദേശം. വളരെക്കാലങ്ങൾക്കുമുമ്പുവരെ തമിഴ്നാട്ടിനും കേരളത്തിനും പരസ്പരം ബന്ധപ്പെടുവാനുള്ള പാലക്കാട് ചുരത്തിലെ പ്രധാനവും സുഗമവുമായ വഴി കടന്നുപോകുന്നത് ഈ പഞ്ചായത്തിലൂടെയായിരുന്നു. പാലക്കാട്ടുരാജാവും പാണ്ഡ്യരാജാക്കന്മാരും തമ്മിൽ ഉണ്ടായിട്ടുള്ള പോരാട്ടങ്ങൾക്കും ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ സാക്ഷ്യം വഹിച്ചിട്ടുണ്ട്.

ഈ പ്രദേശത്ത് ചരിത്രാതീതകാലം മുതൽക്കുതന്നെ മലയാളദേശക്കാരും തമിഴരും തുല്യമായ തോതിലും ദുർലഭമായി മാത്രം കന്നഡികരും തെലുങ്കരും താമസിച്ചുവന്നിരുന്നു.

ഈ പ്രദേശത്തെ പ്രധാന ജാതി വിഭാഗങ്ങൾ തമിഴ് ബ്രാഹ്മണർ, നായന്മാർ, അമ്പലവാസികളായ മാരാർ, വാര്യർ, ഈഴവർ തുടങ്ങി അധകൃതരായി പരിഗണിക്കപ്പെട്ടിരുന്ന മററു ജാതി വിഭാഗങ്ങളും ഇവിടെ താമസച്ചിരുന്നു. ഇതിൽ മിക്ക സമുദായത്തിൽപ്പെട്ടവരും ഒരു വിഭാഗം മാത്രമുൾപ്പെടുന്ന തറകളിലായിരുന്നു താമസം. ഈ നാട്ടിലെ വിവിധ സമുദായത്തിൽപ്പെട്ട കുടുംബങ്ങളിൽ പലതും പല കാലഘട്ടങ്ങളിലായി കുടിയേറിപ്പാർത്തവരായിരുന്നു. ഏകദേശം 200 കൊല്ലം മുമ്പുമുതൽക്കുതന്നെ മുസ്ലീം സമുദായക്കാരും കൃസ്ത്യാനികളും ഈ പ്രദേശത്ത് താമസം തുടങ്ങിയിരുന്നു.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ഭൂപ്രദേശങ്ങളും കൊച്ചി രാജകുടുംബവുമായി ബന്ധമുണ്ടായിരുന്ന അങ്കരാത്ത്, ചോണ്ടത്ത്, വാരിയത്ത് തുടങ്ങിയ ജന്മികുടുംബങ്ങളുടെ വകയായിരുന്നു. ഇവർക്കുപുറമെ ബ്രാഹ്മണർ, നായന്മാർ, ഈഴവർ, ചെട്ടിയാർ, തമിഴ്പിള്ളമാർ തുടങ്ങി ഒററപ്പെട്ട ജന്മി കുടുംബങ്ങളുടെയും കൈവശമായിരുന്നു. ഇവരിൽ പലരും തങ്ങളുടെ അധീനത്തിൽപ്പെട്ട ഭൂമിയിൽ മററുള്ളവർക്ക് വീടുവെച്ചു താമസിക്കുവാൻ താൽക്കാലികാടിസ്ഥാനത്തിൽ തറികുത്തവകാശം നൽകിയിരുന്നു.

ദേശീയ പ്രസ്ഥാനത്തിൻെറ പ്രവർത്തനം വിലയിരുത്തുമ്പോൾ ചുരുക്കം വ്യക്തികളുടെ ചെറിയ തോതിലുള്ള പ്രവർത്തനങ്ങൾ ഒഴിച്ചാൽ പറയത്തക്കവിധം ഒന്നും ഇല്ല എന്നുതന്നെ പറയാം. സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനത്തിൻെറ പ്രസക്തിയും ഏറെക്കുറെ ഇതേ തോതിലായിരുന്നു.

1940 കൾക്കുമുമ്പ് തുടങ്ങിയിട്ടുള്ള ദേശീയ കർഷക പ്രസ്ഥാനങ്ങളുടെ ഭാഗമെന്നോണം ഈ നാട്ടിലും രൂപം പ്രാപിച്ച കർഷക പ്രസ്ഥാനങ്ങൾ സാമൂഹ്യ പരിഷ്ക്കരണത്തിന് വലിയ മുതൽകൂട്ടായിരുന്നു. ജന്മിത്വത്തിനും മററു തൊട്ടുകൂടായ്മക്കും എതിരായി തങ്ങളും മനുഷ്യരാണെന്നും ജീവിക്കാൻ തുല്യ അവകാശം വേണമെന്നുമുള്ള ബോധം വളർത്തിയെടുക്കുന്നതിനും ഈ പ്രസ്ഥാനങ്ങൾ സഹായി നൽകി. കർഷകരുടെയും മററ് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും അവകാശ സമരങ്ങൾ ശക്തമായി ഈ പ്രദേശത്ത് നടന്നിട്ടുണ്ട്.

സ്വാതന്ത്ര്യലബ്ദിക്കുശേഷം നടന്നിട്ടുള്ള ഇത്തരം പ്രക്ഷോഭങ്ങളെ ഭരണകൂടവും ജന്മി ഗുണ്ടാപ്പടയും ചേർന്ന് അടിച്ചമർത്താൻ ശ്രമിച്ചെങ്കിലും അവശതയനുഭവിക്കുന്നവരുടെ ഈ പ്രസ്ഥാനം ശക്തമായി നിലകൊള്ളുകയാണുണ്ടായത്.

1957ൽ നിലവിൽ വന്ന കുടികിടപ്പ് അവകാശ നിയമങ്ങളുടെ ഫലമായി മേൽ സൂചിപ്പിച്ച ജന്മികൾ നൽകിയ തറികുത്തവകാശത്തിനു പകരം കുടികിടപ്പിൽ നിന്ന് ഒഴിപ്പിക്കാത്ത അവസ്ഥയും സംജാതമായി. തുടർന്ന് നിരന്തരമായ കർഷക പ്രക്ഷോഭങ്ങളുടെ ഫലമായി കൊണ്ടുവന്ന ഭൂപരിഷ്ക്കരണ നിയമം (KLR Act 1971) പ്രകാരം കൃഷി ഭൂമിയിൽ കുടിയാന്മാർക്ക് സ്ഥിരാവകാശവും കൈവന്നു. ഇതിന്റെ ഫലമായി സാമൂഹ്യ സാമ്പത്തിക രംഗത്ത് വമ്പിച്ചമാററങ്ങളുമുണ്ടായി.

ദേശീയ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ അലയടികൾ ഈ പ്രദേശത്തും ചലനങ്ങളുണ്ടാക്കിയിരുന്നു. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ഏറിയും കുറഞ്ഞും ഈ പ്രദേശത്തു സ്വാധീനം ഉണ്ടായിരുന്നു. കൊച്ചി രാജ്യത്തെ എം.എൽ.സി മാരായി ഈ പഞ്ചായത്തിലെ സുബ്ബരായൻ ചെട്ടിയാർ കോട്ടപ്പള്ളം രാമകൃഷ്ണൻ, അരണ്ടപ്പള്ളം ശിവരാമകൃഷ്ണൻ എന്നിവർ സേവനം അനുഷ്ടിച്ചിട്ടുണ്ട്.

സന്നദ്ധസംഘടനകളും സാമൂഹ്യ പുരോഗതിയിൽ അവയുടെ പങ്കുവഹിച്ചിരുന്നു. 1951ൽ ചെറുപ്പാക്കാർ ചേർന്നുണ്ടാക്കിയ കേരള കലാസമിതി, പാറക്കാലിൽ രൂപം പ്രാപിച്ച വിവേകോദയം വായനശാല, കേണംപുള്ളിയിലെ നാടകസംഘം, നല്ലേപ്പിള്ളിയിലെ വിവേകാനന്ദാ ലൈബ്രറി തുടങ്ങിയവ ഇക്കൂട്ടത്തിൽ പെടുന്നു. ഈ ചെറുസംഘങ്ങളുടെ പ്രവർത്തകർ നാടകങ്ങൾ നടത്തുക, വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ നടത്തുക, ജനങ്ങളിൽ വായനാശീലം വളർത്തുവാൻ ആഴ്ചതോറും ചർച്ചായോഗങ്ങൾ സംഘടിപ്പിക്കുക, വിവിധ കായിക മത്സരങ്ങൾ, കലാപരിപാടികൾ ഇവയെല്ലാംതന്നെ ഈ പ്രദേശത്തുള്ളവർക്ക് ആശയും ആവേശവും ഉണ്ടാക്കിയിരുന്നു.

അന്ന് പ്രവർത്തിച്ചിരുന്ന ഈ സംഘടനകളിൽ ഇന്നുള്ളത് വിവേകാനന്ദാ ലൈബ്രറി മാത്രമാണ്. കേരള കലാസമിതി 1956 നവംബർ 1-ാം തിയ്യതി മുതൽ കേരള ലൈബ്രറിയായിമാറുകയും ഗ്രന്ഥശാലാസംഘത്തിന്റെ ഗ്രാൻറും മററും ഉപയോഗിച്ച് പ്രവർത്തിച്ചുവരികയും സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിന് സ്ഥലം സമ്പാദിക്കുകയും ചെയ്തു. എങ്കിലും ഇന്ന് പ്രവർത്തനം ഇല്ലെന്നുതന്നെ പറയാം.

ഒന്നാം വാർഡിലെ കേണംപിള്ളി ക്ഷേത്രവും പരിസരവും മലയാള ഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛന്റെ പാദസ്പർശം ഏററു കിടന്നതാണ്. ഇതല്ലാതെ കലാ സാഹിത്യാദി രംഗങ്ങളിൽ പറയത്തക്ക പ്രാധാന്യമുള്ള വ്യക്തികളും പ്രസ്ഥാനങ്ങളും നമുക്കുണ്ടായില്ലെങ്കിലും മലയാള തമിഴ് സങ്കര സംസ്കൃതിയും എഴുത്തച്ഛനും അദ്ധ്യാത്മരാമായണവും കമ്പരാമായണവും കൂത്തും അങ്കരാത്തു തറവാട്ടിൽ നടക്കുന്ന കഥകളി അരങ്ങുകളും ജനഹൃദയങ്ങളെ നന്മയുള്ളവരാക്കി മാററുന്നതിന് ഏറെ സഹായിച്ച വസ്തുതകളാണ്.

■ ■ ■ ■



# 4 ഭൂപ്രകൃതി

സാമൂഹിക സാമ്പത്തിക സർവ്വേ നടത്തിയും ശാസ്ത്രീയമായി വിഭവഭൂപടങ്ങൾ തയ്യാറാക്കിയും മാത്രമേ ആസൂത്രണത്തിന് ഒരുങ്ങാറുള്ളു. ഒഴിച്ചു കൂടാൻ വയ്യാത്ത സാഹചര്യത്തിൽ ലഭ്യമായ സ്ഥിതിവിവരക്കണക്കുകളും പാഠനപര്യടനവും നടത്തിക്കിട്ടിയ അറിവും അടിസ്ഥാനമാക്കി തയ്യാറാക്കിയ രേഖയാണിത്.

നല്ലേപ്പിള്ളി പഞ്ചായത്തു പ്രദേശം പൊതുവെ തെക്കുനിന്ന് വടക്കോട്ടു വണ്ടിത്തോടുവരെ ചരിഞ്ഞുകിടക്കുന്നു. കിഴക്കുനിന്നു പടിഞ്ഞാറോട്ടും വണ്ടിത്തോടിനു വടക്കോട്ടു ഉയർന്ന പീഠഭൂമിയാണ്. തീരെ ഉയർന്നകുന്നുകൾ എന്ന് പറയാവുന്നത് കണക്കമ്പാറ കോളനിക്കുന്നും കേണംപിള്ളി മലയുമാണ്. പിന്നീട് കാണുന്ന ഉയരം കുറഞ്ഞ പീഠഭൂമി ഭൂഭാഗങ്ങൾ മുഴുവനും കുടിയിരിപ്പുകളും തെങ്ങ്, പുളി, മാവ് തുടങ്ങിയ വൃക്ഷങ്ങൾ കൊണ്ട് നിറഞ്ഞും ഇരിക്കുന്നു. പീഠഭൂമിയുടെ താഴ്വരകൾ മുഴുവനും നെൽപ്പാടങ്ങളും കുളങ്ങളും ആണ്.

പാഠനപര്യടനം നടത്തിയതിൻെറ വിശദാംശങ്ങൾക്ക് ചിത്രം ഒന്ന് കാണുക.




| ഭൂപ്രകൃതി ചെരിവ് | കുന്ന് | താഴ്വര | പീഠഭൂമി | ഉയർന്ന പീഠഭൂമി | ചെരിവ് | കുത്തനെ | ചെരിവ് | ഉയർന്ന പീഠഭൂമി | നിരപ്പ് | താഴ്വര | ചെരിഞ്ഞ താഴ്വര |
|---|---|---|---|---|---|---|---|---|---|---|---|
| മൺതരം മണൽ കലർന്ന | ചെമ്മണ്ണ് | കറുത്ത കളിമണ്ണ് | ഉറച്ച ചെമ്മണ്ണ് | ചെമ്മണ്ണ് ചരൽ | കറുത്ത മണ്ണ് | പാറ | കറുത്ത മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് കറുത്ത മണ്ണും | കറുത്ത മണ്ണ് | കറുത്ത് മണ്ണ് |
| സസ്യാവരണം തെങ്ങ് നെല്ല് | പുളി പന | നെല്ല് | തെങ്ങ് മാവ് പുളി | തെങ്ങ് നെല്ല് | നെല്ല് തെങ്ങ് | തരിശ് | നെല്ല് | തെങ്ങ് | തെങ്ങ് നെല്ല് | നിലക്കടല നെല്ല് തെങ്ങ് | നെല്ല് |
| പരിസ്ഥിതി മണ്ണ് കുത്തിയൊലിക്കുന്ന | പാറ പൊട്ടിക്കൽ | മണ്ണൊലിപ്പ് | മണ്ണ് പുളിരസം | ഉപ്പുരസമുള്ള ഭൂഗർഭ ജലം | മണ്ണൊലിപ്പ് | സസ്യങ്ങളില്ല | നീർവാർച്ചയോടു മണ്ണൊലിപ്പ് | പുളി മണ്ണ് | വേനലിൽ വിള്ളൽ | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് |

## മണ്ണ്

മണ്ണിൻെറ പ്രത്യേകയുടെ അടിസ്ഥാനത്തിൽ ചിറ്റൂർ മേഖലയെ തരംതിരിച്ചിട്ടുണ്ട്. പൂന്തൽ പാടങ്ങൾ മുഴുവനും ഭൂരിഭാഗം നെൽപാടങ്ങളും കറുത്ത മണ്ണും മേട്ടുപുറം പൊറ്റകളിലേയ്ക്ക് കടന്നാൽ ചെമ്മണ്ണ് കലർന്നതും ഉയർന്ന പീഠഭൂമിയിൽ ചെമ്മണ്ണും കാണുന്നു. മൊത്തത്തിൽ കറുത്ത മണ്ണാണ് നല്ലേപ്പിള്ളിയിൽ കാണുന്നത്.




| ഭൂപ്രകൃതി | ചെരിവ് | കുന്നിൻ മണ്ട | സമതലം | ചെരിവ് | ഉയർന്ന കുന്ന് | ചെരിവ് | സമതലം | ചെരിവ് |
|---|---|---|---|---|---|---|---|---|
| മണ്ണ് | ചെമ്മണ്ണ് | പാറ | ചെമ്മണ്ണ് ചരൽ | ചെമ്മണ്ണ് പരിമരാശി | ആഴം കുറഞ്ഞ ചെമ്മണ്ണ് | ചെമ്മണ്ണ് | കറുത്തമണ്ണ് | മണൽ കലർന്ന ചെമ്മണ്ണ് |
| സസ്യാവരണം | നെല്ല് തെങ്ങ് | .. | തെങ്ങ് | തെങ്ങ് | പാഴ് മരങ്ങൾ കുററിച്ചെടികൾ | വേപ്പ് പുളി | നെല്ല് തെങ്ങ് | നിലക്കടല |
| പരിസ്ഥിതി | .. | .. | .. | മണ്ണൊലിപ്പ് | പാറപൊട്ടിക്കൽ | മണ്ണൊലിപ്പ് | .. | മണ്ണൊലിപ്പ് |

## കാലാവസ്ഥ

തെക്കുപടിഞ്ഞാറൻ കാലവർഷം ജൂൺ ജൂലായ് ആഗസ്റ്റ് എന്നീ മാസങ്ങളിലും വടക്കുകിഴക്കൻ കാലവർഷം സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലും കിട്ടുന്നുണ്ടെങ്കിലും കേരളത്തിൽ കിട്ടുന്ന ശരാശരി മഴ 3063 മില്ലീമീറ്റർ പാലക്കാട് കിട്ടുന്നില്ല. പാലക്കാട് കിട്ടുന്ന ശരാശരി മഴയായ 2329 മി.മീ. നല്ലേപ്പിള്ളിയിലും കിട്ടുന്നില്ല. ചൂട് കൂടുതൽ കിട്ടുന്ന മാസങ്ങൾ ഫെബ്രുവരി, മാർച്ച്, ഏപ്രിലുകളാണ്. 90 മുതൽ 94 വരെയുള്ള കണക്കനുസരിച്ചാണിത്. 1975 ലാണ് കൂടുതൽ മഴ പാലക്കാട് ജില്ലയിൽ കിട്ടിയിരിക്കുന്നത്. പത്തുവർഷത്തെ മഴയുടെ ലഭ്യത ചിത്രം 4 കാണുക. കേരളത്തിൽ മറ്റെങ്ങും അനുഭവപ്പെടാത്ത പാലക്കാടു വഴി വീശുന്ന ചൂടുകാറ്റ് വൃശ്ചികം ധനുമാസങ്ങളിലാണ്. (കാലാവസ്ഥാ ചക്രം അന്യത്ര)

## ജല ലഭ്യത

പഞ്ചായത്ത് പ്രദേശത്തിന്റെ തെക്കേ അതിർത്തിയിൽ കൂടെ ഒഴുകുന്ന ഭാരതപ്പുഴയാണ് കൃഷിക്ക് കിട്ടുന്ന പ്രധാന ജനസ്രോതസ്സ്. പൊതുകുളങ്ങളും സ്വകാര്യകുളങ്ങളും ഏരികളും നദിയിലെ ചെറിയ അണകളിൽ നിന്നും കിട്ടുന്ന വെള്ളം കൊണ്ട് നിറയ്ക്കുന്നു. അങ്ങനെയാണ് കുടിവെള്ളത്തിനുള്ള കിണറുകളും വറ്റാതിരിക്കുന്നത്. ഭാരതപ്പുഴയുടെ വൃഷ്ടിപ്രദേശം കാടുവെച്ചു സംരക്ഷിച്ചില്ലെങ്കിൽ കുടിവെള്ളത്തിനു കഷ്ടപ്പെടേണ്ടിവരുന്ന കാലം ദൂരത്തല്ല.

പഞ്ചായത്തിലെ കുറുകെ മുറിച്ചുകടക്കുന്ന വണ്ടിത്തോട് ജലസേചനത്തിന് പ്രയോജനപ്പെടുത്താവുന്ന ഒന്നാണ്. ശരിയായ ജല മാനേജ്മെന്റ് ഇല്ലാത്തതാണ് ഇവിടത്തെ ജലക്ഷാമത്തിനുകാരണം. മണ്ണിനടിയിലെ ജലനിരപ്പ് താഴ്ന്നുവരുന്നവെന്നാണ് അനുഭവസ്ഥരുടെ അഭിപ്രായം. ഒരളവുവരെ കുഴൽക്കിണറുകളും സഹായകരമായിട്ടുണ്ട്.

ചിറ്റൂർ പുഴയിലെ നിയന്ത്രണമില്ലാത്ത മണൽവാരൽ എങ്ങിനെയും തടയേണ്ടതാണ്. മണൽ ഇല്ലാതായതോടെ പുഴ ചമ്പയും ചേങ്ങോൽപുല്ലും വളർന്നു കാടുപിടിച്ചുകഴിഞ്ഞിരിക്കുന്നു. മരിച്ചുകൊണ്ടിരിക്കുന്ന ഭാരതപ്പുഴയെ രക്ഷിക്കാൻ ജില്ലാ സംസ്ഥാനതലത്തിൽ പദ്ധതി ഉണ്ടാകണം.

## ഭൂവിനിയോഗം

നെൽകൃഷി ചെയ്യുന്നതിനാണ് കൂടുതൽ ഭൂമിയും ഉപയോഗപ്പെടുത്തുന്നത്. ലാഭകരമല്ല ഇപ്പോൾ ചെയ്യുന്ന നെൽകൃഷി എഴുപതുകോടി രൂപ ഗ്രൂപ്പ് ഫാമിങ്ങിന് സംസ്ഥാനം ചെലവാക്കിയെങ്കിലും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായിട്ടില്ല. സംസ്ഥാനതലത്തിൽ നെൽപ്പാടങ്ങളുടെ വിസ്തൃതി കുറയാതിരിക്കാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും നടത്തിയ ഗ്രൂപ്പ് ഫാമിങ്ങ് പരിപാടി ഒരു പരാജയമായിരുന്നു. ചിത്രം മൂന്ന് കാണുക.

## ജൈവസമ്പത്ത്

മരങ്ങൾ ഇടതുർന്നു വളർന്നിരുന്ന നല്ലേപ്പിള്ളി പട്ടണം ഒഴികെയുള്ള പ്രദേശം, ഇന്ന് ശൂന്യമാണ്. അവിടവിടെയായി തുരത്തുകളിൽ, തൊടുകളിൽ വളരുന്ന വീട്ടി, തേക്ക് കാണാനുണ്ട്. കുന്നംകാട്ടുപതി കനാൽവരമ്പിലും അപൂർണ്ണമായി സ്വകാര്യതൊടിയിലും കരിമരുത് കണ്ടിട്ടുണ്ട്. കരിമ്പനയുടെ എണ്ണവും കുറഞ്ഞുവരുന്നു.

ട്രാക്റ്ററും ട്രില്ലറും നിലമുഴാൻ തുടങ്ങിയതോട് ഉഴവുപോത്തുകളും കാളകളും കൃഷിക്കളങ്ങളിലില്ലാതായി. കൃഷിയിടം ജൈവവളമില്ലാതെ ജിവസ്സറ്റുപോയി.

## മനുഷ്യസമ്പത്ത്

1991 ലെ സെൻസ്സ് പ്രകാരം ജനസംഖ്യയും മറ്റു വിവരങ്ങളും താഴെ ചേർത്തിരിക്കുന്നു.

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ | ആകെ S.C | പുരു. | സ്ത്രീ | ആകെ S.T | പുര. | സ്ത്രീ | ആൺ കുട്ടികൾ | പെൺ കുട്ടികൾ |
|---|---|---|---|---|---|---|---|---|---|---|---|
| ചിറ്റൂർ, കുററിപ്പള്ളം തെക്കേദേശം നല്ലേപ്പിള്ളി | 14534 | 15498 | 30032 | 4960 | 2432 | 2528 | 81 | 36 | 45 | 1719 | 1785 |

ആഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രശ്നം തന്നെയാണ് പന്ത്രണ്ടു ക്ലാസ്സ് കഴിയുമ്പോൾ ഏതെങ്കിലും തൊഴിലൽ ചെയ്യാൻ കഴിയുന്ന അവസ്ഥയുണ്ടാകുന്ന വിദ്യാഭ്യാസ രീതിയുണ്ടാകേണ്ടത് ആവശ്യമാണ്.

ചിത്രം 3

നെൽകൃഷി വിസ്തീർണ്ണം നിലനിർത്തുക

ഉത്പാദനം



# കാലാവസ്ഥാ ചക്രം


വസന്തം
മീനം - മേടം
മാർച്ച് കൃഷ്ണപൗർണ്ണമി
മുതൽ
മെയ് മദ്ധ്യം
തെക്കു
പടിഞ്ഞാറൻ
കാലവർഷം
ഗ്രീഷ്മം
ഇടവം - മിഥുനം
മെയ് - ജൂലായ്
വർഷം
കർക്കടകം - ചിങ്ങം
ശരത്
ഹേമന്തം
വൃശ്ചികം - ധനു
പാലക്കാടൻ
കാറ്റ്
തുഷാരം
ശിശിരം
വേനൽ
മകരം - കുംഭം
ജനു: - മാർച്ച്

ചിത്രം 4


4000 MM
3000 MM
2000 MM
1000 MM
STATE
PALGHAT
84
85
86
87
88
89
90
91
92
93



# 5.1 കൃഷിയും ജലസേചനവും

നല്ലേപ്പിള്ളി പഞ്ചായത്ത് തികച്ചും ഒരു കാർഷിക മേഖലയാണ്. സ്വാതന്ത്ര്യ ലബ്ധിക്കു വളരെ മുമ്പുതന്നെ ഈ പഞ്ചായത്തിലെ കൃഷിഭൂമി വ്യത്യസ്ഥ സമുദായ ത്തിൽപ്പെട്ട ജന്മിമാരുടെ കൈവശമായിരുന്നു. ഈ ജന്മിമാരിൽ കുറച്ചുപേർ കുറച്ചു കൃഷിഭൂമിയെങ്കിലും നേരിട്ട് കൃഷിചെയ്തിരുന്നു. ഭൂരിഭാഗവും കുടിയാന്മാർ മുഖാന്തിരമാണ് കൃഷിചെയ്തുവന്നിരുന്നത്. ജൈവ വളങ്ങളായ ചാണകം, പച്ചിലത്തൂപ്പ്, ചാരം എന്നിവ ഉപയോഗിച്ചും, കൂടാതെ തമിഴ്നാടിൽ നിന്നും വരുന്ന ചെമ്മരിയാട്ടിൻകൂട്ടങ്ങളെ പ്രതിഫലം കൊടുത്ത് വയലുകളിൽ ദിവസങ്ങളോളം താമസിപ്പിച്ചുമാണ് മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിച്ചിരുന്നത്. ജലസേചന ത്തിന് മുഖ്യമായും മഴയെയാണ് ആശ്രയിച്ചിരുന്നത്. കൂടാതെ ചിററൂർ പുഴയിൽ സ്ഥാപിച്ചിരുന്ന കിട്ടുപ്പിള്ള അണക്കെട്ടും (ഇന്നത്തെ കുന്നങ്കാട്ടുപതി സിസ്റ്റം), കോര യാറിലുള്ള അങ്കരാത്ത് അണയും, അതിനുതാഴെയുള്ള കല്ല്യാണകൃഷ്ണയ്യർ സിസ്റ്റവും, വണ്ടിത്തോട്ടിലുള്ള തട്ടാൻഅണയും, തേമ്പാറമടക്ക് സിസ്റ്റവും പരിമിതമായെ ങ്കിലും ജലസേചനത്തിന് സഹായമായിരുന്നു. കാർഷിക കാലാവസ്ഥ മേഖലയനുസരിച്ച് നല്ലേപ്പിള്ളി ചിററൂർ മേഖലയിലാണ്. കറുത്ത മണ്ണാണ് ഇവിടുത്തേത്.

ഈ പഞ്ചായത്തിലെ കൃഷിനിലങ്ങളെ പൊതുവെ പൂന്തൽ (നീർക്കെട്ടുള്ള നിലം), പൊററ (താരതമ്യേന നീർക്കെട്ടില്ലാത്ത സ്ഥലം), കാട് (തരിശുഭൂമി) എന്നിങ്ങനെ മൂന്നായി തിരിക്കാം. ഇതിൽ പൂന്തൽ പ്രദേശങ്ങളിൽ ഇരുപ്പൂ നെൽകൃഷിയും, പൊററകളിൽ ഒരിപ്പൂ നെൽ കൃഷിയും, അല്ലെങ്കിൽ കരിമ്പും, കാടുകളിൽ പരുത്തി യും, നിലക്കടലയുമാണ് കൃഷിചെയ്തുവന്നിരുന്നത്. പഴയകാലത്ത് ചമ്പാൻ, കഴമ, ചിറ്റേനി, ആനക്കൊമ്പൻ, തവളക്കണ്ണൻ, നവര എന്നീ നെൽവിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്.

മുൻകാലങ്ങളിൽ കർഷകരും, കർഷകത്തൊഴിലാളികളും, ത്യാഗം സഹിച്ചും സമയപരിധിയില്ലാതെ പണി യെടുത്തും എല്ലാവിധ കാർഷിക പ്രവർത്തികളും സംയോജിതമായി കാലാകാലങ്ങളിൽ ചെയ്തുവന്നിരുന്നു. എന്നിരുന്നാലും രാസവള പ്രയോഗത്തിന്റേയും അത്യുല്പാദനശേഷിയുള്ള വിത്തിന്റേയും അഭാവവും, ജലസേചനത്തിന്റേയും മററു സാങ്കേതികവിദ്യയുടെ കുറവും മൂലം കാർഷിക രംഗത്ത് ഘട്ടംഘട്ടമായിട്ടുള്ള ഉല്പാദനവർദ്ധനവ് ഉണ്ടായിട്ടില്ല. ജലസേചനത്തിന്റെ കാര്യത്തിൽ ജന്മി മാരുടെ ആഭിമുഖ്യത്തിൽ നടന്ന സംരംഭങ്ങളായിരുന്നതു കൊണ്ടുതന്നെ കൃഷിക്കാർ അത്തരം ജന്മിമാർക്ക് നീർവാരം കൊടുത്തുവന്നിരുന്നു. ഉല്പന്നങ്ങളായ നിലക്കടല ചെറിയ തോതിൽ ചക്കാട്ടി എണ്ണയെടുത്തും ബാക്കി തമിഴ്നാട്ടിലെ വ്യാപാരികൾക്ക് വിൽക്കുകയു മായിരുന്നു പതിവ്. കരിമ്പിന്റെ കാര്യത്തിൽ അതാതു സ്ഥലങ്ങളിൽ നാടൻ ചക്കുപയോഗിച്ച് വെല്ലമുണ്ടാക്കി യിരുന്നു. ഉല്പാദിപ്പിച്ചിരുന്ന നെല്ല് സിംഹഭാഗവും, പാട്ടമായി ജന്മിക്ക് അളക്കുകയായിരുന്നു പതിവ്. ഇങ്ങനെ സംഭരിക്കുന്ന നെല്ല് സ്വന്തമാവശ്യം കഴിഞ്ഞ് ബാക്കിയുള്ളത് കുത്തി അരിയാക്കുന്നതിന് ഒററപ്പെട്ട വ്യക്തികളെ ഏല്പിക്കുകയായിരുന്നു പതിവ്. കൃഷിതൊഴി ലാളികളുടെ കൂലി മിക്കവാറും ധാന്യങ്ങൾ (നെല്ല്) തന്നെയായിരുന്നു. മേല്പറഞ്ഞ കൃഷികൾക്കുപുറമെ തെങ്ങ്, വാഴ, കവുങ്ങ്, മാവ് തുടങ്ങിയ വിളകൾ ഒന്നും തന്നെ ഒരു ലക്ഷ്യബോധത്തോടുകൂടി കൃഷിചെയ്തു വന്നിരുന്നില്ല. തമിഴ്നാടിനോടു ചേർന്നുകിടക്കുന്ന ഈ പ്രദേശത്ത് ധാരാളം കരിമ്പനയും കർഷകർ വെച്ചു പിടിപ്പിച്ചുരുന്നു. ഇവിടെയുള്ള പ്രധാന അകംപാടം തോടുകളുടേയും കുളങ്ങളുടേയും പഴയ ജലസേചന കനാലുകളുടേയും ബണ്ടുകളിൽ ഇത്തരം പനകൾ ധാരാളമായി വെച്ചുപിടിപ്പിച്ചുട്ടുണ്ടായിരുന്നു. ഇത് മണ്ണു ജല സംരക്ഷണ പ്രവർത്തനമെന്ന രീതിയിൽ വളരെ യധികം സഹായകവുമായിരുന്നു. മാറിയ പരിതസ്ഥിത

യിൽ ഇതെല്ലാം വെട്ടിപോകുകയും, തെററായ ഇടപെടലിലൂടെ തോടുകളിൽ പലതും ഇന്ന് ഉപയോഗയോഗ്യ മല്ലാതാവുകയും ചെയ്തു. വിളവെടുപ്പിന് ശേഷമുള്ള ഉത്സവങ്ങളെന്ന നിലയിൽ "കതിർ", "കൂത്തഭിഷേകം" എന്നീ ഉത്സവങ്ങൾ നടന്നിരുന്നു.

1970 തോടുകൂടി നടപ്പിലായ ഭൂപരിഷ്ക്കരണ നിയമം കൊണ്ട് അമ്പതോളം ജന്മി കുടുംബ ങ്ങളുടെ കയ്യിലുണ്ടായിരുന്ന കൃഷിഭൂമി ആയിര ത്തോളം കർഷകർക്ക് ഉടമസ്ഥാവകാശം കിട്ടി. ഇപ്പോൾ ഏകദേശം അയ്യായിര ത്തോളം കർഷകർ പഞ്ചായത്തിലുണ്ട്. ആയതിൻെറ പട്ടിക താഴെ കൊടുക്കുന്നു. (പാടശേഖര കമ്മിറ്റി കളിൽ രജിസ്റ്റർ ചെയ്തവർ)

പട്ടിക 1

| നാമമാത്ര കർഷകൻ 1 ഹെക്ടറിനു താഴെ | ചെറുകിട കർഷകൻ 1 - 2 ഹെക്ടർ | വൻകിട കർഷകൻ 2 ഹെക്. മുകളിൽ |
|---|---|---|
| 3965 | 587 | 151 |

കുന്നങ്കാട്ടുപതി സിസ്റ്റവും തേമ്പാറമട സിസ്റ്റവും പ്രാവർത്തികമായതോടുകൂടി, ഒരുപൂ നിലങ്ങൾ ഇരുപ്പൂ നിലങ്ങളാക്കുവാനും പറമ്പുകളിൽ കൂടുതൽ ഭാഗവും ജലസേചനസൗകര്യപ്രദമാക്കുവാനും സാദ്ധ്യമായിട്ടുണ്ട്. പക്ഷെ ഈ രണ്ടു സിസ്റ്റങ്ങളിലേക്കും ലഭിക്കുന്ന വെള്ളത്തിൻെറ കുറവും, ലഭിക്കുന്ന വെള്ളത്തിൻെറ അപാകതകളുംകൊണ്ട് തക്ക സമയത്ത് വേണ്ടത്ര വെള്ളം ഈ പഞ്ചായത്തിലെ കർഷകർക്ക് ലഭിക്കുന്നില്ല. വാലററ പ്രദേശങ്ങളിലുള്ള കർഷകരാണ് ഇതുകാരണം ഏററവും കൂടുതൽ ബാധിക്കപ്പെടുന്നത്. ഇപ്പോൾ ഈ പഞ്ചായത്തിൽ ഏകദേശം 2400 ഹെക്ടർ കൃഷിഭൂമിയുണ്ട്. ഈ പഞ്ചായത്തിലെ 3 വില്ലേജ് അതിർത്തിയിൽ മൊത്തം 32 ഏക്കറോളം തരിശുഭൂമിയുണ്ട്. വിവിധ ഇനം കൃഷിയുടെ പട്ടിക ചുവടെ കൊടുക്കുന്നു. പട്ടിക(2).

പട്ടിക 2

പഞ്ചായത്തിൽ കൃഷിക്ക് അനുയോജ്യമായ സ്ഥലത്തിൻെറ വിസ്തൃതി 2400 ഹെക്ടർ

| ക്രമ നമ്പർ | ഇനം | വിസ്തീർണം | 1 ാം വിള | 2 ാം വിള |
|---|---|---|---|---|
| 1. | നെല്ല് | 1914 ഹെക്ടർ | 1914 ഹെക്ടർ | 1600 ഹെക്ടർ |
| 2. | തെങ്ങ് | 314 " | Nil | Nil |
| 3. | വാഴ | 25 " | -- | -- |
| 4. | മരച്ചീനി | 5 " | -- | -- |
| 5. | നിലക്കടല | 115 " | -- | -- |
| 6. | കരിമ്പ് | 27 " | -- | -- |
| | Total | **2400** " | | |

രാസവളത്തിൻെറയും അത്യുല്പാദനശേഷിയുള്ള വിത്തുകളുടേയും ഉപയോഗം വഴിയും ജലസേചന സൗകര്യത്തിൻെറ ഫലമായും, പുതിയ ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതുകൊണ്ടും, കാർഷി കോല്പാദനം വർദ്ധിച്ചിട്ടുണ്ട്. നെല്ലിൻെറ ഉല്പാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. നെല്ലിൻെറ കാര്യത്തിൽ ആതിര, ജ്യോതി, മസൂരി, പൊന്മണി, ഭദ്ര, ആലപ്പുഴ മട്ട, ടി.കെ.എം. 9, ആന്ധ്ര ജയ, തുടങ്ങിയ പുതിയ ഇനം വിത്തുകളാണ് ഉല്പാദിപ്പിക്കുന്നത്. നെല്ലിനു പുറമെ തെങ്ങ്, വാഴ, കവുങ്ങ് തുടങ്ങിയവയും, വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്തു തുടങ്ങി യിട്ടുണ്ട്. നെൽകൃഷി ലാഭകരമല്ലാത്ത സ്ഥലങ്ങളിൽ താരതമ്യേന ലാഭകരമായ നാണ്യവിളകളിലേക്ക് കർഷകരുടെ ശ്രദ്ധ തിരിയുന്നുണ്ട്. നെൽകൃഷി ഇന്ന് അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളുമാണ് ഈ താല്പര്യക്കുറവിന് കാരണം. രാസവളങ്ങളുടേയും, രാസ കീടനാശിനികളുടേയും അമിതപ്രയോഗവും, ജൈവ വളത്തിൻെറ അപര്യാപ്തതയും കൊണ്ട് മണ്ണിൻെറ

ഘടനക്കും, ക്ഷമതക്കും കാര്യമായ മാററം വന്നു. കന്നുകാലികളെ വളർത്തുന്നതിൽ കർഷകർക്ക് വന്ന താല്പര്യക്കുറവും ജൈവ വളത്തിൻെറ ലഭ്യതയെ ബാധിച്ചിട്ടുണ്ട്. പച്ചിലവളം, കംപോസ്റ്റ്, ജീവാണു വളം, തുടങ്ങിയവയുടെ പ്രാധാന്യത്തെപ്പററി കൂടുതൽ ബോധവല്ക്കരണം നടത്തേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ വിതരണം ചെയ്ത രാസവളത്തിൻെറയും കീടനാശിനികളുടേയും പട്ടിക 2 എ യിൽ കൊടുത്തിട്ടുണ്ട്. ഉചിതമായ ഇടവിളകൾ കൃഷിചെയ്യുന്നതിനുവേണ്ട പ്രോത്സാഹനം നൽകേണ്ടതുണ്ട്.

പട്ടിക 2 (എ)

രാസവള കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | |
|---|---|---|---|---|---|---|---|---|---|---|
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | <u>സഹകരണം</u> | | | | | | | | | |
| 1. | സർവ്വീസ് സഹകരണ ബാങ്ക്, നല്ലേപ്പിള്ളി (5 ഡിപ്പോ) | N: 23132 Kg.<br>P: 14616 Kg.<br>K: 11960 | 316 Litre | 1981 Kg. | 15951 Kg.<br>8120 Kg.<br>10695 Kg. | 416 | 274<br>370 | 12932 Kg.<br>10447 Kg. | 226 litre | 170 Kg. |
| | <u>സ്വകാര്യം</u> | | | | | | | | | |
| 1. | | N: 4200 Kg.<br>P:2614 Kg.<br>K: 3149 Kg. | 200 | 43 litre<br>50 Kg. | 2060 Kg.<br>1740<br>3617 | 200 | 27 litre<br>49 Kg. | 6200 Kg.<br>2070 Kg. | 116.86 litre | 17 Kg. |

മുമ്പ് ഈ പഞ്ചായത്തിലുണ്ടായിരുന്ന പൂന്തൽ കണ്ടങ്ങളിലെ വേവ് ഒഴിവാക്കുന്നതിന് വർഷങ്ങൾക്കുമുമ്പ് കൃഷി വകുപ്പിൻെറ സഹായത്തോടെ ഗവേഷണ ഫലമായി സിങ്ക് സൾഫേററ് ഉപയോഗിച്ചാണ് കൃഷി നിലത്തിൻെറ മൂന്നിലൊന്നുഭാഗം വരുന്ന പൂന്തൽ വയൽ കൃഷിക്ക് ഉപയുക്തമാക്കിയത്.

കറുത്ത പരുത്തിമണ്ണ് എന്നറിയപ്പെടുന്ന പ്രത്യേകതരം മണ്ണുള്ള പ്രദേശമാണ് ഈ പ്രദേശം അമിതമായ ക്ഷാരാംശവും, കളിമണ്ണിൻെറ അംശവും കൂടുതലുള്ളതുകൊണ്ട് സൂക്ഷ്മ മൂലകങ്ങളുടെ ലഭ്യത കുറഞ്ഞ് വിളകൾ മുരടിച്ചുവന്നിരുന്നു. സിങ്ക് സൾഫേററ്, മൈക്രോഫുഡ് തുടങ്ങിയ രാസവസ്തുക്കൾ ഉപയോഗിക്കുകയും, ഡെയിഞ്ച കൊഴിഞ്ഞൽ, എരുക്കിൻ തൂപ്പ്, ചണമ്പ് എന്നിവയും ധാരാളമായി ഉപയോഗിക്കുകയും ചെയ്താണ് ഇത് പരിഹരിച്ചത്. സഹകരണ സംഘങ്ങളുടേയും ദേശസാൽകൃത ബാങ്കുകളുടേയും, സേവനവും ഉല്പാദന വർദ്ധനവിനെ സഹായിച്ചിട്ടുണ്ട്. വിവിധ കൃഷിയുടെ ഉല്പാദനതോത് സംബന്ധിച്ച വിവരങ്ങൾ പട്ടിക (3) ൽ കൊടുക്കുന്നു.

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനുള്ള സാധ്യതകൾ ഇനിയുമുണ്ട്. ഈ പഞ്ചായത്തിലെ 5, 6, എന്നീ വാർഡുകളിൽ തീരെ ജലസേചന സൗകര്യമില്ലാത്ത ഭാഗങ്ങളിൽ ജലസേചന സൗകര്യം എത്തിക്കണം. നിലവിലുള്ള ജലസേചന സംവിധാനം കാര്യക്ഷമമാക്കണം. ഈ പഞ്ചായത്തിലെ നെൽകൃഷിയുടെ വിസ്തൃതി കഴിഞ്ഞ ഒരു ദശകത്തിൽ കുറയുന്നതായി കാണുന്നുണ്ട്. കാർഷികേതര ആവശ്യങ്ങൾക്കായി നെൽപാടം നികത്തുന്ന പ്രവണത ഇവിടെ കൂടിവരുന്നു. അതുപോലെ തെങ്ങുകൃഷിയുടെ ഉല്പാദനക്ഷമത ജല ലഭ്യതയുള്ള സ്ഥലങ്ങളിൽ പോലും കുറഞ്ഞു കാണുന്നുണ്ട്. അശാസ്ത്രീയമായ കൃഷിരീതിമൂലമാണ് ഇതെന്നാണ് കരുതപ്പെടുന്നത്. ഈ സാഹചര്യത്തിൽ പഞ്ചായത്തിൻെറ മണ്ണും, ജല ലഭ്യതയേയും, അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ശാസ്ത്രീയ ഭൂവിനിയോഗക്രമവും, സാദ്ധ്യതയും കണ്ടെത്തി പ്രയോഗവൽക്കരിച്ചെടുക്കേണ്ടതുണ്ട്. ഇതിനായുള്ള സമഗ്രപാന പദ്ധതി ആവിഷ്ക്കരിക്കണം.

സമതലങ്ങളിൽ പൂന്തൽ കണ്ടങ്ങളും, പിന്നെ തട്ടുതട്ടായ പൊററ പാടങ്ങളും ഉയർന്ന പ്രദേശ ങ്ങളിലുള്ള പറമ്പു കൃഷിയും ഇതിനിടയിലൂടെ ഒഴുകുന്ന അനവധി അകംപാടം തോടുകളും, ഇവ ചെന്നുചേരുന്ന മൂന്നു പ്രധാന തോടുകളും, ഏകദേശം എൺപതോളം

പട്ടിക 3

വിള വിസ്തീർണ്ണവും ഉൽപ്പാദനവും (അടിസ്ഥാന വിവരം)

| ക്രമ നമ്പർ | വിള | വിസ്തീർണം | മൊത്തം ഉൽപ്പാദനം | ഉൽപ്പാദനക്ഷമത ഹെക്ടർ |
|---|---|---|---|---|
| 1. | നെല്ല് 1-ാം വിള | 1914 ഹെക്ടർ | 6352 ടൺ | 3 to 4 ടൺ/ഹെക്ടർ |
| 2. | " 2-ാം വിള | 1600 ഹെക്ടർ | 5500 ടൺ | 3 to 5 ടൺ/ഹെക്ടർ |
| 3. | തെങ്ങ് | 314 ഹെക്ടർ | 12.5 ലക്ഷം നാളികേരം | 1 തെങ്ങിന് 25 നാളികേരം 1 വർഷം 40000 |
| 4. | വാഴ | 25 ഹെക്ടർ | 15 ലക്ഷം രൂപ | 1 ഹെക്ടറിന് 60000 രൂപ |
| 5. | മരച്ചീനി | 5 ഹെക്ടർ | 50 ടൺ | 10 ടൺ / 1 ഹെക്ടർ |
| 6. | നിലക്കടല | 115 ഹെക്ടർ | 3600 ചാക്ക് | 10 ടൺ / 1 ഹെക്ടർ |
| 7. | കരിമ്പ് | 27 ഹെക്ടർ | | |

കുളങ്ങളും സമൃദ്ധമായ വിഭവസമ്പത്തുള്ള ഒരു ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിന്റേത്. തെക്കു ഭാഗത്തായി കിഴക്കും പടിഞ്ഞാറുമായി ചിററൂർ പുഴയും ഒഴുകുന്നു. പ്രദേശത്തിന്റെ സമഗ്ര വളർച്ചക്കും മററു അപാകതകൾ പരിഹരിക്കുന്നതിനും ഒരു നീർതട വികസന പദ്ധതിതന്നെ ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടതുണ്ട്.

നിലവിലുള്ള കൃഷി രീതികൾക്കു പുറമെ ഇടവിളകളായും മററും നൂതന കൃഷിരീതികൾക്ക് സാധ്യതകൾ ഉണ്ട്. എന്നാൽ നിലവിൽ സർക്കാർ പദ്ധതികളുടെ ഘടന തന്നെ മാറ്റേണ്ടതുണ്ട്. ഉദാഹരണത്തിന് ക്ഷീരവികസനത്തിൽ താല്പര്യം വർദ്ധിച്ചുവരുന്ന ഈ പഞ്ചായത്തിൽ തീററ പുൽകൃഷിക്കായുള്ള ക്ഷീര വികസന പദ്ധതി പ്രകാരം ചുരുങ്ങിയത് ഒരു ഹെക്ടർ സ്ഥലത്ത് പുൽ കൃഷി ചെയ്യാൻ തയ്യാറുള്ള വ്യക്തികൾക്കു മാത്രമേ സാമ്പത്തിക സഹായം ലഭ്യമാകുന്നുള്ളു. അതുതന്നെ വർഷത്തിൽ ഒരാൾക്കു മാത്രമേ നൽകുന്നുള്ളു. ഈ പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും, അഞ്ചുസെൻറ് സ്ഥലത്തിൽ പുൽ കൃഷി ചെയ്യാൻ തയ്യാറുള്ള വർക്കടക്കം സാമ്പത്തിക സഹായം നൽകുന്നതരത്തിലുള്ള പദ്ധതികൾ വരേണ്ടതുണ്ട്. ചെറുകിട ജലസേചന തോടുകളെ സംബന്ധിച്ചും, മററു ജല ശ്രോതസ്സുകളെ സംബന്ധിച്ചും ഉള്ള വിവരങ്ങൾ പട്ടിക 4 ലും 5ലും കൊടുക്കുന്നു. ഈ പഞ്ചായത്തിലെ വണ്ടിത്തോട്ടിൽ യുക്തമായ സ്ഥലങ്ങളിൽ, തടയണയ്, ലിഫ്ററ് ഇറിഗേഷൻ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.

പട്ടിക 4

ചെറുകിട ജലസേചന തോടുകളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | തോടിന്റെ പേര് | ആകെ നീളം മീററർ | ശരാശരി വീതി മീററർ | സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം | തൻവർഷം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | വണ്ടിത്തോട് | 5 കി. മീററർ | 6 മീററർ | 600 മീററർ | -- |
| 2. | മുള്ളൻ തോട് | -- | 2.5 മീററർ | -- | -- |
| 3. | രായർകളം പാലപ്പള്ളം | 4 കി. മീററർ | 2.5 മീററർ | 350 മീററർ | 4 ലക്ഷം |

| പട്ടിക 5<br>ജലസേചന സംവിധാനങ്ങൾ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | സ്വകാര്യ/പൊതു ജലസേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | ആയക്കട്ട് ഹെക്ടർ |
| 1 | 2 | 3 | 4 | 5 | 6 |
| 1. | ആകെ സ്വകാര്യ വ്യക്തികളുടെ 374 കിണറുകൊണ്ട് 275 ഹെക്ടർ സ്ഥലം നനക്കാൻ ഉപയോഗിക്കുന്നു. | 7 | 80 | 8 | 80 ഹെക്ടർ |

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും പൂർത്തിയായ തുമായ ജലസേചന പദ്ധതികൾ പട്ടിക 6 ൽ ചേർത്തിട്ടുണ്ട്.

പട്ടിക 6

പണിപൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതുമായ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേററ് തുക | ആയക്കെട്ട് വിസ്തീർണ്ണം | മററു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | ആട്ട്പ്പട്ടിചാൽ (പണി തുടങ്ങാനിരിക്കുന്നു) | 96 | -- | 6 ലക്ഷം | 89 ഹെക്ടർ | -- |
| 2. | തോട്ടശ്ശേരി അകംമ്പാടംചാൽ (പണി നടന്നുകൊണ്ടിരിക്കുന്നു) | 96 | -- | 3.5 ലക്ഷം | 22 ഹെക്ടർ | -- |
| 3. | നല്ലേപ്പിള്ളി വണ്ടിത്തോട് ക്ലാസ് I പദ്ധതിയുടെ പുനരുദ്ധാരണം (പണി നടന്നുകൊണ്ടിരിക്കുന്നു) | 1996 | പണി തീർന്നിട്ടില്ല | 1,06,000 | -- | ജില്ലാ കൗൺസിൽ വർക്ക് |
| 4. | വാർഡ് 2-ൽ മുള്ളൻ തോടിനുകുറുകെ 4 നടപാലങ്ങൾ | 1993 | പണി തീർന്നിട്ടില്ല | 1,06,000 | -- | ജില്ലാ കൗൺസിൽ വർക്ക് |
| 5. | വെളിയംമ്പള്ളം ഫോം റോഡ് നിർമ്മാണം. | 1995 | 1995 | 3,25,000 | 58.06 ഹെക്ടർ | ജലധാര പദ്ധതി |

കൃഷിക്കാർ ഇന്നു അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ വർദ്ധിച്ച ഉൽപ്പാദന ചെലവും, ഉല്പന്ന ങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതുമാണ്. സഹകരണ സംഘങ്ങളും, ദേശസാൽകൃതബാങ്കുകളും കർഷകർക്ക് ഒരു പരിധിവരെ സാമ്പത്തിക സഹായം നൽകുന്നുണ്ട്. കഴിഞ്ഞ 5 വർഷമായി നൽകിയ വായ്പകളുടെ വിവരം താഴെ കൊടുക്കുന്നു.

നിലവിലുള്ള ചെറുകിട കർഷകരിൽ ഭൂരിഭാഗവും ഈ വായ്പ ഉപയോഗപ്പെടുത്തുന്നുണ്ട്. ദേശസാൽകൃത ബാങ്കുകളും മററു ബാങ്കുകളും ഈ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. വായ്പകൾ ഉദാരമാക്കേണ്ടതിന്റെ പ്രാധാന്യവും ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

പട്ടിക 7

**കാർഷിക വായ്പകൾ കർഷകക്ക് ലഭ്യമാക്കിയതിൻെറ വിവരങ്ങൾ**

| നമ്പർ | ഇനം | തുക | തുക ലഭ്യമാക്കിയ ബാങ്കുകൾ |
|---|---|---|---|
| 1. | നെല്ല് | 1734163 ) | കാർഷിക വികസന ബാങ്ക്, |
| 2. | തെങ്ങ് | 421312 ) | സ്റ്റെയ്ററ് ബാങ്ക് ഓഫ് ട്രാവൻകൂർ, |
| 3. | നിലക്കടല | 65035 ) | സൗത്ത് ഇന്ത്യൻ ബാങ്ക്, |
| 4. | പമ്പ്സെററ് | 214512 ) | സർവ്വീസ് സഹകരണ ബാങ്ക്, |
| 5. | ഭൂമി നിരപ്പാക്കൽ | 65016 ) | നല്ലേപ്പിള്ളി, കനറാ ബാങ്ക്, |
| 6. | പമ്പ്ഹൗസ് | 24037 ) | ധനലക്ഷ്മി ബാങ്ക് |
| 7. | തൊഴുത്ത് | 75000 ) | |
| 8. | കിണറുകുഴിക്കൽ | 265312 ) | |
| 9. | മററുള്ളവ | 131000 ) | |

ഈ പഞ്ചായത്തിൽ മൊത്തം 26 പാടശേഖരം നെല്ലുല്പാദക സമിതികൾ ഉണ്ട്. ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്തുതല കാർഷിക ഉപദേശക സമിതി സജീവമാക്കി ഇത് പരിഹരിക്കേണ്ടതാണ്. നെല്ലുല്പാദക സമിതികളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 8

**പാടശേഖര നെല്ലുൽപ്പാദന സമിതിയുടെ വിശദാംശങ്ങൾ**

| നമ്പർ | സമിതിയുടെ പേര് | | വിസ്തീർണ്ണം | |
|---|---|---|---|---|
| 1. | കമ്പിളിചുങ്കം പാടശേഖര | സമതി | 148.09 | ഏക്കർ |
| 2. | മാഞ്ചിറ | " | 179 | " |
| 3. | പന്നിപ്പെരുന്തല | " | 234.3 | " |
| 4. | മാനാംകുററി | " | 169.4 | " |
| 5. | മൂച്ചിക്കുന്ന് | " | 328.59 | " |
| 6. | ഇരട്ടക്കുളം | " | 138.72 | " |
| 7. | വാകപ്പാടം | " | 96.46 | " |
| 8. | കേണംപുള്ളിമല | " | 161.54 | " |
| 9. | കരിഞ്ഞലിപ്പള്ളം | " | 245.16 | " |
| 10. | അപ്പുപ്പിള്ളയൂർ | " | 215.08 | " |
| 11. | ചെട്ടികുളം | " | 169.16 | " |
| 12. | ചക്കാകുളമ്പ് | " | 148.03 | " |
| 13. | തോട്ടശ്ശേരി | " | 61.16 | " |
| 14. | വാളറ | " | 244.85 | " |
| 15. | കേണംപുള്ളി | " | 166.42 | " |
| 16. | മേപ്പള്ളം | " | 97.88 | " |
| 17. | തേമ്പാർമട | " | 122.51 | " |
| 18. | കൊററമംഗലം | " | 141.29 | " |
| 19. | ചന്ദനപുറം | " | 194.19 | " |
| 20. | വാക്കിനിചള്ള | " | 483.49 | " |
| 21. | മല്ലൻകളം | " | 162.27 | " |
| 22. | കുപ്പയൻചള്ള | " | 271.36 | " |
| 23. | കലയാം കുളമ്പ് | " | 72.41 | " |
| 24. | കല്ലൻകാട് | " | 116.15 | " |
| 25. | കുററിപ്പള്ളം | " | 249.17 | " |
| 26. | കൗണ്ടൻ കളം | " | 174.79 | " |

കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നുകൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ 9, 10, 11 പട്ടികകളിൽ ചേർത്തിയിട്ടുണ്ട്.

പട്ടിക 9

## നടപ്പുപദ്ധതിയുടെ അവലോകനം

| ക്രമ നമ്പർ | പദ്ധതി | തുക രൂപ | യഥാർത്ഥ ഉപയോഗം |
|---|---|---|---|
| 1. | രാസവള സബ്സിഡി | 605858 | രാസവളം കൂടുതൽ വില കൊടുക്കുന്നതിന്. |
| 2. | മോട്ടോർപമ്പ് സബ്സിഡി | 202157 | ജലസേചന സൗകര്യം ഉണ്ടാകാൻ. |
| 3. | കുററിപമ്പ് സബ്സിഡി | 16920 | മരുന്നുതളിക്കാൻ. |
| 4. | ട്രാക്ടർ സബ്സിഡി | 30000 | ഗ്രൂപ്പ് ഫാമിങ്ങ് പ്രോൽസാഹിപ്പിക്കാൻ. |
| 5. | പവ്വർ ടില്ലർ സബ്സിഡി | 276000 | ഗ്രൂപ്പ് ഫാമിങ്ങ് പ്രോൽസാഹിപ്പിക്കാൻ. |
| 6. | പ്രകൃതിക്ഷോഭം സബ്സിഡി | 64805 | വിളനശിച്ചിതിന് വീണ്ടും വിള ഇറക്കാൻ. |
| 7. | ബയോഗ്യാസ് പ്ലാൻറ് സബ്സിഡി | 139500 | ആവശ്യപ്പെട്ട എല്ലാകർഷകർക്കും. |
| 8. | പട്ടികജാതി പട്ടികവർഗ്ഗ സബ്സിഡി | 68170 | തെങ്ങുവെക്കൽ, വളം ചെയ്യൽ, കാർഷിക പണി ആയുധം വിതരണം. |
| 9. | പവ്വർ സ്പ്രേയർ സബ്സിഡി | 11880 | മരുന്നുതളി. |
| 10. | സിങ്ക് സൾഫേററ് സബ്സിഡി | 7606 | സൂക്ഷ്മ മൂലകങ്ങളുടെ കുറവ് നികത്തൽ. |
| 11. | കീടനാശിനി സബ്സിഡി | 182563 | കീടനിയന്ത്രണം. |
| 12. | കമ്പോസ്റ്റ് സബ്സിഡി | 77659 | ജൈവവള പ്രയോഗം കൂട്ടാൻ. |
| 13. | ഉത്പാദനബോണസ്സ് സബ്സിഡി | 1609178 | നെല്ലുൽപ്പാദനം വർദ്ധിപ്പിച്ചവർക്ക് പ്രോത്സാഹനം. |
| 14. | പൊതുഞ്ഞാററടി സബ്സിഡി | 135000 | ഗ്രൂപ്പ് ഫാമിങ്ങ് ശക്തമാക്കൽ. |
| 15. | ഇഞ്ചികൃഷി വികസന പദ്ധതി സബ്സിഡി | 7977 | സുഗന്ധമസാല കൃഷി വികസനത്തിന്. |
| 16. | നെല്ലുസംഭരണം സബ്സിഡി | 505352 | കർഷകർക്ക് ഉത്പന്നത്തിന്ന് കൂടുതൽ വില ലഭിക്കുന്നതിന്ന്. |
| 17. | കെട്ടിട വാടക സബ്സിഡി | 21960 | ഓഫീസ് കെട്ടിടം. |
| 18. | എണ്ണക്കുരുവികസന പദ്ധതി സബ്സിഡി | 81250 | നിലക്കടല കർഷകർക്ക്. |
| 19. | വിള ഇൻഷുറൻസ് സബ്സിഡി | 11175 | കൃഷിനശിച്ച കർഷകർക്ക്. |
| 20. | കളനാശിനി സബ്സിഡി | 780 | കള നിയന്ത്രിക്കുന്നതിന്. |
| 21. | ഡ്രിപ്പ് ഇറിഗേഷൻ സബ്സിഡി | 36000 | കുറച്ചു ജലംകൊണ്ട് കാര്യക്ഷമമായി വിനിയോഗിക്കാൻ. |
| 22. | കിണർ സബ്സിഡി | 196750 | നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ. |
| 23. | കിഴങ്ങുകൃഷി വികസനപദ്ധതി സബ്സിഡി | 1375 | കിഴങ്ങുവർഗ്ഗ കൃഷിവികസനത്തിന്. |
| 24. | വിത്തുൽപ്പാദനപരിപാടി സബ്സിഡി | 150770 | നെല്ലുവിത്ത് ഉണക്കാൻ, സംഭരിക്കാൻ. |
| 25. | പയർ കൃഷി വികസനം സബ്സിഡി | 15924 | മൂന്നാം വിളപയർകൃഷി ചെയ്യാൻ. |
| 26. | ഡെയിഞ്ച് സബ്സിഡി | 60000 | ജൈവവള പ്രയോഗം കൂട്ടാൻ. |
| 27. | ബഹുവിളകൃഷി സബ്സിഡി | 2000 | കർഷകരെ പ്രോത്സാഹിപ്പിക്കാൻ. |
| 28. | പബ്ലിക്ക് പാർട്ടിസിപ്പേഷൻ | 7860 | വികസനസമിതികൂടൽ കർഷകർക്ക് സമ്മാനം കൊടുക്കൽ. |
| 29. | പച്ചക്കറികൃഷി വികസനം സബ്സിഡി | 3150 | വിദ്യാർത്ഥികൾ മഹിളാസമാജം, യൂത്ത് ക്ലബ്ബുകൾ. |
| 30. | പ്രൈവററ് നേഴ്സറി സബ്സിഡി | 50000 | വിത്ത് നടീൽ വസ്തു ലഭ്യമാക്കാൻ. |
| 31. | സമഗ്രകേരവികസനം സബ്സിഡി | 123000 | ജലസേചനം, മരുന്നുതളി, യന്ത്രവൽക്കരണം. |
| 32. | ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതി സബ്സിഡി | 950000 | അകംപാടം ചാൽ നിർമ്മാണം. |
| 33. | യൂത്ത് പ്രോഗ്രാം സബ്സിഡി | 29000 | യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽദാന പദ്ധതി. |
| 34. | സ്മാൾഫാം മെക്കനൈസേഷൻ സബ്സിഡി | 100000 | ട്രാക്ടർ ടില്ലർ സ്പ്രെയർ എന്നിവ ഗ്രൂപ്പടിസ്ഥാനത്തിൽ ഉപയോഗിക്കാൻ. |
| 35. | സ്കൂൾ ഗാർഡൻ പ്രോഗ്രാം സബ്സിഡി | 1000 | പച്ചക്കറി പ്രോത്സാഹനം. |
| | ആകെ | **5789640** | |

പട്ടിക 10

## നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | ചെലവഴിക്കാൻ ലക്ഷ്യം തുക | റിമാർക്സ് |
|---|---|---|---|
| 1. | സമഗ്രകേര വികസന പദ്ധതി | 172000 | |
| 2. | എണ്ണക്കുരു വികസന പദ്ധതി | 275000 | |
| 3. | പയർകൃഷി വികസന പദ്ധതി | 15000 | |
| 4. | പച്ചക്കറി കൃഷി വികസന പദ്ധതി | 10000 | |
| 5. | മണ്ണുസാമ്പിൾ ശേഖരണം | 2000 | |
| 6. | വിദ്യാർത്ഥികൾക്കുള്ള പച്ചക്കറി കൃഷി വികസനം | 2500 | |
| 7. | വിത്തുൽപ്പാദന പരിപാടി (നെല്ല്) | 200000 | |
| 8. | പൊതുഞാററടി (നെല്ല്) | 20000 | |
| 9. | കുററിപമ്പ് സബ്സിഡി | 4000 | |
| 10. | പവ്വർസ്പ്രെയർ സബ്സിഡി | 7000 | |
| 11. | കർഷകപരിശീലന പരിപാടി | 4000 | |
| 12. | പയർകൃഷി (കേന്ദ്രാവിഷ്കൃതം)പദ്ധതി | 9000 | |
| 13. | ബയോഗ്യാസ് വികസന പദ്ധതി | 12000 | |
| 14. | സുഗന്ധമസാലവിള വികസനം | 1500 | |
| 15. | സ്മാൾഫാം മെക്കനൈസേഷൻ | 200000 | |
| 16. | ജൈവവള വികസന പരിപാടി | 30000 | |
| 17. | പട്ടികജാതി പട്ടികവർഗ്ഗ വികസനം | 250000 | |
| 18. | തീവ്രസങ്കേത വികസനം | 350000 | |
| 19. | ക്രോപ്പ് ഇൻഷൂറൻസ് പദ്ധതി | | |
| 20. | പ്രത്യേക തൊഴിൽദാന പദ്ധതി | 30000 | |
| | ആകെ | **1619200** | |

| പട്ടിക 11<br>ചെലവാകാതെ ശേഷിക്കുന്ന പദ്ധതി വിഹിതം | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക |
| 1. | സമഗ്രകേര വികസന പദ്ധതി | 63000 |
| 2. | പട്ടികജാതി പട്ടികവർഗ്ഗ വികസനപദ്ധതി | 112247 |
| 3. | പബ്ലിക്ക് പാർട്ടിസിപ്പേഷൻ | 2500 |
| 4. | വിദ്യാർത്ഥികൾക്കുള്ള പച്ചക്കറികൃഷി വികസനം | 1550 |
| 5. | പയർകൃഷി വികസനം | 4000 |
| 6. | എണ്ണക്കുരു വികസന പദ്ധതി: | |
| | നിലക്കടലക്ക് ജിപ്സം വിതരണം | 50000 |
| | റൈസോബിയം വിതരണം | 2000 |
| | കീടനാശിനി വിതരണം | 2000 |
| 7. | വിത്തുൽപ്പാദന പരിപാടി | 66000 |
| | ആകെ | **303297** |

ഈ പദ്ധതികൾ പരിശോധിക്കുമ്പോൾ വിവിധ ആവശ്യങ്ങൾക്കായി സർക്കാർ അനുവദിച്ച തുക ഫലപ്രദമായി ഉപയോഗിക്കാൻ സാധിച്ചിട്ടില്ല എന്നുള്ളത് ഒരു ദുഖകരമായ സത്യമാണ്. പാടശേഖരസമിതികളുടെയും, പഞ്ചായത്തുതല ഉപദേശക സമിതിയുടെയും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി പരിഹരിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ 8200 സ്ത്രീ തൊഴിലാളികളും, 6200 പുരുഷത്തൊഴിലാളികളും ഉണ്ട്. വിവിധ ജോലികൾക്ക് അവർക്ക് ലഭിക്കുന്ന വേതനത്തിനെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 12

കൂലി സേവന വ്യവസ്ഥകൾ

| ക്രമ നമ്പർ | പണിയുടെ പേര് | കൊടുക്കുന്ന കൂലി | | മററു വിവരങ്ങൾ |
|---|---|---|---|---|
| | | ആണ് | പെണ്ണ് | |
| 1. | കിളപ്പണി | 50 | ഇല്ല | |
| 2. | ഞാറുനടൽ | -- | 30 രൂപ | |
| 3. | കളപറി | -- | 30 രൂപ | |
| 4. | കൊയ്ത്ത് | 6ന് 1 പതമ്പ് | 6ന് 1 പതമ്പ് | |
| 5. | തേങ്ങയിടൽ | 1 തെങ്ങിന് 4രൂ | | |
| 6. | കീടനാശിനി | 100 രൂപ | | |
| 7. | ഉഴവ് | 60 രൂപ | | |

മേൽപ്പറഞ്ഞ പദ്ധതികളെല്ലാം നടപ്പിലായിട്ടുണ്ടെങ്കിലും ഇത് വളരെ അപര്യാപ്തമാണ്.

ഈ പഞ്ചായത്തിലെ മുഖ്യ കാർഷികോല്പന്നമായ നെല്ലിന് മതിയായ വിപണന കേന്ദ്രങ്ങളില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ട് കൊയ്ത്തു കഴിഞ്ഞ ഉടനെ ഇടത്തട്ടുകാർ നിശ്ചയിക്കുന്ന വിലക്ക് സ്വകാര്യ വ്യക്തികൾക്ക് വിൽക്കുകയാണ് പതിവ്. സഹകരണസംഘങ്ങൾ പരിമിതമായ തോതിൽ നെല്ല് സംഭരിക്കുന്നുണ്ട്.

കർഷകർ ഇന്നു അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹരിക്കേണ്ടതുണ്ട്.

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി പച്ചക്കറി കൃഷി പ്രോത്സാഹനവും, മററു നൂതനകൃഷികളെ സംബന്ധിച്ചുള്ള ബോധവൽക്കരണവും, കാര്യപരിപാടികളും ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും ചേർക്കുന്നു.

# പഞ്ചായത്തിലെ പൊതു പ്രശ്നങ്ങൾ

## 1. ജലസേചനം

വൻകിട ജലസേചന പദ്ധതിയിലുള്ള ജലവിതരണം വേണ്ടവിധം ലഭ്യമല്ല. കുന്നംകാട്ടുപതി തേമ്പാർമട എന്നീ പദ്ധതികളുടെ കനാലുകളിൽ അററകുററപണികൾ വേണ്ട വിധത്തിൽ കാലാകാലങ്ങളിൽ നടത്തുന്നതിൽ അനാസ്ഥ ഉണ്ട്. കുന്നംകാട്ടുപതി അണയിൽ ചോർച്ച കാണുന്നുണ്ട്. അതുകൊണ്ട് തന്നെ അതിൻെറ ജലസംഭരണശേഷി പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിയുന്നില്ല. ഈ പദ്ധതിയുടെ 4-ാം കിലോ മീററനുശേഷം കനാലിൻെറ തറവിതാനത്തിൽ വന്ന അപാകതമൂലം മൊത്തം താഴെക്കുള്ള ജലവിതരണത്തിൽ പാകപ്പിഴകളുണ്ട്. പറമ്പിക്കുളം ആളയാർ കരാർ പുതുക്കുകയും, കുരിയാർകുററി കാരപ്പാറ പദ്ധതി നടപ്പാക്കുകയും ചെയ്യാത്തതുമൂലം ജലസേചന സൗകര്യം വളരെ അപര്യാപ്തമാണ്. ഈ പഞ്ചായത്തിൽ നെൽകൃഷിയുടെ മൂന്നിലൊന്ന് വരുന്ന പുന്തൽപാടങ്ങളിലെ വെള്ളകെട്ട് ഒഴിവാകുന്നതിനുള്ള ജലനിർഗമനത്തിന് ശാസ്ത്രീയമായ സംവിധാനങ്ങൾ ഇല്ല. കുളം, തോട് മുതലായ പരമ്പരാഗതമായ ജലസ്രോതസ്സുകൾ അഭിവൃദ്ധിപ്പെടുത്തി കൃഷിക്ക് ഉപയുക്ത മാക്കുന്നതിന് ഫലപ്രദമായ പദ്ധതികൾ ഇല്ല.

## 2. കാർഷികോൽപ്പാദനം.

കൃഷിഭവൻ വഴി വേണ്ടസമയത്ത് വേണ്ടത്ര വിത്തുകളും, മററു നടീൽ വസ്തുക്കളും ലഭ്യമല്ല. കാർഷിക മേഖലയായ ഈ പ്രദേശത്ത് കാർഷിക ഗവേഷണ കേന്ദ്രം ഇല്ലാത്തതിനാൽ കൃഷിയെ സംബന്ധിച്ചുള്ള വിജ്ഞാനം വ്യാപിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളായി പല കാരണങ്ങളാൽ ൧ാം വിള വളരെ മോശമായിട്ടാണ് ലഭിക്കുന്നത്. മതിയായ ബോധവൽക്കരണത്തിന്റെ അഭാവം മൂലവും ലഭ്യതകുറവും കാരണം ജൈവജീവാണുവള പ്രയോഗം നിലവിൽ കാര്യമായി ഇല്ല. കൃഷിയിടങ്ങളിലെ മണ്ണ് പരിശോധന നടക്കുന്നില്ല. രോഗ കീടനിയന്ത്രണത്തിന് പ്രത്യേക പദ്ധതികൾ ഇല്ല. വിള ഇൻഷൂറൻസ് പദ്ധതി എല്ലാ വിളകൾക്കും ബാധകമാക്കിയിട്ടില്ല കൃഷിഭവൻ വഴിയുള്ള നെൽകൃഷിക്കുള്ള ഉൽപ്പാദന ബോണസ്സ് അപര്യാപ്തവും യഥാസമയവും ലഭിക്കുന്നില്ല. പച്ചക്കറി കൃഷിചെയ്യുന്നതിന് കർഷകർ മുന്നോട്ട് വരുന്നു ണ്ടെങ്കിലും ആവശ്യമായ നല്ലയിനം പച്ചക്കറി വിത്തുകൾ, വിവിധയിനം അനുയോജ്യമായ വാഴക്കന്നുകൾ എന്നിവ ലഭ്യമല്ല. കൂടാതെ പച്ചക്കറികൃഷി ഗ്രൂപ്പ് ഫാം പദ്ധതി നടപ്പിലാക്കിയിട്ടില്ല. കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷന് മുൻഗണന ലഭിക്കുന്നില്ല. വൈദ്യുതി സൗജന്യം എല്ലാ കൃഷിക്കും ലഭിക്കുന്നില്ല. കൃഷി ഉദ്യോഗസ്ഥൻമാരിൽ നിന്ന് സ്ഥലം സന്ദർശിച്ച് നൽകേണ്ട വിദഗ്ദവും, സാങ്കേതികവുമായ പരിശീലന ങ്ങളും, ഉപദേശങ്ങളും കൊടുക്കുന്നില്ല. സഹകരണ ബാങ്കിൽ നിന്നും മററു ദേശസാൽകൃതബാങ്കുകളിൽ നിന്നും മിതമായ പലിശനിരക്കിൽ ആവിശ്യാനുസരണം വായ്പ ലഭിക്കുന്നില്ല. കർഷകരുടെ മക്കൾക്ക് കാർഷിക കോഴ്സുകളിൽ മുൻഗണന ലഭിക്കുന്നില്ല. കൃഷി മേഖലയോടുള്ള താൽപര്യകുറവും അവഗണനയും കാരണം ആവശ്യത്തിനുള്ള കർഷകതൊഴിലാളികളുടെ ദൗർലഭ്യം ഉണ്ട്. പാടശേഖരസമിതി മുഖേന യന്ത്രോപകരണങ്ങൾ ഉപയുക്തമാക്കുന്ന രീതിയിൽ അപാകതയുണ്ട് സബ്സിഡി അടിസ്ഥാനത്തിൽ പാടശേഖരടിസ്ഥാനത്തിൽ, പാടശേഖരസമിതിക്കും, വ്യക്തികൾക്കും ലഭിക്കുന്ന ട്രാക്ടർ, ട്രില്ലർ തുടങ്ങിയ യന്ത്രങ്ങൾ ദുരുപയോഗിക്കുകയും അതുകൊണ്ടുതന്നെ കൃഷി ആവശ്യത്തിന് കിട്ടാതെ വരുകുയും ചെയ്യുന്നു സഹകരണ ബാങ്കിൽ നിന്നും ലഭിക്കുന്ന കാർഷിക വായ്പയോടനുബന്ധിച്ച് എടുക്കുന്ന വിള ഇൻഷൂറൻസ് പദ്ധതി ബന്ധപ്പെട്ട കർഷകന് ലഭിക്കുന്നില്ല. മററു മേഖലകളിലെന്നപോലെ കർഷകർക്കും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കിയിട്ടില്ല. മരുന്ന് തെളിക്കുന്നതിനുള്ള സ്പ്രെയറുകൾ, അതുപോലെ മററു ഉപകരണങ്ങൾ ഇപ്പോൾ കൃഷി ഭവനുകളിൽ നിന്നും ലഭിക്കുന്നത് വളരെ അപര്യാപ്തമാണ്. മേൽപ്പറഞ്ഞ വിവിധ കാരണങ്ങളാൽ നെൽകൃഷി ലാഭകരമല്ലാതായി കൊണ്ടിരിക്കുന്നതിനാൽ നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്നു.

## സംഭരണം വിപണനം.

ഈ പഞ്ചായത്തിൽ പൊതുവായി സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ ഒന്നും തന്നെ ഇല്ല. ഇടത്തട്ടുകാർ മുഖേന സ്വകാര്യ റൈസ്മില്ലുകാർക്ക് വിൽക്കുന്ന രീതിയാണ് ഇപ്പോഴും നിലവിലുള്ളത്. വിത്ത് സംസ്ക്കരിച്ച് വെക്കുന്നതിനും ഒരു സംവിധാനവും നിലവിലില്ല. കൊപ്ര സംസ്ക്കരണത്തിനും, മററുമായുള്ള ഒരു സംവിധാനം പൊതുമേഖലയിലോ സഹകരണ മേഖലയിലോ ഇല്ല. മഴക്കാലത്ത് ഒന്നാം വിളയിൽ ഉല്പാദിപ്പിക്കുന്ന നെല്ല് മുതലായ കാർഷികോല്പന്നങ്ങൾ ഉണക്കി സംസ്ക്കരിച്ചെടുക്കുവാൻ വേണ്ട സൗകര്യങ്ങൾ ഇല്ല. ചകിരി, ചിരട്ട, വൈക്കോൽ മുതലായ ഉപ ഉല്പന്നങ്ങളേയും, മററു കാർഷികോല്പന്നങ്ങളേയും അടിസ്ഥാനപ്പെടുത്തി വ്യവസായിക സംരംഭങ്ങൾ ഒന്നും തന്നെ നിലവിലില്ല. മേല്പറഞ്ഞ കാരണങ്ങൾ കൊണ്ടും മററും, കാർഷികോല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതുകൊണ്ടും കൃഷി മൊത്തത്തിൽ ലാഭകരമല്ലാത്ത മേഖലയായി മാറികൊണ്ടിരിക്കുന്നു.

## നിർദ്ദേശങ്ങൾ സാദ്ധ്യതകൾ

### a) ജലസേചനം.

പഞ്ചായത്തുതലത്തിൽ ജലസേചന ഉപദേശക സമിതി രൂപീകരിച്ച് കൃഷിഭവൻ, ജലസേചന വകുപ്പ് ഉദ്യോഗ സ്ഥന്മാരേയും സംയോജിപ്പിച്ചുകൊണ്ട് ജലവിതരണ സംവിധാനം കാര്യക്ഷമമാക്കണം. കുരിയാർകുറ്റി കാരാപ്പാറ പദ്ധതി നടപ്പിലാക്കുകയും, പറമ്പിക്കുളം ആളയാർ പദ്ധതി കരാർ പുതുക്കുകയും ചെയ്ത് ഈ പ്രദേശത്തെ ജലലഭ്യത വർദ്ധിപ്പിക്കാം. ഇതുമൂലം ഒന്നാം വിളയും, രണ്ടാം വിളയും ഉണങ്ങാതെ സംരക്ഷിച്ച് കാർഷികോല്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കാൻ സാധിക്കും. തേമ്പാറമട, കുന്നുംകാട്ടുപതി പദ്ധതികളിൽ നിന്നും കൃഷി ആവശ്യത്തിനും വെള്ളം നൽകുന്നത് മെയ് 15 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ ആവശ്യാനുസരണം കൃത്യതയോടുകൂടി ലഭ്യമാക്കണം.

പൂന്തൽ പാടങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ വയലുകൾക്കുചുററും ചാലുകൾ എടുത്ത് മണ്ണ് ഓവുകൾ സ്ഥാപിച്ച് പൂന്തൽപാടങ്ങളിലെ ജലനിർഗ്ഗമനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ

നടപ്പിലാക്കുക. പ്രസ്തുത സംവിധാനത്തിൽ നിന്നും നിർഗമിക്കുന്ന അധികജലം താഴെയുള്ള അകംപാടം ചാലുകൾ വഴി കൊണ്ടുവന്ന് പമ്പുചെയ്ത് ഉയർന്ന പൊററ വയലുകളിലേക്ക് ഉപയുക്തമാക്കാവുന്നതാണ്. തേമ്പാറമട, കുന്നുംകാട്ടുപതി പദ്ധതിയിലെ കനാലുകൾ കൃഷിക്ക് ഉപയുക്തമാകുന്നവിധം യഥാസമയം അററകുററപണികൾ ചെയ്യുകയും കുന്നംകാട്ടുപതി അണയിലെ ചോർച്ച അടച്ച് സംഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്ത് വാലററ പ്രദേശങ്ങളിൽ വെള്ളമെത്തിച്ച് കൃഷിയെ ഉണക്കത്തിൽ നിന്നും സംരക്ഷിക്കാം. കുന്നംകാട്ടുപതി കനാലിലെ നാലാം കിലോമീററിലുള്ള വിതാനത്തിലുള്ള അപാകതകൾ പരിഹരിച്ച് താഴോട്ടുള്ള ജലവിതരണം സുഗമമാക്കണം.

പഞ്ചായത്തു പ്രദേശത്തുള്ള സ്വകാര്യ വ്യക്തികളുടേയോ, കൂട്ടുടമയിലുള്ളതുമായ പരമ്പരാഗത ജല ശ്രോതസ്സുകളായ കുളങ്ങൾ ഏറെറടുത്ത് ആഴംകൂട്ടി വശങ്ങൾ ബലപ്പെടുത്തി സംരക്ഷിച്ച് കൃഷിക്ക് ഉപയുക്തമാക്കണം. എങ്കിൽ രണ്ടാം വിളയെ ഉണക്കത്തിൽ നിന്നും സംരക്ഷിക്കാനും, മൂന്നാം വിളയായി പച്ചക്കറി കൃഷിയും, ജൈവവളകൃഷിയും ചെയ്യാനും സാധിക്കും. ഇതുമൂലം ചുററുമുള്ള കിണറുകളിലെ ജലവിതാനം ഉയർത്താനും സാധിക്കും.

പഞ്ചായത്തിലെ പരമ്പരാഗത ജലശ്രോതസ്സുകളായ തോടുകളിലും അകംമ്പാടം ചാലുകളിലും, തടയണകൾ നിർമ്മിച്ച് ചെറുകിട ജലസേചന സംവിധാനങ്ങൾ രൂപപ്പെടുത്തണം. കാർഷികാവിശ്യത്തിനായി പഴയ കിണർ ആഴം കൂട്ടുന്നതിനും പുതിയ കിണർ കുഴിക്കുന്ന തിനും വർദ്ധിച്ച തോതിൽ സബ്സിഡി കർഷകർക്ക് നൽകണം കാർഷികാവിശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ പരമാവധി ഒരു മാസത്തിനുള്ളിൽ സമയ ബന്ധിതമായി നൽകുവാനുള്ള നടപടി ഉണ്ടാവണം. ഇതുകാരണം പറമ്പുകൾ അടക്കമുള്ള സ്ഥലങ്ങളിൽ പച്ചക്കറികൃഷി തുടങ്ങിയ നൂതന കൃഷിസമ്പ്രദായങ്ങൾ ആരംഭിക്കാനും അതുവഴി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. ഈ പഞ്ചായത്തിൽ ജലദൗർലഭ്യം ഉണ്ടെങ്കിലും മേൽപ്പറഞ്ഞ കുന്നുംകാട്ടുപതി തേമ്പാർമട പദ്ധതികളുടേയും, മററു ചെറുകിട ജലസേചന സംവിധാനങ്ങളിലേയും ജലവിതരണം ജനകിയ ഇടപെടലോടെ പഞ്ചായത്തിൻെറ നേതൃത്വത്തിൽ പദ്ധതി അടിസ്ഥാനത്തിലോ, ഏരിയാടിസ്ഥാനത്തിലോ, ദുരുപയോഗം കൂടാതെ ഫലപ്രദമായി ജല മേനേജ്മെൻറ് അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയാണെങ്കിൽ ജലദൗർലഭ്യം പരിഹരിച്ച് കാർഷികോൽപ്പാദനം പരമാവധി വർദ്ധിപ്പിക്കാവുന്നതാണ്. ആയതിനാൽ ഈ പഞ്ചായത്തിൽ ജലസ്ഥല മാനേജ്മെൻറ് സർവെ നടത്തി പരിഹാരങ്ങൾ കാണേണ്ടതുണ്ട്.

## b) കാർഷികോൽപ്പാദനം

### 1. വിത്ത്‌വിജ്ഞാനവ്യാപനം

വിത്ത് നടീൽ വസ്തുക്കൾ എന്നിവയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് രജിസ്ട്രേഡ് വിത്ത് ഉൽപ്പാദകരെയോ സർക്കാർ അംഗീകൃത നഴ്സറികളെയോ ചുമതലപ്പെടുത്തുകയും കൂടാതെ ഓരോ പാടശേഖരത്തിലേയും തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് നല്ലയിനം വിത്തുകൾ സൗജന്യമായി നൽകി വിത്ത് ഉൽപ്പാദിപ്പിച്ച് പാടശേഖരത്തിനും മററു കൃഷിക്കാർക്കും സൗജന്യമായി വിതരണം ചെയ്യുവാൻ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യുക ١ാം വിളയിൽ ആവർത്തിച്ചുകാണുന്ന വിള ശോഷണത്തെപ്പററി പഠിക്കുന്നതിനും മണ്ണുപരിശോധന, വിജ്ഞാന വ്യാപനം, വൈദഗ്ദ്യം മുതലായ സേവനങ്ങൾ തക്കസമയത്ത് ലഭിക്കുന്നതിന് ചിററൂർ ബ്ലോക്കിൽ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഒരു പ്രാദേശിക ഗവേഷണശാഖ സ്ഥാപിക്കുകയും വേണം. കൃഷി ഭവൻെറ നിലവിലുള്ള ഘടന പരിഷ്ക്കരിച്ച് ജൈവ ജീവാണുവള പ്രയോഗം സംയോജിത കീടനിയന്ത്രിത പരിപാടി, മണ്ണ് പരിശോധന, ലാബോറട്ടറി മുതലായ വിജ്ഞാന വ്യാപനത്തിനും സാധ്യമാവുന്നവിധം പുന: സംഘടിപ്പിക്കണം.

### 2. വളം

കാർഷികോൽപ്പാദനത്തിൻെറ ചിലവ് വർദ്ധിക്കുന്നതിന് മുഖ്യകാരണമാണ് രാസവളങ്ങളുടെ വിലവർദ്ധനവ്. ആയതിനാൽ രാസവളങ്ങൾക്ക് 75% മെങ്കിലും സബ്സിഡി ലഭിച്ചാൽ മാത്രമേ കർഷകന് ഇന്നത്തെ നിലയിൽ നിലനിർത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയുള്ള. കൃഷി വകുപ്പിൻെറ ആഭിമുഖ്യത്തിൽ ജൈവവള പ്രയോഗത്തെക്കുറിച്ചും ജീവാണുവള പ്രയോഗത്തെക്കുറിച്ചും, ജൈവകീടനാശിനിയേകുറിച്ചും പാടശെഖരാടിസ്ഥാനത്തിൽ പരിശീലന ക്ലാസുകൾ നടത്തുക. അതോടൊപ്പംതന്നെ ജൈവവളവും, ജൈവ കീടനാശിനിയും ഉൽപ്പാദിപ്പിക്കാനുള്ള മാർഗ്ഗങ്ങളും പ്രോൽസാഹനവും നൽകുക ഈ പഞ്ചായത്ത് അതിർത്തിയിലുള്ള കൃഷിക്ക് ഉപയുക്തമല്ലാതെ ഏകദേശം 32 ഏക്കർ വരുന്ന സ്ഥലം ഈ ആവിശ്യത്തിനായി ഉപയോഗിക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുക. ഡൈഞ്ച, ചണമ്പ്, കൊഴിഞ്ഞൽ മററു പയറുവർഗ്ഗങ്ങൾ എന്നീ ജൈവ വളത്തിനുള്ള വിത്തുകൾ സൗജന്യമായി കർഷകർക്ക് ലഭ്യമാക്കണം. രാസവളങ്ങൾ സഹകരണ സംഘങ്ങൾ മുഖേനയും സ്വകാര്യ ഏജൻസികൾ മുഖേനയും കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

ഈ രംഗത്തുള്ള വിതരണത്തിനുള്ള അപാകതകൾ പരിഹരിക്കണം. കീടനാശിനികൾ ഓരോ വിളവിനും അനുസൃതമായി 50% സബ്സിഡി അടിസ്ഥാനത്തിൽ ലഭ്യമാക്കി സാങ്കേതിക വിദഗ്ദന്മാരുടെ മേൽനോട്ടത്തിൽ പ്രയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

3. യന്ത്രവൽക്കരണം

കർഷകതൊഴിലാളികൾ വേണ്ടത്ര വേണ്ട സമയത്ത് ലഭിക്കാത്തത് കാർഷികകോൽപ്പാദനരംഗത്ത് മാന്ദ്യത സൃഷ്ടിച്ചിട്ടുണ്ട്. ഇത് പരിഹരിക്കാൻ യന്ത്രവൽക്കരണം കൂടിയേതീരൂ. ട്രാക്ടർ, ട്രില്ലർ, മെതിയെന്ത്രം, നടീൽ യന്ത്രം, സ്പ്രെയറുകൾ എന്നിവ 75% സബ്സിഡി യോടുകൂടി ലഭ്യമാക്കണം.

കാർഷികോപകരണങ്ങളായ കയ്ക്കോട്ട്, കൊടുവാൾ, കൊത്ത്, അരിവാൾ, നിരത്തി, കലപ്പ, എന്നിവ സബ് സിഡി അടിസ്ഥാനത്തിൽ കർഷകൾക്ക് ലഭ്യമാക്കുക.

4. സാമൂഹ്യം

നെൽകൃഷി കർഷകർക്കുള്ള ഉൽപ്പാദന ഉപാധികളുടെ ലഭ്യതകുറവും ചിലവ് കൂടുതലും ആയത് പരിഗണിച്ച് ഉൽപ്പാദന ബോണസ് ഒരു പരിധിവരെ കർഷകർക്ക് പ്രചോദനമായിട്ടുണ്ട്. ആയതിനാൽ ഇപ്പോൾ നിലവിലുള്ള ഹെക്ടറിനു 250 രൂപ എന്നത് 1000 രൂപ ആക്കി ഉയർത്തി അതാത് സീസണിൽ തന്നെ കർഷകർക്ക് ലഭ്യമാക്കണം. കാർഷിക വായ്പതുക വർദ്ധിപ്പിച്ച് പലിശനിരക്ക് ഏററവും കൂടുതൽ 5% ആയി തിട്ടപ്പെടുത്തുക. മററു മേഖലകളിലുള്ളതുപോലെ കർഷകർക്കും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രീമിയം സർക്കാർ വഹിച്ച് നടപ്പിലാക്കണം. പച്ചക്കറിക്ക് ഗ്രൂപ്പ് ഫാം സമ്പ്രദായം നടപ്പിലാക്കണം. കാർഷികവായ്പ യഥാസമയം തിരിച്ചടിക്കുന്നവർക്ക് അനുവദിച്ചിരുന്ന പലിശയിളവ് പുനസ്ഥാപിക്കുക. സഹകരണ സംഘങ്ങളിലൂടെയുള്ള വായ്പയെടുക്കുന്ന കർഷകർക്കുള്ള കേന്ദ്രവിള ഇൻഷുറൻസ് പദ്ധതി ഫലപ്രദമല്ലാത്തതിനാൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കുക.

5. സംസ്കരണം, സംഭരണം, വിപണനം

സാധാരണ 1 ാം വിള കാലത്ത് നെല്ല് കൊയ്യുന്നത്. ആഗസ്റ്റ് സെപ്ററംബർ മാസങ്ങളിലാണ് തികച്ചും മഴകാലമായതുകൊണ്ട് നെല്ല് സംസ്ക്കരിക്കുന്നതിന് അസൗകര്യം നേരിടുന്നതുകൊണ്ട് ഗുണനിലവാരം കുറഞ്ഞ് വില കുറവ് അനുഭവപ്പെടുന്നു. ഇത് പരിഹരിക്കാൻ കോൺക്രീററ് മുററവും, ടാർപോളീനും പാടശേഖരത്തിനും വ്യക്തികൾക്കും വർദ്ധിച്ചതോതിൽ 75% സബ്സിഡിയോടുകൂടി അനുവദിക്കേണ്ടതാണ്.

സർവ്വീസ് സഹകരണ സംഘങ്ങൾ പാടശേഖര സമിതി കൾ മുഖേന കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിച്ച് വാർഡ് അടിസ്ഥാനത്തിൽ ശേഖരിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ വിപണനം നടത്തുക കൃഷിക്കാർക്കുള്ള വിത്ത് സംഭരണികൾ, സീഡ് സ്റ്റോർ എന്നിവ സബ്സിഡി അടിസ്ഥാനത്തിൽ ലഭ്യമാക്കണം. പഞ്ചായത്ത് തലത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കൊപ്ര സംസ്ക്കരണ കേന്ദ്രം ആരംഭിക്കുക. കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ ചകിരി, ചിരട്ട, വയ്ക്കോൽ തുടങ്ങിയ കാർഷിക ഉപഉൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കണം. പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ സംഭരിച്ച് വിപണന സൗകര്യം ലഭിക്കുന്നതുവരെ സൂക്ഷിച്ചുവെക്കുന്നതിന് ഒരു കോൾഡ് സ്റ്റോറേജ് (ശീഥീകരണശാല) ബ്ലോക്കടിസ്ഥാനത്തിൽ സ്ഥാപി ക്കണം. കർഷകർക്കും കർഷകതൊഴിലാളികൾക്കും സമൂഹത്തിൽ മാന്യമായ സ്ഥാനം ലഭിക്കുന്നതിനുവേണ്ടി സാമൂഹ്യപ്രവർത്തന രംഗം, വിദ്യാഭ്യാസരംഗം എന്നിവ യിൽ സമൂലമായ പരിഷ്ക്കരണങ്ങൾ നടപ്പിൽ വരുത്തണം. കാർഷിക കോഴ്സുകളിൽ കർഷക കർഷകത്തൊഴിലാളി വിഭാഗത്തിന് സംവരണം ഏർപ്പെടുത്തണം. കൂടാതെ വിവിധ നിയമനിർമ്മാണ സഭകളിലും കർഷകർക്ക് പ്രാധിനിധ്യം ഉറപ്പുവരുത്തണം.

## വാർഡ്തല പ്രശ്നങ്ങളും സാധ്യതകളും

## കൃഷിയും ജലസേചനവും

### വാർഡ് 1

കമ്പിളി, തോട്ടക്കുളം, അമ്പാട്ട് ഏരി, കമ്പിളികുളം എന്നീ പ്രദേശത്ത് ഗണ്യമായ ജലസേചന കുറവ് അനുഭവ പ്പെടുന്നുണ്ട്. മേൽപ്പറഞ്ഞ കുളങ്ങൾ ആഴംകൂട്ടി സൈഡ് കെട്ടിയും ബലപ്പെടുത്തിയും ജലസേചന സൗകര്യം വർദ്ധിപ്പിച്ചാൽ ഏകദേശം 700 ഏക്കർ സ്ഥലത്ത് നെൽകൃഷിക്ക് 2ാം വിളയ്ക്ക് ഉപയോഗ പ്പെടുത്തി ഉണക്കത്തിൽനിന്നും സംരക്ഷിക്കാവുന്നതാണ്.

കരിഞ്ഞാലിപ്പള്ളം പാലപ്പള്ളം, മാഞ്ചിറ പാലപ്പള്ളം, കേണംപ്പുള്ളി എന്നീ അകമ്പാട ചാലുകൾ വശങ്ങൾ ഇടിഞ്ഞ് മണ്ണ്തൂർന്ന് ഉപയോഗശൂന്യമായി കിടക്കുക യാണ്. മേൽപ്പറഞ്ഞ അകമ്പാട ചാലുകൾ മണ്ണ് മാററി സൈഡ്കെട്ടി അഭിവൃദ്ധിപ്പെടുത്തിയെടുത്താൽ ചാലിലെ ജലനിർഗമനശേഷി വർദ്ധിപ്പിച്ചാൽ 100 ഹെക്ടർ സ്ഥലത്തുള്ള നെൽകൃഷിക്ക് വെള്ളപ്പൊക്കകെടുതിയിൽ നിന്നും സംരക്ഷിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാം.

## വാർഡ് 2

ആലാംകടവ് കമ്പിളിചുങ്കം, ആലാങ്കടവ് ചന്ദനപുറം, മണികുടം, ചന്ദനപുറം, കമ്പിളിച്ചുങ്കം (IPP സെൻറർ) പ്ലാപ്പുള്ളി എന്നീ അകമ്പാട കനാലുകൾ മണ്ണ് തൂർന്ന് വരമ്പുകൾപൊട്ടി കൃഷിനാശങ്ങൾ സംഭവിക്കുന്നുണ്ട്. ഇതിന് പരിഹാരമായി അകമ്പാടചാലുകൾ ആഴവും വീതിയും കൂട്ടി വശങ്ങളുടെ ബണ്ടുകൾ ബലപ്പെടുത്തി യാൽ വെള്ളപ്പൊക്കം നിയന്ത്രിച്ച് ജല നിർഗമനശേഷി വർദ്ധിപ്പിച്ച് കൃഷി സംരക്ഷി ക്കാവുന്നതാണ്.

തേമ്പാർമട സിസ്റ്റത്തിലെ ആലാങ്കടവ്, വളവ്പാലം എന്നീ ബ്രാഞ്ച് കനാലുകളിൽ യഥാസമയം ചീർപ്പുകൾ ഇടാറില്ല. ഇതിന് പരിഹാരമായി ബന്ധപ്പെട്ട ഡിപ്പാർട്ടു മെൻറ് നടപടിയെടുത്ത് യഥാസമയം ഷട്ടർ ഇടുകയും എടുക്കുകയും ചെയ്താൽ ജലസേചനം ക്രമീകരിച്ച് മെച്ചപ്പെടുത്താൻ സാധിക്കും. നിലവിൽ കൂട്ടുകൃഷി സമ്പ്രദായമില്ലാത്തതിനാൽ കാർഷിക പ്രവൃത്തികൾക്ക് മററു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ചന്ദനപ്പുറം, വട്ടംപ്പൊററ എന്നീ പ്രദേശ ങ്ങളിൽ കൂട്ടുകൃഷിക്കുള്ള സംവിധാനം ഉണ്ടാക്കണം.

ചന്ദനപ്പുറം വലിയേരി (പഞ്ചായത്ത് കുളം) കമ്പിളിച്ചുങ്കത്തിലെ മുണ്ടിയൻകാവ് കുളം, പൂളക്കാട് കുളം എന്നീ കുളങ്ങൾ തൂർന്ന് നാശോൻമുഖമായി ക്കൊണ്ടിരിക്കുന്നു. ഈ കുളങ്ങൾ ആഴംകൂട്ടി വശങ്ങൾ ബലപ്പെടുത്തി ഓവുകൾ നന്നാക്കിയാൽ ഏകദേശം 500 ഏക്കർ സ്ഥലത്ത് കൃഷി അഭിവൃദ്ധിപ്പെടുത്താം.

## വാർഡ് 3

നരിച്ചിറ ആനക്കല്ല് അകംപാടം ചാൽ വളരെ ശോച നിയാവസ്ഥയിലാണ് ജലനിർഗമനശേഷി വർദ്ധിപ്പിച്ചാൽ 400 ഏക്കർ കൃഷി ഫലപ്രദമാകും. തോണിപ്പള്ളം പുത്തൻമേട് എന്നീ സ്ഥലങ്ങളിൽ കൃഷിക്ക് വെള്ളം ഇപ്പോൾ വേണ്ടത്ര ലഭിക്കുന്നില്ല. തേമ്പാറമട പദ്ധതിയിലെ നല്ലേപ്പിള്ളി ബ്രാഞ്ചിലെ ടേൺ സിസ്റ്റം കാര്യക്ഷമമായി പുനക്രമീകരണം നടത്തിയാൽ ഈ പ്രദേശത്ത് ആവശ്യത്തിന് വെള്ളം ലഭിക്കും. ഈ വാർഡിലെ CADA ചാലുകൾ പൊട്ടി പൊളിഞ്ഞ് ശോചനീയാവസ്ഥയിലാണ്. ആയത് നേരെയാക്കിയാൽ മാത്രമേ ഉയർന്ന മേട്ടുപ്രദേശങ്ങളിൽ വെള്ളം ലഭിക്കൂ. ഈ വാർഡിലെ കുളങ്ങൾ അഭിവൃദ്ധിപ്പെടുത്തിയാൽ കുറെ സ്ഥലത്ത് നെൽകൃഷിക്ക് ഉപയുക്തമാക്കാം.

## വാർഡ് 4

എഞ്ചിനീയർ കളത്തിൽ അകംപാടം ചാൽ പൊട്ടി പ്പൊളിഞ്ഞ് ജനങ്ങൾക്ക് ഗതാഗതത്തിനും, ജല നിർഗമന ത്തിനും തടസ്സമായി കിടക്കുകയാണ്. പ്രസ്തുത ചാലിൻെറ രണ്ടുവശങ്ങളും കെട്ടി ജന ങ്ങളുടെ ഗതാഗതത്തിനും ജലസേചനത്തിനും സൗകര്യമാക്കണം. പോത്തടി ബ്രാഞ്ച് കനാലിൻെറ 6ാം നമ്പർ ഓവിൻെറ വാലററ പ്രദേശത്ത് വെള്ളം എത്താത്തതിനാൽ എട്ട് ഏക്കറോളം കൃഷിസ്ഥലത്ത് വെള്ളം ലഭിക്കുന്നില്ല. പ്രസ്തുത ഓവിൽ നിന്നും CADA ചാൽ നിർമ്മിക്കുക യാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഉപ്പുമൺപടി നങ്ങാൻകുറുശ്ശി പൂന്തംപാടം കമ്പിളിച്ചുങ്കം പന്നിപ്പെരുന്തല പാലപ്പള്ളം ചമ്പക്കുളം പുളിങ്കൂട്ടം പന്നിപെരുന്തല പൂന്തൻപാടം എന്നീ പ്രദേശങ്ങളിലെ അകംപാടം ചാലുകൾ ആഴംകൂട്ടി അഭിവൃദ്ധിപ്പെടുത്തി യാൽ ഏകദേശം ഈ വാർഡിൻെറ പകുതിയോളം വരുന്ന പൂന്തൻ കൃഷിയിടങ്ങളിലെ കൃഷി അഭിവൃദ്ധിപ്പെടുത്താം.

## വാർഡ് 5

അപ്പുപ്പിള്ളയൂർ, നവുക്കോണം, ഒട്ടൻകുളം, വെന്ത പാളയം, ഉപ്പുത്തോട്, അത്തിക്കോട് എന്നീ ഭാഗങ്ങളിൽ നെൽകൃഷിക്ക് പൂർണ്ണമായും ഉണക്കം ബാധിക്കുന്നുണ്ട്. ബ്രാഞ്ച് കനാലിൻെറ ജലവിതരണത്തിൽ ക്രമക്കേടുകൾ ഒഴിവാക്കാൻ ഡിപ്പാർട്ടുമെൻറ് തലത്തിൽ പുന:ക്രമീ കരണം നടത്തിയാൽ ഈ പ്രദേശങ്ങളുടെ പടിഞ്ഞാറു ഭാഗത്ത് വെള്ളം ലഭിക്കും അങ്കരാത്ത് അണ, കല്ല്യാണ കൃഷ്ണ അയ്യർ സിസ്റ്റം എന്നീ പഴയ ജലസേചന സംവിധാനങ്ങൾ പുനരുദ്ധരിച്ചാൽ (RBC യുമായി ലിങ്കുചെയ്ത്) രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന കിഴക്കൻ പ്രദേശങ്ങളിൽ ഏകദേശം 500 ഏക്കർ കൃഷി സ്ഥലത്തേക്ക് വെള്ളം ലഭ്യമാക്കാം. അപ്പുപ്പിള്ളയൂർ, ഒട്ടൻകുളം എന്നീ അകംപാടം ചാലുകൾ മണ്ണ് തൂർന്ന് ഉപയോഗയോഗ്യമല്ലാതെ കിടക്കുന്നു. ഈ ചാലുകൾ വ്യാപ്തികൂട്ടി വശങ്ങൾ ബലപ്പെടുത്തിയാൽ 30 ഹെക്ടർ സ്ഥലത്ത് കൃഷി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. ഈ വാർഡിലെ കുളങ്ങൾ അററകുററപ്പണികൾ ഇല്ലാത്ത തിനാൽ സംഭരണശേഷി കുറഞ്ഞിരിക്കയാണ്. കുളങ്ങൾ ആഴംകൂട്ടി ബണ്ടുകൾ ബലപ്പെടുത്തിയാൽ കൂടുതൽ കൃഷിക്ക് ഉപയുക്തമാക്കാം. തോട്ടത്ത്കളം തൊട്ട് വണ്ടിത്തോട്ടിൽ അവസാനിക്കുന്ന രണ്ടര കിലോ മീററർ ദൂരമുള്ള അകംപാടം ചാൽ വൃത്തിയാക്കി അധികം വെള്ളത്തെ ഒഴുക്കാം.

## വാർഡ് 6

ഈ വാർഡിൽ ഉയർന്ന പ്രദേശങ്ങളിൽ വെള്ളം എത്തുന്നില്ല. കുന്നംകാട്ടുപതി സിസ്റ്റത്തിൻെറ ജലവിതരണം പുനക്രമീകരിച്ചാൽ ഒരി പരിധിവരെ ഈ

പ്രശ്നം പരിഹരിക്കാം. ചെട്ടികുളം ഭാഗത്ത് അകമ്പാട ചാൽ തുർന്ന് കൃഷാനാശം സംഭവിക്കുന്നുണ്ട്. അകമ്പാട ചാലിന്റെ വ്യാപ്തികൂട്ടി ബണ്ടുകൾ ബലപ്പെടുത്തിയാൽ ഏകദേശം 21 ഹെക്ടർ സ്ഥലത്ത് കൃഷിയെ വെള്ളക്കെട്ടിൽ നിന്നും സംരക്ഷിക്കാം.

വെളിയംപള്ളം വടക്കംന്തറ പ്രദേശത്ത് കർഷകർക്ക് കാർഷികോൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനും, രാസവളങ്ങൾ, വിത്തുകൾ എന്നിവ വെളിയമ്പള്ളത്ത് എത്തിക്കുന്നതിനും ഒരു മാർഗ്ഗമില്ലാത്തതിനാൽ കാർഷികോല്പാദനത്തെ സാരമായി ബാധിക്കുന്നുണ്ട്. മാത്രമല്ല കാർഷികോല്പന്നങ്ങൾക്കുതന്നെ മററു പ്രദേശങ്ങളിലുള്ള വിലയും ലഭിക്കാറില്ല. ആയതിനാൽ വടക്കന്തറ ആറാട്ടുകടവിൽ ഒരു കോസ്‌വെ പണിത് ഇത് പരിഹരിക്കാം. കൊററമംഗലം തൊട്ട് വണ്ടി ത്തോട്ടിൽ അവസാനിക്കുന്ന അകംപാടം ചാൽ അററകുററപണി നടത്തണം.

## വാർഡ് 7

ഒലുവംപ്പൊററ പ്രദേശത്ത് ജലസേചന സൗകര്യം വേണ്ടത്ര ലഭിക്കുന്നില്ലാത്തതുമൂലം കൃഷിക്ക് ഉണക്കം ബാധിക്കുന്നു. കുന്നംകാട്ടുപതി ബ്രാഞ്ചുകനാലിലെ ടേൺസിസ്റ്റം കാര്യക്ഷമമായി ക്രമീകരിക്കുകയും കൂടാതെ വണ്ടിതോട്ടിൽ തടയണ സ്ഥാപിച്ച് ലിഫ്ററ് ഇറിഗേഷൻ വഴി വെള്ളം എത്തിക്കുകയും ചെയ്താൽ ഏകദേശം 80 ഏക്കർ സ്ഥലത്ത് ഉണക്കമില്ലാതെ കൃഷി സംരക്ഷിക്കാം. തട്ടാനണയിലുള്ള ചീർപ്പ് നേരെ യാക്കുകയും ഒലുവംപ്പൊററ, ശനിയാരംപ്പൊററ ഭാഗ ത്തുള്ള വണ്ടിതോട്ടിൽ പുതിയ ഒരു ബണ്ട് കെട്ടിപ്പൊക്കി ചീർപ്പിടുകയാണെങ്കിൽ ഏകദേശം 70 ഏക്കർ സ്ഥലത്ത് വെള്ളം സുലഭമായി ലഭിക്കുന്ന തായിരിക്കും. വടക്കംന്തറ ഭാഗത്ത് ജലക്ഷാമം പരിഹരിക്കുന്നതിനായി വണ്ടിതോട്ടിൽ ഒരു തടയണ നിർമ്മിക്കണം. വാളറ, വടക്കേപിരിവ് ഭാഗത്ത് ജലസേചന സൗകര്യം വർദ്ധിപ്പി ക്കുന്നതിന് ആ ഭാഗത്തിലെ കനാൽ അടിയന്തിരമായി അററകുററപണി നടത്തണം.

## വാർഡ് 8

കലയാംകുളമ്പ്, വടക്കംപുറം എന്നീ ഭാഗത്തുള്ള അകമ്പാട ചാലുകൾ തൂർന്ന് കിടക്കുന്നതിനാൽ കൃഷിനാശം സംഭവിക്കുന്നു. ഈ അകമ്പാടചാലുകൾ വ്യാപ്തികൂട്ടി അഭിവൃദ്ധിപ്പെടുത്തിയാൽ ഏകദേശം 32 ഹെക്ടർ കൃഷി സ്ഥലത്ത് ജലനിർഗമനശേഷി വർദ്ധിപ്പിക്കുകയും ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യാം. കല്ലൻകാട്, ചോണ്ടത്ത്പാടം തോട്ടശ്ശേരി എന്നീ പാടശേഖരങ്ങളിലെ "കാഡ" (CADA) ചാലുകളിലെ അപൂർണ്ണമായി കിടക്കുന്ന പണി ഉടൻ പൂർത്തിയാക്കി ജലസേചന സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കണം. നല്ലേപ്പിള്ളി ഭാഗത്ത് ജലക്ഷാമം പരിഹരിക്കുന്നതിനായി (തേമ്പാർമട നല്ലേപ്പിള്ളി ബ്രാഞ്ചിന്റെ വാലററപ്രദേശം) ജലവിതരണത്തിൽ പുനക്രമീകരണം നടത്തണം. ഈ പഞ്ചായത്തിലുള്ള പൊതുകുളമായ പെരുംകുളത്തിന്റെ ആഴംകൂട്ടി ബണ്ട് പൊക്കി ജലസംഭരണ ശേഷി വർദ്ധിപ്പിച്ച്, കുളത്തിൽ അടിയോവ് വെച്ച് വണ്ടിത്തോട് കനാലുമായി ബന്ധിപ്പിച്ചാൽ വടക്കംപുറം ഭാഗത്തിലുള്ള കൃഷിക്ക് വെള്ളം ലഭ്യമാകും.

## വാർഡ് 9

പാറക്കളത്തിലെ പാറക്കുളം സൈഡ് കെട്ടി ബണ്ട് ഉയർത്തിയാൽ സംഭരണശേഷി വർദ്ധിപ്പിച്ച് കൃഷിക്ക് കൂടുതൽ ഉപയുക്തമാക്കാവുന്നതാണ്. മേപ്പള്ളം അകമ്പാട ചാൽ തുർന്ന് വേണ്ടത്ര ഉപയോഗയോഗ്യ മല്ലാതെ കിടക്കുന്നു. ആയത് വ്യാപ്തികൂട്ടി അഭിവൃദ്ധി പ്പെടുത്തിയാൽ ജലനിർഗമനശേഷി വർദ്ധിപ്പിച്ച് ഈ പ്രദേശത്തിലെ ഉൽപ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. നീലികുളം, തമ്പുകുളം, തോണിപ്പള്ളം കുളം, ചുണങ്ങിയമ്മൻ കുളം, ഗ്രാമകുളം എന്നീ കുളങ്ങൾ ആഴം കൂട്ടി, സൈഡുകെട്ടി വൃത്തിയാക്കണം.

## വാർഡ് 10

കൂട്ടുകുളമ്പ് പ്രദേശത്ത് 42 ാം നമ്പ്ര് ഓവിൽ നിന്നും തുടങ്ങുന്ന ജലസേചനത്തിനുള്ള ചാല് വീതിയും ആഴവും നഷ്ടപ്പെട്ട് വർഷകാലങ്ങളിൽ വെള്ള പ്പൊക്കത്തിന് കാരണമാവുകയും ഏകദേശം 500 ഏക്കർ നെൽപ്പാടങ്ങളുടെ നാശത്തിനും കാരണമാവുകയും ചെയ്യുന്നു. പ്രസ്തുത ചാലിന്റെ വ്യാപ്തി വീണ്ടെടുത്ത് അററകുററപ്പണി നടത്താനുള്ള നടപടിയെടുക്കണം.

കൗണ്ടൻകളത്തുള്ള ചമ്പക്കുളം (7 ഏക്കർ വിസ്യതി), മാനാംകുററിയിലുള്ള മല്ലുകുളമ്പ് കുളം എന്നീ കുളങ്ങൾ മണ്ണ് ഇടിഞ്ഞ് തൂർന്ന് കൃഷിക്ക് പ്രയോജനപ്പെടാതെ കിടക്കുന്നു. ഈ കുളങ്ങൾ ആഴപ്പെടുത്തി ബണ്ട് ബലപ്പെടുത്തിയാൽ ഏകദേശം 200 ഏക്കർ നെൽ കൃഷിക്കും ഒപ്പംതന്നെ മത്സ്യകൃഷിക്കും പ്രയോജന പ്പെടുത്താവുന്നതാണ്.

കവുണ്ടൻകുളം അകംപാടം ചാല് അററകുററപണി, കറുത്തേടത്തുകളം താമരചിറ, എലിശ്ശേരിയിൽ നിന്നും വരുന്ന അകംപാടം ചാലുകളുടെ അററകുററപണി നടത്തി ജലനിർഗമന ശേഷി വർദ്ധിപ്പിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാം. കരുത്തേടത്തുകളം ഭാഗത്തുള്ള

അകമ്പാട ചാലിൽ തടയണകെട്ടി വെള്ളം ലിഫ്റ്റ് ചെയ്താൽ ഈ ഭാഗത്ത് മേട്ടുപ്പൊററകളിൽ ഏകദേശം 10 ഏക്രയിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്താം.

നെല്ലിപ്പള്ളം കുശവൻകുളമ്പ് ഭാഗത്ത് ജലക്ഷാമം നേരിടുന്നുണ്ട്. വാരിയർ ചള്ളയിലുള്ള തടയണ റിപ്പയർ ചെയ്ത് ഷട്ടറുകൾ സ്ഥാപിച്ചാൽ 70 ഏക്കർ കൃഷിക്ക് പ്രയോജനപ്പെടും. ഈ വാർഡിലുള്ള ഉയർന്ന പ്രദേശങ്ങളിലെ തരിശ് ഭൂമി പറമ്പ് കൃഷിക്ക് യോഗ്യമാക്കുന്നതിന് കിണർ, കുഴൽകിണർ എന്നിവ നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം അനുവദിക്കണം.

## വാർഡ് 11

മുനിയപ്പൻചാൽ വാക്കിനിചള്ള എന്നീ അകമ്പാടം ചാലുകളുടെ അററകുററപ്പണി നടത്തി അഭിവൃദ്ധിപ്പെടുത്തിയാൽ ഏകദേശം 100 ഹെക്ടർ സ്ഥലത്തുള്ള കൃഷിയിലെ ഉൽപാദനം വർദ്ധിപ്പിക്കാം.

ഏച്ചുമാൻ ബ്രാഞ്ചിലെ കാഡാ ചാലുകൾ പൊട്ടിപൊളിഞ്ഞുകിടക്കുന്നതിനാൽ ഈ ചാലിന്റെ അററകുററപ്പണി നടത്തി ജലസേചനയോഗ്യമാക്കണം. കുന്നംകാട്ടുപതി സിസ്റ്റത്തിൽ നിന്നും കുററിപ്പള്ളം പ്രദേശത്ത് വേണ്ടത്രവെള്ളം ലഭ്യമല്ല. കുന്നംകാട്ടുപതി മുഖ്യകനാലിൽ കുററിപ്പള്ളം ഭാഗത്ത് ചീർപ്പ് സ്ഥാപിച്ച് നിയന്ത്രിച്ചാൽ ഈ പ്രദേശത്ത് ജലവിതരണം സംവിധാനം മെച്ചപ്പെടുത്താം.

## വാർഡ് 12

ഈ വാർഡിലെ കുപ്പയ്യൻചള്ള, നാലാം മൈൽ, മേട്ടുക്കട ഭാഗത്ത് വെള്ളം ആവശ്യാനുസരണം ലഭിക്കുന്നില്ല. കുന്നംകാട്ടുപതി വലതുകര കനാലിന്റെ കുററിപ്പള്ളം ബ്രാഞ്ചുകനാൽ അററകുററപ്പണി നടത്തി നിലവിലുള്ള അഞ്ചു ദിവസത്തെ ടേൺ സിസ്റ്റം മാററി 10 ദിവസമാക്കണം. എങ്കിൽ ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാം. വാക്കിനിചള്ളയിലെ പഞ്ചായത്തുകുളത്തിന്റെ മണ്ണ് മാററി, ബണ്ട് ഉയർത്തി ബലപ്പെടുത്തുകയാണെങ്കിൽ ഏകദേശം 40 ഹെക്ടർ നെൽകൃഷിക്കും കൂടാതെ മത്സ്യകൃഷിക്കും പ്രയോജനപ്പെടുത്താവുന്നതാണ്. മണിക്കുളം വധവി, കുപ്പയ്യൻ ചള്ള എന്നീ അകംപാടം ചാൽ അഭിവൃദ്ധിപ്പെടുത്തുകയാണെങ്കിൽ ഏകദേശം 100 ഹെക്ടർ സ്ഥലത്തുള്ള പുന്തൽപാടങ്ങളിലെ നെൽകൃഷി അഭിവൃദ്ധിപ്പെടുത്താം. തേമ്പാറമട കനാൽ പൊട്ടി കൃഷിക്ക് നാശം സംഭവിക്കുന്നു. മെയിൻ കനാലിന്റെ ഈ ഭാഗത്തുവരുന്ന ബണ്ട് ബലപ്പെടുത്തി സൈഡ് കെട്ടി കൃഷിഭൂമി സംരക്ഷിക്കണം.



# 5.2 മൃഗസംരക്ഷണം ക്ഷീരവികസനം മത്സ്യബന്ധനം

## ആമുഖം

ഈ പഞ്ചായത്തിൽ കന്നുകാലികളെ വളർത്തിയിരുന്നത് കർഷകരുടെ കൃഷി ആവശ്യത്തിനും അവർക്കു വേണ്ട പാൽ ആവശ്യത്തിനും വേണ്ടിയായിരുന്നു. കാർഷികരംഗത്ത് പ്രധാനമായി ഉപയോഗിച്ചിരുന്നത് ജൈവവള ങ്ങളായിരുന്നു അതിൽ കന്നുകാലികളുടെ ചാണകവും മറ്റും വളരെയധികം ഉപയോഗിച്ചിരുന്നു. കാർഷികരംഗത്ത് കന്നുപൂട്ടുന്നതിനും നിലം ഒരുക്കുന്നതിനും മൃഗശക്തിയായിരുന്നു ഊർജ്ജസ്രോതസ്സ്. ജലസേചനത്തിനും ഗതാഗതത്തിനും വേണ്ടിമാത്രം കാളകളെ വളർത്തിയിരുന്നു. എണ്ണകാട്ടുശാലകൾ തുടങ്ങിയ വ്യാവസായിക മേഖലയിലും മൃഗശക്തിയുടെ പങ്ക് വലുതായിരുന്നു.

നല്ലേപ്പിള്ളി പഞ്ചായത്തിൻെറ തമിഴ്നാട് സംസ്ഥാനത്തിനോട് ചേർന്നുള്ള ഭൂപ്രകൃതി ഇവിടുത്തെ കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും ഉണ്ടാക്കിയുട്ടുള്ള സ്വാധീനം ചെറുതല്ല. തൊട്ടടുത്ത കിടക്കുന്ന ചിറ്റൂർ മുനിസിപാലിറ്റിയും പാലക്കാട് പട്ടണത്തിലേക്കുള്ള ദൂരകുറവും ഈ പട്ടണങ്ങളെ ബന്ധപ്പെടുത്തിപോകുന്ന നല്ലരീതിയിലുള്ള റോഡുകളും ഈ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണനസൗകര്യം ഉണ്ടാക്കുന്നു.

ഈ പഞ്ചായത്തിലെ അദ്ധ്വാനശീലരായ കർഷകർക്ക് പാരമ്പര്യമായി കിട്ടിയിട്ടുള്ള മൃഗപരിപാലനത്തിനുള്ള താല്പര്യം മൃഗസംരക്ഷണമേഖലയുടെ വികസനത്തിനുള്ള അനുകൂലഘടകമാണ്. കാർഷിക മേഖലയിലെ വൈക്കോൽ, തവിട്, തേങ്ങാപിണ്ണാക്ക്, കടലപിണ്ണാക്ക്, തുടങ്ങിയ ഉപോല്പന്നവും ധാരളമായി ലഭിക്കുന്നതിനാൽ മൃഗപരിപാലനത്തിനുള്ള ചിലവ് കുറയും എന്നുള്ളതും മറ്റൊരു അനുകൂലഘടകമാണ്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയും മറ്റു അനുബന്ധസ്ഥാപനങ്ങളും ഈ മേഖലയുടെ വികസനത്തിൽ വഹിച്ച പങ്ക് വലുതാണ്.

1957 ലെ കാർഷിക ഭൂവിനയോഗ ബില്ലും തുടർന്നുവന്ന പരിഷ്കരണവും ഭൂവുടമ സമ്പ്രദായത്തിൽ കാര്യമായ വ്യത്യാസം വരുത്തിയതോടു കൂടിയാണ് കർഷകതൊഴിലാളികളും പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും മറ്റു പിന്നോക്ക ജനവിഭാഗങ്ങളും കൃഷിയും കന്നുകാലിവളർത്തലും തുടങ്ങുന്നത്.

## മൃഗസംരക്ഷണ രംഗം

പുരാതനമായ ഒരു കാർഷികസംസ്ക്കാരവും ആചാരങ്ങളും ഉള്ള സമൂഹമായതിനാൽ കന്നുകാലികൾക്ക് രോഗം വരാതിരിക്കുവാനായി തൊഴുത്തുകളിൽ നടത്തുന്ന മുണ്ടികം പൂജ, മലയപ്പൊതിപൂജ, തെരുവത്ത് പള്ളി നേർച്ച തുടങ്ങിയവ ജനങ്ങൾ ഇപ്പോഴും വിശ്വാസത്തോടെ ചെയ്തു പോരുന്നു

മൃഗസംരക്ഷണമേഖലയിൽ വ്യാപകമായി നടത്തിവന്ന കൃത്രിമ ബീജസങ്കലനം മൂലം നാടൻ കന്നുകാലികളിൽ നിന്നും സങ്കരവർഗ്ഗ കന്നുകാലികളിലേക്കുള്ള മാറ്റവും അതുവഴി പാലുല്പാദന മേഖലയിലുള്ള കുതിച്ചുകയറ്റവും

ഈ പഞ്ചായത്തിലും ദൃശ്യമാണ്. ഇപ്പോഴും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി ഈ പഞ്ചായത്തിൻെറ ഒരറ്റത്തായതിനാൽ ഡോക്ടറുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുവാൻ ഈ പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും കഴിയാതെ പോകുന്നുണ്ട് എങ്കിലും മൃഗപരിപാലനരംഗത്തും വികസനരംഗത്തും മൃഗാശുപത്രിയിലൂടെയുള്ള സേവനം ഈ മേഖലയിലെ നെടുതൂണാണ്.

## ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഏകദേശം 500 ൽ താഴെ മാത്രമേ അംഗങ്ങളായിട്ടുള്ളു പാൽ സംഭരണത്തിലെ ആസൂത്രണ വൈകല്യംമൂലം ഈ പഞ്ചായത്തിലെ കർഷകർക്ക് സൊസൈറ്റിയുടെ പ്രയോജനം മുഴുവാനായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. കൂടുതൽ കർഷകരെ അംഗങ്ങളാക്കി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ് എല്ലാ വാർഡിലും കർഷകരിൽ കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് രുപം കൊടുക്കണം. മൃഗസംരക്ഷണമേഖലയിലെ എല്ലാ പ്രവർത്തനങ്ങളേയും കർഷകരിൽ എത്തിക്കുന്നതിനുള്ള ഒരു മാതൃകാസ്ഥാപനമായി സൊസൈറ്റികൾ മാറണം. പഞ്ചായത്തിലെ എല്ലാ ക്ഷീരകർഷകരെയും സൊസൈറ്റി യുടെ അംഗങ്ങളാക്കി കർഷകർക്കുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ എത്തിച്ചുകൊടുക്കുന്ന ഇടനില ക്കാരനായും കർഷകർക്ക് ഒത്തുകൂടുന്നതിനുള്ള ഒരു വേദിയായും സംഘങ്ങൾ മാറണം.

പട്ടിക 1

പഞ്ചായത്തിലെ വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | കാളനാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മററു ഉളളവ | വംശ വർദ്ധനവ് | മററു ഉളളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1. | -- | 25 | -- | -- | 47 | 23 | 64 | 71 | 2 | 3 | 26 | 150 | 162 |
| 2. | -- | -- | -- | -- | 64 | 98 | -- | -- | 4 | 2 | -- | 51 | 84 |
| 3. | 2 | 28 | -- | -- | 2 | 7 | 68 | 68 | 12 | -- | 6 | 92 | 146 |
| 4. | 2 | 16 | -- | 3 | 68 | 64 | 49 | 18 | 8 | 7 | 12 | 75 | 101 |
| 5. | -- | 67 | 2 | 44 | 109 | 47 | 45 | 80 | 23 | 26 | 12 | 157 | 105 |
| 6. | 2 | 189 | 4 | 58 | 106 | 61 | 120 | 145 | 58 | 48 | 22 | 343 | 634 |
| 7. | -- | 14 | -- | -- | -- | 2 | 25 | 18 | 2 | 3 | 1 | 22 | 67 |
| 8. | 2 | 4 | -- | -- | 11 | 14 | 34 | 21 | 17 | 10 | 2 | 53 | 50 |
| 9. | -- | 14 | -- | -- | 2 | -- | 30 | 19 | 5 | 2 | 1 | 44 | 65 |
| 10. | -- | 16 | -- | 13 | 81 | 47 | 28 | 26 | 13 | 6 | -- | 129 | 205 |
| 11. | -- | 31 | -- | -- | 48 | 15 | 61 | 30 | 5 | 3 | 5 | 172 | 170 |
| 12. | -- | 81 | 5 | 7 | 46 | 29 | 84 | 83 | 4 | 2 | 3 | 89 | 102 |
| Total | **8** | **385** | **11** | **125** | **584** | **467** | **608** | **571** | **153** | **112** | **84** | **1377** | **1905** |
| | | | | | **1051** | | **1179** | | | | | | |

ഈ പഞ്ചായത്തിൽ മൃഗപരിപാലനത്തിൽ പശുവളർത്തലാണ് ഏറ്റവും കൂടുതലായിട്ട് ഉള്ളത് നാടൻ പശുകൾക്ക് ഉത്പാദന ശേഷി കുറവായതിനാൽ കർഷകർ സങ്കരവർഗ്ഗ പശുപരിപാലനത്തിലേക്ക് മാറികൊണ്ടിരിക്കുന്നു.

മറ്റു പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ പഞ്ചായത്തിൽ മൃഗസംമ്പത്ത് പൊതുവെ കൂടുതലാണ്. എന്നാൽ നാടൻ കന്നുകാലികളുടെ എണ്ണം മറ്റു പഞ്ചായത്തുകളെക്കാൾ വളരെകൂടുതലാണ്.

കൃത്രിമ ബീജസങ്കലനം പഞ്ചായത്തിന്റെ എല്ലാ മേഖലയിലേക്കും എത്തിക്കേണ്ടതിന്റെ ആവശ്യ ത്തിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

പട്ടിക 2

കൃത്രമ ബീജസങ്കലനത്തിന്റെ കണക്കുകൾ

| വളർത്തുമൃഗം | ആകെഎണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1730 | 1343 | 209 |
| കിടാരി | 500 | 380 | 130 |
| എരുമ | 144 | 104 | 15 |

കന്നുകാലികൾക്ക് രോഗങ്ങൾ വരുമ്പോൾ ഡോക്ടറുടെ സേവനം ലഭ്യമാകാറുണ്ട്. എന്നാൽ മരുന്നുകൾ വാങ്ങുന്ന തിന് ചിറ്റൂർ മുനിസിപ്പാലിറ്റിയിലെ മരുന്നുകടകളെയാണ് ആശ്രയിക്കുന്നത്. മൃഗശുപത്രിയിൽ ലാബ് സൗകര്യ ങ്ങൾ ഇല്ലാത്തതിനാൽ ഇത്തരം ആവശ്യങ്ങൾക്ക് പാലക്കാട് ജില്ലാ വെറ്ററിനറി കേന്ദ്രത്തെ ആശ്രയി ക്കുകയാണ് പതിവ്.

ഈ പഞ്ചായത്തിൽ സാധാരണയായി കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

പട്ടിക 3

| | | പശു | എരുമ | ആട് | കോഴി | താറാവ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | ദഹനസംബന്ധമായ | 750 | 100 | 185 | -- | -- |
| 2. | സസ്യകോശസംബന്ധം | 450 | 20 | -- | -- | -- |
| 3. | ഉപാപചയ സംബന്ധം | 425 | 10 | -- | -- | |
| 4. | ത്വക്‌രോഗങ്ങൾ | 400 | -- | -- | -- | -- |
| 5. | ധാതുലവണങ്ങളുടെ അഭാവം | 350 | -- | -- | -- | -- |
| 6. | പരാദരോഗങ്ങൾ | 30 | -- | 20 | -- | -- |
| 7. | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 350 | -- | -- | -- | -- |
| 8. | വന്ധ്യത | 350 | -- | -- | -- | -- |
| 10. | അകിടുവീക്കം | 450 | -- | 22 | -- | -- |
| 10. | മുടന്തൻ പനി | 100 | -- | -- | -- | -- |

## 8-ാം പഞ്ചവത്സര പദ്ധതിയിലെ പദ്ധതികൾ

### 1) പേവിഷ നിർമ്മാർജ്ജന പദ്ധതി

ഈ പഞ്ചായത്തിൽ മൃഗങ്ങളിൽ കാണുന്ന പേവിഷബാധയും അവയ്ക്കുള്ള പ്രതിരോധ ചികിത്സയും സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 4

**പേവിഷബാധ പ്രതിരോധവും ചികിത്സയും**

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മററുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ എണ്ണം | -- | -- | -- | 60 | -- | -- |
| കടിയേററതിനുശേഷം കുത്തിവെപ്പ് നടത്തിയവയുടെ എണ്ണം | 5 | -- | -- | -- | -- | -- |

മൃഗങ്ങളിൽ നിന്ന് മനുഷ്യർക്ക് പകരുന്ന ഏററവും മാരകമായ രോഗമെന്ന നിലയിൽ പേവിഷബാധയെ ഘട്ടം ഘട്ടമായി നിർമാർജനം ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനുവേണ്ടി വാക്സിൻ പകുതി വിലക്ക് മൃഗാശുപത്രിയിൽ ലഭ്യമാക്കുന്നു.

പദ്ധതിയുടെ വിജയം : ഭാഗികം

കാരണങ്ങൾ : ജനങ്ങൾക്ക് ആവശ്യമായ അവബോധം ഇക്കാര്യത്തിൽ ഉണ്ടാക്കിയെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പ്രതിരോധകുത്തിവെയ്പ് നിർബന്ധമാക്കുന്ന നിയമം നടപ്പിലാക്കിയിട്ടില്ല. ആവശ്യത്തിനുള്ള പ്രചരണം നൽകുവാൻ കഴിഞ്ഞിട്ടില്ല.

### 2) കാലിവസന്ത നിർമ്മാർജന പദ്ധതി

ആഗോളതലത്തിലുള്ള കാലിവസന്ത നിർമ്മാർജന പദ്ധതിയുടെ ഭാഗമായി ഈ പഞ്ചായത്തിൽ സർവ്വെകളും രോഗനിർമ്മാർജന പ്രചരണ പരിപാടികളും വീടുവീടാന്തരം കയറി പ്രതിരോധകുത്തിവെയ്പ് നടത്തുകയും സിറം സാമ്പലുകൾ പരിശോധനക്ക് വിധേയമാക്കുകയും ചെയ്യുന്നു.

പദ്ധതിയുടെ വിജയം : 100 %.

### 3) ആടുവളർത്തൽ പദ്ധതി

തെരെഞ്ഞെടുക്കപ്പെട്ട കോളനികളിലേക്ക് ആടുകളെ വിതരണം ചെയ്യുക വിജയം 50 %.

കാരണങ്ങൾ ; തിരഞ്ഞെടുക്കപ്പെട്ടവർ തന്നെ ആടുകളെ വിൽക്കുന്നു ഇതു തടയുവാൻ ഫലപ്രദമായി കഴിയുന്നില്ല.

### 4) കോഴി വളർത്തൽ പദ്ധതി

അടുക്കള മുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക

പദ്ധതിയുടെ വിജയം : 80%.

കാരണങ്ങൾ : തുടർപ്രതിരോധകുത്തിവെയ്പുകൾ നടത്താതിരുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി എടുത്ത കാലതാമസം.

5) **സെമിനാറുകൾ**

മൃഗസംരക്ഷണ മേഖലയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള സെമിനാറുകൾ നടത്തുകയുണ്ടായി.

വിജയം : ഭാഗികം

കാരണങ്ങൾ : പ്രചരണത്തിൻെറ കുറവും ഇത്തരം സെമിനാറുകളിൽ പങ്കെടുക്കേണ്ടതിൻെറ ആവശ്യകതയിൽ കർഷകരുടെ അറിവില്ലായ്മയും.

**കോഴിവളർത്തലും അനുബന്ധ പക്ഷിവളർത്തലും**

ഈ പഞ്ചായത്തിലെ പോരുകോഴികൾ (അസീൽ) പ്രസിദ്ധമാണ് പണ്ട് വ്യാപകമായി തന്നെ നടന്നുവന്നിരുന്നു മൃഗവിനോദോപാധികളിൽ പ്രധാനം കോഴിപോര് ആയിരുന്നു. മുട്ടക്ക് വേണ്ടി വളർത്തുന്ന നാടൻ കോഴികളും ഇവിടെയുണ്ട് താറാവുകളും വളർത്തു പക്ഷികളിൽപ്പെടുന്നു.

പട്ടിക 5

**വളർത്തുപക്ഷി മൃഗസംഖ്യ**

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മററുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നവ | മുട്ടയിടാത്തവ | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | 315 | 429 | 380 | 7 | 12 | 6 |
| 2. | 381 | 185 | 114 | 50 | 450 | -- |
| 3. | 182 | 62 | 1024 | 44 | 1410 | -- |
| 4. | 181 | 80 | -- | -- | 2 | 2 |
| 5. | 126 | 117 | 166 | 1 | 2 | 13 |
| 6. | 773 | 416 | 426 | 1 | 2 | 13 |
| 7. | 35 | 60 | 9 | -- | -- | -- |
| 8. | 150 | 245 | 393 | -- | -- | 4 |
| 9. | 95 | 62 | 33 | -- | -- | -- |
| 10. | 292 | 646 | 461 | 2 | 313 | 12 |
| 11. | 326 | 218 | 18 | 6 | 1 | -- |
| 12. | 145 | 394 | 426 | -- | 1 | 3 |

ധാരാളം കുളങ്ങളും പാടങ്ങളും ഉള്ളതിനാൽ താറാവു വളർത്തൽ ഈ പഞ്ചായത്തിൽ വിജയകരമായി നടത്താവുന്നതാണ്. ഇറച്ചികോഴികളും മുട്ടയും അയൽസംസ്ഥാനത്തുനിന്ന് ഇറക്കുമതി ചെയ്യുകയാണ് ചെയ്യുന്നത് നമ്മുടെ നാട്ടിൽ ശ്രദ്ധിക്കാതെ പോകുന്ന മേഖലയാണിത്

പാലുല്പാദന രംഗം

സങ്കരയിനം പശുക്കൾ വർദ്ധിച്ചതോടു കൂടി പാലുല്പാദനം വർദ്ധിക്കുകയും അതേപോലെതന്നെ പശുക്കളുടെ സംരക്ഷണത്തിൻെറ ആവശ്യകതയും ഏറി. കൃഷിയോടും മറ്റുതൊഴിലുകളോടും അനുബന്ധിച്ചുള്ള ഉപതൊഴിൽ എന്നരീതിയിൽ നിന്ന കറവമാട് വളർത്തൽ എന്ന രീതിയിലേക്ക് പശുവളർത്തൽ മാറികൊണ്ടിരിക്കുന്നു. എന്നിരുന്നാലും ഇന്ന് ഒരു ഉപതൊഴിൽ എന്ന രീതിയിലാണ് കൂടുതലും ജനങ്ങൾ കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത്.

ഈ പഞ്ചായത്തിലെ സെൻസസ് കണക്കനുസരിച്ച് ഇവിടെ ഒരാണ്ടിൽ ഏകദേശം 2,15,72,760/- രൂപയുടെ പാൽ ഉത്പാദിപ്പിക്കുന്നുണ്ട്. എന്നാൽ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾവഴി 71, 30, 640/- രൂപയുടെ പാൽമാത്രമാണ് സംഭരിക്കുന്നത്. പാൽസംഭരണം മെച്ചപ്പെടുത്തേണ്ടതിൻെറ ആവശ്യകത ഈ കണക്കുകൾ വിളിച്ചു പറയുന്നു. പാൽവ്യാപരികൾക്ക് ലൈസൻസ് നൽകി ഗുണനിലവാരം ഉറപ്പുവരുത്തിയ പാൽ ലഭിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ നടത്തണം.

കാലിത്തീറ്റയുടെ വിലനിയന്ത്രിക്കുന്നതിൽ സ്വകാര്യ കമ്പനികളുടെ അതിപ്രസരം ഒഴിവാക്കിയാൽ മിതമായ വിലയിൽ കാലിത്തീറ്റ ലഭ്യമാക്കും. തീറ്റപുൽകൃഷി വ്യാപകമാക്കി കാലിവളർത്തൽ ലാഭകരമാക്കാം.

മാംസോത്പാദനത്തിൻെറും സംസ്കരണത്തിൻെറും മേഖല അനന്തസാധ്യതകൾ ഉള്ളതാണെങ്കിലും അവ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. നാം അവഗണിച്ചു കളയുന്ന മൂരികുട്ടികളെ ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. കൂടാതെ ആടുവളർത്തൽ, പന്നിവളർത്തൽ ഇറച്ചികോഴിവളർത്തൽ, ഇറച്ചിമുയൽ വളർത്തൽ എന്നീ മേഖലകളിലേക്കും കൂടി നമ്മൾ ശ്രദ്ധയുന്നിയാൽ മാംസോത്പാദനത്തിൽ നമ്മുക്ക് വളരെയേറെ മുന്നോട് പോകുവാൻ കഴിയും.

ശാസ്ത്രീയമായ ഒരു അറവുശാലയും ഇറച്ചി വിപണന കേന്ദ്രങ്ങളും ഈ പഞ്ചായത്തിൽ ആവശ്യമാണ് . മറ്റു പഞ്ചായത്തുകളുമായി ചേർന്നോ, താലൂക്ക് അടിസ്ഥാന ത്തിലോ, ഒരു മാംസസംസ്കരണത്തിനും ഉപോല്പന്ന ങ്ങൾ ഉപയുക്തമാക്കുന്നതിനും ഒരു ആധുനിക മാംസ സംസ്കരണശാലക്ക് സഹകരിച്ച് പ്രവർത്തിക്കാവു ന്നതാണ്.

പ്രത്യുത്പാദനപരമായ രോഗങ്ങൾ കാലികളുടെ പ്രജനനത്തിനെ വളരെയധികം ബാധിക്കുകയും ഇത് കർഷകർക്ക് നഷ്ടം സംഭവിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. വന്ധ്യതാ നിവാരണ ക്യാമ്പുകളും ഇതിനെ കുറിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കുന്ന തിനായുള്ള സെമിനാറുകളും ഒരു പരിധിവരെ ഇത്തരം രോഗങ്ങളെ ഒഴിവാക്കുന്നു.

കർഷകർക്കുള്ള അറിവില്ലായ്മയും പാരമ്പര്യമായി വിശ്വസിച്ചു പോരുന്ന കാര്യങ്ങളിൽ നിന്ന് വ്യതിചലിക്കാ തിരിക്കുകയും ചെയ്യുന്നത് പുതിയ സാങ്കേതിക വിദ്യയുടെ വ്യാപനത്തിന് തടസ്സമായി നിൽക്കുന്നു. കന്നുകാലി പ്രദർശനങ്ങൾ, ചർച്ചാക്ലാസ്സുകൾ സെമിനാറുകൾ, മറ്റു പ്രദർശനങ്ങൾ തുടങ്ങിയവ വഴി അവബോധം ഉണ്ടാക്കിയെടുക്കാം. സർക്കാരിൻെറയും സർക്കാരിതര സംരംഭകരുടെയും വിജ്ഞാന വ്യാപന യൂണിറ്റുകളെ ഇതിനായി ഉപയോഗിക്കാം.

### ക്ഷീരവികസന പദ്ധതികൾ

പാലുല്പാദനം കൂടുന്നതിനും കന്നുകാലിവളർത്തൽ ലാഭകരമാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ക്ഷീര കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിന് കന്നു കാലി പ്രദർശനങ്ങളും മറ്റും സംഘടിപ്പിക്കുന്നു. വിജ്ഞാന വ്യാപനത്തിനായി ചർച്ചാക്ലാസ്സുകളും സെമിനാറുകളും നടത്തുന്നുണ്ട്.

പട്ടിക 6

ക്ഷീരവികസന നടപ്പുപദ്ധതിയുടെ വിശകലനം

| | സ്കീമുകൾ | 8-ാംപദ്ധതികാലത്ത് പൂർത്തീകരിച്ചത് | | നടപ്പുസ്കീമുകൾ | |
|---|---|---|---|---|---|
| | | എണ്ണം | സാമ്പത്തിക | എണ്ണം | സാമ്പത്തിക |
| I. | ഗ്രാമീണ ക്ഷീരവികസനവും വിജ്ഞാന വ്യാപനവും | | | | |
| | a) കർഷകസമ്പർക്ക പദ്ധതി | 10 എണ്ണം | 2000 രൂപ | 7 | 1400 |
| | b) ക്ഷീരോൽപ്പന്ന നിർമ്മാണപ്രദർശനം | 10 എണ്ണം | 1000 രൂപ | 7 | 700 |
| | c) ചർച്ചാക്ലാസുകൾ | 10 എണ്ണം | -- | 7 | ▪ |
| | d) ബ്ലോക്കുതല കന്നുകാലിപ്രദർശനം | -- | -- | 1 | 900 |
| | e) മോഡൽ ഡയറിഫാം | -- | -- | 1 | 7000 |
| | f) ധാതുലവണമിശ്രിത വിതരണം | 160 | -- | 80 | -- |
| | g) വിററാമിൻസ് സപ്ലിമെൻറ് | 100 | -- | 20 | -- |
| | h) മാതൃക കാലിതൊഴിത്ത് നിർമ്മാണം | 13 | 250 | 6 | 7500 |
| | i) ശുദ്ധമായ പാൽ ഉൽപ്പാദന കിററ് വിതരണം | 10 | -- | 20 | -- |
| 2) | പുൽ പയർ മിശ്രിത കൃഷി | 1 | 500 | 0.5 | 250 |
| 3) | വൻപയർ കൃഷി | -- | -- | 0.4 | 100 |
| 4) | യൂറിയചേർത്ത വയ്ക്കോൽ സംപുഷ്ടീകരിക്കുക | 40 | 20000 | -- | -- |
| 5) | പുൽകർണാ (മടിൽ) | -- | -- | 1 ബാക്ടർ | 1000 |
| 6) | പ്രത്യേക ഘടക പദ്ധതി | 11 | 72000 | -- | -- |

## മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ

1. ഇപ്പോൾ നിലവിലുള്ള മൃഗാശുപത്രി പഞ്ചായത്തിൻെറ ഒരറ്റത്തായതിനാൽ ഡോക്ടറുടെ സേവനം വേണ്ടവിധത്തിൽ പഞ്ചായത്തിൽ എല്ലായിടത്തും ലഭ്യമല്ല എല്ലാ സമയത്തും ലഭ്യമല്ല.
2. കർഷകർക്ക് നല്ല ജനസ്സിൽപ്പെട്ട പശുക്കളേയും കിടാരികളെയും ലഭിക്കുന്നതിന് അന്യസ്ഥലങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.
3. കാലിത്തീറ്റയുടെ അനിയിന്ത്രീയമായ വിലകയറ്റവും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യതകുറവും വിതരണത്തിലെ വൈകല്യങ്ങളും.
4. തീറ്റപ്പുൽകൃഷിയുടെ അഭാവം.
5. നെല്ലൂദനങ്ങളുടെ ഉടമകളല്ലാത്ത കന്നുകാലി കർഷകർക്ക് വൈക്കോൽ ലഭ്യതയിൽ നേരിടുന്ന പ്രശ്നങ്ങൾ
6. പശുക്കളുടെ പ്രത്യുല്പാദനശേഷി ഉയർത്തണം.
7. കന്നുകാലി വളർത്തലിന് സമൂഹത്തിലും പ്രത്യേകിച്ച് യുവതലമുറയിലും ഉണ്ടായികൊണ്ടിരിക്കുന്ന താല്പര്യകുറവ്.
8. കർഷകർക്ക് ലഭിക്കുന്ന ധനസഹായം
9. കന്നുകാലികൾക്ക് വരുന്ന രോഗങ്ങളും അവയുടെ ചിക്തസാ ചിലവുകളും.
10. മാംസോത്പാദനത്തിലും സംസ്കരണത്തിലും വിപണനത്തിലും ഉള്ള അശാസത്രീയത.
11. പന്നിവളർത്തലിനും ആടുവളർത്തലിനും മുകൽ വളർത്തലിനും ആവശ്യമായ കുഞ്ഞുങ്ങളെയും സാങ്കേതിക പരിജ്ഞാനവും ലഭ്യമല്ല.
12. ഇറച്ചികോഴിയുടെ ഉത്പാദനത്തിലും വിപണനത്തിലും ഉളള ആസുത്രണ വൈകല്യം.
13. മുട്ടകോഴികളുടെ അപര്യാപ്ത.
14. താറാവ് വളർത്തൽ മേഖലയിലെ അവികസനം
15. ബയോഗ്യാസ് പ്ലാൻറുകൾക്കുള്ള സാങ്കേതിക പരിജ്ഞാനം ലഭ്യമല്ല.
16. പേ വിഷബാധ ശല്യം
17. മേൽത്തരം നായ്കുട്ടികളെ ലഭ്യമല്ല.
18. വിജ്ഞാന വ്യാപനരംഗത്തെ പോരായ്മ
19. ക്ഷീരോത്പാദക സഹകരണസംഘങ്ങളുടെ അപര്യാപ്തത.
20. മാതൃകാ കാലിതൊഴുത്തുകളുടെ അഭാവം
21. ക്ഷീരോത്പന്ന നിർമ്മാണത്തിലും വിപണനത്തിലും ഇപ്പോഴുള്ള പദ്ധതികളുടെ അപര്യാപ്തത.

## പരിഹാരങ്ങൾ/സാദ്ധ്യതകൾ

1.
   1. ഇപ്പോൾ നിലവിലുള്ള മൃഗാശുപത്രി പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും സേവനം ലഭ്യമാക്കുന്ന രീതിയിൽ നല്ലേപ്പിള്ളി കേന്ദ്രീകരിച്ച് പുനഃസ്ഥാപിക്കുക.
   2. മൃഗാശുപത്രിയിൽ വാഹന സൗകര്യം ഏർപ്പെടുത്തുക.
   3. ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുന്നതിന് മൃഗാശുപത്രിയോട് ചേർന്ന് ഭവനം പണിയുക.
   4. ഡോക്ടറുമായി ബന്ധപ്പെടുന്നതിനും വിവരങ്ങൾ ധരിപ്പുക്കുന്നതിനുമായി ടെലഫോൺ സൗകര്യം ഏർപ്പെടുത്തുക.
   5. മൃഗാശുപത്രിയുടെ വികസനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് മൃഗാശുപത്രി വികസന സമിതി രുപീകരിക്കുക.
   6. രോഗനിർണ്ണയത്തിന് സൗകര്യങ്ങളോടു കുടിയ ഒരു ലാബ് സജ്ജമാക്കുക.

2 1. നല്ലയിനം ജനസ്സിൽപ്പെട്ട പശുക്കളുടെ പ്രജനനത്തിനും, വിതരണത്തിനം വേണ്ടി മൃഗഡോക്ടറുടെ മേൽനോട്ടമുള്ള അംഗീകൃത ഫാമുകൾ സഹകരണ സംഘങ്ങൾ വഴിയെ പഞ്ചായത്തു തലത്തിലോ തുടങ്ങുക.

2. നല്ല ഇനത്തിൽപ്പെട്ട പശുക്കളോ, പ്രജനനത്തിനും വിതരണത്തിനും വേണ്ടി മൃഗ ഡോക്ടറുടെ മേൽനോട്ടമുള്ള അംഗീകൃത ഫാമുകൾ സഹകരണ സംഘങ്ങൾ വഴിയോ പഞ്ചായത്തു തലത്തിലോ തുടങ്ങുക.

3. ഇത്തരം സംരംഭങ്ങൾക്ക് തയ്യാറായിവരുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുകയും, വായ്പ ലഭ്യമാക്കുകയും ചെയുക.

4. നല്ല ജനസ്സുകളെ കുറിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കുക.

3 1. പ്രദേശികമായി ഉണ്ടാകുന്ന നെല്ല്, കടല, തേങ്ങ തുടങ്ങിയ ഉല്പന്നങ്ങൾ ഇവിടെ തന്നെ സംസ്കരിക്കുയും അതിന്റെ ഉപോല്പാദനങ്ങൾ ഉപയോഗിച്ച് ഒരു കാലിത്തീററ നിർമാണയൂണിറ്റ് സഹകരണ സംഘങ്ങൾ മുഖേനയോ പഞ്ചായത്തുവഴിയോ ആരംഭിക്കുക.

2. ഇത്തരം കാലിത്തീറ്റകളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും അവ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുകയും ചെയ്യുക.

3. പാരമ്പര്യേതര കാലിത്തീറ്റകളായ പുളിങ്കുരു, ഉണക്കിപൊടിച്ച കപ്പകിഴങ്ങ്, മാങ്ങയണ്ടിപരിപ്പ്, പഞ്ഞിക്കുരു മുതലായവ വസ്തുക്കളുടെ ലഭ്യതയെ കുറിച്ച് വിശദമായ ഒരു സർവ്വേ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അവ ഉപയോഗിക്കുന്നതിന് കർഷകർക്ക് പരിജ്ഞാനവും പ്രോത്സാഹനവും നൽകുക.

4. കാലിത്തീറ്റ വ്യാപരികൾക്ക് ലൈസൻസ് നൽകുകയും ഗുണമേന്മ ഇടക്കിടെ പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുക.

5. കാലിത്തീറ്റ ന്യായവില കടകൾ ആരംഭിക്കുക.

6. കന്നുക്കുട്ടി പരിപാലന പദ്ധതിയിൽ ഈ പഞ്ചായത്തിലെ എല്ലാ സങ്കരവർഗ്ഗ പശുക്കുട്ടികളെയും, എരുമകുട്ടികളെയും ചേർക്കുക.

4 1. കൃഷിചെയ്യാതെ കിടക്കുന്ന തരിശ്സ്ഥലങ്ങൾ, തെങ്ങിൻ പറമ്പുകൾ കനാൽബണ്ടുകൾ, റോഡിന്റെ വശങ്ങൾ, വീതിയേറിയ വയൽ വരമ്പുകൾ അതിരുകൾ എന്നിവിടങ്ങളിൽ തീറ്റ പുൽകൃഷി നടത്തുക.

2. തീറ്റ പുൽ കൃഷിക്ക് ആവശ്യമായ വിത്ത്, വളം തുടങ്ങിയവ സൗജന്യ നിരക്കിൽ കൃഷിക്കാർക്ക് ലഭ്യമാക്കുക.

3. തീറ്റ പുൽ കൃഷിക്ക് ആവശ്യമായ സാങ്കേതിക സഹായവും വിജ്ഞാന വ്യാപനവും നടത്തുക.

4. നിലവിലുള്ള തീറ്റ പുൽ കൃഷി പദ്ധതിയുടെ അപാകതകൾ പരിഹരിക്കുക.

5 1. കൊയ്ത്തു കാലത്ത് ഉണ്ടാകുന്ന വൈക്കോൽ ക്ഷീര വിപണന സഹകരണ സംഘങ്ങൾ സംഭരിച്ച് ന്യായലിക്ക് ക്ഷീരോത്പാദകർക്ക് വർഷം മുഴുവൻ ലഭ്യമാക്കണം.

2. യൂറിയ ശർക്കരപ്പാവ് ഇവ ചേർത്ത് വൈക്കോൽ പോഷക സമ്പുഷ്ടമാക്കി കർഷകർക്ക് ലഭ്യമാക്കണം.

3. കൂൺ കൃഷി പഞ്ചായത്തിൽ വ്യാപകമാക്കുകയും അതിന്റെ അവസാനത്തിൽ ഉപേക്ഷിക്കുന്ന സമ്പുഷ്ട വൈക്കോൽ കാലിവളർത്തലിന് ഉപയോഗിക്കാം. കൃഷി വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കണം.

4. പാരമ്പര്യേതര കന്നു കാലിത്തീറ്റയുടെ വിശദമായ ഒരു സർവ്വെ നടത്തുകയും അവയുടെ ഉപയോഗത്തിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

6 1. കൃത്രിമ ബിജസങ്കലനം കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

2. ഉയർന്ന ജനസ്സുകളിൽ പ്പെട്ട കന്നുകാലികളെ കർഷകർക്ക് ലഭ്യമാക്കണം

3. ഭ്രൂണമാറ്റം വഴിയുള്ള പ്രജനനം ഈ പഞ്ചായത്തിലും ലഭ്യമാക്കണം

4. പശുക്കളുടെയും, എരുമകളുടെയും, ജനിതക ശേഷി പരിപൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം കർഷകർക്ക് ലഭ്യമാക്കണം.

5. കൃത്രിമ സങ്കലനം സൗജന്യമായി നടപ്പിലാക്കണം

7. 1. കന്നുകാലി വളർത്തലിന്റെ മേന്മകളെ കുറിച്ച് അവബോധം ഉണ്ടാക്കുക.

2. കന്നുകാലി കർഷകരെ സമ്മാനങ്ങളും മറ്റും നൽകി പ്രോത്സാഹിപ്പുക്കുകയും അംഗികരിക്കുകയും ചെയ്യുക.

3. യുവതലമുറയെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.

8. 1. കർഷകർക്ക് ആവശ്യമായ ധനസഹായം കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പകളായി നൽക്കുക.

2. അർഹരായ കർഷകർക്ക് സബ്സിഡിയോടുകൂടി വായ്പകൾ ലഭ്യമാക്കുക.

3. I.R.D.P ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള പരിധി ഉയർത്തുക.

4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന വായ്പ ലഭിക്കുന്നതിനുള്ള കടമ്പകൾ ലഘൂകരിക്കുക.

9. 1. കന്നുകാലികൾക്ക് പ്രതിരോധ കുത്തിവെയ്പുകൾ സൗജന്യമായി നൽകുക.

2. ചികത്സാ ചിലവുകൾ വഹിക്കുന്ന രീതിയിലുള്ള സമഗ്ര ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുക.

3. മൃഗാശുപത്രിയിൽ ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുക.

4. മൃഗാശുപത്രിയോട് ചേർന്ന് ഒരു മരുന്നുകട സഹകരണ സംഘങ്ങൾ മുഖേന ആരംഭിക്കുക.

5. വന്ധ്യതാ രോഗ ചിക്ത്സാ ക്യാമ്പുകൾ ഓരോ വാർഡിലും ആറുമാസത്തിലൊരിക്കൽ സംഘടിപ്പിക്കുക.

10. 1. മാംസോത്പാദനത്തിനും സംസ്കരണത്തിനും ശാസ്ത്രീയ അറവുശാലകൾ സ്ഥാപിക്കുക

2. മാസോത്പാദനം ലക്ഷ്യമാക്കി കന്നുകാലി വളർത്തൽ ആരംഭിക്കുക

3. നല്ല രീതിയിലുള്ള വിപണനം ഏർപ്പെടുത്തുക

11. 1. പന്നികുഞ്ഞുങ്ങളെയും ആടിൻ കുട്ടികളെയും മുയൽകുഞ്ഞുങ്ങളെയും ലഭ്യമാക്കുവാൻ അംഗീകൃത ഫാമുകൾ ആരംഭിക്കുക.

2. സങ്കേതിക പരിജ്ഞാനം കർഷകർക്ക് നൽക്കുക.

12. 1. ഇറച്ചികോഴി വളർത്തലിന് ആവശ്യമായ തീറ്റ, കോഴികുഞ്ഞുങ്ങൾ എന്നിവ സൗജന്യനിരക്കിൽ ലഭ്യമാക്കുക

2. പ്രതിരോധ കുത്തിവെയ്പുകളും മരുന്നുകളും ലഭ്യമാക്കുക.

3. ഇറച്ചിക്കോഴിയുടെ വിപണനത്തിന് സഹകരണ സംഘങ്ങൾ വഴിയുള്ള ആസുത്രിത വിപണന സൗകര്യം ഏർപ്പെടുത്തുക.

13. 1. അടുക്കള മുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക

2. നല്ലയിനം കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കുക

3. എഗ്ഗർ നഴ്സറി തുടങ്ങുക.

14. 1. താറാവു വളർത്തലിന് ആവശ്യമായ സഹായങ്ങളും സാങ്കേതിക പരിജ്ഞാനവും ലഭ്യമാക്കുക.

15. 1. തിരഞ്ഞെടുത്ത കൽപണിക്കാർക്ക് പ്ലാൻറു നിർമ്മാണത്തിന് പരിശീലനം നൽകുക.

2. കൃഷികാർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുക.

16. 1. സമഗ്ര പേ വിഷബാധ നിർമാർജന പദ്ധതി നടപ്പിലാക്കുക.

17. 1. പഞ്ചായത്തിൽ നല്ലയിനം നായ്കുഞ്ഞുങ്ങളെ വളർത്തുന്ന സ്വകാര്യ വ്യക്തികൾക്ക് ലൈസൻസ് നൽകുക.

2. ഡോക്ടറുടെ മേൽനോട്ടത്തിൽ സംരക്ഷണവും പ്രജനനവും നടത്തിയ കുഞ്ഞുങ്ങളെ ആവശ്യക്കാർക്ക് വിൽകുക.

18. 1. വിജ്ഞാന വ്യാപനത്തിനായി എല്ലാ തലത്തിലുള്ള ജനങ്ങളെയും, ഉദ്യോഗസ്ഥരേയും, ഉൾപ്പെടുത്തി സമഗ്ര പദ്ധതി നടപ്പിലാക്കുക.

2. വിജ്ഞാനവ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ / അർദ്ധസർക്കാർ / സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പഞ്ചായത്തിൽ ലഭ്യമാക്കുക.

3. എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി പഞ്ചായത്തിൽ പ്രദർശനമേളകൾ സംഘടിപ്പുക്കുക.

19. 1. ഓരോ വാർഡിലും ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ (APCOS) ആരംഭിക്കുക.
    2. ഈ പഞ്ചായത്തിൽ ഒരു പാൽ ശീതികരണ യൂണിറ്റ് ആരംഭിക്കുക.
    3. സഹകരണ സംഘങ്ങളുടെ പ്രവർത്തന മണ്ഡലം വ്യാപിപ്പുക്കുക.
    4. സംഘങ്ങളുടെ ആധുനിക വൽക്കരണത്തിന് ധനസഹായം നൽകുക.
    5. എല്ലാ സംഘങ്ങളിലും കൃത്രിമ ബീജസങ്കലന സൗകര്യം ഏർപ്പെടുത്തുക.

20. 1. മാതൃകാ കാലിതൊഴുത്തുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ധന സഹായവും സാങ്കേതിക പരിജ്ഞാനവും ലഭ്യമാക്കുക.
    2. തൊഴുത്തു നിർമ്മാണത്തിൽ കൽപണിക്കാർക്ക് പരിശീലനം നൽകുക.
    3. മാതൃക തൊഴുത്തു നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

21. 1. ക്ഷീരോൽപ്പന്ന നിർമ്മാണത്തിന് ആവശ്യമായ പരിശീലനവും സാങ്കേതിക പരിജ്ഞാനവും ലഭ്യമാക്കുക.
    2. പരിശീലനം നേടിയവർക്ക് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക.
    3. അസംസ്കൃത വസ്തുക്കളായ പാലും മറ്റുൽപന്നങ്ങളും ലഭ്യമാക്കുകയും വിപണനം ഉറപ്പാക്കുകയും ചെയ്യുക.

22. 1. സമ്മിശ്രിത കന്നുകാലിവളർത്തലിന് പ്രോത്സാഹനം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുക.

■■■■■■

# മത്സ്യബന്ധനം

കടൽത്തീരമില്ലാത്തതിനാൽ മത്സ്യബന്ധനവും, മത്സ്യ ത്തൊഴിലാളികളും ഈ പഞ്ചായത്തിലില്ല. എങ്കിലും, കണ്ണൻ, മൊയ്, വാള തുടങ്ങിയ നാടൻ ശുദ്ധജല മത്സ്യങ്ങൾ കുളങ്ങളിൽ നിന്നും, പുഴകളിൽ നിന്നും ലഭിക്കുന്നുണ്ട്. ഇവയിൽ മിക്ക മത്സ്യഇനങ്ങളും രോഗ ബാധമൂലം നാമാവശേഷമായികൊണ്ടിരിക്കുകയാണ്.

ഈ അടുത്തകാലത്തായി ചുരുക്കം ചില സ്വകാര്യ കുളങ്ങളിലും, കിണറുകളിലും റോക്ക്, സൈപ്രസ്സ്, മൃഗാല, സിൽവർ കാർപ്പ്, ഗ്ലാസ് കാർപ്പ്, പരല് എന്നീ ഇനം മത്സ്യങ്ങൾ വളർത്തുന്നതായി കാണുന്നുണ്ടെങ്കിലും വ്യാവസായികാടിസ്ഥാനത്തിലുള്ള മത്സ്യകൃഷിയൊന്നും ഈ പഞ്ചായത്തിലില്ല. 2-ാംവാർഡ് കരിഞ്ഞാലി പ്പള്ളത്ത് സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതി പ്രകാരം വായ്പയെടുത്ത് കൃത്രിമ കുളം കെട്ടിയുണ്ടാക്കി മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്തുവരുന്ന ഒരു കേന്ദ്രമുണ്ട്.

ഈ പഞ്ചായത്തിൽ 91 ലെ കണക്കനുസരിച്ച് 77 സ്വകാര്യ കുളങ്ങളും, 3 പൊതു കുളങ്ങളും ഉണ്ട് എന്നാൽ ഗ്രാമ സഭകളുടെ കണക്കുപ്രകാരം 105 സ്വകാര്യ കുളങ്ങളുണ്ട്. കുളങ്ങൾ, തോടുകൾ എന്നിവയുടെ വിവരങ്ങൾ കൃഷിയുടെ വിവരണത്തിൽ പട്ടിക 4 ലും 5 ലും ചേർത്തിട്ടുണ്ട്. ഈ കുളങ്ങളിൽ കർഷകർക്ക് പ്രോത്സാഹനം നൽകി ജലസേചനത്തെ ബാധിക്കാത്തവിധം വ്യാവസായികാടിസ്ഥാനത്തിൽ തന്നെ മത്സ്യകൃഷി ചെയ്യാവുന്നതാണ്.

### പ്രശ്നങ്ങൾ

- നാടൻ ഇനം മത്സ്യങ്ങൾ രോഗം മൂലം നശിക്കുന്നു.
- ഉല്പാദന ചെലവ് വളരെ കുടുതലാണ്.
- കുളങ്ങൾ ശാസ്ത്രീയമായി മീൻ വളർത്താൻ അനുയോജ്യമല്ല.
- നല്ലയിനം മത്സ്യകുഞ്ഞുങ്ങൾ ലഭിക്കുന്നില്ല.
- മത്സ്യ വിപണന കേന്ദ്രങ്ങൾ ഇല്ല.
- മത്സ്യ കൃഷിക്ക് വേണ്ടത്ര പ്രോത്സാഹനം ഇല്ല.

### നിർദ്ദേശങ്ങൾ

- മത്സ്യങ്ങളുടെ രോഗവിവരം മനസ്സിലാക്കി പ്രതിവിധി നിർദ്ദേശിക്കുക.
- നല്ലയിനം മത്സ്യകുഞ്ഞുങ്ങൾ 50% സബ്സിഡി നിരക്കിൽ ആവശ്യത്തിന് ലഭ്യമാക്കുക.
- മത്സ്യത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
- നിലവിലുള്ള കുളങ്ങൾ ആഴംകൂട്ടി സൈഡുകെട്ടി മത്സ്യകൃഷിക്ക് അനുയോജ്യമാക്കുക. ഇതിന് മത്സ്യഫെഡിൽ നിന്നും 50% സബ്സിഡി അനുവദിക്കുക.
- ബ്ലോക്കുതലത്തിലോ, ജില്ലാതലത്തിലോ, സഹകരണാടിസ്ഥാനത്തിൽ ഒരു വിപണന കേന്ദ്രം ആരംഭിക്കുക.

■■■■■■



# 5.3 വ്യവസായം ഊർജ്ജം, മാർക്കററ്

നല്ലേപ്പിള്ളി പഞ്ചായത്തിൽ ഭൂരിഭാഗവും കാർഷിക മേഖലയായതുകോണ്ട് ചെറുതും വലുതുമായ റൈസ് മില്ലുകളാണ് കൂടുതലും. അതിൽ തൊഴിലാളികളെ വെച്ചു പണിയെടുക്കുന്നവ 15 എണ്ണവും കൂലിമില്ലുകളായി 20 എണ്ണം പ്രവർത്തിച്ചു വരുന്നു.

പട്ടിക 1

| ക്രമ | വിഭാഗം | എണ്ണം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|---|
| | | | പുരു. | സ്ത്രീ | ആകെ | |
| 1. | റൈസ് മിൽ | 35 | 110 | 80 | 190 | |
| 2. | തേടിമിൽ | 5 | 18 | -- | 18 | |
| 3. | കൈത്തറി മിൽ | 2 | -- | -- | -- | |
| 4. | ഐസ് ഫാക്ടറി | 3 | 7 | - | 7 | |
| 5. | കാലിത്തീററ | 1 | 5 | -- | 5 | |
| 6. | എല്ലുപൊടി | 1 | 4 | 3 | 7 | |
| 7. | ഇരുമ്പുരുക്ക് | 1 | 9 | 3 | 12 | |
| 8. | കെമിക്കൽസ് | 1 | 8 | -- | 8 | |
| 9. | തുന്നൽപരിശീലനകേന്ദ്രം | 1 | -- | 12 | 12 | |
| 10. | കൊപ്ര മിൽ | 2 | 8 | 3 | 11 | |

പട്ടിക 2

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പുരു. | സ്ത്രീ | ആകെ |
| 1. | പുൽപ്പായ | 10 | 25 | 35 |
| 2. | മൺപാത്ര നിർമ്മാണം | 5 | 8 | 13 |
| 3. | കൂട നെയ്ത്ത് | 60 | 100 | 160 |

പരമ്പരാഗതമായി നല്ലേപ്പിള്ളി വാണിയർ വീതിയിലുള്ള വീടുകളിൽ, കടല, തേങ്ങ, വേപിൻകുരു, ഇറപ്പകായ് മുതലായവ എണ്ണകുരുക്കൾ ഉപയോഗിച്ച് കാളകളെ പൂട്ടി ചക്ക് തിരിച്ച് എണ്ണയാട്ടി ഉപജീവനം നടത്തിയവരും നെല്ലുസംഭരിച്ച് കാലുകൊണ്ട് ചവിട്ടി ഇടിമരം പ്രവർത്തിപ്പിച്ച് അവിലുണ്ടാക്കി വിറ്റ് ഉപജീവനം നടത്തിയവരും, വീടുകളിൽ കൈത്തറികൾ ഉപയോഗിച്ച് തുണിനെയ്ത് ജീവിതം കഴിച്ചവർ, ആധുനികമായി വ്യവസായം വളർന്നതിന്റെ ഭാഗമായി മേൽപറഞ്ഞ തൊഴിലുകൾ നഷ്ടമായി പകരം റൈസ് ആൻറ് ഓയിൽ മില്ലുകളെ ആശ്രയിച്ചുകഴിഞ്ഞുവരുന്നു. പരമ്പരാഗതമായി മൺപാത്രങ്ങൾ നിർമ്മിച്ച് ജീവിതം കഴിച്ചവർ അലുമിനിയം, സ്റ്റീൽ, പ്ലാസ്റ്റിക് ഉപകരണങ്ങൾ വന്നതോടെ ഇവരും കഷ്ടത്തിലാണ്.

ഈററ, മുള ഉപയോഗിച്ച് കുട്ട, വട്ടി, പായ, മുറം മുതലായവയും പുല്ല് ഉപയോഗിച്ച് പുൽപായ നിർമ്മിച്ചവർ ഈറൻപട്ട ഉപയോഗിച്ച് ഓലകുടകളും തൊപ്പികുടകളും പരമ്പരാഗതമായി നിർമ്മിച്ച് ഉപജീവിതം നടത്തിവന്നവരും ഇപ്പോഴും ഈ പ്രദേശങ്ങളിൽ ഉണ്ട്. പക്ഷെ ഈ തൊഴിൽ ചെയ്യുന്നില്ല.

പനംമട്ട തല്ലി ചകിരി എടുത്ത് കയറുല്പന്നങ്ങളായി ബ്രഷിന് ആവശ്യമായ ഈറയും നിർമ്മിക്കുന്നു.

ഈ രംഗങ്ങളിൽ യന്ത്രവൽക്കരണം വന്നതോടുകൂടി പരമ്പരാഗതമായ ഈ കുടിൽ വ്യവസായങ്ങൾ തകർച്ച യിലായി പകരം ആധുനികമായി സ്വകാര്യമേഖലയിലും സഹകരണമേഖലയിലും വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിച്ച് തൊഴിൽ പുനരുജീവിപ്പിക്കാൻ കഴിയും.

വൻകിട വ്യവസായങ്ങൾ സ്ഥാപിക്കാൻ സ്ഥല സൗകര്യ മില്ലാത്ത പഞ്ചായത്താണ് നമ്മുടേത്. വൻകിട വ്യവസായങ്ങൾമൂലം ദൂഷ്യഫലങ്ങളേ ഈ പഞ്ചായത്തി ലുണ്ടായിട്ടുള്ളു. ആയതിൻെറ ഒരു ഉദാഹരണമാണ് നാട്ടുകൽ ബന്നാരിയമ്മൻ ഇരുമ്പ് ഉരുക്ക് കമ്പനി, ശങ്കരാചാംപാളയം കെമിക്കൽ നിർമ്മാണഫാക്ടറികൾ. ഇത്രയുംവലിയ ഫാക്ടറികൾ വന്നെങ്കിലും ഈ പഞ്ചായത്തിലെ ആർക്കും തന്നെ ജോലി കിട്ടുന്നില്ലെന്നു മാത്രമല്ല ഈ ഫാക്ടറികളിലെ വിഷവായുമൂലം (പുക) അടുത്തുള്ള നിവാസികൾക്കുമുഴുവൻ പല രോഗങ്ങളും വന്നുതുടങ്ങിയിരിക്കുന്നു. ഇതുപോലെതന്നെ പക്ഷി മൃഗാധികളുടെ ജീവനുപോലും അപകടം സംഭവിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ തെങ്ങ് കൃഷി മുതലായ മറ്റു കൃഷികളും നശിച്ചുകൊണ്ടിരിക്കുന്നു. ആയതു കൊണ്ട് ഇതുപോലുള്ള വൻകിട ഫാക്ടറികൾ സ്ഥാപി ക്കുന്നതിനു പകരം ചെറുകിട ഫാക്ടറികൾ തുടങ്ങി തൊഴിലില്ലായ്മ പരിഹരിക്കേണ്ടത് ആവശ്യമാണ്. 3232 ഹെക്ടർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ 31,347 ആളുകൾ താമസിക്കുന്നുണ്ട്. 7934 വീടുകൾ നല്ലേപ്പിള്ളി പഞ്ചായത്തിൽ ഉണ്ട്. 15152 പുരുഷന്മാരും 16195 സ്ത്രീകളും അടങ്ങിയതാണ് ജനസംഖ്യ. ഈ പഞ്ചായത്ത് ഒരു കാർഷികമേഖലയാണെങ്കിലും കർഷികോപകരണങ്ങൾ ഉണ്ടാക്കിവിൽക്കുന്ന ഒരു വ്യവസായ യൂണിറ്റ് വളർന്നുവരേണ്ടത് ആവശ്യമാണ്.

## പ്രശ്നങ്ങൾ

1. തോട്ടശ്ശേരിയിലെ പവർലൂം വിപുലീകരിക്കൽ.
2. നാട്ടുകലിലെ ബന്നാരിയമ്മൻ സ്റ്റീൽ കമ്പനി തദ്ദേശ വാസികൾക്ക് തൊഴിൽ സാധ്യതകൾ ഇല്ല.
3. പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, കളിമൺ, ആഭരണക്കല്ല് കട്ടിംഗ്, ഇരമ്പുപണി,(കൊല്ലപണി) മരപണി,(ആശാരി), കുട്ടനെയ്ത്ത്, (മുളപണി), പായനെയ്ത്ത് എന്നിവയ്ക്ക് സ്ഥലസൗകര്യംഇല്ല സാമ്പത്തികബുദ്ധിമുട്ട്, അസംസ്കൃത സാധനങ്ങളുടെ കുറവ്, വൈദ്യുതിയുടെ കുറവ്, പരിശീലനത്തിൻെറ പോരായ്മ വിപണനസൗകര്യവും ഇല്ലായ്മ.
4. **പുതിയ വ്യവസായത്തിനുള്ള സാധ്യതകൾ:**
   1. ചകിരിനാര് ഉപയോഗിച്ചുള്ള വ്യവസായങ്ങൾ
   2. കൊപ്ര സംസ്ക്കരണ ഫാക്ടറി
   3. സോപ്പുനിർമ്മാണം
   4. കളിമൺപാത്ര വ്യവസായം
   5. ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ
   6. ഫർണിച്ചർ നിർമ്മാണയൂണിറ്റുകൾ
   7. അച്ചാർ, കറിപൗഡർ, ജാമുകൾ, സ്ക്വാഷ് എന്നിവ നിർമ്മിക്കുന്ന ഫാക്ടറികൾ
   8. പായനെയ്ത്ത് യൂണിററ്
   9. കാലിതീറ്റ ഫാക്ടറി
   10. പ്രിൻറിങ്ങ് പ്രസ്സ്
   11. നൂൽനൂൽപും തുണിമില്ലും
   12. ഹോളോ ബ്രിക്സ് ഫാകടറി

## പരിഹാര നിർദ്ദേശങ്ങൾ സാധ്യതകൾ

1. പവർലൂം മെച്ചപെടുത്തി തൊഴിൽ സാധ്യത കൂട്ടണം.
2. തദ്ദേശികൾക്ക് തൊഴിൽ സാധ്യത ഉണ്ടാക്കണം.
3. സ്ഥലസൗകര്യം ലഭ്യമാക്കണം

   തെക്കുമുറി കൊല്ലത്തറയിലെ ഇരുമ്പു പണിക്കുള്ള നിലവിലുള്ള ഷെഡ്, പുതുപ്പിച്ച് പുതിയ സൗകര്യങ്ങൾ ലഭ്യമാക്കണം. അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കണം, വൈദ്യുതിയുടെ കുറവ് നികത്തണം ഉല്പന്നങ്ങൾക്ക് വിപണന സൗകര്യവും ഉണ്ടാക്കണം.

1. പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുക യാണെങ്കിൽ തൊഴിൽസാധ്യതകൾ ഉണ്ടാക്കാൻ സാധിക്കും.
2. അസംസ്കൃത സാധനങ്ങൾ സർക്കാർ ന്യായവിലക്ക് ലഭ്യമാക്കണം.

5. പരിശീലനകേന്ദ്രങ്ങൾക്കുള്ള സാധ്യതകൾ
   1. ചെയർമടച്ചിൽ
   2. ഓലമടച്ചിൽ
   3. മുളകൾ ഉപയോഗിച്ചുള്ള സാധാനങ്ങൾ
   4. തുന്നൽ
   5. പായനെയ്ത്ത്
   6. കൈത്തറി തുണി നെയ്ത്ത്
   7. ഫർണിച്ചർ നിർമ്മാണം

5. തൊഴിൽ സാധ്യതകൾ ഉണ്ടാകും.

---

1. ഇവിടെ ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിക്കാവുന്ന യൂണിറ്റുകൾ.

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ചെറുകിട വ്യവസായ യൂണിററ് **(SSI)** | 1. | നവീനരീതിയിലുള്ള ചകിരി സംസ്കരണവും കയർ നിർമ്മാണവും |
| | 2. | ചവുട്ടി, ചകിരിനാരുകൊണ്ടുള്ള കിടയ്ക്ക, തലയിണ എന്നിവ |
| | 3. | ചകിരിച്ചോറ് ഉപയോഗിച്ചുള്ള വളം |
| | 4. | തെങ്ങുകൊണ്ട് കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണീച്ചർ |
| | 5. | തേങ്ങപൗഡർ ക്രീം (തേങ്ങ പാൽ കുഴമ്പുരൂപത്തിൽ) |
| | 6. | വെളിച്ചെണ്ണ |
| | 7. | കന്നുകാലിതീറ്റ |
| | 8. | തേങ്ങവെള്ളം കൊണ്ട് ശീതളപാനീയം |
| | 9. | ചിപ്സ് നിർമ്മാണം കപ്പ, ഉരുളക്കിഴങ്ങ് |
| | 10. | തെങ്ങ്, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ |
| | 11. | കയിൽ, ചട്ടുകം, സ്പൂൺ മുതലായ ഗൃഹോപകരണങ്ങൾ തുടങ്ങിയ വസ്തുക്കൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ പനം നൊങ്ക് (കൊഴമ്പ്) |
| | 11. | ചക്ക, മാങ്ങ, തക്കാളി കൊയ്യാക്കാ എന്നിവ ഉപയോഗിച്ച് പഴം ജാമുകൾ |
| | 12. | അവിൽ വ്യവസായം. |

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിടവ്യവസായരംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയും. നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെ തന്നെ ലഭ്യമാക്കാനും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കാനും കഴിയും. ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലാത്തവർക്കും തൊഴിൽ നൽകാനും കഴിയും.

— — — —

# ഊർജ്ജം

## വൈദ്യുതി

നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ ഇന്ത്യ സ്വാതന്ത്ര്യമാകുന്നതിനുമുമ്പുതന്നെ വൈദ്യുതി കടന്നുവന്നിട്ടുണ്ട്. എങ്കിലും കഴിഞ്ഞ 25 വർഷമായിട്ടാണ് വ്യാപകമായ തോതിൽ സാധാരണക്കാരുടെയിടയിൽ വൈദ്യുതി ഉപയോഗിക്കാൻ തുടങ്ങിയത്. എന്നാൽ പഞ്ചായത്തിലെ ഓരോ വാർഡിലെയും മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതിയെത്തിയിട്ടില്ല. പഞ്ചായത്തിൽ ആകെ 7934 ൽ പരം ഉപഭോക്താക്കൾ ഉണ്ടെങ്കിലും മൂന്നിൽ ഒന്ന് വീടുകളിൽ മാത്രമേ വൈദ്യുതിയെത്തിയിട്ടുള്ളൂ. വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ലായെന്നതും ഈ രംഗത്തുള്ള പോരായ്മയാണ്. വേലാന്താവളം, കൊഴിഞ്ഞാമ്പാറ, ചിററൂർ എന്നീ ഇലക്ട്രിക് സെക്ഷനുകളിൽ നിന്നാണ് പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കൾ കറൻറ് ചാർജ്ജ് അടയ്ക്കുന്നതിനുവേണ്ടി 5 മുതൽ 10 വരെ കിലോ മീററർ ദൂരത്തിൽ സ്ഥിതിചെയ്യുന്ന ഓഫീസുകളിൽ പോകേണ്ടിയിരിക്കുന്നു. മുവ്വായിരത്തോളം ഉപഭോക്താക്കൾ ഉള്ളതിൽ 75% ഗാർഹിക ഗുണഭോക്താക്കളാണ്. കാർഷിക ആവശ്യക്കാർ 10% വും 15% കച്ചവടം വ്യവസായം ആവശ്യങ്ങൾക്ക് വേണ്ടിയും ഉപയോഗിക്കുന്നു. ട്രാൻസ്ഫോർമറുകൾ ഭൂരിഭാഗവും അധിക ഭാരം വഹിക്കാൻ കഴിയാത്തതായതുകൊണ്ട് വോൾട്ടേജ് ക്ഷാമത്തിനെ സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് പരാതിയുണ്ട്. ഇതുകാരണം ഗ്രാമസഭകളിൽ പുതിയ ട്രാൻസ്ഫോമറുകൾ വേണമെന്ന് ആവശ്യം പൊന്തിവന്നിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിററിയും താഴെ ചേർക്കുന്നു.

| നമ്പർ | പേര് | കപ്പാസിററി | നമ്പർ | പേര് | കപ്പാസിററി |
|---|---|---|---|---|---|
| 1. | പാലപ്പള്ളം | 100 KVA | 13. | നെല്ലിപ്പള്ളം | 100 " |
| 2. | കമ്പിളിചുങ്കം | 250 " | 14. | വാളറ | 100 " |
| 3. | പന്നിപ്പെരുന്തല | 100 " | 15. | കൊററമംഗലം | 63 " |
| 4. | നല്ലേപ്പിള്ളി 1 | 250 " | 16. | ഇരട്ടകുളം | 100 " |
| 5. | നല്ലേപ്പിള്ളി 2 | 100 " | 17. | കൈതക്കുഴി | 100 " |
| 6. | നല്ലേപ്പിള്ളി 3 | 100 " | 18. | വാക്കിനിച്ചള്ള | 100 " |
| 7. | നല്ലേപ്പിള്ളി ഗ്രാമം | 100 " | 19. | കുറ്റിപ്പള്ളം | 100 " |
| 8. | എണ്ണപ്പാടം | 250 " | 20. | രാമസ്വാമിചള്ള | 100 " |
| 9. | തെക്കേദേശം | 160 " | 21. | വളവ്പാലം | 100 " |
| 10. | കുററിപ്പള്ളം | 100 " | 22. | മാഞ്ചിറ | 100 " |
| 11. | പാറക്കാൽ | 100 " | 23. | ചക്കാന്തോട് | 100 " |
| 12. | നാരായണൻപ്പൊററകളം | 100 " | | | |

പഞ്ചായത്ത് പ്രദേശത്ത് സാധാരണ തെരുവുവിളക്കുകൾ 1016, ട്യൂബ് ലൈററുകൾ 62, സോഡിയം വേപ്പർ ലാമ്പ് 12, എന്നിങ്ങനെയാണ് സ്ഥാപിച്ചിട്ടുള്ളത്.

| | പ്രശ്നങ്ങൾ | നിർദ്ദേശങ്ങൾ |
|---|---|---|
| 1. | വോൾട്ടേജ് കുറവ്<br>1. തോട്ടശ്ശേരി<br>2. വടക്കന്തറ<br>3. വെളിയംമ്പള്ളം | ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം, വൈദ്യുതി ലൈനുകളിൽ മുട്ടിനിൽക്കുന്ന മരചില്ലകൾ വെട്ടിമാററുന്നതിനു അവിടുത്തെ ജനങ്ങളെ ഉപയോഗപ്പെടുത്താം. |
| 2. | ആവശ്യത്തിന് തെരുവു വിളക്കുകൾ ഇല്ല. | എല്ലാ വാർഡുകളിൽ നിന്നും തെരുവു വിളക്കുകളുടെ ആവശ്യം വന്നിട്ടുണ്ടെങ്കിലും ആവശ്യങ്ങളുടെ തീവ്രതയും ഫണ്ടിൻെറ പരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭകൾതന്നെ അവയുടെ എണ്ണം തിട്ടപ്പെടുത്തണം. |
| 3. | ഗുണമേന്മയില്ലാത്ത ബൾബുകൾ ഉപയോഗിക്കുന്നു. | ബൾബുകൾക്കുപകരം ട്യൂബ് ലൈററുകളും കോംപാക്ററ് ഫ്ലൂറസെൻറ് ലാംബുകളും ഉപയോഗിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കണം. |
| 4. | ദിവസം മുഴുവൻ വൈദ്യുതി ലഭിക്കുന്നില്ല. | നടപ്പിലാക്കികൊണ്ടിരിക്കുന്ന വൈദ്യുത പദ്ധതികൾ ഉടൻ പൂർത്തികരിക്കുക. |
| 5. | ഇന്നത്തെ വൈദ്യുതി വിതരണം മെച്ചമല്ല. | വൈദ്യുത വിതരണം ഗ്രാമ പഞ്ചായത്തുകളെ ഏൽപ്പിക്കുക. |
| 6. | കറൻറ് ചാർജ്ജ് ഈടാക്കുന്നതിൽ അപാകതകൾ നിലനിൽക്കുന്നു. | ഇപ്പോൾ നിലനിൽക്കുന്ന സ്ലാബ് സിസ്റ്റം ഒഴിവാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഈടാക്കുക. ഇതുമൂലം അനാവശ്യമായ വൈദ്യുതി ഉപയോഗം തടയാനും കഴിയും. |
| 7. | വൈദ്യുതി ജീവനക്കാരുടെ സേവനം ആവശ്യത്തിന് കിട്ടുന്നില്ല. | ഒരു സബ് എഞ്ചിനിയർ ഉൾപ്പെടെയുള്ള ഒരു ചെറിയ ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിക്കണം. |

വാർഡുകളിൽ പുതിയ വൈദ്യുതി ലൈൻ വലിക്കേണ്ട സ്ഥലങ്ങളും, ദൂരം, ലൈനിൻെറ സ്വഭാവം, പ്രതീക്ഷിക്കുന്ന ചെലവ് ജനവിഹിതം.

| വാർഡ് | പുതിയ ലൈൻ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിൻെറ സ്വഭാവം | പ്രതിക്ഷിക്കുന്ന ചെലവ് | ജനവിഹിതം |
|---|---|---|---|---|---|
| 3 | മൂച്ചിക്കുന്ന് | 500 m | 1 ഫേസ് | 12000 | സംരംഭം തുടങ്ങുന്ന വേളയിൽ സംഭാവന വഴി ധനസഹായവും മററു അദ്ധ്വാനവും സമാഹരിക്കാൻ കഴിയും. |
| 5 | ശങ്കരച്ചാംളയം | 500 m | 1 ഫേസ് | 12000 | |
| | ഒട്ടാൻകുളം | 250 m | 1 ഫേസ് | 10000 | |
| 6 | കാരാങ്കോട് | 1 km | 1 ഫേസ് | 23000 | |
| | വാരിയമാം | 400 m | 1 ഫേസ് | 15000 | |
| | ചീർണാം കുളംമ്പ് | 500 m | 1 ഫേസ് | 20000 | |
| 9 | തെക്കുമുറി നീലിപ്പാടം | 500 m | 1 ഫേസ് | 20000 | |
| | തെക്കുമുറി പടിഞ്ഞാറെ ഭാഗം | 250 m | 1 ഫേസ് | 22000 | |
| 11 | വട്ടക്കാട് | 1 km | 1 ഫേസ് | 23000 | |
| | കൗൺകളം കുററിപ്പള്ളം | 500 m | 1 ഫേസ് | 23000 | |
| 12 | 5-ാം മൈൽ കോളനി | 1 km | 1 ഫേസ് | 23000 | |
| | കേണംപുള്ളി | 3.85 km | 1 ഫേസ് | 50000 | |

പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും നല്ലപോലെ സൂര്യപ്രകാശം ലഭിക്കുന്നതുകൊണ്ട് വീടുകളിലെ ഉപയോഗത്തിനും, തെരുവു വിളക്കുകൾക്കും സോളാർ ലാംബ് ആധാരമാക്കി പഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തി ചെയ്യാവുന്നതാണ്.

ഗ്യാസ്സ് മണ്ണെണ്ണ വിറക്

നമ്മുടെ പഞ്ചായത്തിൽ സുമാർ 7934 വീടുകളുണ്ട്. ശരാശരി ഒരു കുടുംബത്തിന് 15കി വിറക് വേണ്ടിവരും. അങ്ങിനെ 119 ടൺ) ഒരു ദിവസത്തേക്ക് ആവശ്യമാണ്. പഞ്ചായത്തിലെ റേഷൻകടകളിൽ കൂടി പ്രതിമാസം ഏകദേശം 20000 ലിററർ മണ്ണെണ്ണ ലഭിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും വെളിച്ചത്തിൻെറ ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്. പാചക വാതകം ഉപയോഗിക്കുന്നവരുടെ എണ്ണം 300 നും 400 നും ഇടയ്ക്കാണ്. വൈദ്യുതീകരിക്കാത്ത വീടുകൾക്ക് ഇപ്പോൾ നൽകിവരുന്ന 5 ലിററർ മണ്ണെണ്ണ മതിയാകുന്നില്ല എന്ന് ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. പാചകവാതകം ഉപയോഗിക്കുന്നവരെ കൃത്യമായി കണ്ടെത്തി മണ്ണെണ്ണ അനുവദിച്ചതിൽ കുറവ് ചെയ്താൽ NE കാരുടെ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. പഞ്ചായത്തിലെ ഭൂരിഭാഗം കുടുംബങ്ങളും വിറകുപയോഗിച്ചാണ് ഭക്ഷണം പാകം ചെയ്യുന്നത്. ഇതിനുള്ള വിറക് സ്വന്തം പറമ്പിൽ നിന്നും വില്പന കേന്ദ്രങ്ങളിൽ നിന്നും വാങ്ങിക്കുന്നു. 1 തൂക്ക് വിറകിന് (10 കിലോ) 8 രൂപ മുതൽ 12 രൂപ വരെയാണ് വില. ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിക്കുകയാണെങ്കിൽ വിറകിൻെറ അമിതാപയോഗം കുറയ്ക്കാൻ കഴിയും.

സ്വന്തമായി വഹനങ്ങൾ ഉള്ളവർ ധാരാളം ഉണ്ട്. ഇവയ്ക്കെല്ലാം ആവശ്യമായ ഡീസൽ, പെട്രോൾ എന്നിവ വാങ്ങിക്കുന്നതിൽ ചിററൂർ, കൊഴിഞ്ഞാമ്പാറ എന്നീ സ്ഥലങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. പഞ്ചായത്തിൽ ഒരു പെട്രോൾബങ്ക് ആരംഭിക്കുകയാണെങ്കിൽ ഇതിന്നൊരു പരിഹാരം കാണാൻ കഴിയും.

| പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|
| 1. പെട്രോൾ, ഇന്ധനങ്ങളുടെ വില വർദ്ധനവ്. | 1. വീട്, ആശുപത്രി തുടങ്ങിയാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന മണ്ണെണ്ണ, ഡീസ്സൽ എന്നിവയുടെ വില കുറയ്ക്കണം.<br>2. പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ഇന്ധന വില കുറയ്ക്കുക.<br>3. സ്വകാര്യ വാഹനങ്ങൾക്കുള്ള ഇന്ധനങ്ങൾക്ക് റേഷൻ ഏർപ്പെടുത്തുക. |
| 2. പഞ്ചായത്തിൽ പാചക വാതകം ലഭിക്കുന്നില്ല. | പാചക വാതക വിതരണ സമ്പ്രദായം ഗ്രാമ പ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കണം. |
| 3. വിറകിന് ദൗർലഭ്യം നേരിടുന്നു. | 3. എല്ലാ വീടുകളിലും ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുക.<br>സാമൂഹ്യ വനവൽക്കരണം നടപ്പിലാക്കുക. |

# മാർക്കററ്

നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ 20 വർഷത്തിനുമുമ്പ് ഉൽപ്പാദിപ്പിച്ച് മാർക്കററ് നടത്തിയിരുന്ന പ്രധാന ഉൽപ്പന്നങ്ങളാണ് പനചക്കര, ചാമ, നിലക്കടല എന്നിവ. പനയിൽനിന്നും കള്ള് ചെത്തി കുറുക്കി ശർക്കരയാക്കി പാലക്കാട് ജില്ലയിലെ പ്രധാന സ്ഥലങ്ങളിൽ വിററുകഴിഞ്ഞിരുന്ന പല കുടുംബങ്ങളും പൂർണ്ണമായും ഇന്ന് ഇല്ലാതായിട്ടുണ്ട്. അതുപോലെതന്നെ ചാമ കൃഷിയും പഞ്ചായത്തിൽ നിന്നും തീർത്തും അപ്രത്യക്ഷമായി. ഭാഗികമായി മാത്രമേ ഇന്ന് നിലക്കടല കൃഷി ചെയ്യുന്നുള്ളു. ഒന്നാംവിള കഴിഞ്ഞാൽ കൃഷിയിടത്തിൻെറ (കാലായ്കണ്ടം ഒഴികെ) മററ് എല്ലാ സ്ഥലത്തും നിലകടല കൃഷിയിറക്കി കിഴക്കൻ പ്രദേശങ്ങളിലേക്ക് കയററിയയച്ചിരുന്നു.

ഇന്ന് പഞ്ചായത്തിലെ പ്രധാന കച്ചവട സ്ഥാപനം എന്ന് പറയുന്നത് നല്ലേപ്പിള്ളി മാട്ടുമന്തയിൽ നിന്നും വിനായകൻ കോവിൽ വരെയുള്ള കച്ചവടസ്ഥാപനങ്ങളാണ്. ഈ കോവിലിനു സമീപമുള്ള ഒരു ആഴ്ച ചന്തയും നിലവിലുണ്ട്. വളരെ പഴക്കുമുള്ള ഈ ചന്ത ഒരു സ്വകാര്യ വ്യക്തിയുടെതാണ്. പഞ്ചായത്തിൽ സ്വന്തമായ പൊതുചന്ത ഇല്ല.

ഈ കടകളിൽ വിററുവരുന്ന പലചരക്ക് സാധനങ്ങളും ചന്തയിൽ വിററുവരുന്ന കായ്കറികളും പ്രധാനമായും പൊള്ളാച്ചിയിൽ നിന്നാണ് വരുന്നത്. സ്വകാര്യ വ്യക്തികൾജ നടത്തുന്ന ഇത്തരം വ്യാപാരകേന്ദ്രങ്ങളിൽ അവർ നിശ്ചയിക്കുന്ന വിലക്കുമാത്രമേ സാധനങ്ങൾ ലഭ്യമാകു എന്നുള്ളതുകൊണ്ടുതന്നെ വില ഒരു ഘട്ടത്തിലും കുറച്ചുകൊണ്ടുവരുവാൻ കഴിയുന്നില്ല. ഇതൊഴിവാക്കുവാൻ ഒരു സഹകരണ സ്ഥാപനവും വേണമെന്ന് ആവശ്യമുണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ മുഖ്യ കാർഷികോൽപ്പന്നങ്ങൾ നെല്ലും, നാളികേരവുമാണ്. ഭാഗികമായ വാഴ, കവുങ്ങ്, നിലക്കടല, കപ്പ മുതലായ കൃഷിയും ചെയ്തുവരുന്നുണ്ട്. നെല്ല്, നാളികേരം എന്നീ ഉൽപ്പന്നങ്ങൾ വിററഴിക്കാൻ പൊതുവിപണിയോ വിശ്വാസയോഗ്യമായ സ്വകാര്യ വിപണിയോ ഇല്ല. ഇതുമൂലം കൃഷിക്കാർക്ക് ന്യായമായ വില ഉൽപ്പന്നങ്ങൾക്ക് കിട്ടാറില്ല. പച്ചമീൻ മാർക്കററില്ല. ഉണക്കമത്സ്യം ലഭിക്കുന്നത് ചന്തയിൽ മാത്രമാണ്. കടൽ മത്സ്യം പുതുനഗരത്തിൽ നിന്നാണ് ലഭിക്കുന്നത്.

ഇതുകൂടാതെ ആഭരണങ്ങൾക്കായുള്ള വിവിധ തരം ആഭരണക്കല്ലുകൾ രൂപപ്പെടുത്തി സംസ്ഥാനത്തിനുപുറത്ത് വിററുവരുന്നു. തെങ്ങിൻ തൈ, പുളി, മാങ്ങ, നെല്ലിക്ക എന്നിവയും ധാരാളമായി അന്യ സംസ്ഥാനങ്ങളിലേക്ക് കയററുമതിചെയ്തുവരുന്നുണ്ട്.

ഗ്രാമ സഭകളിൽ നിന്നുള്ള പ്രധാന പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

| | പ്രശ്നങ്ങൾ | നിർദ്ദേശങ്ങൾ |
|---|---|---|
| 1. | പൊതുമാർക്കററ് ഇല്ല. | നെല്ല്, നാളികേരം എന്നിവ വിററഴിക്കുന്നതിന് പൊതു മാർക്കററോ, സഹകരണ മാർക്കററോ വേണം. |
| 2. | ആഴ്ച ചന്തകൾ ഇല്ല. | നിലവിൽ നല്ലേപ്പിള്ളിയിൽ മാത്രമാണ് ആഴ്ച ചന്തയുള്ളത്. കൂടാതെ കമ്പിളിചുങ്കം, അരണ്ടപ്പള്ളം എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പൊതു ചന്തയോ സഹകരണ ചന്തയോ ആവശ്യമാണ്. |
| 3. | വിലനിലവാരവും ഗുണനിലവാരവും പരിശോധനകൾ നടക്കാറില്ല. | ഇത് പരിശോധിക്കാനുള്ള ജനകീയ സമിതികളോ, പഞ്ചായത്തിൻെറ ശക്തമായ മേൽനോട്ടമോ ആവശ്യമാണ്. |
| 4. | നിലവിലുള്ള ഇറച്ചികടകൾ ആരോഗ്യ നിയമങ്ങൾ പാലിക്കുന്നില്ല. | ആരോഗ്യ നിയമങ്ങൾ കർശനമായി പാലിക്കാൻ പഞ്ചായത്തിൻെറ മേൽനോട്ടവും പരിസരവാസികളെ ബോദവൽക്കരിക്കുകയും വേണം. |
| 5. | പുളി, മാങ്ങ എന്നിവ വിററഴിക്കാൻ മാർക്കററില്ല. | പഞ്ചായത്തിൽ യഥേഷ്ടം ലഭിക്കുന്നതുകൊണ്ട് ഇത് വിപണനം നടത്താൻ പൊതുമാർക്കററ് സ്ഥാപിക്കണം. |
| 6. | പച്ചമീൻ മാർക്കററ് ഇല്ല. | പച്ചമീൻ മാർക്കററ് ആഴ്ചയ്ക്ക് ഒരിക്കലെങ്കിലും ഉള്ളത് തുടങ്ങണം. |

ഇപ്രകാരം നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്ന എല്ലാ വിഭവങ്ങളും കോർത്തിണക്കി ഓരോന്നിൻെറ അധിക ലഭ്യതയും ഇല്ലായ്മയും കണക്കിലെടുത്തുകൊണ്ട് ഒരു പഞ്ചായത്ത് വിപണന സംവിധാനം ഉറപ്പുവരുത്തിയാൽ സ്വാശ്രയ പഞ്ചായത്തിന് ഒരു കാൽവെപ്പായിരിക്കും.



# 5.4 വിദ്യാഭ്യാസം

ഈ പഞ്ചായത്തിലെ ജനങ്ങൾ ഭൂരിഭാഗവും കർഷകരാണ്, നെല്ലിൻെറ കലവറ കൂടിയായ ഈ പഞ്ചായത്തിലെ ജനങ്ങൾ വിദ്യാഭ്യാസത്തേക്കാൾ പ്രാമുഖ്യം കല്പിച്ചത് കൃഷി പ്രവൃത്തികളിലായതുകൊണ്ടാണ് സാക്ഷരതാ ശതമാനം കുറഞ്ഞത്. ആ നിലക്ക് ഒരു മാറ്റം വന്നത് ഭൂപരിഷ്കരണനിയമം നിലവിൽ വന്ന ശേഷമാണ്.

ഈ പഞ്ചായത്തിലെ ആദ്യത്തെ എഴുത്തുപള്ളികൂടം "അങ്കരാത്ത്" പടിപ്പുരയിലായിരുന്നു. 1890ൽ ആണ് ഈ പഞ്ചായത്തിൽ യു.പി. സ്കൂൾ സ്ഥാപിച്ചത്. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി ഇവിടെനിന്നും 8ഉം 9ഉം കിലോമീറ്റർ അകലെയുള്ള ചിറ്റൂർ വിക്ടോറിയ ഗേൾസ് ഹൈസ്ക്കൂളിലേക്കും, ചിറ്റൂർ ജി. ബി. ഹൈസ്ക്കൂളിലേക്കും ആണ് 1941 വരെ പൊയ്ക്കൊണ്ടിരുന്നത്. അന്ന് വാഹനസൗകര്യം ഇല്ലാത്തതിനാൽ കാൽനടയായാണ് അവിടെ എത്തിയിരുന്നത്. 1942ൽ അഗ്രഹാരത്തിലെ കൃഷ്ണയ്യരുടെ സൽമനോഭാവത്തിൻേറയും വിശാലമനസ്കതയുടെയും പേരിൽ ഇവിടെയുള്ള ജനങ്ങൾക്കുവേണ്ടി ഒരു ഹൈസ്ക്കൂൾ സ്ഥാപിച്ചു. അതിനുശേഷം 1960ൽ ജൂനിയർ ടെക്നിക്കൽ സ്കൂൾ സ്ഥാപിതമായി. ഇവിടെ 5ാം ക്ലാസ്സ് മുതൽ 10ാം ക്ലാസ്സ് വരെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകിയിരുന്നു. ഇപ്പോൾ ഇത് വി.എച്ച്.എസ്. സൗകര്യങ്ങളോടുകൂടിയ ടെക്നിക്കൽ ഹൈസ്കൂൾ ആണ്. ഇപ്പോൾ നിലവിലുള്ള ടി.എച്ച്.എസ്. ഒരു പോളിടെക്നിക് ആയി മാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചതോടെ നിലനിന്നിരുന്ന യു.പി. ക്ലാസ്സുകൾ ഇല്ലാതായി.

ഈ പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകളുടെ വിശദവിവരം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

നല്ലേപ്പിള്ളി പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ കണക്ക്

| ക്രമ നമ്പർ | വിദ്യാലയത്തിൻെറ പേര് | സ്ഥാപിച്ച വർഷം | സർക്കാർ മാനേജ്മെൻറ് | സ്ഥിതി ചെയ്യുന്ന വർഷം | കുട്ടികളുടെ എണ്ണം | | | ആദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | ററി.എച്ച്.എസ്, ചിററൂർ | 1960 | സർക്കാർ | 1 | 216 | 55 | 271 | 21 | 4 | 25 |
| 2. | എസ്.കെ.എച്ച്.എസ്,നല്ലേപ്പിള്ളി | 1942 | മാനേജ്മെൻറ് | 8 | 412 | 461 | 873 | 9 | 29 | 38 |
| 3. | എ.യു.പി.സ്കൂൾ,അപ്പുപ്പിള്ളയൂർ | 1933 | " | 5 | 467 | 412 | 879 | 11 | 21 | 32 |
| 4. | ഗവ.യു.പി സ്കൂൾ,അത്തിക്കോട് | 1932 | സർക്കാർ | 5 | 202 | 226 | 428 | 4 | 12 | 16 |
| 5. | ഗവ.യു.പി.സ്കൂൾ,നല്ലേപ്പിള്ളി | 1890 | " | 8 | 714 | 717 | 1431 | 5 | 36 | 41 |
| 6. | ഗവ.എൽ.പി.സ്കൂൾ,നല്ലേപ്പിള്ളി | 1908 | " | 8 | 95 | 97 | 192 | 3 | 6 | 9 |
| 7. | ഗവ.എൽ.പി.സ്കൂൾ,അരണ്ടപ്പള്ളം | 1932 | " | 3 | 65 | 80 | 145 | 3 | 1 | 4 |
| 8. | ഗവ.എൽ.പി.സ്കൂൾ,മാഞ്ചിറ | 1951 | " | 1 | 100 | 102 | 202 | 2 | 5 | 7 |
| 9. | സി.എ.എൽ.പി.സ്കൂൾ പന്നിപ്പെരുന്തല | 1951 | മാനേജ്മെൻറ് | 4 | 115 | 128 | 243 | 1 | 6 | 7 |
| 10. | എ.എം.എ.എൽ.പി. സ്കൂൾ, കുററിപ്പള്ളം | 1956 | " | 11 | 194 | 181 | 375 | 0 | 11 | 11 |
| | ആകെ | | | | **2580** | **2459** | **5039** | **59** | **131** | **190** |

എസ്.കെ.എച്ച്.എസ്.നല്ലേപ്പിള്ളി, ജി.യു.പി.എസ്. നല്ലേപ്പിള്ളി, ജി.യു.പി.എസ്. അത്തിക്കോട്, എ.യു.പി.എസ്. അപ്പുപ്പിള്ളയൂർ എന്നീ വിദ്യാലയങ്ങളിൽ തമിഴ് മീഡിയം ക്ലാസ്സുകൾ ഉണ്ട്. ഏകദേശം മുന്നൂറോളം കുട്ടികളും 17 അദ്ധ്യാപകരും ഉണ്ട്. പഞ്ചായത്തിൽ ആകെയുള്ള കുട്ടികൾ 5039 ഉം അദ്ധ്യാപകരുടെ എണ്ണം 190 ഉം ആണ്.

ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള 26 അംഗൻവാടികൾ, സ്വകാര്യ നേഴ്സറികൾ 2, വെൽഫയർ സൊസൈറ്റി നടത്തുന്ന ഒരു ബാലവാടി, എന്നിങ്ങനെ 29 ശിശുവിദ്യാലയങ്ങൾ ഉണ്ട്. പാരലൽ കോളേജ് 2, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് 2, തുന്നൽ കേന്ദ്രങ്ങൾ 3, എന്നിവ ഇപ്പോൾ നിലവിലുണ്ട്

പഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങളിൽ മൊത്തം 190 അദ്ധ്യാപകരാണ് പ്രവൃത്തിയെടുക്കുന്നത്. ഇവരിൽ കൂടുതൽപേരും തദ്ദേശീയരല്ല.

ആകെ വിദ്യാർത്ഥികളിൽ ആൺ കുട്ടികൾ 2580ഉം, പെൺകുട്ടികൾ 2459ഉം ആണ്. അദ്ധ്യാപകരിൽ 53.68% പേരും, വിദ്യാർത്ഥികളിൽ 52.90% പേരും സർക്കാർ മേഖലയിലാണ്. നല്ലേപ്പിള്ളി യു.പി., എൽ.പി., അപ്പുപ്പിള്ളയൂർ യു.പി., അത്തിക്കോട് യു. പി. എന്നീ സ്ക്കൂളുകളിൽ തമിഴ് ഭാഷയും പഠിപ്പിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ 5 വയസ്സ് തികയുന്ന എല്ലാ കുട്ടികളേയും സ്ക്കൂളുകളിൽ ചേർത്താനുള്ള മനോഭാവവും കണ്ടുവരുന്നു. പൊതുവേ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം.

കോളേജ് വിദ്യാഭ്യാസത്തിനു പാലക്കാട് വിക്ടോറിയ, മേഴ്സി എന്നിവടങ്ങളേയും ആശ്രയിക്കുന്നു. ഇതിനുപുറമെ, സാമൂഹ്യക്ഷേമവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഇൻഡസ്റ്റ്റിയൽ ട്രെയിനിംങ് സെൻറർ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന നിലയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ 2 വർഷത്തെ ഒരു പരിശീലനം നടക്കുന്നുണ്ട്. മൊത്തം 25 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഈ സ്ഥാപനത്തിന് സ്വന്തമായി ഒരു കെട്ടിടമില്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു മുൻതൂക്കം കൊടുക്കുന്ന വരുംകാലങ്ങളിൽ ഈ സ്ഥാപനത്തിൻെറ വ്യാപനം വളരെ പ്രധാനപ്പെട്ടതാണ്.

എൽ.പി. സ്ക്കൂളുകളിലേക്ക് 1½ കി.മി മുതൽ 3 കിമീ. വരെയും യു.പി./ഹൈസ്ക്കുളുകളിലേക്ക് പരമാവധി 5 കി.മീ. വരെ ദൂരം യാത്രചെയ്യേണ്ടതുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ 2ഉം 6ഉം 7ഉം 12 ഉം വാർഡുകളിൽ എൽ.പി.സ്ക്കുളുകളും നിലവിലുള്ള എ.എം.എ എൽ.പി.എസ്. കുറ്റിപ്പള്ളം, ജി.എൽ.പി.എസ്. അരണ്ടപ്പള്ളം, സി.എ.എൽ.പി.എസ്. പന്നിപെരുന്തല, ജി.എൽ.പി.എസ്. മാഞ്ചിറ എന്നീ എൽ.പി.എസ്.കൾ അപ്ഗ്രേഡ് ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ജി.യു. പി.എസ്. അത്തിക്കോട് അപ്ഗ്രേഡ് ചെയ്യണമെന്ന് ആവശ്യപെട്ടിട്ടുണ്ട്. വിദ്യാർത്ഥികൾക്കുള്ള ബസ് സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്.

നിലവിലുള്ള സർക്കാർ, സ്വകാര്യ സ്ക്കുളുടെ കെട്ടിടങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾ തീർത്ത് ഉപയോഗപ്രദമാക്കണമെന്നും ആവശ്യം ഉന്നയിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾക്ക് ചുറ്റുമതിലുകൾ ആവശ്യമാണെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കുട്ടികൾക്കാവശ്യമായ ക്ലാസ്സുമുറികൾ വർദ്ധിപ്പിച്ചും ജനലുകളും വാതിലുകളും സ്ഥാപിച്ച് ക്ലാസ്സ്മുറികൾ ബന്ധവസ് ആക്കണമെന്ന് ആവശ്യമുന്നയിച്ചിട്ടുണ്ട്. ഇതേപോലെ കുട്ടികൾക്ക് ഇരിക്കാനും എഴുതുവാനുമുള്ള ബെഞ്ച്, ഡസ്ക്, തുടങ്ങിയവയുടെ അപര്യാപ്തതയും, ഉള്ളത് യഥാസമയത്ത് അറ്റകുറ പണികൾ നടത്താത്തതിനാൽ ഉപയോഗശൂന്യമായിത്തീരുന്നതും പരാതിയായിഉയർന്നിട്ടുണ്ട്.

പഠനോപകരണങ്ങളും ലബോറട്ടറിസൗകര്യങ്ങളും വേണ്ടത്രയില്ല.

ഭൗതികസാഹചര്യങ്ങളെ സൂചിപ്പിക്കുന്ന വിവരങ്ങൾ പട്ടിക 2 ൽ കാണിച്ചിട്ടുണ്ട്.

അദ്ധ്യയനവർഷരാംഭത്തിൽത്തന്നെ ഒഴിവുവന്നിട്ടുള്ള തസ്തികകൾ നികത്തി അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തണമെന്ന ആവശ്യം പൊതുവെ പൊന്തിവന്നിട്ടുണ്ട്. ഇതിന് ഇന്നുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കേണ്ടതാണ്. വിദ്യാലയങ്ങളിൽ വിവിധ വിഷയങ്ങൾക്കുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ വേണ്ടത്ര നിയമിക്കണം എന്ന ആവശ്യം ഗ്രാമസഭ റിപ്പോർട്ടുകളിൽ വന്നിട്ടുണ്ട്.

ടി.എച്ച്.എസ്സ്., എസ്സ്.കെ.എച്ച്.എസ്, ജി.യു.പി.എസ് നല്ലേപ്പിള്ളി, എ.യു.പിഎസ് അപ്പുപ്പിള്ളയൂർ എന്നീ വിദ്യാലയങ്ങളിൽ മാത്രമേ പരിമിതമായ തോതിലെങ്കിലും ലൈബ്രറി ഉള്ളു. കുട്ടികൾക്ക് വായിക്കാനുള്ള മുറികളില്ല.

വിദ്യാലയങ്ങളിൽ എല്ലാററിനും മൂത്രപ്പുരകളും ചിലതിൽ കക്കൂസും ഉണ്ടെങ്കിലും അവയുടെ അവസ്ഥ ശോചനീയമാണ്. കുട്ടികൾക്ക് രോഗങ്ങൾ പകരാൻ ഇതു കാരണമാകുന്നു എന്നു പരാതികൾ ഉയർന്നിട്ടുണ്ട്.

സി.എ.എൽ.പി.എസ്. പന്നിപെരുന്തല, എ.യു.പി.എസ്. അപ്പുപ്പിള്ളയൂർ എന്നീ വിദ്യാലയങ്ങളൊഴികെ മറ്റു വിദ്യാലയങ്ങളിലെല്ലാം കളിസ്ഥലങ്ങൾ ഉണ്ട്. കുട്ടികൾക്കു കളിക്കാനാവശ്യമായ സാമഗ്രികൾ ഇല്ല.

പട്ടിക 2

ഭൗതികസാഹചര്യം

| ക്രമ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ടി.എച്ച്.എസ്. ചിറ്റൂർ | 6.88ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | എസ്.കെ.എച്ച്..എസ്. നല്ലേപിള്ളി | 1.50ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | എ.യു.പി. സ്കൂൾ, അപ്പുപ്പിള്ളിയൂർ | 2ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 4. | ഗവ.ജി. യു.പി.സ്ക്കൂൾ അത്തിക്കോട് | 1.67ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5. | ഗവ.ജി. യു. പി.സ്ക്കൂൾ നല്ലേപ്പിള്ളി | 2.5ഏക്കർ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6. | ഗവ. എൽ.പി.സ്ക്കൂൾ നല്ലേപ്പിള്ളി | 83സെൻറ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 2 | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7. | ഗവ. ജി എൽ.പി.സ്ക്കൂൾ അരണ്ടപ്പള്ളം | 50സെൻെറ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 1 | ഇല്ല | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| 8. | ഗവ.ജി. എൽ.പി. സ്ക്കൂൾ, മാഞ്ചിറ | 51സെൻറ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 1 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 9. | സി.എ.എൽ.പി. സ്ക്കൂൾ പന്നിപെരുന്തല | 1 ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 1 | 2 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 10. | എ.എം.എ. എൽ. പി. എസ്. കുറ്റിപ്പള്ളം | 1ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |

ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള പാചകമുറി എ.യു.പി.എസ്., അപ്പുപ്പിള്ളയൂർ, ജി.യു..പി.എസ്. അത്തിക്കോട്, എ.എം.എ.എൽ.പി.എസ്. കുറ്റിപ്പള്ളം എന്നിവിടങ്ങളിൽ ഇല്ല. പാചകമുറിഉള്ള വിദ്യാലയങ്ങളിൽ ത്തന്നെ ക്ലാസ്സുമുറികളോടടുത്ത് അടുക്കള പ്രവർത്തിക്കുന്നതുകാരണം പുകയും മറ്റു ശല്യങ്ങളും ക്ലാസ്സ് നടത്തുന്നതിൽ പ്രയാസമുണ്ടാക്കുന്നു. ഉച്ചഭക്ഷണപദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നുള്ള പരാതി ഉയർന്നിട്ടുണ്ട്.

കുട്ടികൾക്കാവശ്യമായ കുടിവെള്ളത്തിന് ജി.എൽ.പി.എസ്. മാഞ്ചിറ, സി.എ.എൽ.പി.എസ്. പന്നിപെരുന്തല ഒഴികെയുള്ള വിദ്യാലയങ്ങളിൽ കിണറുകളുണ്ടെങ്കിലും ശുദ്ധമായ ജലം കുട്ടികൾക്കു ലഭ്യമല്ലാതായിട്ടുണ്ട്.

ജി.എൽ.പി.എസ്. അരണ്ടപ്പള്ളം, ജി.എൽ.പി.എസ്. മാഞ്ചിറ, സി.എ.എൽ.പി.എസ് പന്നിപെരുന്തല, എ.എം.എ.എൽ.പി.എസ് കുറ്റിപ്പള്ളം എന്നീ വിദ്യാലയങ്ങൾ ഒഴികെയുള്ള എല്ലാ വിദ്യാലയങ്ങളിലേയും ഓഫീസ് മുറികളിൽ വൈദ്യുതിയുണ്ട്.

പഞ്ചായത്തിലെ സ്ക്കൂളുകളിൽ നിലനിൽക്കുന്ന ഭൗതിക സാഹചര്യങ്ങൾ മറ്റു പലകാരണങ്ങൾക്കൊപ്പം തന്നെ പഠനനിലവാരം മെച്ചപ്പെടുത്താൻ സഹായകരമല്ല. പാഠപുസ്തകങ്ങളുടേയും നോട്ടു പുസ്തകങ്ങളുടേയും മററു ഉപകരണങ്ങളുടെയും ക്രമാതീതമായ വിലക്കയറ്റംകൊണ്ട് കുട്ടികൾക്ക് വേണ്ടത്ര പുസ്തകങ്ങളും ഉപകരണങ്ങളും വാങ്ങിക്കൊടുക്കാൻ രക്ഷിതാക്കൾക്കു കഴിയുന്നില്ല.

അദ്ധ്യയനവർഷാരംഭത്തിൽത്തന്നെ വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കുന്നില്ല. സ്ഥലമാറ്റങ്ങൾ കൊണ്ട് ഉണ്ടാകുന്ന ഒഴിവുകൾ മുൻകൂട്ടി നികത്താത്തതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ദീർഘകാല അവധിവഴിവരുന്ന ഒഴിവുകളും നികത്തുന്നില്ല.

ഇന്നു നിലനിൽക്കുന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം മുഴുവൻ കുട്ടികളുടെയും പഠിത്തത്തെ ഫലപ്രദമായി പരിശോധിക്കുവാനും തിട്ടപ്പെടുത്തുവാനും സഹായകരമല്ല അതേപോലെ പ്രവൃത്തി ദിവസങ്ങളുടേയും പിരീയിഡുകളുടേയും പരിമിതിവെച്ചു നോക്കുമ്പോൾ ഇന്നു നിഷ്കർഷിക്കുന്ന സിലബസ് പൂർണ്ണമായും വ്യക്തമായും പഠിപ്പിച്ചു കൊടുക്കുവാനും പഠിക്കുവാനും സാധിക്കുന്നില്ല എന്നു കാണാം.

സ്ക്കൂളുകളിൽ കുട്ടികൾ കൃത്യനിഷ്ഠയോട് ഹാജരാകുന്നതായി കാണുന്നില്ല. രക്ഷിതാക്കളുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഇനിയും പതിയേണ്ടതുണ്ട്. അതേ പോലെ അദ്ധ്യാപകരുടെ സേവനസന്നദ്ധതയും ഉയരേണ്ടതാണെന്നുള്ള അഭിപ്രായം പരക്കെയുണ്ട്. അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കൃത്യനിഷ്ഠയും അച്ചടക്കവും വളർത്തിക്കൊണ്ടുവന്നു വേണം ഇതിനൊരു പരിഹാരം കാണുവാൻ. അദ്ധ്യാപകർ പൂർണ്ണ സമയം അദ്ധ്യാപനത്തിനല്ലാതെ സമയം ചെലവഴിക്കുന്നത് തടയേണ്ടതാണ്.

എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ.നിലവിലുണ്ട് പക്ഷേ ഒരു പി.ടി.എ.യും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നുള്ള പരാതി ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. പഠനനിലവാരം മെച്ചപ്പെടുത്തുവാൻ പ്രധാന പങ്കുവഹിക്കേണ്ട പി.ടി.എയുടെ പ്രവർത്തനം തന്നെ തീരെ പര്യാപതമല്ല. പഞ്ചായത്ത് ബോർഡും വികസന സമിതികളും ഇതു പരിശോധിച്ച് വേണ്ടതു കൈകൊള്ളേണ്ടതാണ്. ആകെയുള്ള വിദ്യാലയങ്ങളിൽ യു.പി. വിഭാഗത്തിൽ 392 കുട്ടികളും എൽ.പി. വിഭാഗത്തിൽ 22 കുട്ടികളും തോറ്റുപഠിക്കുന്നവരാണ്. നിലവിലുള്ള പ്രൊമോഷൻ സമ്പ്രദായം ഉൾപ്പെടുത്താതെ നോക്കുമ്പോൾ ഈ പഞ്ചായത്തിലെ ഹൈസ്ക്കൂളിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിലും വിജയശതമാനം ശരാശരി 20% ആണ്. T.H.S ൽ 72% ആണ്. അദ്ധ്യാപകരുടെ പുനഃപരിശീലനം യഥാസമയം നടക്കുന്നില്ല. Diet ന്റെ സേവനലഭ്യത ഇതിനുവേണ്ടി ഉപയോഗിക്കണം. DPEP യുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിലും വിദ്യാഭ്യാസ സർവ്വേ നടന്നു കഴിഞ്ഞു. പഠന നിലവാരം ഉയർത്തുവാൻ ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ നടപടികൾ ഊർജ്ജിതമായി നടത്തേണ്ടതാണ്. ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ചിലതിൽ റേഡിയോ ഉണ്ടെന്നതൊഴിച്ചാൽ ഒന്നിലും ടെലിവിഷൻ ഇല്ല. ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ അറിവു വർദ്ധിപ്പുക്കുവാൻ സഹായകരമായിരിക്കും. ഈ പഞ്ചായത്തിൽ റ്റി.എച്ച്.എസ്. അടക്കം ഒരു വിദ്യാലയത്തിലും കമ്പ്യൂട്ടർ വിദ്യാഭ്യാസമില്ല.

ഈ പഞ്ചായത്തിൽ സ്ക്കുളുകളിലെ അക്കാഡമിക് നിലവാരം കാണിക്കുന്ന പട്ടിക 3ൽ ചേർത്തിട്ടുണ്ട്. മൊത്തം കുട്ടികളിൽ 50 ശതമാനത്തിലേറെയും 40 ശതമാനത്തിൽ താഴെയാണ് മാർക്ക് വാങ്ങുന്നതെന്നു കാണാം. ഇതു പരിശോധിക്കുവാൻ അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും കൂട്ടായ പരിശ്രമം ആവശ്യമാണ്.

പട്ടിക 3

അക്കാഡമിക് നിലവാരം

| ക്ലാസ് | ആകെ താഴെ കുട്ടികൾ | കുട്ടികളുടെ പൊതു നിലവാരം | | | | | S.S.L.C വിജയശതമാനം | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 30% മാർക്ക് നേടിയവർ | 30-40 മാർക്ക് നേടിയവർ | 40-50 മാർക്ക് നേടിയവർ | 50-60 മാർക്ക് നേടിയവർ | 60%ൽ കൂടുതൽ നേടിയവർ | 91-92 | 92-93 | 93-94 | 94-95 | 95-96 | സ്കൂൾ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 3 | 597 | 150 | 133 | 150 | 92 | 72 | 73.23 | 71.42 | 70.31 | 72.41 | 73.23 | T.H.S |
| 4 | 580 | 130 | 109 | 191 | 77 | 73 | 21 | 16 | 24 | 16.4 | 23 | S.K.H.S |
| 5 | 488 | 87 | 198 | 112 | 47 | 44 | | | | | | |
| 6. | 517 | 83 | 235 | 139 | 37 | 23 | | | | | | |
| 7. | 528 | 98 | 233 | 111 | 41 | 45 | | | | | | |
| 8. | 449 | 222 | 68 | 61 | 52 | 46 | | | | | | |
| 9. | 379 | 175 | 58 | 56 | 54 | 36 | | | | | | |
| 10. | 316 | 155 | 40 | 52 | 34 | 36 | | | | | | |

പട്ടിക 4 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെറിററ് സ്കോളർ ഷിപ്പ് | ലംസം ഗ്രാൻറ് | മുസ്ലീംകുട്ടി കളുടെ സ്കോളർ ഷിപ്പ് | വികലാംഗ സ്കോളർ ഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള ഷിപ്പ് | ബീഡി ത്തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യ ത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർ ഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1. | ടി.എച്ച്.എസ്. ചിററൂർ | 18 | 56 | -- | -- | -- | -- | -- | -- |
| 2. | എസ്.കെ.എച്ച്.എസ്. നല്ലേപ്പിള്ളി | 2 | 145 | 17 | 7 | -- | -- | -- | 6 |
| 3. | ജി.യു.പി.എസ്. നല്ലേപ്പിള്ളി | 1 | 292 | 36 | 3 | -- | -- | -- | -- |
| 4. | ജി.യു.പി.എസ്. അത്തിക്കോട് | -- | 25 | 28 | 1 | -- | -- | -- | -- |
| 5. | എ.യു.പി.എസ്. അപ്പുപ്പിള്ളയൂർ | -- | 162 | 14 | 1 | -- | -- | -- | -- |
| 6. | ജി.എൽ.പി.എസ്. നല്ലേപ്പിള്ളി | -- | 25 | -- | 3 | -- | -- | -- | -- |
| 7. | ജി.എൽ.പി.എസ്. അരണ്ടപ്പള്ളം | 2 | 33 | -- | -- | -- | -- | -- | -- |
| 8. | എ.എം.എ.എൽ.പി. കുററിപ്പള്ളം | -- | 137 | -- | -- | -- | -- | -- | -- |
| 9. | ജി.എൽ.പി.എസ്. മാഞ്ചിറ | -- | 46 | -- | 1 | 1 | -- | -- | -- |
| 10. | സി.എ.എൽ.പി. പന്നിപ്പെരുന്തല | -- | 69 | -- | -- | -- | -- | -- | -- |

ഈ പഞ്ചായത്തിലെ കുട്ടികൾക്ക് സബ് ജില്ലാതലത്തിൽ ഒഴികെ മറ്റ് അവാർഡുകളൊന്നും ലഭിക്കുന്നില്ല. കുട്ടികൾക്കു ലഭിക്കുന്ന വിവിധസാമ്പത്തിക സഹായങ്ങളുടെ വിവരം പട്ടിക 4ൽ ചേർത്തിട്ടുണ്ട്.

ഈ പഞ്ചായത്തിലെ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കും മറ്റ് അർഹരായ കുട്ടികൾക്കും വിവിധ ധനസഹായം ലഭിക്കുന്നുണ്ട്. പാഠ്യോപകരണങ്ങൾ വാങ്ങാൻ കൊടുക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ഈ സംഖ്യ കൈപറ്റുന്ന കുട്ടികൾ പലരും പാഠപുസ്തകങ്ങളും മറ്റും വാങ്ങുന്നതായി കാണുന്നില്ല. ഈ സഹായം പണമായി നൽകുന്നതിനു പകരം പഠന സാമഗ്രികളും മററും നേരിട്ട് വിതരണം ചെയ്യുന്നത് കൂടുതൽ ഫലപ്രദമാകും എന്ന് അഭിപ്രായമുണ്ട്. നിർധനരായ ഇതര വിഭാഗ കുട്ടികൾക്കും ഇത്തരം സഹായം നൽകേണ്ടതുണ്ട്. പാഠ്യേതര വിഷയങ്ങളുമായി ബന്ധപ്പെട്ടുനോക്കുമ്പോൾ വിദ്യാർത്ഥികളിലെ കായികാഭിരുചി, കലാവാസന, ശാസ്ത്രബോധം, പ്രവൃത്തി പരിചയം, കൃഷിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തന പരിചയം എന്നുള്ളവ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ആശാവഹമല്ല.

പട്ടിക 5

മൊത്തം വിദ്യാർത്ഥികളിൽ പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ കണക്ക്

| എൽ.പി | | | യു.പി | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | ശതമാനം | ആകെ | SC/ST | ശതമാനം | ആകെ | SC/ST | ശതമാനം |
| 1157 | 462 | 39.93 | 2738 | 479 | 17.49 | 1144 | 186 | 16.25 |
| | | | | | | Total | 22.36% | |

കായികരംഗം ചിറ്റൂർ സബ്ജില്ലാ തലത്തിൽ നടന്ന കായികമത്സരത്തിൽ നല്ലേപ്പിള്ളി ജി.യു.പി. സ്ക്കൂളിന് 1996 ൽ ഒന്നാംസ്ഥാനം കിട്ടിയിട്ടുണ്ട്. മറ്റു സ്ക്കൂകൾക്ക് ഒന്നും തന്നെ നേടാൻ കഴിഞ്ഞിട്ടില്ല.

1994 ൽ സബ് ജില്ലാതലത്തിൽ കലോത്സവം ജി.യു.പി.എസ്. നല്ലേപ്പിള്ളിയിൽ വെച്ചു നടന്നു. ഈ മേഖലയിൽ വേണ്ടത്ര വിജയങ്ങൾ നേടുവാൻ പഞ്ചായത്തിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടില്ല. അതേ പോലെ 94 ൽ തന്നെ ഈ പഞ്ചായത്തിലെ എസ്.കെ.എച്ച്.എസ്. ൽ വെച്ചു ജില്ലാ ശാസ്ത്രഗണിതമേള നടക്കുകയുണ്ടായി. ചില വ്യക്തിഗതസമ്മാനങ്ങളൊഴിച്ചാൽ ഈ പഞ്ചായത്തിലെ സ്ക്കുളുകളുടെ സ്ഥാനം വളരെ ദയനീയമായിരുന്നു. സബ് ജില്ലാ തലത്തിൽ നടന്ന പ്രവൃത്തിപരിചയ മത്സരത്തിൽ

പട്ടിക 6

95 96 ലെ പഠനം നിർത്തിയവരുടെ കണക്ക്

| SC/STകുട്ടികൾ | | | മററുള്ളവർ | | | ആകെ |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 2 | 3 | 5 | 12 | 4 | 16 | 21 |

ജി.യു.പി.എസ്. നല്ലേപ്പിള്ളിയിലെ കുട്ടികൾക്ക് ഏതാനും സമ്മാനങ്ങൾ ലഭിക്കുകയുണ്ടായി.

ഈ പഞ്ചായത്തിലെ S.K.H.S ൽ കുട്ടികളുടെ പരിശ്രമഫലമായി ഒരു പച്ചക്കറിത്തോട്ടം നിലവിലുണ്ട്. മറ്റ് വിദ്യാലയങ്ങളിൽ ഇതിനുള്ള സൗകര്യങ്ങൾ ഉണ്ടെങ്കിലും സംരംഭം കാണുന്നില്ല.

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പാലക്കാട് ജില്ലയിൽത്തന്നെ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് നല്ലേപ്പിള്ളി. ദേശീയപ്രസ്ഥാനത്തിൻേറയും നവോദ്ധാന പ്രസ്ഥാനത്തിൻെറയും പ്രവർത്തനങ്ങളുടെ പ്രതിഫലനം ഈ പഞ്ചായത്തിൽ ശരാശരിയേക്കാൾ താഴെയാണ്. അതുകൊണ്ടുതന്നെ പ്രസ്ഥാനങ്ങളുടെ ഭാഗമായിട്ട് ഉണ്ടാവേണ്ട അനൗപചാരിക വിദ്യാഭ്യാസം ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല.

ജില്ലാതലത്തിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു ഗ്രാമീണ വായനശാല നല്ലേപ്പിള്ളിയിലുണ്ട്. സാക്ഷരതാ പ്രസ്ഥാനം ഈ പഞ്ചായത്തിലും നടക്കുകയുണ്ടായി നിലവിലുണ്ടായിരുന്ന സാമൂഹ്യ അവബോധത്തിൻെറ കാരണംകൊണ്ടുതന്നെ ഫലപ്രദമായ പ്രവർത്തനമോ പ്രയോജനമോ ഉണ്ടായില്ല.

വിദ്യാർത്ഥികളിൽ അച്ചടക്കവും രക്ഷിതാക്കളുടെ ഇക്കാര്യത്തിലുള്ള അവബോധവും അദ്ധ്യാപകരുടെ സേവനസന്നദ്ധതയും ഉയർത്തിയും പി.ടി.എ യുടെ പ്രവർത്തനം കാര്യക്ഷമമാക്കിയും മറ്റു ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിച്ചും മാത്രമേ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടുവാൻ ഭരണസമിതികൾക്ക് വലിയ ഉത്തരവാദിത്വമാണുള്ളത്.

| | പ്രശ്നങ്ങൾ | | പരിഹാരങ്ങൾ |
|---|---|---|---|
| I. 1. | യു.പി. ക്ലാസ്സുകളിൽ സാങ്കേതിക വിദ്യാഭ്യാസ സൗകര്യമില്ല. | 1. | ടി. എച്ച്. എസ്. ൽ ഏറെക്കാലം നിലനിന്നിരുന്ന ഈ സൗകര്യം പുനരാരംഭിക്കണം. |
| 2. | 2, 6, 7, 12 വാർഡുകളി എൽ.പി. സ്കൂളുകൾ ഇല്ല. | 2. | പുതിയ സ്ക്കൂളുകൾ സ്ഥാപിക്കാനുള്ള സാധ്യതകൾ ആരായേണ്ടതുണ്ട്. |
| 3. | ജി.എൽ.പി.എസ്.മാഞ്ചിറ, ജി.എൽ.പി.എസ്. അരണ്ടപ്പള്ളം, എ.എം.എ.എൽ.പി.എസ്. കുറ്റിപ്പള്ളം, സി.എ.എൽ.പി.എസ്. പന്നിപ്പെരുന്തല എന്നീ വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യണം. | 3. | അപ്ഗ്രേഡ് ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. |
| 4. | ജി.യു.പി.എസ്. അത്തിക്കോട് അപ്ഗ്രേഡ് ചെയ്യണം. | 4. | സാധ്യത ആരാഞ്ഞ് ഹൈസ്ക്കൂളായി ഉയർത്തുക. |
| 5. | കുട്ടികൾക്ക് വേണ്ടത്ര ബസ് സൗകര്യമില്ല. | 5. | വിദ്യാലയങ്ങൾക്കടുത്തു തന്നെ ബസ് സ്റ്റോപ്പുകൾ നിർമ്മിക്കാനും കുട്ടികളെ ബസ്സിൽ കയറ്റി ക്കൊണ്ടു പോകാനും അവിടെത്തന്നെ ഇറക്കുവാനും വേണ്ട സംവിധാനം ഉണ്ടാക്കണം. |
| 6. | ചെറിയ കുട്ടികൾ ദുർഘടം പിടിച്ച വഴികളിലൂടെയാണ് വിദ്യാലയങ്ങളിലേക്കു വരുന്നത് ഇതു മൂലം അപകടങ്ങൾ ഉണ്ടാകുന്നു. | 6. | പി.ടി.എ.യുടെ നേതൃത്വത്തിൽ ഈ വിഷയത്തെപ്പറ്റി പഠിച്ച് പരിഹാരം കാണേണ്ടതാണ്. |
| II. 1. | സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ഫലപ്രദമാകുന്നില്ല. | 1. | യഥാസമയം അറ്റകുറ്റപണികൾ നടത്തുകയും ആയതിൻെറ ഫലപ്രാപ്തി പഞ്ചായത്ത് സമിതിയും പി.ടി.എ. യോയും നേരിട്ട് പരിശോധിച്ചശേഷം മാത്രം ചിലവു അനുവദിക്കുകയും ചെയ്യുക. |
| 2. | പല കെട്ടിടങ്ങൾക്കും വേണ്ടത്ര ക്ലാസ്സ് മുറികളില്ല. | 2. | ആവശ്യത്തിന് ക്ലാസ്സ് മുറികൾ ഉണ്ടാക്കണം. |
| 3. | ക്ലാസ്സ് മുറികൾക്ക് ജന്നലുകളും വാതിലു കളുമില്ല. | 3. | പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ ജനകീയപങ്കാളിത്തത്തോടെ ജന്നലുകളും വാതിലുകളും ഉണ്ടാക്കണം. |
| 4. | ക്ലാസ്സ് മുറികളിൽ വേണ്ടത്ര ബഞ്ചുകളും ഡസ്ക്കുകളുമില്ല. | 4. | പി.ടി.എ.യുടെ സഹകരണത്തോടെ വേണ്ടത്ര ബഞ്ചും ഡസ്ക്കും അനുവദിക്കണം. |

| | |
|---|---|
| 5. **ലാബ്രട്ടറി സൗകര്യമടക്കമുള്ള പഠനോപകരണങ്ങൾ ഇല്ല.** | 5. പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ പി.ടി.എ. മുൻകൈ എടുത്ത് വേണ്ടത്ര പഠനോപകരണങ്ങൾ ലഭ്യമാക്കുക. |
| 6. **പഞ്ചായത്തിലെസ്ക്കുളുകളിൽ T.H.S, SKHS, നല്ലേപ്പിള്ളി, A.U.P.S, അപ്പുപ്പിള്ളയൂർ എന്നീ വിദ്യാലയങ്ങളിലേ പരിമിതമായ തോതിൽ എങ്കിലും ലൈബ്രറിയുള്ളു. മറ്റുവിദ്യാലയങ്ങളിൽ ഈ സൗകര്യങ്ങൾ തീരെയില്ല. സ്ക്കുൾ ലൈബ്രറി പ്രവർത്തനം തീരെ തൃപ്തികരമല്ല.** | 6. പുസ്തകങ്ങൾ സൂക്ഷിക്കുവാനും, വായനശാലക്കും ഒരു മുറി എല്ലാ വിദ്യാലയങ്ങൾക്കും ലഭ്യമാക്കണം. കൃത്യമായ ഇടവേളയിൽ ആഴ്ചയിലൊരിക്കലെങ്കിലും പുസ്തകങ്ങൾ വിതരണം ചെയ്യണം. വായനാശീലം വളർത്തുന്നതു സംബന്നധിച്ചുള്ള ചർച്ചകൾ നടത്തേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ അറിവു വർദ്ധിപ്പിക്കുന്നതിനുള്ള പുസ്തകങ്ങൾക്ക് മുൻഗണന കൊടുക്കുകയും അതു വായിക്കുന്നതിനെ പ്രേരിപ്പുക്കുകയും ചെയ്യുക, നിലവിലുള്ള വിദ്യാലയങ്ങളിലെ ലൈബ്രറി ഫണ്ടുകളുടെ വരവും ചിലവും പഞ്ചായത്ത് സമിതി നേരിട്ട് അന്വേഷണത്തിന് വർഷംതോറും വിധേയമാക്കണം. |
| 7. **എല്ലാ വിദ്യാലയങ്ങളിലും ഫസ്റ്റ് എയ്ഡ് ബോക്സുകളില്ല.** | 7. എല്ലാ വിദ്യാലയങ്ങളിലും ഫസ്റ്റ് എയ്ഡ് ബോക്സുകൾ സ്ഥാപിക്കണം. |
| II. 1. **സ്ക്കുളുകളിലെ കക്കുസുകളുടെയും മൂത്രപുരകളുടേയും സ്ഥിതി വളരെ ശോചനീയമാണ്.** | 1. a) നിലവിലുള്ള സംവിധാനത്തിലെ അപര്യാപ്തതകൾ പരിഹരിക്കണം.<br>b) പുതിയതായി നിർമ്മിക്കേണ്ടിടത്ത് പി.ടി.എ യുടെ ആഭിമുഖ്യത്തിൽ വേണ്ട നടപടികൾ കൈകൊള്ളണം.<br>c) ശരിയായ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആരോഗ്യവകുപ്പ് ജീവനക്കാരുടെ സമയബന്ധിതമായ പരിശോധന നിർബന്ധമാക്കണം.<br>d) ശുചിത്വബോധം കുട്ടികളിൽ ഉണ്ടാക്കുന്നതിന് അദ്ധ്യാപകരും ആരോഗ്യവകുപ്പ് ജീവനക്കാരും ചേർന്ന് ബോധവൽക്കരണം നടത്തണം.<br>e) പരിസരനിവാസികൾ ഇത് ഉപയോഗിക്കുന്നത് കർശനമായി തടയണം. |
| 2. **ടി. എച്ച്. എസ്. ഒഴികെ ചുറ്റുമതിൽ ചിലതിൽ ഭാഗികമായും മറ്റ് ചിലതുകൾക്ക് തീരെയുമില്ല.** | 2. പി.ടി.എ യുടെ സഹകരണത്തോടെ പഞ്ചായത്ത് മുൻകൈ എടുത്ത് ചുററുമതിൽ കെട്ടണം. |
| IV. 1. **C.A.L.P.S, പന്നിപ്പെരുന്തല, A.U.P.S, അപ്പപ്പിള്ളയൂർ എന്നീ വിദ്യാലയങ്ങളിൽ കളിസ്ഥലങ്ങൾ ഇല്ല.** | 1. നാട്ടുകാരുടെ സഹായസഹകരണത്തോടെ കളിസ്ഥലങ്ങൾ ഉണ്ടാക്കണം. |
| 2. **കളിക്കുവാനുള്ള സാമഗ്രികളില്ല.** | 2. പഞ്ചായത്തിൻെറയും, സന്നദ്ധസംഘടനകളുടോയും, സഹായത്തോടെ ഇവ ലഭ്യമാക്കണം. |
| 3. **കുട്ടികളുടെ കായികമത്സരങ്ങളിലെ പിന്നോക്കാവസ്ഥ.** | 3. കായികാദ്ധ്യാപകരെ എല്ലാ സ്ക്കുകളിലും നിയമിക്കണം. |
| 4. **പലസ്ക്കുളിലും സ്റ്റേജ് ഇല്ല.** | 4. സ്റ്റേജുകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കണം. |
| V. 1. **A.U.P.S, അപ്പൂപ്പിള്ളയൂർ, A.L.P.S, കുറ്റിപ്പള്ളം, G.U.P.S, അത്തിക്കോട്, എന്നീ വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണത്തിനുള്ള പാചകമുറിയില്ല.** | 1. പി.ടി.എയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് മുൻകൈയെടുത്ത് നിർമ്മിക്കേണ്ടതാണ്. |
| 2. **ഉച്ചഭക്ഷണപരിപാടിതീരെകാര്യക്ഷമമല്ല.** | 2. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള (അരി, പയർ, ഒഴികെ,) സാധനങ്ങൾ കൃത്യസമയത്ത് വേണ്ടത്ര ലഭ്യമാക്കന്നതിനുള്ള ഫണ്ട് മാസാമാസം അനുവദിക്കണം |
| 3. **പാചകമുറിയിൽ നിന്നുള്ള പുകയും മറ്റും** | 3. a) പുകയില്ലാത്ത അടുപ്പുസ്ഥാപിക്കണം. |

| | |
|---|---|
| ക്ലാസ്സുകളിലെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. | b) പ്രസ്തുത ഫണ്ടിൻെറ വിനിയോഗം സംബന്ധിച്ച കണക്ക് പഞ്ചായത്ത് നേരിട്ടു പരിശോധിക്കണം.<br>c) ഭക്ഷണവിതരണം പഞ്ചായത്ത് സമിതിയുടെയും വിദ്യാഭ്യാസ സമിതിയുടെയും മിന്നൽ പരിശോധനവഴി വിലയിരുത്തണം.<br>d) ഉച്ചഭക്ഷണത്തിൻെറ ഗുണവും മേന്മയും വർദ്ധിപ്പിക്കുവാൻ വർഷാരംഭത്തിൽത്തന്നെ ബെനിഫിറ്റ് ഷോ തുടങ്ങി മറ്റ് വഴികളിലൂടെ ഫണ്ട് സ്വരൂപിക്കണം. |
| 4. ജി.എൽ.പി.എസ്. മാഞ്ചിറ, ജി.എൽ.പി.എസ്. പന്നിപ്പെരുന്തല എന്നീ വിദ്യാലയങ്ങലിൽ കിണറുകളില്ല. | 4. കെ.ഡബ്ലിയു.എ യുടെ പൈപ്പ്കണക്ഷൻ എടുത്ത് പ്രശ്നം പരിഹരിക്കണം. |
| 5. എല്ലാ സ്ക്കൂളുകളിലും ശുദ്ധജലം ലഭ്യമാക്കണം. | 5. നിലവിലുള്ള കിണറുകൾ യഥാസമയം സന്നദ്ധപ്രവർത്തകരുടേയും ആരോഗ്യവകുപ്പു പ്രവർത്തകരുടേയും സഹകരണത്തോടെ വൃത്തിയാക്കേണ്ടതാണ്. |
| VI 1. ജി.എൽ.പി.എസ്. , അരണ്ടപ്പള്ളം, A.L.P.S, കുറ്റിപ്പള്ളം, ജി.എൽ.പി.എസ്, മാഞ്ചിറ, സി.എ.എൽ.പി.എസ്. പന്നിപ്പെരുന്തല എന്നീ വിദ്യാലയങ്ങൾ വൈദ്യുതീകരിച്ചിട്ടില്ല. | 1. വൈദ്യുതീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. |
| VII. 1. പാഠപുസ്തകങ്ങൾ യഥാസമയം കിട്ടുന്നില്ല. | 1. പാഠപുസ്തകങ്ങൾ കൃത്യസമയത്തുതന്നെ കുട്ടികൾക്കു ലഭ്യമാക്കുവാനുള്ള ഉത്തരവാദിത്വം ഹെഡ്മാസ്റ്ററിൽ നിക്ഷിപ്തമാക്കുക. |
| 2. നോട്ടുപുസ്തകങ്ങളുടെ വിലക്കയററവും ദൗർലഭ്യവും. | 2. a) തൽപ്പരരായ കുട്ടികളെക്കൊണ്ട് വിവിധ തരത്തിലുള്ള നോട്ടുപുസ്തകങ്ങൾ തയ്യാറാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.<br>b) സ്കൂളുകളിലുള്ള സഹകരണ സ്ഥാപനങ്ങളെ ഫലപ്രദമായി ഉപയോഗിക്കുക. |
| VIII. 1. വേണ്ടത്ര അദ്ധ്യാപകരെതക്കസമയത്ത് നിയമിക്കുന്നില്ല. | 1. അദ്ധ്യയനവർഷാരംഭത്തിനു മുൻപുതന്നെ ഒഴിവുകൾ തിട്ടപ്പെടുത്തി വേണ്ടത്രഅദ്ധ്യാപകരേ നിയമിക്കുവാൻ പഞ്ചായത്തു സമിതി മേൽനേട്ടം വഹിക്കുകയും, ഉറപ്പുവരുത്തുകയും വേണം. അവധികളിൽ പോകുന്ന അദ്ധ്യാപകരുടെ ഒഴിവുകളും താൽക്കാലിക നിയമനം വഴി നികത്തേണ്ടതാണ്. നടന്നുവരുന്ന വിദ്യാഭ്യാസ സർവ്വെ റിപ്പോർട്ടിൻെറടിസ്ഥാനത്തിൽ തക്ക നടപടികൾ കൈക്കൊള്ളുവാൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കുക. |
| 2. ഇപ്പോൾ നിലനിൽക്കുന്നസിലബസ് പൂർണ്ണമായും നല്ലരീതിയിലും, പഠിപ്പുക്കുവാനും പഠിക്കുവാനും സാധിക്കുന്നില്ല. | 2. അംഗീകൃത മാനദണ്ഡമനുസരിച്ച് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:31 ആണ്. മിക്ക വിദ്യാലയങ്ങലിലും വിദ്യാർത്ഥികളുടെ അനുപാതം വളരെകൂടുതലാണ്. അദ്ധ്യാപകരുടെ എണ്ണം വർദ്ധിപ്പിച്ച് ഇത് കുറച്ചുകൊണ്ടുവരണം. ഇതിനു പുറമേ പ്രവൃത്തിദിവസങ്ങളുടേയും, പീരിയ്ഡ്കളുടേയും പരിമിതിക്കുള്ളിൽ പഠിപ്പിച്ചു തീർക്കാവുന്നവിധത്തിൽ സിലബസ് പുനഃക്രമീകരിക്കണം. |
| 3. അദ്ധ്യാപകരെ അദ്ധ്യാപനത്തിനല്ലാതെ നിയോഗിക്കുന്നത് പഠനം മുടക്കുന്നു. | 3. അദ്ധ്യാപകരെ "CENSUS" തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നതു ഒഴിവാക്കണം |
| 4. കൂട്ടക്ലാസ്സുകയറ്റം പഠനനിലവാരം തകരുന്നതിനു കാരണമാകുന്നു. | 4. ഈ സമ്പ്രദായം പുന :പരിശോധിക്കേണ്ടതാണ്. |
| IX. 1. കുട്ടികൾ മനഃപൂർവ്വം സ്ക്കുളുകളിൽ ഹാജരാകുന്നില്ല. | 1. രക്ഷിതാക്കളുടെ ബോധവൽക്കരണം വഴി പരിഹരിക്കേണ്ടതാണ്. |
| 2. അദ്ധ്യാപകരടെ സേവനസന്നദ്ധത അവസര | 2. അദ്ധ്യാപകരെ തുടർപരിശീലനങ്ങൾക്ക് യഥാകാലം വിധേയ |

| | | | |
|---|---|---|---|
| | ത്തിനൊത്ത് ഉയരുന്നില്ല. | | രാക്കുകയും അവരുടെ ഓരോത്തരുടെയും സേവനങ്ങളെയും വീഴ്ചകളേയും പറ്റി പരിശോധിക്കുവാൻ പി.ടി.എ. ക്കും പഞ്ചായത്ത് ഭരണസമിതികൾക്കും അധികാരവും ഉത്തരവാദിത്വവും നൽക്കുക. |
| 3. | വിദ്യാർത്ഥികൾക്ക് യഥാസമയം യൂണിറ്റ് ടെസ്റ്റുകളോ ഗൃഹപാഠങ്ങളോ നൽകുന്നില്ല. | 3. | യഥാസമയം യൂണിറ്റ് ടെസ്റ്റുകളും ഗൃഹപാഠങ്ങളും കൊടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. |
| X. 1. | എല്ലാ വിദ്യാലയങ്ങളിലേയും പി.ടി.എ. പ്രവർത്തനം കാര്യക്ഷമമല്ല. | 1. | പഞ്ചായത്തിലെഎല്ലാവാർഡുകളിലേയും വിദ്യാഭ്യാസതൽപ്പരരേയും വിദഗ്ധരേയും വാർഡ് മെമ്പറന്മാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദഗ്ദസമിതിക്കുരുപം കൊടുക്കണം. ഈ സമിതിയിലെ അംഗങ്ങളെക്കുടി ഉൾപ്പെടുത്തിക്കൊണ്ട് അതാതുസ്ക്കുളുകളിലെ പി.ടി.എ പുനഃസംഘടിപ്പിക്കണം. പി.ടി.എ. യോഗങ്ങളിൽ യു.പി., ഹൈസ്ക്കുൾ തലത്തിലെങ്കിലും വിദ്യാർത്ഥി പ്രതിനിധികളെകുടു ഉൾപ്പെടുത്തണം. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിന്റെ വാർഡ്തല രക്ഷാകർത്തൃസമിതിക്കുരുപം നൽകണം. ഇത് രക്ഷാകർത്താക്കളുടെ പങ്കാളിത്തം വർദ്ധിപ്പുക്കും. |
| 2. | പി.ടി.എ. യുടെ ഫലപ്രദമായ പ്രവർത്തനത്തിന് പ്രോത്സാഹനം ഇല്ല. | 2. | വിദ്യാർത്ഥികളുടെ എണ്ണത്തിനു ആനുപാതികമായി കഴിയാവുന്ന ധനസഹായം പഞ്ചായത്ത് നൽക്കുകയും പി.ടി.എ.യുടെ ആഭിമുഖ്യത്തിലുള്ള ഫണ്ട് സമാഹാരത്തിന്റെയും വിനിയോഗത്തിന്റെയും കണക്കുകൾ പഞ്ചായത്തിന്റെ പരിശോധനക്കു വിധേയമാക്കുകയും വേണം. |
| 3. | മാതൃസംഗമങ്ങൾ ഫലപ്രദമല്ല. | 3. | മാതൃസംഗമങ്ങൾ ഫലപ്രദമാക്കണം. |
| 4. | T.H.S ഒഴികെ പഞ്ചായത്തിലെ മററു വിദ്യാലയങ്ങളിലെ വിജയശതമാനം വളരെ കുറവാണ്. | 4. | പഞ്ചായത്തിൽ രൂപീകരിക്കുന്ന വിദ്യാഭ്യാസ വിദഗ്ദസമിതിയുടെ മേൽ നോട്ടത്തിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ വിലയിരുത്തുവാനും സ്ക്കുൾ കോപ്ലക്സുകളുടെ ഫലപ്രദമായ പ്രവർത്തനങ്ങൾ വിലയിരുത്തിയും ഇതു പരിഹരിക്കേണ്ടതാണ്. |
| XI. 1. | ദൃശ്യ ശ്രാവ്യ ഉപകരണങ്ങളില്ല. | 1. | എല്ലാസ്ക്കുളുകളിലും ദൃശ്യശ്രാവ്യഉപകരണങ്ങൾ ലഭ്യമാക്കുക. |
| XII.1. | ലംസംഗ്രാൻറ് തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ ഉദ്ദിഷ്ടലക്ഷ്യം നിറവേറ്റുന്നില്ല. | 1. | പ്രസ്തുത സഹായം പണമായല്ലാതെ പഠനസാമഗ്രകളായി നൽകേണ്ടതാണ്. |
| 2. | നിർധനരായ എല്ലാ കുട്ടികൾക്കും സാമ്പത്തിക സഹായം ലഭിക്കുന്നില്ല. | 2. | നിർധനരായ മററു വിഭാഗത്തിലെ കുട്ടികൾക്കും ഈ ആനുകുല്യം നടപ്പിലാക്കണം. |
| XIII. 1. | കലാപരമായ മത്സരങ്ങളിൽ ഈ പഞ്ചായത്തിലെ കുട്ടികൾ താരതമ്യേന പിറകിലാണ്. | 1. | യു.പി. ഹൈസ്ക്കുൾ തലങ്ങളിലെങ്കിലും വിവിധ കലാപഠനങ്ങൾക്കുവേണ്ട അദ്ധ്യാപകരേ നിയമിക്കണം. |
| 2. | വിദ്യാർത്ഥികളിൽ പ്രവൃത്തിപരിചയ സമ്പന്നത കുറവാണ്. | 2. | ക്രാഫ്റ്റ് തുടങ്ങിയ വിഷയങ്ങളിൽ അദ്ധ്യാപകരേ നിയമിക്കേണ്ടതാണ്. |
| 3. | വിദ്യാർത്ഥികളിൽ കാർഷികഭിവൃദ്ധിയോടുളള അഭിരുചികുറഞ്ഞു. | 3. | വിദ്യാലയങ്ങളിൽ തോട്ടങ്ങൾ വെച്ചു പിടിപ്പിക്കുവാനുള്ള പ്രോത്സാഹനം നൽകേണ്ടതാണ്. |
| XIV. 1. | സാക്ഷരതാ പ്രവർത്തനം ഫലപ്രദമല്ല. | 1. | തുടർസാക്ഷരതാ പരിപാടി ആരംഭിക്കണം. |
| XV. a) | I. Tസെൻററിന് സ്വന്തമായി കെട്ടിടമില്ല. | a) | പഞ്ചായത്ത് പൊതുജനങ്ങളുടെസ്ഥലം കൊടുക്കുമെങ്കിൽ ബന്ധപ്പെട്ടവകുപ്പ് കെട്ടിടം പണിചെയ്തു കൊടുക്കും. |
| b) | സ്ഥിരമായി അദ്ധ്യാപകരില്ല. | b) | സ്ഥിരമായ അദ്ധ്യാപകരെ നിയമിക്കണം. |
| c) | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വളരെ പരിമിതമാണ്. | c) | വിവിധവിഷയങ്ങൾ പാഠ്യവിഷയത്തിൽ ഉൾപ്പെടുത്താൻ പടിപ്പടിയായി ശ്രമിക്കണം. |



# 5.5 കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ഈ പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സുകൾ സ്വകാര്യ കിണറുകൾ, പൊതു കിണറുകൾ, കുഴൽ കിണറുകൾ പൈപ്പ് ലൈനുകൾ, കുഴികൾ എന്നിവയാണ്. (പട്ടിക 1) ൽ കിണറുകളുടെ വിശദാംശം കൊടുത്തിരിക്കുന്നു.

പട്ടിക 1

**നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ ശുദ്ധജല കിണറുകൾ**

| ക്രമ നമ്പർ | വാർഡ് നമ്പർ | കിണർ | | |
|---|---|---|---|---|
| | | സാനിററികൾ | സാധാരണ കിണർ | കുഴൽ കിണർ |
| 1. | I | 18 | 65 | -- |
| 2. | II | 30 | 112 | -- |
| 3. | III | 38 | 76 | 1 |
| 4. | IV | 42 | 88 | 2 |
| 5. | V | 30 | 106 | 1 |
| 6. | VI | 26 | 121 | 1 |
| 7. | VII | 41 | 121 | 1 |
| 8. | VIII | 71 | 146 | 1 |
| 9. | IX | 32 | 137 | 1 |
| 10. | X | 28 | 152 | 4 |
| 11. | XI | 32 | 113 | 2 |
| 12. | XII | 45 | 96 | 1 |
| ആകെ | **12** | **433** | **1333** | **15** |

മൊത്തമുള്ള 6902 വീടുകളിൽ സ്വകാര്യ/പൊതു കിണറുകർ വഴിയും, പൊതു/സ്വകാര്യ പൈപ്പുകൾ, കുഴൽ കിണറുകൾ വഴിയും കുടി വെള്ളം ലഭ്യമായ വീടുകൾ ഏകദേശം 4000 ആണ്. ബാക്കിയുള്ളവർ മററു കുടുംബങ്ങളെ ആശ്രയിക്കുന്നു. (പട്ടിക 2)

പട്ടിക 2

## നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വർഷം | സ്വഭാവം | സംഭരണ ശേഷി | ആകെ പൈപ്പ് ലൈൻ | ടാപ്പ് | | അനുഭവ യോഗ്യമായ പ്രദേശങ്ങൾ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | | | പൊതു | സ്വകാര്യം | | |
| 1. | മാട്ടുമന്ത ശുദ്ധജല വിതരണ പദ്ധതി | 1964 | കിണർ | 22,500 ലിററർ | 4000 മീററർ | 18 | -- | 6, 7, 8, 9 ഭാഗികമായി. | |
| 2. | നല്ലേപ്പുള്ളി ശുദ്ധജല വിതരണ പദ്ധതി | 1980 | കുഴൽ കിണർ | 2,25 ലക്ഷം ലിററർ | 23കി.മീ | 126 | 316 | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഭാഗീകമായി. | |
| 3. | ആലാംകടവ് ശുദ്ധജല വിതരണ പദ്ധതി | 1983 | കുഴൽ കിണർ | | 4000 മീററർ | 20 | -- | ആലാംകടവ്, കണക്കമ്പാറ ഹരിജൻ കോളനി, വാക്കിനിച്ചള്ള. | |
| 4. | വീരംപൊററ ശുദ്ധജല വിതരണ പദ്ധതി | 93-94 | കുഴൽ കിണർ | | 4300 മീററർ | 16 | -- | കുറുക്കംപ്പൊററ, ഇരട്ടക്കുളം കഴനിക്കുളം, അപ്പുപ്പിള്ളയൂർ ഭാഗികമായി. | |
| | | | | | | 180 | 316 | | |

നല്ലേപ്പിള്ളിയിൽ കേരളാ വാട്ടർ അതോറിററി ശുദ്ധജല വിതരണം നടത്തിവരുന്നു. പട്ടിക 2 നോക്കുക. ഇന്നനുവദിച്ചിട്ടുള്ള സ്വകാര്യ/പൊതു ടാപ്പുകളിൽ മുഴുവൻ സമയവും വെള്ളം കിട്ടാറില്ല. അതുപോലെ ഇന്നുള്ള സ്വകാര്യ/പൊതു കിണറുകളിൽ മിക്കതും നേരിട്ടുപയോഗിക്കത്തക്ക രീതിയിൽ ശുദ്ധമല്ല. ഉപ്പുരസം കാണുന്ന കിണറുകൾ ഈ പ്രദേശത്ത് ധാരാളമുണ്ട്. പഞ്ചായത്തിൽ കൈകൊണ്ടു പ്രവർത്തിപ്പിക്കാവുന്ന 15 ഓളം കുഴൽ കിണറുകൾ ഉണ്ട്. അതിലെ ജല ലഭ്യത വേനൽക്കാലങ്ങളിൽ വളരെ കുറവും ചിലതിലേത് ഉപയോഗ ശൂന്യവുമാണ്. 1995-96 വർഷത്തിൽ 460 ജലജന്യ രോഗങ്ങളുണ്ടായിട്ടുണ്ട്.

മേൽപ്പറഞ്ഞ വസ്തുതകൾ പരിശോധിക്കുമ്പോൾ ഏകദേശം 3000 ത്തിനടുത്ത് കുടുംബങ്ങൾ ശുദ്ധ ജലത്തിന് മററുള്ളവരുടെ കിണറുകളെ ആശ്രയിക്കുന്നു. ഈ പഞ്ചായത്തിലെ 1, 5, 10, 11, 12 എന്നീ വാർഡുകളിൽ എല്ലാക്കാലത്തും 2, 3, 4, 6, 7, 8, 9 വാർഡുകളിൽ വേനൽക്കാലങ്ങളിലും കുടിവെള്ള ക്ഷാമമുണ്ട്.

പൊതു കിണറുകൾ വൃത്തിയാക്കുന്നതിനുള്ള പദ്ധതി പഞ്ചായത്തു തലത്തിൽ ഉണ്ടായിരുന്നുവെങ്കിലും കിണറുകൾ ഭൂരിഭാഗവും വൃത്തിയാക്കിയിട്ടില്ല.

കുററിപ്പള്ളം ലക്ഷം വീടുകോളനിയിൽ കുഴൽ കിണറിൽ നിന്നും 3000 മീററർ പൈപ്പ് ലൈൻ വഴി ടാപ്പുകൾ ഘടിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതിയും വീരൻപൊററ കുഴൽ കിണറിൽ നിന്നും 3250 മീററർ പൈപ്പ് ലൈൻ വഴി 15 ഓളം ടാപ്പുകൾ ഘടിപ്പിച്ചുള്ള പദ്ധതിയും നടപ്പിലാക്കികൊണ്ടിരിക്കുന്നു.

നല്ലേപ്പുള്ളി, തെക്കേദേശം വില്ലേജുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ 1989 ൽ തുടങ്ങിയ ഒരു പദ്ധതി പല കാരണങ്ങളാലും ഇതുവരെ നടത്തിയിട്ടില്ല. ആയതിനുള്ള അടിയന്തിര നടപടികൾ ഉടനെ ആരംഭിക്കണം. ചിററൂർ പുഴയിൽ തടയണകൾ കെട്ടി സമീപ വാർഡുകളിലേക്ക് വെള്ളമെത്തിക്കാൻ കഴിയുന്നതാണ്. അതിനുള്ള ശ്രമങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കണം. K.W.A യുടെ ഈ നിർദ്ദേശം പരിഗണിക്കേണ്ടതാണ്.

ചിററൂർ പുഴയിൽ തടയണകൾ കെട്ടി സമീപ വാർഡുകളിലേക്ക് കുടിവെള്ളമെത്തിക്കാൻ കഴിയുന്നതാണ്. അതിനുള്ള ശ്രമങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കണം. ഈ വാർഡിലെ മാനാംകുററി പ്രദേശത്തെ ഭൂരിഭാഗം കിണറുകളിലും ഉപ്പുവെള്ളമാണ്. മേൽപ്പറഞ്ഞ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തു പദ്ധതികൾ വഴിയും സ്വകാര്യ കിണറുകൾ കുഴിക്കുന്നതിനുള്ള വായ്പകൾ നൽകിയും എല്ലാപേർക്കും 200 മീറ്ററിനകത്ത് കുടിവെള്ളം എത്തിക്കേണ്ടിയിരിക്കുന്നു.

| | പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|---|
| 1. | കേണംപുള്ളി IHDP കോളനിയിൽ ശുദ്ധജലക്ഷാമം രൂക്ഷമാണ്. | ചിററൂർ തത്തമംഗലം നഗരസഭയിൽ നിന്നുള്ള ശുദ്ധജല വിതരണ പദ്ധതി ഇവിടേക്ക് നീട്ടുന്നതിനുള്ള 6 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുന്നു. |
| 2. | 1 മുതൽ 12 വരെയുള്ള വാർഡുകളിൽ പട്ടിക ഒന്നിൽ കാണിച്ചിട്ടുള്ള കുഴിക്കിണറുകൾ ഉൾപ്പെടുയുള്ള വ്യക്തിഗത കിണറുകളിൽ വെള്ളത്തിനുള്ള ഗുണനിലവാരം മെച്ചപ്പെടുത്തണം. | കുഴിയുടെ മുകൾഭാഗം പ്ലാററ്ഫോം സഹിതം ചുററുമതിൽ കെട്ടുന്നതിന് വ്യക്തികൾക്ക് സാമ്പത്തിക സഹായം നൽകേണ്ടതാണ്. പഞ്ചായത്തിൽ ജലസമിതി ഉണ്ടാക്കി ചിട്ടപ്പെടുത്തേണ്ടതാണ്. |
| 3. | 5-ാം വാർഡിൽ അപ്പുപ്പിള്ളയൂരിൽപ്പെട്ട 200 ഓളം കുടുംബങ്ങൾക്ക് കഠിനമായ കുടിവെള്ളക്ഷാമം ഉണ്ട്. | വീരംപ്പൊററയിലെ കുഴൽകിണറിൻെറ പൈപ്പ് ലൈൻ നീട്ടിവെള്ളം വിതരണം ചെയ്യേണ്ടതാണ്. |
| 4. | 10-ാം വാർഡിൽ മാനംകുററി, തൻട്രാക്ക് പ്രദേശത്ത് 250 ഓളം വീടുകൾക്ക് നിലവിലുള്ള കിണറുകളിൽ ഉപ്പുവെള്ളമാണ്. (Hard water) ഉപയോഗശൂന്യമാണ്. | വാട്ടർ അതോറിററിയുടെ തൻട്രാക്ക് ബോർവെല്ലിൽ നിന്നും പൈപ്പ് ലൈൻ നീട്ടി ഇവിടങ്ങളിലേക്ക് ശുദ്ധജലം എത്തിക്കണം.<br>ഇപ്പോൾ ലഭ്യമായ ജലം ശാസ്ത്രീയ പരിശോധന നടത്തി പരിഹാരം കാണണം. |
| 5. | 11-ാം വാർഡിൽ കണക്കംപാറ, വാക്കിനിചള്ള പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഉദ്ദേശം 300 വീടുകൾ ഉണ്ട്. | കരിഞ്ഞാലിപ്പള്ളം കുഴൽകിണറിൽ നിന്നും ഉള്ള വെള്ളം പൈപ്പ് ലൈൻ നീട്ടി ഇവിടങ്ങളിലേക്ക് എത്തിക്കണം. |
| 6. | 12-ാം വാർഡിൽ മേട്ടുക്കട കുപ്പയ്യൻചള്ള 4-ാം, 5-ാം മൈൽ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളത്തിനു കടുത്ത ക്ഷാമം.<br>5-ാം മൈൽ 200 വീട് 4-ാം മൈൽ 50 വീട്<br>കുപ്പയ്യൻചള്ള 70 വീട് | കൊഴിഞ്ഞാമ്പാറ പഞ്ചായത്ത് നടപ്പാക്കൻ ഉദ്ദേശിക്കുന്ന കുന്നംകാട്ടുപതി ലിഫ്ററ് ഇറിഗേഷൻ പദ്ധതിയിൽ നിന്നും വെള്ളം ശുദ്ധീകരിച്ച് പൈപ്പ് ലൈൻ നിട്ടി ഈ പ്രദേശങ്ങളിൽ വെള്ളം എത്തിക്കേണ്ടതാണ്. |
| 7. | പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് കിണറുകളിൽ വെള്ളം കുറയാറുണ്ട്. | പഞ്ചായത്തിലെ ജലസമിതി സാങ്കേതിക സഹായം ഉൾപ്പെടുത്തി വിശദമായ പഠനം നടത്തി കിണറുകളുടെ ആഴം കൂട്ടുന്ന തുൾപ്പെടെയുള്ള പ്രവർത്തനം ചെയ്യാവുന്നതാണ്. |
| 8. | പഞ്ചായത്തിൽ 100 ഓളം കുടുംബങ്ങൾക്ക് സ്വന്തമായി കിണറുകൾ കുഴിക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. | സ്വന്തമായി കിണറ് കുഴിക്കുന്നതിനു സബ്സിഡി യോടുകൂടി ലോൺ നൽകേണ്ടതാണ്. |
| 9. | മാഞ്ചിറ ജി.എൽ.പി. സ്കൂൾ, പന്നിപ്പെരുന്തല എ.എൽ. പി. സ്കൂൾ എന്നിവടങ്ങളിൽ കുടിവെള്ളം ലഭ്യമല്ല. | സ്കൂളിനുമുമ്പിലുള്ള K.W.A യുടെ പൈപ്പ് ലൈനിൽ നിന്നും കിണക്ഷൻ എടുക്കുവാൻ അപേക്ഷ നൽകേണ്ടതാണ്. ആയതിനുള്ള ചിലവ് PTA വഹിക്കേണ്ടതാണ്. |
| 10. | പൊതുകിണറുകൾ വൃത്തിഹീനമായി കിടക്കുന്നു. | അതതു പ്രദേശത്തെ ജനകീയപങ്കാളിത്തത്തോടെയും ആരോഗ്യവകുപ്പ് ജീവനക്കാരുടെ സഹായം ഉറപ്പുവരുത്തിയും കിണറുകൾ കാലാകാലം ശുദ്ധീകരിക്കണം. |
| 11. | ശുദ്ധജലപൈപ്പുകൾ പൊട്ടി വെള്ളം വൃത്തികേടാക്കുക, വിതരണത്തിന് വേണ്ടത്ര വെള്ളം കിട്ടാതിരിക്കുക എന്നിവ പ്രശ്നമാണ്. | പരാതികളിന്മേൽ KWA നടപടികൾ കൈക്കൊള്ളുവാൻ കാലതാമസം വരുത്തുമ്പോൾ പഞ്ചായത്ത് സമിതി ഉൾപ്പെട്ട് പ്രശ്നം പരിഹരിക്കേണ്ടതാണ് |

# പൊതുജനാരോഗ്യം

നല്ലേപ്പിള്ളി പഞ്ചായത്തിൽ, സ്വാതന്ത്ര്യലബ്ദിക്കുമുമ്പ് നാട്ടു വൈദ്യന്മാരുടെ ചികിത്സാസമ്പ്രദായവും ഹോമിയോപ്പതി ചികിത്സയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അലോപ്പതി ചികിത്സ കിട്ടിയിരുന്നതു അഞ്ചു കിലോമീററർ അകലെ ചിററൂർ കൊഴിഞ്ഞാമ്പാറ എന്നിവിടങ്ങളിലെ സർക്കാർ ധർമ്മാശുപത്രികളിൽ നിന്നായിരുന്നു 1948 ൽ പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിച്ചു. ഇതേ കാലത്തുതന്നെ ഡോ. ആർ.വി. നാഥൻ ഹോമിയോ ക്ലിനിക് കേന്ദ്രവും, നല്ലേപ്പിള്ളിയിൽ രാമൻകുട്ടി വൈദ്യരുടെ പച്ചമരുന്നു ചികിത്സയും ഏഴാം വാർഡിൽ ആണ്ടിത്തറയിൽ ചിന്നയ്യ വൈദ്യരുടെ നാഡി വൈദ്യവും മററു യുനാനി സിദ്ധ വൈദ്യമുറകളും ജനങ്ങൾക്ക് ആശ്വാസം നൽകി.

1980 ൽ പഞ്ചായത്തിൽ ഇന്നു നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിതമായി. ഇതിന്റെ കീഴിൽ 8 സബ് സെൻററുകളും പ്രവർത്തിക്കുന്നു. (പട്ടിക 1). അഞ്ചു സബ് സെൻററുകൾ പ്രവർത്തിക്കുന്നത് അതതു വാർഡുകളിലെ സ്വകാര്യ വ്യക്തികളുടെ വീടുകളിലാണ്. അതുകൊണ്ടുതന്നെ പ്രവർത്തനം കാര്യക്ഷമമല്ല. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് 1979-'80 കാലത്ത്

പട്ടിക 1

പൊതു ആരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതി വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്ഥിരമോ വാടകക്കോ | സ്ഥാപിത വർഷം | എണ്ണം | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|---|
| 1. | പ്രാഥമിക ആരോഗ്യ കേന്ദ്രം | അലോപ്പതി | വാടകയില്ലാത്ത സ്വകാര്യ കെട്ടിടം | 1980 | 1 | 20 | 1) പഞ്ചായത്ത് ഏറെറടുത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കേണ്ടതാണ്. 2) പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു വേണ്ട ഫർണിച്ചറുകൾ, ഉപകരണങ്ങൾ മുതലായവ ലഭ്യമാക്കണം. 3) ലെപ്രസി സെൻറർ (SET) തസ്തിക യോടൊപ്പം ആരോഗ്യ കേന്ദ്രത്തിന്റെ കീഴിലാക്കണം. 4) വാഹന സൗകര്യം ലഭ്യമാക്കണം. 5) സ്റ്റാഫ്നേഴ്സ് തസ്തിക സൃഷ്ടിക്കണം. 6) ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, നേഴ്സിംഗ് അസിസ്റ്റൻറ് എന്നി ഒഴിവു നികത്തണം. |
| | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളുടെ കണക്ക് | നിലവിൽ 8 ഉപകേന്ദ്രങ്ങൾ ഉണ്ട് | സ്വന്തം കെട്ടിടം ഉള്ളത് 3 | | | | |
| | | | P.H.C. യോട് ചേർന്നത് 1 സ്വകാര്യ കെട്ടിടം 4 | 1964<br>1984 | 2<br>6 | 8 | 1) 4 ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും വേണം. 2) 8 ഫീമെയിൽ അററൻറർ തസ്തിക സൃഷ്ടിക്കണം. |
| 2. | ആയുർവേദ ഡിസ്പൻസറി | ആയുർവേദം | വാടക കെട്ടിടം | 1948 | 1 | 4 | 1) സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കണം. ഡിസ്പെൻസറിക്ക് ആവശ്യമായ ഫർണിച്ചറുകളും, ഗ്യാസ് കണക്ഷൻ, ഉപകരണങ്ങൾ ലഭ്യമാക്കണം. |

സ്വന്തമായി കെട്ടിടം പണിയുവാൻ ഒരേക്കർ സ്ഥലം വാങ്ങുകയും, ചുററുമതിൽ കെട്ടുകയും, അന്നത്തെ പ്ലാൻ അനുസരിച്ച് തറ പണിയുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെ യാതൊരു തുടർപ്രവർത്തനവും നടന്നിട്ടില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന വാടകയില്ലാത്ത കെട്ടിടത്തിൻെറ ഭാഗം ഇടിഞ്ഞു വീണതിനാൽ ജീവനക്കാർക്കും വരുന്ന രോഗികൾക്കും ഒട്ടും സുരക്ഷിതമല്ലാത്ത അവസ്ഥയാണ്. ഈ കേന്ദ്രത്തിൽ വൈദ്യുതി കുടിവെള്ളം ഒന്നും ലഭ്യമല്ല. മാത്രമല്ല സ്വന്തം കെട്ടിടം പണിത് പ്രവർത്തനം മെച്ചപ്പെടു ത്തുകയും കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുകയും വേണമെന്ന് ജനങ്ങൾ ആവശ്യപ്പെടുന്നു.

സബ്ബ് സെൻററുകളുടെ ശോചനീയാവസ്ഥയും പ്രവർത്തനങ്ങളിലുള്ള പരിമിതിയും ഇവിടെ ചേർത്ത പട്ടിക പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

അരനൂററാണ്ട് പ്രായമാകുന്ന നല്ലേപ്പിള്ളി ആയുർവേദ ഡിസ്പെൻസറിക്ക് നാളിതുവരെ സ്വന്തമായ കെട്ടിടമുണ്ടായിട്ടില്ല. കെട്ടിട ഉടമകളുടെ സൗകര്യാർത്ഥം കെട്ടിടങ്ങൾ ഒഴിഞ്ഞ് പുതിയ കെട്ടിടങ്ങളിലേക്ക് ഇടയ്ക്കിടെ മാറേറണ്ട അവസ്ഥയും വന്നുകൂടുന്നു. നമ്മുടെ നാട്ടിൽ ആയുർവേദ ചികിത്സാ സമ്പ്രദായത്തോട് ഇപ്പോൾ ഉണ്ടായിട്ടുള്ള താല്പര്യം കണക്കിലെടുത്ത് ജനങ്ങൾക്ക് ഈ ചികിത്സാ സമ്പ്രദായം ലഭ്യമാക്കണം. ഈ ഡിസ്പെൻസറിക്ക് സ്വന്തമായ കെട്ടിടവും ക്രമേണ കിടത്തി ചികിത്സിക്കാവുന്ന തരത്തിലുള്ള ആസ്പത്രിയും വരണമെന്ന ജനങ്ങളുടെ ശക്തിയായി ആവശ്യം കണക്കിലെടുക്കണം.

സർക്കാർ ഹോമിയോ ചികിത്സാകേന്ദ്രം ഇപ്പോഴില്ല. ഇതുവേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. കുട്ടികൾക്കുള്ള ചികത്സ ഈ സമ്പ്രദായത്തിൽ ഫലപ്രദമാണെന്നു കാണുന്നു.

പി.എച്ച്.സി. ആയുർവേദ ഡിസ്പെൻസറികളിൽ ചികിത്സയ്ക്കായി വരുന്ന രോഗികളുടെ എണ്ണവും പ്രധാന രോഗങ്ങളുടെ പട്ടികയും താഴെ ചേർക്കുന്നു. ഈ കേന്ദ്രങ്ങളിൽ നിന്നു വരുന്ന രോഗികൾക്കായി മരുന്നു വാങ്ങിയതിൻെറ ചെലവും (പട്ടിക 2 ൽ) കാണുക. സ്വകാര്യ ഡോക്ടർമാരുടെ ക്ലീനിക്കുകളിൽ വരുന്ന രോഗികൾക്ക് പുറമെയാണിത്.

പട്ടിക 2

**നല്ലേപ്പിള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വരുന്ന രോഗികളുടെ വിവരവും സ്ഥാപനങ്ങളുടെ ചിലവും**

| വർഷം | രോഗികളുടെ എണ്ണം | | | | | | ചിലവാക്കിയ തുക | | |
|---|---|---|---|---|---|---|---|---|---|
| | തിമിരം | മന്ത് | ക്ഷയം | കുഷ്ഠം | മലമ്പനി | മററുള്ളവ | ശമ്പളം അലവൻസ് | മരുന്ന് ചിലവ് | മററു ചിലവ് |
| 1993-94 | 16 | -- | 70 | 45 | -- | 7875 | -- | -- | -- |
| 1994-95 | 14 | -- | 81 | പുതിയ കേസ് ഇല്ല | 2 | 9110 | -- | -- | -- |
| 1995-96 | 17 | -- | 78 | പുതിയ കേസ് ഇല്ല | 2 | 6015 | 828320 | 4700 | 6046 |
| -- | -- | -- | -- | -- | -- | ആയുർവേദ ഡിസ്പെൻസറി 93-94 | 112096 | -- | -- |
| -- | -- | -- | -- | -- | -- | 94-95 | 140253 | 10015 | -- |
| -- | -- | -- | -- | -- | -- | 95-96 | 174810 | 23209 | -- |

# രോഗാതുരത

ഈ പ്രദേശത്ത് കുടിവെള്ള ക്ഷാമമുണ്ടാകാറുള്ള മാസങ്ങളിലും വേനൽക്കാലത്തും 4, 5, 7, 10, 11, 12 എന്നീ വാർഡുകളിൽ വയറിളക്കം ഛർദ്ദി, ചെങ്കണ്ണ്, ചിക്കൻ പോക്സ് എന്നീ രോഗങ്ങൾ പ്രകടമായി കണ്ടുവരുന്നു. മലമ്പനി, ക്ഷയം, കുഷ്ഠം, മസ്തിഷ്ക്കജ്വരം എന്നീ രോഗങ്ങളും കാണപ്പെടുന്നു. ഇതിനുപുറമെ പരിസര, ദാരിദ്ര, തൊഴിൽജന്യരോഗ ങ്ങളും പഞ്ചായത്തിൽ കാണുന്നുണ്ട്. (പട്ടിക 3 കാണുക)

പട്ടിക 3

**പി.എച്ച്.സി നല്ലേപ്പിള്ളി പകർച്ചവ്യാധി വിവരങ്ങൾ**

| ക്രമ നമ്പർ | വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മററുള്ളവ |
|---|---|---|---|---|---|
| 1 | 1993-94 | 610 | 7 | 970 | 5589 |
| 2. | 1994-95 | 485 | 10 | 450 | 3569 |
| 3. | 1995-96 | 460 | 5 | 462 | 2511 |

1) പകർച്ചവ്യാധികളുടെ രോഗാതുരതകൾ പരിശോധിച്ചപ്പോൾ ജലജന്യരോഗങ്ങൾക്ക് ചെറിയ കുറവ് അനുഭവപ്പെടുന്നതായി കാണുന്നു.
2) പ്രാണിജന്യ രോഗങ്ങളുടെ രോഗാതുരത വർദ്ധിച്ചുവരുന്നത് ശ്രദ്ധിക്കേണ്ടതാണ്.

ആരോഗ്യരംഗത്തെ പ്രവർത്തകർ ലഭ്യമായ സൗകര്യം വെച്ച് പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും നടത്തിവരുന്നു. എങ്കിലും ഈ പ്രവർത്തനങ്ങൾ കുററമററതാക്കി പരിമിതികൾ കുറച്ചുകൊണ്ട് വരണം.

പഞ്ചായത്തിലെ, താരതമ്യേന സ്ഥായീ സ്വഭാവമുള്ള രോഗികളുടെ വിവരം പട്ടിക 4 ൽ കാണിക്കുന്നു. ഒററപ്പെട്ട എയ്ഡ്സ് രോഗവും റിപ്പോർട്ടുചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ 45 കുഷ്ഠരോഗികളുടെ ചികിത്സാർത്ഥം നിയോഗിക്കപ്പെട്ട ജീവനക്കാരൻ ഇപ്പോൾ ചിററൂർ ഗവൺമെൻറ് ആസ്പത്രിയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ചികിത്സാ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല.

പട്ടിക 4

**പഞ്ചായത്തിലെ സ്ഥായിയായ രോഗങ്ങൾ**

| നമ്പർ | രോഗം | രോഗികളുടെ എണ്ണം |
|---|---|---|
| 1. | രക്ത സമ്മർദ്ദം | 112 |
| 2. | പ്രമേഹം | 158 |
| 3. | കാൻസർ | 13 |
| 4. | കുഷ്ഠം | 45 |
| 5. | ക്ഷയം | 229 |
| 6. | ഹൃദ്രോഗം | 13 |

ദേശീയ പോളിയോ നിർമ്മാർജ്ജന പദ്ധതികൾ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. കുടുംബക്ഷേമ പദ്ധതിയുടെ പരിധിയിൽ വരുന്ന ദമ്പതികളിൽ 2700 പേർ, സ്ഥിരമായതും താൽക്കാലികവുമായ സന്താന നിയന്ത്രണ ഉപാധികൾ സ്വീകരിച്ചവരാണ്. (പട്ടിക 5 കാണുക).

പട്ടിക 5

**കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ചവർ**

| ക്രമ നമ്പർ | വാർഡ് നമ്പർ | അർഹരായ സ്ത്രീകൾ | കുടുംബ ക്ഷേമ മാർഗ്ഗങ്ങൾ | | | | ആകെ |
|---|---|---|---|---|---|---|---|
| | | | ലാപ്രോ സ്കോപിക് | I.U.D (കോപ്പർ ടി) | O.P (വീൽസ്) | C.C (നിരോധ്) | |
| 1. | I | 483 | 138 | 16 | 18 | 6 | 178 |
| 2. | II | 172 | 52 | 24 | 5 | 3 | 84 |
| 3. | III | 308 | 65 | 28 | 16 | 2 | 111 |
| 4. | Iv | 332 | 148 | 28 | 26 | 5 | 207 |
| 5. | v | 454 | 262 | 22 | 27 | 8 | 319 |
| 6. | vI | 493 | 212 | 38 | 29 | 17 | 296 |
| 7. | vII | 349 | 109 | 31 | 21 | 7 | 168 |
| 8. | vIII | 318 | 126 | 39 | 24 | 11 | 200 |
| 9. | IX | 294 | 84 | 51 | 26 | 8 | 169 |
| 10. | X | 462 | 284 | 42 | 26 | 18 | 370 |
| 11. | XI | 395 | 171 | 36 | 31 | 10 | 248 |
| 12. | XII | 294 | 178 | 39 | 24 | 11 | 252 |
| ആകെ | **12** | **4354** | **1929** | **394** | **273** | **106** | **2702** |

ഈ പഞ്ചായത്തിലെ C.P.R 80.67% ആണ്. പഞ്ചായത്തിലെ ജനന നിരക്ക് 12.53 ആണ്. ശിശുമരണവും മാതൃ മരണവും ഇല്ല. മരണ നിരക്ക് 5.03 ആണ്. പ്രസവ സംബന്ധമായ വിവരങ്ങൾ (പട്ടിക 6 ൽ) കൊടുത്തിട്ടുണ്ട്. കുട്ടികൾക്കും അമ്മമാർക്കും ബോധവൽക്കരണം നടത്തുന്നതിന് രണ്ട് ശ.എ.എ യൂണിററുകൾ പന്നിപ്പെരുന്തലയിലും കുററിപ്പള്ളത്തും ഉണ്ട്. മററു വാർഡുകളിലും ഇത്തരം പദ്ധതി നടപ്പിലാക്കണം. പഞ്ചായത്തിലെ C.P.R 80.67% (കപ്പിൾ പ്രൊട്ടക്ഷൻ റേറ്റ്)

പട്ടിക 6

പ്രസവ സംബന്ധമായി അമ്മമാരുടെ വിവര പട്ടിക

| ക്രമ നമ്പർ | വാർഡ് നമ്പർ | ഗർഭിണി കളുടെ എണ്ണം | പരിചരണം ലഭിച്ചവർ | ആശുപത്രി യിൽ പ്രസ വിച്ചവർ | വീട്ടിൽ പ്രസവി ച്ചവർ | ഇരുമ്പ് ഗുളിക | T.T I | T.T II | T.T Booster |
|---|---|---|---|---|---|---|---|---|---|
| 1. | I | 39 | 28 | 31 | 3 | 28 | 14 | 8 | 6 |
| 2. | II | 18 | 15 | 14 | 2 | 15 | 8 | 4 | 8 |
| 3. | III | 21 | 14 | 18 | 2 | 14 | 11 | 7 | 7 |
| 4. | IV | 22 | 18 | 18 | 2 | 18 | 10 | 6 | 8 |
| 5. | V | 58 | 39 | 51 | 2 | 39 | 20 | 8 | 12 |
| 6. | VI | 41 | 28 | 30 | 5 | 28 | 15 | 7 | 14 |
| 7. | VII | 22 | 18 | 18 | 3 | 18 | 8 | 8 | 12 |
| 8. | VIII | 19 | 14 | 15 | 1 | 14 | 4 | 7 | 8 |
| 9. | IX | 20 | 14 | 17 | 1 | 14 | 7 | 4 | 9 |
| 10. | X | 24 | 16 | 20 | 2 | 16 | 8 | 11 | 9 |
| 11. | XI | 17 | 10 | 15 | 2 | 10 | 8 | 9 | 4 |
| Total | **11** | **343** | **246** | **277** | **29** | **246** | **120** | **87** | **119** |

സ്കൂൾ കുട്ടികൾക്ക് വൈദ്യ പരിശോധനയും പ്രതിരോധ കുത്തിവെപ്പും ലഭ്യമായ സൗകര്യം വെച്ച് നടത്തിവരുന്നു. ഈ സംവിധാനം കുററമററതാക്കുവാനും ഇക്കാര്യത്തിൽ രക്ഷിതാക്കളുടെ ശ്രദ്ധ പതിപ്പിക്കാനും ബോധവൽക്കരണം നടത്തണം.

ആകെയുള്ള 26 അംഗൻവാടി കേന്ദ്രങ്ങളിലായി മൊത്തം 2083 കുട്ടികളുണ്ട്. ഇവിടെ വിതരണം ചെയ്യുന്ന പോഷകാഹാരം കുറേക്കൂടി സംപുഷ്ടമാക്കണമെന്നും കാര്യക്ഷമമാക്കണമെന്നും എന്ന ആവശ്യം ഉയർന്നിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ പരിശോധനയ്ക്ക് മാസത്തിൽ ഒരിക്കലെങ്കിലും സ്ഥലത്തെ ഡോക്ടറുടെ സേവനം ലഭ്യമാക്കണം. പഞ്ചായത്തിലെ 5 വയസ്സുവരെയുള്ള കുട്ടികളുടെ വിവരം (പട്ടിക 7 ൽ) കൊടുത്തിട്ടുണ്ട്.

പട്ടിക 7

ഈ പഞ്ചായത്തിലെ 0 5 വയസ്സുവരെയുള്ള കുട്ടികളുടെ പട്ടിക

| സബ് സെൻററിൻെറ പേരും പ്രവർത്തനവും വാർഡും | 1 വയസ്സുവരെ | 1-3 വയസ്സുവരെ M. | 1-3 വയസ്സുവരെ F. | 3-5 വയസ്സുവരെ M. | 3-5 വയസ്സുവരെ F. |
|---|---|---|---|---|---|
| F.W.C ആലാംകടവ് I | 60 | 80 | 90 | 29 | 30 |
| I.P.P പന്നിപെരുന്തല II, IV | 52 | 82 | 83 | 38 | 23 |
| F.W.C കമ്പിളിച്ചുങ്കം III | 26 | 83 | 76 | 15 | 12 |
| F.W.C നവക്കോണം V, VI | 75 | 172 | 166 | 57 | 64 |
| M.C.H,C, നല്ലേപ്പിള്ളി VII, IX | 56 | 107 | 129 | 30 | 24 |
| മെയിൻ സെൻറർ നല്ലേപ്പിള്ളി VIII | 28 | 29 | 32 | 21 | 33 |
| F.W.C അഞ്ചാം മൈൽ X | 30 | 52 | 48 | 13 | 10 |
| F.W.C കുററിപ്പള്ളം XI, XII | 66 | 138 | 110 | 37 | 30 |
| Total | **393** | **743** | **734** | **240** | **226** |

അംഗവൈകല്യം ബാധിച്ചവർ മൊത്തം 420 ആണ്. നിരക്ക് 13.06. 33 മന്ദബുദ്ധികൾ ഉണ്ട്. ഇവരിൽ വൈകല്യ ആശ്വാസപെൻഷൻ 50 പേർക്ക് നൽകിവരുന്നു. തരംതിരിച്ച പട്ടിക 8 കാണുക.

ആരോഗ്യരംഗവുമായി സഹകരിക്കുന്നത് ചുരുക്കം മഹിളാ സമാജങ്ങളോ ഒററപ്പെട്ട വ്യക്തികളോ മാത്രമാണ്. ഇവിടെയുള്ള രണ്ട് ആരോഗ്യ കേന്ദ്രങ്ങളിലും രോഗികളെ കിടത്തി ചികിത്സി യ്ക്കാനുള്ള സൗകര്യമില്ല. പാവപ്പെട്ടവരടക്കം ഈ ആവശ്യത്തിന് എലപ്പുള്ളി, ചിററൂർ, കൊഴിഞ്ഞാമ്പാറ, പാലക്കാട് എന്നീ സർക്കാർ ആശുപത്രി കളെയാണ് ആശ്രയിക്കുന്നത്. ആയുർവേദ ചികിത്സ യ്ക്ക് 12 കി.മീ അകലെയുള്ള തത്തമംഗലത്തേക്ക് പോകേണ്ടതുണ്ട്.

പട്ടിക 8

**അംഗവൈകല്യം**

| വൈകല്യസ്വഭാവം | എണ്ണം | ആകെ |
|---|---|---|
| അന്ധത | 13 | |
| ബധിരത | 20 | |
| മൂകത | 24 | |
| ബധിര മൂകത | 19 | |
| ചലനവൈകല്യം | 344 | |
| | | 420 |
| മന്ദബുദ്ധികൾ | 33 | |

# കക്കൂസ്

ആകെയുള്ള 6902 വീടുകളിൽ 27% വീടുകളിൽ മാത്രമേ കക്കൂസ് സൗകര്യമുള്ളു. ഇതു സംബന്ധിച്ച പട്ടിക 9 കാണുക. 1979ൽ തോട്ടിപ്പണി നിർത്തലാക്കിയതിനെ തുടർന്ന് സാമ്പത്തിക ശേഷിയുള്ളവരും സർക്കാരിൽ നിന്ന് ഭവനവായ്പ ലഭിച്ചവരും സ്വന്തമായി കക്കൂസു കൾ ഉണ്ടാക്കിയിട്ടുണ്ട്. ചില പ്രദേശങ്ങളിൽ (ആണ്ടിത്തറ, തെക്കുമുറി, ഏരിപ്പറമ്പ്, ഒലുവംപൊററ, വടക്കുംപുറം, ചക്കാൻതറ, ഉപ്പുമൺപടിക, പന്നിപ്പെരുന്തല, കേണംപുള്ളി, കുറുമണ്ണാംപള്ളം, ചന്ദനപ്പുറം, കുറുക്കൻ പൊററ) സ്ഥലക്കുറവു കാരണം സ്വന്തമായ കക്കൂസുകൾ ഉണ്ടായിട്ടില്ല. ശുദ്ധജല പ്രശ്നവുമായി ബന്ധ പ്പെട്ടു പരിശോധിക്കുമ്പോൾ ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ സഹായസഹകരണത്തോടെ കമ്യൂണിററി കക്കൂസ്, പൊതു കക്കൂസുകൾ എന്നിവയുടെ സാദ്ധ്യതയുണ്ട്.

പട്ടിക 9

**പഞ്ചായത്തിലെ കക്കൂസിനെ സംബന്ധിച്ച വിവരം**

| ക്രമ നമ്പർ | വാർഡ് | സാനിട്ടറി കക്കൂസ് | E.S.P കക്കൂസ് | മററുള്ളവ | ആകെ |
|---|---|---|---|---|---|
| 1. | I | 70 | 60 | 39 | 169 |
| 2. | II | 90 | 51 | 41 | 182 |
| 3. | III | 92 | 43 | 28 | 163 |
| 4. | IV | 96 | 52 | 36 | 184 |
| 5. | V | 101 | 23 | 51 | 175 |
| 6. | VI | 96 | 78 | 40 | 214 |
| 7. | VII | 122 | 89 | 29 | 240 |
| 8. | VIII | 40 | 77 | 33 | 150 |
| 9. | IX | 93 | 87 | 38 | 218 |
| 10. | X | 81 | 48 | 34 | 163 |
| 11. | XI | 70 | 101 | 41 | 212 |
| 12. | XII | 82 | 74 | 52 | 208 |
| | ആകെ | **1033** | **783** | **462** | **2278** |

വിശാലമായ സ്ഥല സൗകര്യങ്ങൾ ഉള്ളതുകൊണ്ടും ആവശ്യകത ബോദ്ധ്യപ്പെടാതെ കക്കൂസ് നിർമ്മിക്കാത്തവരും ഉണ്ട്. പഞ്ചായത്തിലെ പല റോഡുകളുടെയും ഇടവഴികളിലെ ഇരുവശവും ഈ ആവശ്യത്തിന് ഉപയോഗിക്കുക വഴി പരിസരജന്യമായ രോഗങ്ങൾ കാരണമാവുന്നുണ്ട്.

ഇവിടെ കാര്യക്ഷമമായ അഴുക്കുചാൽ സംവിധാനമില്ല. റോഡരികിലുള്ള കടകളിൽ നിന്നും വീടുകളിൽ നിന്നുമുള്ള

മാലിന്യങ്ങൾ, മഴവെള്ളം ഒഴുകിപ്പോകാനുള്ള ചാലിൽ കെട്ടിക്കിടക്കുകയും മഴക്കാലത്ത് തടസ്സങ്ങളുണ്ടായി ദുർഗ്ഗന്ധം വമിച്ച് റോഡിലേക്ക് പൊന്തിവന്ന് പരിസര ശുചിത്വത്തിന് ഭീഷണിയാകുന്നുമുണ്ട്.

മുഴുവൻ പഞ്ചായത്ത് റോഡുകളും ഇടവഴികളും മുൻകാലത്ത് അടിച്ചു വൃത്തിയാക്കിയിരുന്നു. ഇപ്പോൾ ഈ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ഇതു പരിഹരിക്കുവാൻ വേണ്ടത്ര സ്ഥലങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിച്ചും ജീവനക്കാരെ നിയോഗിച്ച് റോഡുകളും ഇടവഴികളും വൃത്തിയാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. ചപ്പു ചവറുകൾ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ഇക്കാര്യത്തിനുവേണ്ട ബോധവൽക്കരണവും കൈക്കൊള്ളണം. പഞ്ചായത്തിൻെറ കിഴക്കുഭാഗത്ത് പ്രത്യേകിച്ച് 5 ാം വാർഡിൽ വ്യവസായ മലിനീകരണം ജനങ്ങളെയും സസ്യലതാദികളെയും ബാധിച്ചിട്ടുണ്ട്. അതു തടയാൻ എല്ലാ നിയമ നടപടികളും സ്വീകരിക്കേണ്ടുതുണ്ട്.

ജനങ്ങൾ കുളിക്കാനും അലക്കുവാനും കുളങ്ങൾ, ഏരികൾ കിണറുകൾ വണ്ടിത്തോട്, ചിററൂർ പുഴ എന്നിവയെ ആശ്രയിക്കുന്നു. 51 ഏരികളും 29 കുളങ്ങളും ഉള്ളതിൽ മിക്കതും നേരാംവണ്ണം സംരക്ഷിക്കാത്തുകൊണ്ട് ഉപയോഗശൂന്യവും മററു ചില വേനൽക്കാലത്ത് വററിപ്പോകുന്നതുമാണ്. പൊതു കുളത്തിൻെറ അഭാവം എല്ലായിടത്തുമുണ്ട്.

# പൊതുശ്മശാനം

ഇന്നു നിലവിലുള്ള പൊതുശ്മശാനങ്ങൾ 6-ാം വാർഡിലെ വണ്ടിത്തോടിനുസമീപവും 8-ാം വാർഡിലെ ഏരിപ്പറമ്പ് വടക്കുംപുറം എന്നീ സ്ഥലത്തും 10-ാം വാർഡിലെ പാറക്കാലിനുസമീപവും ആണ് സ്ഥിതിചെയ്യുന്നത്. ഈ വാർഡുകളിലെയും സമീപ വാർഡുകളിലെയും ആളുകൾ ഈ സൗകര്യം മുഴുവനായും ഉപയോഗപ്പെടുത്തുന്നുണ്ട് 1,2,11,12, എന്നീ വാർഡുകളിലെ ജനങ്ങൾ മുഴുവനായും 4,5 വാർഡിലെ കുറച്ചുപേരും ചിറ്റൂർ പുഴയോരം ഈ ആവശ്യത്തിന് ഉവയോഗിക്കുന്നു. ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. ഏരിപ്പറമ്പ് വടക്കുപ്പുറം പൊതുശ്മശാനത്തിന് 98 സെൻറ് സ്ഥലമുണ്ട് ചുറ്റുമുള്ള കൃഷിക്കാർ ഈ സ്ഥലം തുടർച്ചയായി കയ്യേറുകയും കറ്റക്കളമായും വൈക്കോൽ കുണ്ടയിടാനുള്ള സ്ഥലമായും പുതുതായി കൃഷിസ്ഥലമാക്കി മാറ്റക്കൊണ്ടിരിക്കുന്നു. മാത്രമല്ല ശ്മശാന സ്ഥലത്തുനിന്ന് ലോറികണക്കിന് മണ്ണ് നീക്കം ചെയ്തു കുഴികളാക്കി ആയവ പിന്നീട് കൃഷിസ്ഥലമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി മനുഷ്യത്വമില്ലാത്തവിധം നടക്കുന്നതിനാൽ. ഉടനടിതക്കതായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# I. പൊതുജനാരോഗ്യം

| പ്രശ്നങ്ങൾ | സാധ്യതകൾ |
|---|---|
| I. a) പ്രൈമറി സെൻ്ററിന് കെട്ടിടമില്ല. | I. a) സ്വന്തമായിട്ടുള്ള സ്ഥലത്തെ കെട്ടിടനിർമ്മാണത്തിനു നടപടി സ്വീകരിക്കും. |
| b) ഒരു PHC യ്ക്കു വേണ്ട *ILR, Autoclave* നോ, സ്പെയർ Batex1000 തുടങ്ങി മറ്റു ഉപകരണങ്ങളും ഇല്ല. | b) സർക്കാർ, അർദ്ധസർക്കാർ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കാം |
| c) സ്റ്റാഫ് നഴ്സിൻെറ സേവനം ലഭിക്കുന്നില്ല. | c) തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണം. |
| d) പി.എച്ച്.സി ക്ക് ആവശ്യമായ ഫർണിച്ചറുകൾ ഇല്ല. | d) സർക്കാർ, അർദ്ധസർക്കാർ, സന്നദ്ധസംഘടനകളുടെ സഹായത്തോടെ നടത്തണം. |
| e) ഉച്ചയ്ക്കു ശേഷം ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. | e) ഡോക്ടറുടെ സേവന സമയവും ദിവസങ്ങളും പുനക്രമീകരിക്കണം. |
| f) പി.എച്ച്.സി.യിലും കീഴിലുള്ള സബ്ബ് സെൻ്ററുകളിലും തക്ക മരുന്നുകൾ യഥാസമയം കിട്ടുന്നില്ല. | f) ഈ സ്ഥാപനത്തിന് വാഹനം അനുവദിക്കുകയും മരുന്നു വിതരണം യഥാസമയം നടത്തുകയും ചെയ്യണം. |
| g) I,III, V, VI, VIII, X എന്നീ വാർഡുകളിൽ സബ്ബ് സെൻ്ററുകൾക്ക് കെട്ടിടമില്ല. | g) സബ്ബ് സെൻ്ററുകൾക്ക് കെട്ടിടം നിർമിക്കണം. |
| h) കുഷ്ഠ രോഗനിവാരണത്തിന് ഫലപ്രദമായ പ്രവർത്തനം നടക്കുന്നില്ല | h) ഈ പഞ്ചായത്തിലേക്ക് അനുവദിച്ച ലെപ്രസി ഇൻസ്പെക്ടറെ ഈ പി.എച്ച്.സി.യുടെ കീഴിൽ സേവനം അനുഷ്ഠിക്കാൻ വേണ്ട ഏർപ്പാടു ചെയ്യണം. |
| i) M.S.S. യൂണിറ്റുകൾ എല്ലാ വാർഡുകളിലും ഇല്ല. (മഹിളാ സ്വാസ്ത്യസംഘ്) | i) എല്ലാവാർഡുകളിലും M.S.S യൂണിറ്റ് തുടങ്ങേണ്ട താണ് (മഹിളാ സ്വാസ്ത്യസംഘ്). |

j) പകർച്ചവ്യാധികൾക്കുളള ചികിത്സയില്ല, പ്രതിരോധ കുത്തിവെപ്പുകളും ഗർഭിണികൾക്കും, നവജാതശിശുക്കൾക്കും വേണ്ടത്ര ചികിത്സാ സൗകര്യങ്ങൾ ഇല്ല.

j) വേണ്ടത്ര സബ്ബ് സെന്ററുകൾ തുറന്നും, ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം ലഭ്യമാക്കുകയും. ജനകീയ സമിതികളുടെ മേൽനോട്ടവും സഹായവും വേണം.

k) ഈ പ്രദേശങ്ങളിൽ പരിസരജന്യരോഗങ്ങൾ കൂടുതലായി കാണുന്നു.

k) കൊതുകു നശീകരണത്തിനുള്ള സ്പ്രെയർ, കീടനാശിനികൾ, ബ്ലീച്ചിംഗ് പൗഡർ, മുതലായവ യഥാസമയം എത്തിക്കുകയും വേണ്ടത്ര ജീവനക്കാരെ നിയോഗിക്കുകയും വേണം. രോഗപ്രതിരോധ പ്രവർത്തനം കുറ്റമറ്റതാക്കണം. ബോധവൽക്കരണ കാംപെയിൻ വിപുലമായി സന്നദ്ധസംഘടനകളുടെ സഹായത്തോടെ നടപ്പിലാക്കണം.

l) സ്ക്കൂൾ/അംഗൻവാടി കുട്ടികളുടെ രോഗപരിശോധന തൃപ്തികരമല്ല.

l) എല്ലാകുട്ടികളുടെയും ആരോഗ്യപരിശോധന കൃത്യമായ ഇടവേളകളിൽ നടത്തുകയും ഇക്കാര്യം രക്ഷിതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തിയതായി ഉറപ്പുവരുത്തുകയും വേണം.

m) രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഇല്ല.

m) നിലവിലുള്ള P.H.C അപ്ഗ്രേഡ് ചെയ്യണം ആംബുലൻസ സൗകര്യം ഏർപ്പെടുത്തണം.

n) മരുന്നുകൾക്ക് തീവിലയായി.

n) കേന്ദ്രസർക്കാരിന്റെ ആരോഗ്യനയം, ഡ്രഗ്സ് നയം ജനങ്ങൾക്ക് അനുകൂലമായി മാറണം വികസന സമിതികളും സന്നദ്ധസംഘടനകളും ഇതിനായി പ്രവർത്തിക്കണം.

## II. ആയുർവ്വേദം

| | പ്രശ്നങ്ങൾ | | സാധ്യതകൾ |
|---|---|---|---|
| a) | ആയുർവ്വേദ ഡിസ്പെൻസറിക്ക് സ്വന്തമായ കെട്ടിടമില്ല. | a) | സ്വന്തമായി കെട്ടിടം നിർമ്മിക്കണം വികസന സമിതികളും സന്നദ്ധസംഘടനകളുടെ ജനങ്ങളുടെ സഹകരണത്തോടെ പ്രവർത്തനം നടത്തണം. |
| b) | രോഗത്തിനു തക്ക മരുന്നുകളും, ലഭ്യമായ മരുന്നുകൾ തന്നെ ആവശ്യത്തിനും, ലഭിക്കുന്നില്ല. | b) | രോഗത്തിന് ആവശ്യമായ മരുന്ന് വേണ്ടസമയത്ത് വിതരണം ചെയ്യണം. |
| c) | കഷായം പാകം ചെയ്യുവാനുള്ള പാത്രങ്ങളും, ഇന്ധനവും പോര. | c) | ജില്ലാ തലത്തിൽ ആവശ്യമായ കഷായങ്ങൾ നിർമ്മിച്ച് യഥാസമയം വിതരണം ചെയ്യാൻ നടപടി എടുക്കണം. |
| d) | ആശുപത്രിയിൽവേണ്ട ഫർണിച്ചർ ഇല്ല. | d) | ആവശ്യമായ ഫർണിച്ചർ ലഭ്യമാക്കണം. |
| e) | പച്ചമരുന്നുകളുടെ വർദ്ധിച്ച വിലയും ദൗർലഭ്യവും. | e) | ആയുർവേദ പച്ചമരുന്നുചെടികൾ വീട്ടുവളപ്പിലും മറ്റും നട്ടുവളർത്തുവാൻ വേണ്ട ബോധവത്കരണം നടത്തണം. |
| f) | കിടത്തി ചികത്സിക്കുവാനുള്ള ആശുപത്രി ഇല്ല. | f) | നിലവിലുള്ള ആശുപത്രി അപ്ഗ്രേഡ് ചെയ്യുക |

## III. ഹോമിയോ

| | പ്രശ്നങ്ങൾ | | സാദ്ധ്യതകൾ |
|---|---|---|---|
| a) | ഹോമിയോ ഡിസ്പൻസറി. | b) | ഒരു ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കണം. |

# IV. കക്കൂസ്

| | പ്രശ്നങ്ങൾ | | സാദ്ധ്യതകൾ |
|---|---|---|---|
| a) | പഞ്ചായത്തിലെ എല്ലാവാർഡുകളിലുമായി 4624 കുടുംബ ങ്ങൾക്ക് സ്വന്തമായി കക്കൂസുകൾ ഇല്ല. | a) | കക്കൂസുകൾ നിർമ്മിക്കുവാൻ വേണ്ട ധന സഹായം നൽകണം. |
| b) | സ്വന്തമായി കക്കൂസുകൾ നിർമ്മിക്കുവാൻ വേണ്ട സ്ഥല സൗകര്യമില്ല. | b) | അതാതു പ്രദേശത്തെ ജനകീയ പങ്കാളിത്തത്തോടെ കമ്മ്യൂണിറ്റി കക്കൂസുകൾ നിർമ്മിക്കണം. |
| ഉദാ: | ആണ്ടിത്തറ, തെക്കുമുറി, ഏരിപ്പറമ്പ്, ഒലുവംപാറ, വടക്കുമ്പുറം, ഉപ്പുമൺപടിക, പന്നിപെരുന്തല, കേണംപുള്ളി, കുറുംമണ്ണാംപള്ളം, ചന്ദനപ്പുറം, കുറുക്കൻപൊറ്റ. | | |
| c) | തുറന്ന സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ | c) | ജനകീയ സഹകരണത്തോടെ ബോധവൽക്കരണം നടത്തണം |

# V. അഴുക്കുചാൽ

| | പ്രശ്നങ്ങൾ | | സാദ്ധ്യതകൾ |
|---|---|---|---|
| a) | റോഡരികിലുള്ള ചാലുകളിൽ വെള്ളവും മാല്യനിവും കെട്ടികിടന്ന് കൊതുകിൻെറ അനിയന്ത്രിതമായ വളർച്ചയ്ക്കും, പരിസര മലിനീകരണത്തിനും ഇടയാക്കുന്നു. | a) | യഥാസമയം അഴുക്കുചാലുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യണം |
| b) | റോഡിലും ഇടവഴികളിലും ചപ്പുചവറുകൾ കുന്നുകൂടുന്നു. | b) | നിശ്ചിത കാലാവധി വച്ച് ചപ്പുചവറുകൾ നീക്കം ചെയ്യാൻ ഏർപ്പാടാക്കാണം. വേണ്ടത്ര കുപ്പതൊട്ടികൾ സ്ഥാപിക്കുകയും, ചപ്പുചവറുകൾ അലക്ഷ്യമായി തെരുവോരങ്ങളിൽ വലിചെറിയുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ കൈക്കൊള്ളുകയും വേണം. |
| c) | അങ്ങാടിയിലുണ്ടാകുന്ന ചപ്പുചവറുകൾ യഥാവിധി നശിപ്പിക്കുന്നില്ല. | c) | വീടുകളിലെ ചപ്പുവറുകൾ അവിടെ ത്തന്നെ കുഴികളിൽ കമ്പോസ്റ്റാക്കുവാൻ ബോധവൽക്കരണം വേണം കുപ്പത്തൊട്ടികളിൽ ഉണ്ടാകുന്ന ചവറുകളും അഴുക്കുചാലിലെ മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി കമ്പോസ്റ്റ് ആക്കിമാറ്റണം. |
| d) | കുളിയ്ക്കുവാനുപയോഗിക്കുന്ന കുളങ്ങളും ഏരികളും, പാറകുഴികളും, വൃത്തിഹീനമാവുന്നു, വേനൽക്കാലങ്ങളിൽ വറ്റിപ്പോവുകുകയും ചെയ്യുന്നു | d) | അതാതു പ്രദേശങ്ങളിലെ ജനങ്ങളുടെ സഹകരണത്തോടെ ഉപയോഗപ്രദമാക്കണം. |

# VI. പൊതുശ്മശാനം

| പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|
| a) പൊതുശ്മശാന സൗകര്യങ്ങൾ വേണ്ടത്ര ഇല്ല. | b) 8-ാം വാർഡിലെ പൊതുശ്മശാനം മുഖം നോക്കാതെ കയ്യേററം ചെയ്തവരിൽ നിന്ന് പൂർണ്ണമായും വീണ്ടെടുത്ത് ചുററുമതിലും ഷെഡ്ഡു കെട്ടി ജനപങ്കാളിത്തത്തോടെ സംരക്ഷിക്കണം. |
| | b) 10-ാം വാർഡിലെ പൊതുസ്മശാനത്തിനുള്ള വഴി വീതികൂട്ടുവാനും ചുററുമതിൽ കെട്ടുവാനും ജനങ്ങളുടെ സഹായസഹകരണത്തോടെ ശ്രമം നടത്തണം. |
| | c) 1,2,4,5,11,12 എന്നീ വാർഡുകളിലെ പൊതുസ്മശാനം ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ജനകീയ പങ്കാളിത്തത്തോടെ പരിഹാരമുണ്ടാക്കണം. |

# ചാരായ നിരോധനം

| പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|
| a) ചാരായ നിരോധനം ഉണ്ടായി എങ്കിലും മദ്യപാനാസക്തി കുറഞ്ഞിട്ടില്ല. | a) തിയ്യേററുകൾ വഴിയും വീഡിയോ കാസററുകൾ വഴിയും വേണ്ടത്ര ബോധവൽക്കരണം നടത്തണം. |





# 5.6 ഗതാഗതം

ഈ പഞ്ചായത്തിലെ ഗതാഗതം റോഡുമാർഗ്ഗം മാത്രമാണ്. ഏറെക്കുറെ 50 വർഷങ്ങൾക്കുമുമ്പുതന്നെ കരി ഉപയോഗിച്ചുള്ള ബസ്സുകളും പിന്നീട് പെട്രോൾ,ഡീസൽ ബസ്സുകളും ഓടിത്തുടങ്ങിയിട്ടുണ്ട്. മററിടങ്ങളിലെന്നപോലെ തന്നെ പണ്ട് ഇവിടെയും കാറ് തുടങ്ങിയ സ്വകാര്യവാഹനങ്ങളുടെ എണ്ണം വളരെ കുറവായിരുന്നു. തൃശ്ശൂർ പൊള്ളാച്ചി, തൃശ്ശൂർ കോയമ്പത്തൂർ, പാലക്കാട് പൊള്ളാച്ചി എന്നീ റോഡുകൾ ഈ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. ചിററൂർ കൊഴിഞ്ഞാമ്പാറ, ചിററൂർ ഗോപാലപുരം, എരട്ടക്കുളം കൊഴിഞ്ഞാമ്പാറ, നല്ലേപ്പുള്ളി കുററിപ്പള്ളം എന്നിവയാണ് ഈ പഞ്ചായത്തിലെ ബസ്സ് ഗതാഗതം ഉള്ള റോഡുകൾ. ഇതിനുപുറമെ 43 ഓളം മണ്ണ് റോഡുകളും, 23 ഓളം മെററൽ റോഡുകളും ധാരാളം ഉണ്ട്. ഇതടക്കമുള്ള ഇടവഴികളും വിവിധ റോഡുകളും പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 1

റോഡിൻെറ സ്വഭാവം (നീളം) കിമീ

| കച്ച | പക്ക | മെററൽ | ടാർ | | | മററുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| | | | പഞ്ചായത്ത് | P.W.D | N.H | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 2.060 km | 42.270 km | 20.758km | -- | 31km | -- | -- | 102.088 km |

നാടിൻെറ സാമൂഹിക സാമ്പത്തിക രംഗങ്ങളിലുണ്ടായ മാററം വാഹനങ്ങളുടെ എണ്ണത്തിലും പ്രതിഫലിക്കുന്നുണ്ട്. മൂന്നോ നാലോ ബസ്സുകൾ സർവ്വീസ് നടത്തിയിരുന്ന സ്ഥലത്ത് ഇപ്പോൾ ഏകദേശം പ്രതിദിനം 100 ഓളം ബസ്സുകൾ സർവ്വീസ് നടത്തുന്നു. ഇതിനുപുറമെ തമിഴ്നാട്ടിൽ നിന്നും തൃശ്ശൂരിലേക്കും കേരളത്തിൻെറ വിവിധ ഭാഗങ്ങളിലേക്ക് ധാരാളം ലോറി സർവ്വീസുകൾ നിരന്തരം നടക്കുന്നുണ്ട്. മേൽപ്പറഞ്ഞ P.W.D റോഡിൽ ഏകദേശം 5 കി.മീററോളം ഇരുവശവും കടകളും വീടുകളും ഇടതിങ്ങി ഗതാഗതയോഗ്യമായ റോഡ് വളരെയധികം ഇടുങ്ങിയിട്ടുണ്ട്. മുൻകാലങ്ങളിൽ ടൗൺ പ്ലാനിംങ്ങിൻെറ അപര്യാപ്തകൾ കൊണ്ടുതന്നെ ഗതാഗതം സുഗമമാക്കുവാൻ വേണ്ട ഇതരസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയല്ലാതെ ഒററയടിക്ക് റോഡിൻെറ വീതികൂട്ടുക എന്നത് തീർത്തും അസാധ്യമാണ്. നല്ലേപ്പിള്ളിയിലെ പ്രധാന റോഡുകളിൽ ഒന്ന് കിഴക്കുപടിഞ്ഞാറും മറെറാന്ന് വടക്ക് തെക്കായി നല്ലെപ്പിള്ളി ടൗണിൽ വന്നുപോകുന്ന റോഡുമാണ്. ഇവ രണ്ടും സിംഗിൾ ലൈൻ റോഡുമാണ്. അതായത് ഗതാഗത സ്തംഭനങ്ങൾ വരുന്ന സന്ദർഭങ്ങളിൽ ചെറിയൊരു ഡൈവേർഷൻ വഴി യാത്ര തുടരാവുന്ന തിന്നുപകരം വളരെയധികം പുറകിലോട്ടു സഞ്ചരിച്ച് ചിററൂർ കച്ചേരിമേട്ടിലോ, കൊഴിഞ്ഞാമ്പാറ വഴിയോ യാത്ര തുടരേണ്ട അവസ്ഥയാണുള്ളത്. ഇതിനു പ്രധാന കാരണം ഈ സിംഗിൾ റോഡുകൾക്ക് സമാന്തരമായി ഗതാഗതയോഗ്യമായ പഞ്ചായത്ത് റോഡുകൾ ടാറിട്ട് അത്യാവശ്യം ബസ്സ് ഗതാഗതയോഗ്യമാക്കാത്തതു കൊണ്ടാണ്. നല്ലേപ്പിള്ളി പൊതുവിൽ ധാരാളം പ്രാദേശിക ഉത്സവങ്ങൾ ഉള്ള സ്ഥലമാണ്. ഇതുമായി ബന്ധപ്പെട്ട അമ്പലങ്ങളും മററും റോഡരികിൽ തന്നെയാണെന്നുള്ളതുകൊണ്ട് ഉൽസവ സമയങ്ങളിൽ പാരലൽ റോഡുകളുടെ ആവശ്യകത വളരെയധികം

ബോധ്യപ്പെടുന്നുണ്ട്. ഇതിനുപുറമെ നല്ലേപ്പിള്ളിയിൽ തന്നെയുള്ള 15 ഓളം ടാക്സികളും 30 ഓളം ഓട്ടോറിക്ഷകളും റോഡരികിൽ തന്നെ നിർത്തിയിട്ടിരിക്കുന്നതിനാൽ അതുമൊരു ഗതാഗത സ്തംഭനത്തിനു കാരണമാകുന്നു. ഇവയ്ക്ക് പാർക്കിംങ്ങ് സൗകര്യം ഇല്ലാത്തതാണ് കാരണം.

പ്രധാന റോഡുകളുടെ ഇരുവശവും റോഡിലെ വെള്ളം ഒഴുകിപ്പോകാൻ ചാലുകൾ വെട്ടിയിട്ടുണ്ട്. ഇവയാകട്ടെ ചളിയും ചപ്പും നിറഞ്ഞ് മഴക്കാലങ്ങളിൽ വെള്ളം ഒഴുകിപ്പോകാതെ വൃത്തികേടായി കിടക്കുന്നു. ഇതുമൂലം റോഡ് ടാറിളകിപ്പോയി കേടുവരുന്നു. ഇനിയും വേണ്ടത്ര ചാലുകൾ നിർമ്മിക്കുകയും എല്ലാ ചാലുകളും സ്ലാബുകൾ നിരത്തി ചപ്പുചവറുകൾ അടിയാതെ സൂക്ഷിക്കേണ്ടതാണ്.

റോഡുകൾക്ക് പണ്ടുണ്ടായിരുന്ന വീതി ക്രമേണ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനിയും ചെറിയ തോതിൽ ചില സ്ഥലങ്ങളിൽക്കൂടി വർദ്ധിപ്പിക്കാവുന്നതാണ്. എന്നാൽ ഇതിനുപ്രധാന തടസ്സമായി നിൽക്കുന്നത് പഴയ റോഡുകളുടെ വീതിയനുസ്സരിച്ച് സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളും, ടെലഫോൺ പോസ്റ്റുകളുമാണ്. ഇത് കഴിയാവുന്നത്ര മാററി സ്ഥാപിക്കേണ്ടതാണ്.

P.W.D റോഡുകൾ അററകുററ പണികൾ കൃത്യമായി നടക്കുന്നില്ല. നടക്കുന്ന പണികൾതന്നെ താഴ്ന്ന നിലവാരം പുലർത്തുന്നവയാണ്.

വാഹനങ്ങളുടെ അമിതവേഗത പലപ്പോഴും അപകടങ്ങൾക്ക് ഇടവരാറുണ്ട്. ഇതൊഴിവാക്കാൻ വേണ്ട നടപടികൾ കൈകൊള്ളേണ്ടതാണ്.

പഞ്ചായത്തിൽ 21 മെററൽ റോഡുകൾ ഉണ്ട്. ഇവയുടെ നീളം ഏറെക്കുറെ 21 കിമീ വരും. യഥാസമയം അററ കുററപണികൾ നടത്താത്തതുകൊണ്ടും നടത്തിയവ കാര്യക്ഷമമാകാത്തതുകൊണ്ടും കല്ലുകളാകെ ഇളകി ഈ റോഡുകളിലൂടെയുള്ള ഗതാഗതം വളരെ അപകടകര മായിരിക്കുകയാണ്. ഈ റോഡുകളിൽ പലതും ടാറിട്ട് വാഹന ഗതാഗത യോഗ്യമാക്കാവുന്നതാണ്. എങ്കിൽ മേൽപ്പറഞ്ഞ ടൗണിലെ ഗതാഗതക്കുരുക്ക് ഒരു പരിധി വരെ ഒഴിവാക്കാവുന്നതാണ്. മെററൽ റോഡുകളുടെ ദുരവസ്ഥയ്ക്കു പ്രധാന കാരണം മഴവെള്ളം യഥാവിധി ഒഴുകിപ്പോകുവാൻ സൗകര്യമില്ലാത്തതുകൊണ്ടാണ്. റോഡ് അരികിലുള്ള ചാലുകൾ കെട്ടി സംരക്ഷിച്ചാൽ ഇത്തരം റോഡുകളുടെ അററകുററപ്പണികളുടെ ആവർത്തനചിലവ് ഗണ്യമായി കുറയ്ക്കാവുന്നതാണ്.

പഞ്ചായത്തിൽ 33 ഓളം മൺറോഡുണ്ട്. ഇവയുടെ നീളം ഏകദേശം 43 കി.മീററോളം വരും. പ്രധാനമായും കാർഷികാവശ്യത്തിനാണ് ഈ റോഡുകൾ ഉപയോഗിച്ചു വരുന്നത്. കാളവണ്ടികൾ, ട്രാക്ററുകൾ എന്നിവ തുടർച്ചയായ ഓടുന്നതുകൊണ്ടും മഴവെള്ളം റോഡിൽ ക്കൂടി ഒഴുകിപ്പോകുന്നതുകൊണ്ടും ഈ റോഡിൻെറ അവസ്ഥയും ശോചനീയമാണ്. ഇതിനുപുറമെ റോഡരികിലുള്ള താമസക്കാർ അറിഞ്ഞും അറിയാതെയും നടത്തിയിട്ടുള്ള കയ്യേററങ്ങളും ഈ റോഡിൻെറ അവസ്ഥയെ പരിതാപകരമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ധാരാളം പരാതികൾ ഗ്രാമസഭകളിൽ വന്നിട്ടുണ്ട്. മേൽപ്പറഞ്ഞ മെററൽ റോഡുകളുടെയും മൺറോഡുകളുടെയും ശോച്യാവസ്ഥയും പരിഹരിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കുന്നപക്ഷം അതതു പ്രദേശങ്ങളിലെ ജനങ്ങളുടെ സഹകരണവും ഉപയോഗപ്പെടുത്താൻ കഴിയും.

വലിയൊരു പ്രദേശത്തുപതിക്കുന്ന മഴവെള്ളമാകെ കുത്തിയൊഴുകി പല ഇടവഴികളും കൈത്തോടുകളായി മാറുന്ന അവസ്ഥ ഈ പഞ്ചായത്തിൽ ഉണ്ട്. ഇവയിലൂടെ വാഹനങ്ങൾ പോയിട്ട് കാൽനടകൂടി സുരക്ഷിതമല്ലാതായിട്ടുണ്ട്. വീതി താരതമ്യേന കുറഞ്ഞ റോഡുകളുടെ ഇരുവശവും വെള്ളം ഒഴുകിപോകാനുള്ള സൗകര്യങ്ങൾ നിർമ്മിച്ചാൽ മാത്രമേ ഈ റോഡുകൾ ഉപയോഗപ്രദമാകൂ.

പട്ടിക 2

| വാർഡ് | റോഡിൻെറ പേര് | ആവശ്യമായ ചാൽ | ഓരം കെട്ടൽ | അററ കുററ പണി | മെറ്റൽ | ടാർ പണി | പാലം | കയ്യേററം | മററു കാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|
| I. | | | | | | | | | |
| 1. | മാഞ്ചിറ P.W.D - കമ്പിളി | | | | | ✓ | | | |
| 2. | പാലപ്പള്ളം - കൊള്ളുപറമ്പ് | | | ✓ | ✓ | ✓ | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3. | കേണംപ്പുള്ളി - കച്ചേരിമേട് | | | ✓ | | | | | |
| 4. | കമ്പിളി റോഡ് | | | | ✓ | | | | |
| 5. | കരിഞ്ഞാലിപ്പള്ളം കേണംപ്പുള്ളി | | | ✓ | ✓ | | | | |
| 6. | നീർക്കോട് - ഗോകുൽ നഗർ | | | | ✓ | | | | |
| 7. | വളവുപാലം-സ്മശാനം റോഡ് | | | | ✓ | | | | |
| 8. | നെടുങ്ങോട് റോഡ് | | | | ✓ | | ✓ | | |
| 9. | ചെങ്ങണാംകോട് - കല്ലായ്കുളംബ് | | | | | ✓ | | | |
| 10. | മുട്ടിരിങ്ങി - നെല്ലകുത്തപ്പാറ (കനാൽബണ്ട്) | | | ✓ | | ✓ | | | |
| II. | | | | | | | | | |
| 1. | കമ്പിളിച്ചുങ്കം കോളനി റോഡ് | | | | ✓ | | | | |
| 2. | വളവുപാലം - പാലപ്പള്ളം | | | | ✓ | | | | |
| 3. | പാലപ്പള്ളം - കൊടുക്കാപ്പുള്ളി | | ✓ | | ✓ | | | | |
| 4. | കരിഞ്ഞാലിപ്പള്ളം കോളനി റോഡ് | | ✓ | | ✓ | | | | |
| III. | | | | | | | | | |
| 1. | നരിച്ചിറ - മൂച്ചികുന്ന് | ✓ | | | ✓ | | | | |
| 2. | നരിച്ചിറ - നങ്ങാംകുറിശ്ശി | ✓ | | | ✓ | | | | |
| 3. | അണ്ണാംതോട് കുപ്പകാട് റോഡ് | ✓ | | | ✓ | | | | |
| 4. | അണ്ണാംതോട് കോളനി റോഡ് | ✓ | | | ✓ | | | | |
| 5. | അരണ്ടപ്പള്ളം കുടുവണ്ണാംപള്ളം | ✓ | | | ✓ | | | | |
| IV. | | | | | | | | | |
| 1. | പൂളക്കാട് - പാലപ്പള്ളം | | | | ✓ | | | | |
| 2. | പന്നിപെരുന്തല-ഇഞ്ചനീയർകളം | | | | ✓ | | | | |
| 3. | മൂച്ചിക്കുന്ന്-ചെറിയ ഉപ്പുമൺപടി | | ✓ | | ✓ | | | | |
| 4. | ആണ്ടിത്തറ - പടിഞ്ഞാറ് ഭാഗം വണ്ടിവഴി | | ✓ | | ✓ | | | | |
| 5. | പന്നിപെരുന്തല - പൂശാരിക്കുടം | | | | ✓ | | | | |
| 6. | പനങ്കാട്മുക്ക് - പൂന്തൻപാടം | | | | ✓ | | | | |
| 7. | ആലംകടവ് - കമ്പിളിചുങ്കം | | | | | ✓ | | | |
| 8. | പൂളക്കാട് - പന്നിപെരുന്തല | | | | ✓ | | | | |
| 9. | നങ്ങാംകുറിശ്ശി - എരിശ്ശേരി | | | | ✓ | | | | |
| 10. | ഇഞ്ചനീയർ റോഡ് | | ✓ | | | | | | |
| 11. | ഉപ്പമൺപടി - ഹരിജൻ കോളനി റോഡ് | | ✓ | | ✓ | | | | കോൺക്രീററ് |
| V. | | | | | | | | | |
| 1. | അപ്പുപിള്ളയൂർ - കൊററമംഗലം | | ✓ | | ✓ | | | | |
| 2. | നാട്ടുക്കൽ - ശ്മശാനം റോഡ് | | | | ✓ | | | | |
| 3. | അപ്പുപ്പിള്ളയൂർ - ഒട്ടൻകുളം | | ✓ | | ✓ | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4. | അപ്പുപ്പിള്ളയൂർ - വെന്തപാളയം | | | | | | | | |
| 5. | പൊള്ളാച്ചി റോഡ് - ഒട്ടൻകുളം | | ✓ | | | | | | |
| 6. | ശങ്കരച്ചാംപാളയം-തോട്ടത്ത്കളം -കൊററമംഗലം | | | | ✓ | | | | |
| VI. | | | | | | | | | |
| 1. | വടക്കന്തറ - കാരാംകോട് | | | | ✓ | ✓ | | | |
| 2. | വടക്കന്തറ - വെളിയംപള്ളം | | | | ✓ | | ✓ | | |
| 3. | ചെട്ടിക്കുളം - വാരിയത്ത് കാട് | | ✓ | | | ✓ | | | |
| 4. | എരട്ടകുളം - കാമാക്ഷിയമ്മൻ കോവിൽ റോഡ് | | ✓ | | ✓ | | | | |
| 5. | തോടംപള്ളം റോഡ് | | ✓ | | ✓ | | | | |
| 6. | വാരിയർമഠം - പള്ളിക്കാട് | | | | | | | | |
| 7. | പള്ളിക്കാട് കുറുക്കൻപൊററ (ഹരിജൻ കോളനി) | | ✓ | | ✓ | | | | |
| 8. | പൊട്ടൻകുളം - തെക്കുമുറിതറ | | ✓ | | | | | | |
| 9. | വെളയമ്പള്ളം റോഡ് | | | | | | | | |
| 10. | കൊററമംഗലം - മഹാ കാളിയമ്മൻ കോവിൽ ഹരിജൻ കോളനി | | ✓ | | ✓ | | | | |
| 11. | കഴനികുളം - ഹരിജൻ കോളനി റോഡ് | | ✓ | | ✓ | | | | |
| VII. | | | | | | | | | |
| 1. | വടക്കന്തറ - കാരാംകോട് | | | | ✓ | | | ✓ | |
| 2. | കൊശവത്തറ റോഡ് | | | | | ✓ | | | |
| 3. | ആനന്ദൻ തെരുവ് - ചെന്നിമല കോവിൽ റോഡ് | | ✓ | ✓ | | ✓ | | ✓ | |
| 4. | മാട്ടമന്ത - ശനിയാരംപൊററ | | | | | | | | |
| 5. | ആണ്ടിത്തറ മാരിയമ്മൻ കോവിൽ റോഡ് | ✓ | | | | | | | |
| VIII. | | | | | | | | | |
| 1. | വിനായകൻകോവിൽ എരിപറമ്പ് | | | | ✓ | | | ✓ | വീതിക്കുറവ് |
| 2. | വടക്കുംപുറം ശ്മശാനം റോഡ് | | | | | ✓ | | | |
| 3. | കല്ലങ്കാട് തോട്ടശ്ശേരി | | | | ✓ | | ✓ | | |
| 4. | അങ്കരാത്ത് റോഡ് | | | | ✓ | ✓ | | | |
| IX. | | | | | | | | | |
| 1. | തെക്കുംമുറി റോഡ്-നീലിപ്പാടം | | | | ✓ | | | | |
| 2. | എ.ടി.എം. കോളനി റോഡ് | ✓ | ✓ | | ✓ | | | | |
| 3. | പാറക്കളം - നീലിപ്പാടം | | | | ✓ | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4. | പാറക്കളം റോഡ് | | | | ✓ | | | | |
| 5. | മരുതംപള്ളം റോഡ് | | | | ✓ | | | | |
| 6. | തെക്കുംമുറി - പടിഞ്ഞാറെതറ റോഡ് | | | | ✓ | | | | |
| 7. | അഗ്രഹാരം റോഡ് | | | | ✓ | ✓ | | ✓ | |
| X. | | | | | | | | | |
| 1. | നായ്പ്പാറ - കുററിപ്പള്ളം | | | | | ✓ | | | വീതികൂട്ടണം |
| 2. | മാനാംകുററി-തൻറാർക്ക് റോഡ് | | | | ✓ | | | | വീതികൂട്ടണം |
| 3. | വാളറ - കുററിപ്പള്ളം | | | | | ✓ | | | |
| 4. | കൗണ്ടൻകളം - കറുത്തേടത്ത് | | ✓ | | ✓ | | | | |
| 5. | മാനാംകുററി - താമരച്ചിറ | | | | ✓ | | | | |
| XI. | | | | | | | | | |
| 1. | പാറക്കൽ - ഇന്ദിര പട്ടികജാതി കോളനി | | | | ✓ | | | | |
| 2. | വാക്കിനിചള്ള - പാറക്കാൽ കുററിപ്പള്ളം റോഡ് | | | ✓ | | | ✓ | | |
| 3. | അകമ്പാടം റോഡ് | | | ✓ | | | | | |
| 4. | I.H.D.P റോഡ് | | | | | ✓ | | | |
| 5. | പാറക്കൽ ആലംകടവ്റോഡ് | | | | | ✓ | | | |
| XII. | | | | | | | | | |
| 1. | കണക്കൻ പാറ - തേമ്പാറ മട | | | ✓ | ✓ | | | | |
| 2. | തേമ്പാറമട - മേട്ട്ക്കട | | | | ✓ | | | | |
| 3. | ചേററ്മട - ഭദ്രകാളി കോവിൽ | | | | ✓ | | | | |
| 4. | നാലാംമൈൽ - മധുവിൻകളം - കുപ്പയ്യൻചള്ള | | | ✓ | | | | | |
| 5. | ചെറിയ കണക്കൻപാറ - പുഴ | | | | ✓ | | | | |
| 6. | വാക്കിനിചള്ള - തേമ്പാറമട | | | ✓ | | | | | |
| 7. | നാലാംമൈൽ - രാമസ്വാമി ചള്ള - മേട്ട്ക്കട | | | | ✓ | | | | |

പട്ടിക 3

| വാർഡ് | പുതിയ റോഡുകൾ ഉണ്ടാക്കേണ്ടവ | ബസ്സ് വെയ്ററിംഗ് ഷെഡ് |
|---|---|---|
| I. | 1. കല്ലായ്കുളമ്പ് - അത്തിക്കുഴി ഗോകുൽ നഗർ റോഡ് - നീർക്കോട് റോഡ് | 1. മാഞ്ചിറയിൽ ബസ്സ് വെയ്ററിംഗ് ഷെഡ് വേണം.<br>2. കരിഞ്ഞാലിപള്ളത്ത് ബസ്സ് വെയ്ററിംഗ് ഷെഡ് വേണം. |
| II. | 1. ചേരുംകാട് - മാഞ്ചിറ റോഡ്<br>2. വട്ടംപൊററ - ചന്ദനപ്പുറം റോഡ് | 1. വളവ് പാലത്ത് ബസ്സ് വെയ്ററിംഗ് ഷെഡ് വേണം. |

| | | |
|---|---|---|
| III. | 1. കോട്ടപ്പള്ളം - ഹരിജൻ കോളനി റോഡ്<br>2. മൂച്ചിക്കുന്ന് - കൃഷ്ണൻ വീട് വരെ<br>3. മൂച്ചിക്കുന്ന് ഇബ്രാഹിം വീട് - നരിച്ചിറ ശിവരാമൻ വീട് വരെ<br>4. തോട്ടശ്ശേരി - കുഞ്ചുവീട് വരെ<br>5. അരണ്ടപ്പള്ളം - ചേരുംകാട് പട്ടികജാതി കോളനി<br>6. അണ്ണാംതോട് - സഹദേവൻ വീട് വരെ (കുഴിനികത്തണം)<br>7. കുപ്പക്കാട് - ആനക്കൽപാറ (തൃത്തങ്കോട്) | 1. അണ്ണാംതോടിൽ ബസ്സ് വെയ്റ്റിംഗ് ഷെഡ് വേണം. |
| IV. | 1. വളവ് പാലം - പുളങ്കൂടം റോഡ് ബന്ധിപ്പിക്കണം | |
| V. | അത്തിക്കോട് - ഒട്ടൻകുളം റോഡ് | 1. അപ്പുപിള്ളയൂരിൽ ബസ്സ് വെയ്റ്റിംഗ് ഷെഡ് ഹംബ് വേണം. |
| VI. | 1. തോടംപള്ളം - നെയ്തല റോഡ്<br>2. ചീർണംകുളമ്പ് - ചീർണാംകുളമ്പ് തറ വരെ കനാൽ പിരിവ് | 1. കൊററമംഗലത്ത് ബസ്സ് വെയ്റ്റിംഗ് ഷെഡ് വേണം.<br>2. എരട്ടക്കുളത്ത് ബസ്സ് വെയ്റ്റിംഗ് ഷെഡ് വേണം. |
| VII. | ഒലിവുംപൊററ - ചെന്നിമല പൂജാരി റോഡ് | |
| VIII. | 1. വടക്കുംപുറം - വടക്കുംപുറം കോളനി റോഡ്<br>2. തോട്ടശ്ശേരി - കല്ലാങ്കാട് റോഡ് പണി കഴിപ്പിക്കണം.<br>3. കലായംകുളമ്പ് - തോട്ടക്കര | |
| IX. | 1. തെക്കുംമുറി - നീലിപ്പാടം റോഡ്<br>2. നായ്പ്പാറ - മേപ്പള്ളം, ആനക്കൽപാറ തൃത്തങ്കാവ്, അണ്ണാംതോട് ബൈപാസ്സ് റോഡ് | |
| X. | കൗണ്ടൻകളം - ചന്ദനംപിള്ള ചള്ള റോഡ്<br>കൗണ്ടൻകളം - കറുത്തേടത്ത് കളം റോഡ്<br>താമരച്ചിറ - നെല്ലിപ്പള്ളം റോഡ്<br>തൻട്രാക്ക് - വണ്ടിത്തോട് റോഡ്<br>സ്മശാനം റോഡ് (എരിശ്ശേരി-പാറക്കൽ റോഡ്) | 1. പാറക്കാലിൽ ബസ്സ് വെയ്റ്റിംഗ് ഷെഡ് വേണം. |
| XI. | 1. കുററിപ്പള്ളം നടക്കളം വഴി കണക്കൻ പാററോഡ്<br>പള്ളിമൊക്ക് മലമ്പതി റോഡ് | 1. കുററിപ്പള്ളത്ത് ബസ്സ് വെയ്റ്റിംഗ് ഷെഡ് വേണം. |
| XII. | മധുവൻകളം കുപ്പയ്യൻചള്ള റോഡ് | |

ഈ നാട്ടുകാർ ചില അത്യാവശ്യകാര്യങ്ങൾക്കൊഴികെ മററെല്ലാ ആവശ്യങ്ങൾക്കും ആശ്രയിക്കുന്നത് പാലക്കാട് പൊള്ളാച്ചി കോയമ്പത്തൂർ എന്നീ സ്ഥലങ്ങളെയാണ്. ഏകദേശം 20 വർഷങ്ങൾക്ക് മുമ്പുള്ള ബസ് സർവ്വീസുകൾ മാത്രമാണ് ഇന്നും പൊള്ളാച്ചി, കോയമ്പത്തൂർ ഭാഗത്തേക്കുള്ളത് കെ.എസ്.ആർ.ടി.സി യുടേതടക്കം പുതിയ സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. മെയിൻറോഡിൽ കിഴക്കത്തറ മാരിയമ്മൻ കോവിലനടുത്തും, കമ്പിളിച്ചുങ്കത്തും മാത്രമാണ് ബസ്സ് വെയിററിംഗ് ഷെഡുള്ളത്. ഇതിനിടയിലുള്ള 2 കി.മീ വഴിയിൽ ഒരു തരത്തിലുള്ള ബസ്സ് വെയിററിംഗ് ഷെഡുകളും ഇല്ല. മഴക്കാലങ്ങളിൽ ഇത് വളരെ വലിയ ബുദ്ധിമുട്ടായി തീരാറുണ്ട്. ഇത് പരിഹരിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണം.

## പ്രശ്നങ്ങളും സാദ്ധ്യതകളും

ഈ പഞ്ചായത്തിലെ P.W.D, മെററൽ, മണ്ണ് റോഡുകളുടെ സ്ഥിതി ശോചനീയമാണ് ഇവ പരിഹരിക്കുന്നതിന് ഗ്രാമ സഭകളിൽ നിന്നും ഉയർന്നിട്ടുള്ള പരാതികളും ആവശ്യങ്ങളും പട്ടിക 2ൽ ചേർത്തിയിരിക്കുന്നു. പുതുതായി ആവശ്യപ്പെട്ടിട്ടുള്ള റോഡുകളുടെ വിവരം പട്ടിക 3ൽ ചേർത്തിയിരിക്കുന്നു. ഇവയുടെ പൊതു സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രശ്നങ്ങളും സാധ്യതകളും താഴെ കാണിക്കുന്നു.

| | പ്രശ്നങ്ങൾ | | സാധ്യതകൾ |
|---|---|---|---|
| 1. | പഞ്ചായത്തിലെ മെയിൻ റോഡുകളിൽ അപകടങ്ങൾ സംഭവിക്കുമ്പോഴും, ഉത്സവങ്ങൾ നടക്കുമ്പോഴും, ഗതാഗതതടസ്സം ഉണ്ടാവുന്നു. | 1. | പഞ്ചായത്തിലെ ഒലുവംപൊററ ശനിയാരംപൊററ റോഡ്, കുശത്തറ റോഡ് അങ്കരാത്ത് റോഡ്, കൊല്ലത്തറ റോഡ്, കമ്പിളിച്ചുങ്കം ആണ്ടിത്തറ പാറക്കൽ റോഡ് എന്നിവ ടാർ ചെയ്ത് ബൈപാസ് റോഡാക്കുക. |
| 2. | P.W.D റോഡ് പല ഇടങ്ങളിലും വീതികുറവാണ്. | 2. a) | റോഡരികിലുള്ള ഇലക്ട്രിക്, ടെലഫോൺ പോസ്റ്റുകൾ കഴിയാവുന്നത്ര വശങ്ങളിലേക്ക് തള്ളി സ്ഥാപിക്കുക. |
| | | 2. b) | റോഡരികിൽ ഡ്രെയിനേജ് പണിത് സ്ലാബിട്ട് കാൽനട ക്കാർക്ക് ഉപയോഗപ്രദമാക്കുക. |
| 3. | ടാക്സി ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങൾ റോഡരുകിൽ പാർക്കുചെയ്യുന്നു. | 3. | ഓട്ടോ, ടാക്സി സ്റ്റാൻറുകൾ പണിത് പാർക്കിംഗ് സൗകര്യമാക്കണം. |
| 4. | പഞ്ചായത്തതിർത്തിയിലെ P.W.D റോഡുകൾ ഉപയോഗയോഗ്യമല്ല. | 4. | പി.ഡബ്ലിയു.ഡി റോഡുകളുടെ മരാമത്തുപണികൾ നടക്കുമ്പോൾ അതിൻെറ വിശദ വിവരങ്ങൾ പഞ്ചായത്ത് ഭരണ സമിതിയെ വിവരം അറിയിക്കുകയും പ്രസ്തുത പണി കഴിഞ്ഞ് അതിൻെറ പണം കരാറുകാരന് കൊടുക്കുന്നതിന് മുമ്പായി പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം തേടണമെന്ന വ്യവസ്ഥയും, ബന്ധപ്പെട്ട നിയമങ്ങളിൽ ഉൾപ്പെടുത്തണം. |
| 5. | വാഹനങ്ങളുടെ അമിത വേഗത അപകടം ഉണ്ടാകുന്നു. | 5. | പ്രധാന റോഡിൽ മററു റോഡുകളും, ഇടവഴികളും വന്നുചേരുന്ന സ്ഥലത്തും, സ്ക്കൂളുകളുടെ സാമീപ്യം ഉള്ള സ്ഥലത്തും റോഡിൽ ഹമ്പുകൾ നിർമ്മിക്കണം. |
| 6. | ബസ്സ് വെയിററിംഗ് ഷെഡുകൾ വേണ്ടത്ര ഇല്ല. | 6. | സന്നദ്ധ സംഘടനകളുടെയും, മററു പൊതുജനങ്ങളുടേയും, സഹകരണത്തോടേയും വേണ്ടത്ര ബസ് വെയിററിംഗ് ഷെഡുകൾ നിർമ്മിക്കണം. |
| 7. | പൊള്ളാച്ചി കോയമ്പത്തൂർ ഭാഗത്തേക്ക് ബസ് സർവ്വീസുകൾ പരിമിതമാണ്. | 7. | മോട്ടോർ വെഹിക്കിൾ വകുപ്പുമായി ബന്ധപ്പെട്ട് K.S.R.T.C യുടെ ഉൾപ്പെടെയുള്ള മററു സർവ്വീസുകൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കണം. |
| 8. | ബസ്സുകളുടെ സമയം, സംബന്ധിച്ച പരാതികൾ ഏറെയുണ്ട്. ചില സമയങ്ങളിൽ ബസ് ധാരാളം ചിലപ്പോൾ തീരെ ഇല്ലാത്ത അവസ്ഥയും ഉണ്ട്. | 8. | ഇതു പരിഹരിക്കുവാൻ ഗ്രാമ പഞ്ചായത്തുകളുടെ നിർദ്ദേശങ്ങൾ കുടി കണക്കിലെടുക്കുവാനും, ആർ.ടി.എ യോഗങ്ങളിൽ ചുരുങ്ങിയപക്ഷം, ബ്ലോക്ക് പ്രസ്ഡണ്ടു മാരെയെങ്കിലും, ഉൾപ്പെടുത്തുവാനും സാധിക്കണം. |

# മെററൽ റോഡുകളും മൺറോഡുകളും

| പ്രശ്നങ്ങൾ | | സാധ്യതകൾ | |
|---|---|---|---|
| 1. | ഈ റോഡുകൾ വേണ്ടത്ര ഗതാഗത യോഗ്യമല്ല. | 1. a) | ടാർ ചെയ്യാൻ സാധ്യതയുള്ള റോഡുകൾ ടാറിടുക. |
| | | b) | മെററൽ ചെയ്യേണ്ട റോഡുകൾ പട്ടികയിൽ കാണിച്ച പ്രകാരം മെററൽ ചെയ്യുക. |
| | | c) | ഇരുവശത്തുമുള്ള കൈയ്യേററങ്ങളെ ഒഴിപ്പിച്ച് റോഡതിർത്തികൾ സംരക്ഷിക്കണം. |
| | | d) | ഈ റോഡുകളുടെ ഇരുവശവും കഴിയാവുന്നത്ര ഓടകൾ നിർമ്മിച്ച് മഴവെള്ളം ഒഴുകിപ്പോകാനുള്ള സൗകര്യവും ഉണ്ടാക്കണം. |
| | | e) | കാലാകാലങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ അററകുററപണികൾ നടത്തണം. |
| 2. | ഇടവഴികൾ വൃത്തിഹീനമായിക്കിടക്കുന്നു. | 2) | ഇടവഴികളിൽ ചപ്പുചവറുകൾ വലിച്ചെറിയുന്നവർക്കെതിരെയും അഴുക്കുവെള്ളം റോഡിലേക്കു തിരിച്ചുവിടുന്നവർക്കെതിരേയും നടപടികൾ സ്വീകരിക്കണം. |
| 3. | മഴവെള്ളം വീടുകളിൽ നിന്ന് വന്ന് ഇടവഴികൾ ഉപയോഗിപ്രദമല്ലാതാവുന്നു. | 3. | വെള്ളം ഒഴുകിപോകാനുള്ള ഓടകൾ വെട്ടി സൗകര്യപ്രദമാക്കണം. |
| 4. | പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ നീർക്കെട്ടുകൾ ഉണ്ടാവുന്നു. | 4. | ജലനിർഗ്ഗമിനികൾക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുക. |
| 10. | പുതിയ റോഡുകൾ ആവശ്യത്തിന് ഇല്ല. | | പട്ടിക 3ൽ കൊടുത്തിട്ടുള്ള പുതിയ റോഡുകളുടെ ആവശ്യം കണക്കിലെടുത്ത് പുതിയ റോഡുകൾ നിർമ്മിക്കണം. |











# 5.7 പാർപ്പിടം സാമൂഹ്യക്ഷേമം

ഈ പഞ്ചായത്തിലെ വിവിധവാർഡുകളിൽ താമസിക്കുന്ന ജനങ്ങളെ 7 ആയി തരം തിരിക്കാം.

1. കാർഷിക തൊഴിലാളികൾ
2. കർഷകർ
3. പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾ
4. നാനാ തറകളിൽ താമസിക്കുന്ന നായർ സമുദായം
5. അഗ്രഹാരങ്ങളിൽ താമസിക്കുന്ന ബ്രാഹ്മണർ
6. വിരലിൽ എണ്ണാവുന്ന മന്ദാടി നായന്മാർ
7. കര കൗശലവിദഗ്ദന്മാർ താമസിക്കുന്ന തറകൾ

വാസ്തുശില്പാ മാതൃക പരിശോധിക്കുമ്പോൾ അയ്ങ്കോൽ പുരകളാണ് ഒട്ടുമുക്കാലും ഈ പഞ്ചായത്തിലുള്ളത്. സാമ്പത്തിക ശേഷി തീരെ കുറഞ്ഞവരും, സമുദായത്തിൽ തീരെ താഴ്ത്തപ്പെട്ടവരുമായ ആൾക്കാർ ഓല (പനംപട്ട) മേഞ്ഞതും കുത്തിമറച്ചതുമായ വീടുകളിലാണ് താമസിച്ചിരുന്നത്. സാമ്പത്തിക ശേഷിയുള്ള കർഷകരും ജന്മികുടുംബങ്ങളും കൂടുതൽ സൗകര്യങ്ങളോടുകൂടിയ വീടുകളിലും കളപ്പുരകളോടും പത്തായപ്പുരകളോടുകൂടിയ പത്തായപ്പുരകളിലും താമസിച്ചിരുന്നു. ഇത്തരം പത്തായപ്പുരകളോട് ചേർന്നുതന്നെ കുളങ്ങളും ഊട്ടുപ്പുരകളും ഉണ്ടായിരിന്നു. കൂടാതെ 10 മുതൽ 20 ജോഡിവരെ കന്നുകാലികളെ സംരക്ഷിക്കുന്നതിനുള്ള വലിയ തൊഴിത്തുകളും, വിത്തും കാർഷിക ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള കൊട്ടിലുകളും ഈ പത്തായപ്പുരകളോട് ചേർന്നുതന്നെ ഉണ്ടായിരിന്നു.

തമിഴ് ബ്രാഹ്മണ സമുദായം താമസിക്കുന്ന അഗ്രഹാരങ്ങളിൽ വാസ്തുശില്പാ മാതൃകയിലുള്ള തിണ്ണ, ഇടനാഴി, കൂടം (പൂജാമുറി), മച്ചുകൾ (കലവറ), അടുക്കള, രണ്ടാംകെട്ട്, നടുമുററം എന്നിങ്ങനെയാണ് വീടുകളുടെ ഘടന. തൊട്ടുതൊട്ടുള്ള വീടുകളാണെങ്കിലും പലതിനും ചേർത്ത് ഒരു മേൽക്കൂര മാത്രമാണുള്ളത് എന്നത് ഒരു പ്രത്യേകതയാണ്. വലതുവശത്തുള്ള ചുമര് അവരവരുടെ സ്വന്തമായിരിക്കും.

കൈതൊഴിൽ ചെയ്തു ജീവിക്കുന്നവരുടെ വീടുകളാകട്ടെ സൗകര്യങ്ങൾ കുറഞ്ഞവയും കാറ്റും വെളിച്ചവും കടക്കാത്ത രൂപത്തിലുള്ളവയും ആയിരുന്നു.

നായർ തറകളിൽ പൂമുഖങ്ങളോടുകൂടിയതും, ഉൾകോലായി, രണ്ടുവശവും മുറികളും അടുക്കളയും പുറം വരാന്തയോടുകൂടിയതുമായിരുന്നു ഇവരുടെ വീടുകളുടെ രൂപഭംഗി.

ജന്മിത്തറവാടുകളായ അങ്കരാത്ത്, ചോണ്ടത്ത് കുടുംബാംഗങ്ങൾ നാലുകെട്ടും നടുമുറ്റവും, എട്ടുകെട്ടും, ക്ഷേത്രവും, ക്ഷേത്രക്കുളവും, ആനക്കൊട്ടിലും, കാവലുള്ള പടിപ്പുരയും, പൂന്തോട്ടവും, ഊട്ടുപുരയും, കൂടാതെ എക്രകണക്കിന് ഫലവൃക്ഷത്തോട്ടവും അടങ്ങുന്ന വീടുകൾ ഉണ്ടായിരുന്നു.

ഇന്ന്, ഇന്നലെവരെ കണ്ടതുപോലെയുള്ള വാസ്തുശില്പാ രീതിയോ ഒന്നുതന്നെ ഇല്ല. പകരം വാരകൂട്ടുപുരയും, പുതിയ മാതൃകയിലുള്ള ഓട്ടുപുരകളും നാമമാത്രമായി കോൺക്രീറ്റുകെട്ടിടങ്ങളും നിർമ്മിക്കുവാൻ തുടങ്ങി. കൂട്ടുകുടുംബങ്ങാംഗളിൽ നിന്നും ചെറിയ കുടുംബാംഗങ്ങളായി മാറിയ സാഹചര്യത്തിൽ, പഴയ നാലുകെട്ടും എട്ടുകെട്ടും ഉപയോഗശൂന്യമായി. ഇന്നു നമ്മുടെ പഞ്ചായത്തിൽ ആകെ 6902 വീടുകളാണുള്ളത്. ഇന്നും ഓലപ്പുരകളിലും കുത്തിമറച്ചചാളപ്പുരകളിലും താമസിക്കുന്ന 1677 കുടുംബങ്ങൾ ഉണ്ട്. തീരെ വീടില്ലാത്തവർ 711 ആണ്. വാർഡ് തിരിച്ചുള്ള കണക്ക് പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

ഓലപ്പുരകൾ മൺ ചുമരുകളും പച്ച ഇഷ്ടികകൊണ്ടും ഉണ്ടാക്കിയതിനാൽ സംരക്ഷണം കൂടുതൽ കാലം നില നിൽക്കാത്തവയാണ്. ഈ കെട്ടിടങ്ങൾ യഥാവിധി സംരക്ഷിക്കുകയും പരിഷ്കരിക്കുകയും വേണം. പ്രകൃതിയുമായി ഇണങ്ങിയ വീടുകളാണ് വേണ്ടത്.

| പട്ടിക 1<br>ആകെ വീടുകളുടെ എണ്ണം തരംതിരിച്ച് താഴെ ചേർക്കുന്നു | | | | | | |
|---|---|---|---|---|---|---|
| വാർഡ് നമ്പർ | പിടിക ഉൾപ്പടെ കെട്ടിടങ്ങളുടെ | കോൺക്രീറ് വീടുകൾ | ഓട് | ഓല | വീട് ഇല്ലാത്തവരുടെ എണ്ണം | റിമാക്സ് |
| 1. | 861 | 45 | 651 | 165 | 150 | |
| 2. | 402 | 17 | 312 | 73 | 30 | |
| 3. | 497 | 7 | 386 | 104 | 20 | |
| 4. | 616 | 15 | 466 | 135 | 30 | |
| 5. | 994 | 52 | 743 | 199 | 136 | |
| 6. | 731 | 4 | 510 | 217 | 20 | |
| 7. | 693 | 6 | 561 | 126 | 25 | |
| 8. | 596 | 10 | 513 | 73 | 7 | |
| 9. | 654 | 35 | 539 | 80 | 25 | |
| 10. | 661 | 15 | 476 | 170 | 40 | |
| 11. | 723 | 2 | 441 | 280 | 78 | |
| 12. | 506 | 6 | 445 | 55 | 150 | |
| ആകെ | 7934 | 214 | 6043 | 1677 | 711 | |

വായു, വെളിച്ചം, ധാരാളം കിട്ടുകയും, വീടിനകത്ത് ഓരോ ഇഞ്ച് സ്ഥലവും പ്രയോജനമുള്ളതായും, ഇടണം വൃത്തികേടായും ശ്രദ്ധിക്കാതേയും കിടക്കുന്ന കൊട്ടാരത്തേക്കാൾ നല്ലത്, പ്രാഥമിക സൗകര്യമുള്ള ചെറിയ വീടുകൾ തന്നെയാണ്.

സാമ്പത്തിക സൗകര്യമുള്ളവരും ചെറിയ വീടുകൾ കെട്ടുമ്പോൾ അടുക്കള വേറെയാണ് കെട്ടുന്നത്. പ്രധാന കെട്ടിടം പുകപിടിക്കുന്നു എന്നുള്ള കാരണം കൊണ്ടാണ് ഈ പ്രവണത കണ്ടുവരുന്നത്. ആയതുകൊണ്ട് പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുകയാണെങ്കിൽ ഈ അടുക്കള വീടും ഒഴിവാക്കാം.

എല്ലാ വീടുകൾക്കും കക്കൂസ്, കുളിമുറി എന്നിവ ഉണ്ടായിരിക്കണം. ഭവന നിർമ്മാണത്തിന് വായ്പ നൽകുന്ന സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഒന്നും തന്നെയില്ല. ചിറ്റൂർ ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്ന് 15 വീടുകളും, ചിറ്റൂർ പ്രൈമറി കോ. അഗ്രി. റൂറൽ ഡെവലപ്പ്മെൻറ് ബാങ്കിൽ നിന്നും 12 വീടുകളും ആണ് വായ്പ ലഭിച്ചിട്ടുള്ളത്. ഈ പഞ്ചായത്തിൽ 36 പട്ടികജാതി കോളനികളും പട്ടിക രണ്ടിൽ കാണിച്ചിരിക്കുന്നു. ഇവയിലെ പശ്ചാത്തല സൗകര്യം വളരെ കുറവാണ്. പുറമ്പോക്ക് സ്ഥലത്ത് കുടിൽ കെട്ടി താമസിക്കുന്നവരും ഉണ്ട്. കെട്ടിടനിർമ്മാണതൊഴിലാളികൾ ധാരാളമുണ്ടെങ്കിലും നിർമ്മാണസാമഗ്രികൾ ആവശ്യത്തിന് കിട്ടാറില്ല. വീടുകൾക്ക് ജൈവവേലികളാണ് ഈ പ്രദേശത്ത് കണ്ടുവരുന്നത്. ഇതാണ് കുടുതൽയോജിച്ചതും. മതിലുകെട്ടാനുള്ള പ്രവണത കുടുതൽ കണ്ടുവരുന്നു. കെട്ടിടനിർമ്മാണത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിനിരക്കാണ് ഉള്ളത് ഒരു സ്ത്രീ തൊഴിലാളിക്ക് 40 മുതൽ 50 വരെയും പുരുഷന് 80 മുതൽ 100 രൂപ വരെയുമാണ്. കാർഷികത്തൊഴിലാളികൾ ഈ മേഖലയിലേക്കു മാറിവരുന്നു.

അടുത്തകാലത്ത് പാടം നികത്തി വീട് വയ്ക്കുന്ന പ്രവണത കണ്ടുവരുന്നു.

പട്ടിക 2

## പട്ടികജാതി കോളനികളുടെ വിവരം

| ക്രമ നമ്പർ | കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം | വെള്ളം | വെളിച്ചം | വാർഡ് | റോഡ് | റിമാക്സ് |
|---|---|---|---|---|---|---|---|
| 1. | കല്ലായിക്കുളമ്പ് | 42 | ഉണ്ട് | ഉണ്ട് | 1 | 4-ാം വാർഡിലെ ഉപ്പുമണ്ണപ്പടിയിൽ വഴിഗതാഗത യോഗ്യമാക്കണം.<br>3ാം വാർഡിലെ കോട്ടപ്പള്ളം കോളനിയിലേയ്ക്കുള്ള വഴി, നാട്ടുകാരുടെയും സന്നദ്ധസംഘനകളുടെയും റോഡ് വികസന സമിതിയുടെയും സഹായത്തോടെ നടത്തണം. | 1. കക്കൂസ് സൗകര്യം ഒരു കോളനികളിലുമില്ല.<br>2. വെള്ളവും വെളിച്ചവും ഉള്ളതായി കാണിച്ചിരിക്കുന്ന കോളനികളിലെ വീടുകൾക്ക് കിട്ടിയ വൈദ്യുതി നീക്കം ചെയ്തിട്ടുണ്ട്. വെള്ളം കിട്ടുന്നത് എല്ലാ സമയങ്ങളിലുമില്ല. 11ാം വർഡ് കോട്ടപ്പള്ളത്ത് ഏഴു വീടുകൾക്ക് കുടിവെള്ളം ഇല്ല. |
| 2. | നെടുങ്ങോട് | 52 | ഉണ്ട് | ഉണ്ട് | 1 | | |
| 3. | കരിഞ്ഞാലിപ്പള്ളം | 30 | ഇല്ല | ഇല്ല | 1 | | |
| 4. | കേണംപിള്ളി | 26 | ഇല്ല | ഇല്ല | 1 | | |
| 5. | കമ്പിളിച്ചുങ്കം | 24 | ഉണ്ട് | ഉണ്ട് | 2 | | |
| 6. | രായർകളം | 34 | ഉണ്ട് | ഉണ്ട് | 2 | | |
| 7. | ചേരിൻകാട് | 18 | ഉണ്ട് | ഉണ്ട് | 2 | | |
| 8. | വട്ടംപൊറ്റ | 20 | ഉണ്ട് | ഉണ്ട് | 2 | | |
| 9. | അണ്ണാന്തോട് | 12 | ഉണ്ട് | ഉണ്ട് | 3 | | |
| 10. | കുറുമണ്ണാമ്പള്ളം | 31 | ഇല്ല | ഉണ്ട് | 3 | | |
| 11. | കോട്ടപ്പള്ളം | 15 | ഉണ്ട് | ഉണ്ട് | 3 | | |
| 12. | ഉപ്പുമൺപടിക | 25 | ഉണ്ട് | ഉണ്ട് | 4 | | |
| 13. | നവക്കോണം | 12 | ഉണ്ട് | ഉണ്ട് | 5 | | |
| 14. | നടുപാളയം | 18 | ഉണ്ട് | ഉണ്ട് | 5 | | |
| 15. | കൊറ്റമംഗലം | 11 | ഉണ്ട് | ഉണ്ട് | 5 | | |
| 16. | വീരൻപൊറ്റ | 15 | ഉണ്ട് | ഉണ്ട് | 5 | | |
| 17. | കുറുക്കൻപൊറ്റ | 13 | ഇല്ല | ഉണ്ട് | 6 | | |
| 18. | ഇരട്ടക്കുളം | 16 | ഉണ്ട് | ഉണ്ട് | 6 | | |
| 19. | ഒലുവംപൊറ്റ | 20 | ഉണ്ട് | ഉണ്ട് | 7 | | |
| 20. | ശനിയാരംപൊറ്റ | 22 | ഉണ്ട് | ഉണ്ട് | 7 | | |
| 21. | ഏരിപ്പറമ്പ് | 10 | ഉണ്ട് | ഉണ്ട് | 8 | | |
| 22. | വടക്കുംപുറം | 20 | ഉണ്ട് | ഉണ്ട് | 8 | | |
| 23. | തോട്ടശ്ശേരി | 12 | ഉണ്ട് | ഉണ്ട് | 8 | | |
| 24. | പാറക്കുളം | 20 | ഉണ്ട് | ഉണ്ട് | 9 | | |
| 25. | കൗണ്ടൻകളം | 19 | ഉണ്ട് | ഉണ്ട് | 10 | | |
| 26. | മാനാംകുറ്റി | 17 | ഇല്ല | ഇല്ല | 10 | | |
| 27. | കുറ്റിപ്പള്ളം | 21 | ഇല്ല | ഉണ്ട് | 11 | | |
| 28. | വാരിയർചള്ള | 11 | ഇല്ല | ഉണ്ട് | 11 | | |
| 29. | മലമ്പതി | 15 | ഉണ്ട് | ഇല്ല | 11 | | |
| 30. | ചുവട്ടിലെക്കളം | 24 | ഉണ്ട് | ഇല്ല | 11 | | |
| 31. | കണക്കൻപാറ | 28 | ഇല്ല | ഉണ്ട് | 11 | | |
| 32. | കല്ലൻതറ | 15 | ഇല്ല | ഇല്ല | 6 | | |
| 33. | ഇരട്ടക്കുളംകവറത്തറ | 20 | ഉണ്ട് | ഉണ്ട് | 6 | | |
| 34. | തോട്ടശ്ശേരി കവറത്തറ | 21 | ഉണ്ട് | ഉണ്ട് | 8 | | |
| 35. | കുപ്പയ്യൻ ചള്ള | 30 | ഇല്ല | ഇല്ല | 12 | | |
| 36. | തേമ്പാറ മട | 20 | ഉണ്ട് | ഇല്ല | 12 | | |

| | പ്രശ്നങ്ങൾ | | സാദ്ധ്യതകൾ |
|---|---|---|---|
| 1. | ഈ പഞ്ചാത്തിൽ ഭവനനിർമ്മാണത്തിന് വായ്പ നൽക്കുന്ന സ്ഥാപനമില്ല. | 1. | പഞ്ചായത്തിൽ ഭവനനിർമ്മാണത്തിന് ധനകാര്യ സ്ഥാപനം ഉണ്ടാകണം. |
| 2. | നിലവിലുള്ള വായ്പാസൗകര്യങ്ങൾ കിട്ടാൻ കാലതാമസവും പ്രതിബന്ധങ്ങളും കുടുതൽ അനുഭവപ്പെടുന്നു. | 2. | നിലവിലുള്ള വായ്പാസൗകര്യരീതി നിബന്ധനകൾ ലളിതമാക്കണം. |
| 3. | കെട്ടിടനിർമ്മാണത്തൊഴിലാളികൾ ഉണ്ടെങ്കിലും വിദഗ്ദരായവർ ചുരുക്കമാണ് | 3. | പരമ്പരാഗത കെട്ടിടനിർമ്മാണ ത്തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നിലവിലുള്ള ITC യിൽ നൽക്കണം. |
| 4. | പാടം നികത്തി വീടുവെയ്ക്കുന്ന പ്രവണത കുടിവരുന്നു. | 4. | പാടങ്ങൾ നികത്തി വീടുവെയ്ക്കുന്നത് കർശനമായി നിയന്ത്രക്കണം. |
| 5. | സ്വന്തമായി വീടും പുരയിടവും ഇല്ലാത്തവരുണ്ട് (പട്ടിക അന്യത്ര) | 5. | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ ജനകീയ സമിതി രുപീകരിക്കണം. |
| 6. | കെട്ടിട നിർമ്മാണസാമഗ്രികൾ ചിലസ്ഥലത്തു ലഭ്യമല്ല. | 6. | നിർമ്മാണാവശ്യവസ്തുക്കൾ സഹകരണാടിസ്ഥാനത്തിൽ ലഭ്യമാക്കാൻ പഞ്ചായത്തുതലത്തിൽ നടപടിവേണം. |
| 7. | വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല. | 7. | വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിക്കകയും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരികയും വേണം. |
| 8. | വേണ്ട സമയത്ത് നിർമ്മാണത്തൊഴിലാളികളെ കിട്ടുന്നില്ല. | 8. | പഞ്ചായത്തു വികസന സമിതിയും സന്നദ്ധസംഘടനകളും ചേർന്ന് കക്കൂസ് നിർമ്മിക്കാൻ പദ്ധതി നടപ്പിലാക്കണം. |
| 9. | ഒട്ടുമിക്ക വീടുകളും കക്കൂസ് ഇല്ലാത്തവയാണ്. | | |

# സാമൂഹ്യക്ഷേമം

ദാരിദ്രവും അവശതയും അനുഭവിക്കുന്ന സമൂഹത്തിന്റെ അടിത്തട്ടിൽ കഴിയുന്നവരായിരുന്ന ഭൂരിപക്ഷം ജനങ്ങളും. ഉയർന്ന ജാതിയിൽപ്പെട്ട ചിലരും താഴ്ന്ന ജാതികളിൽപ്പെട്ട ബഹുഭൂരിപക്ഷവും ദാരിദ്രവും മറ്റു ജീവിത ക്ലേശങ്ങളും അനുഭവിച്ചു പോന്നു. അന്നത്തെ ഭരണാധികാരികളോ, ഭുപ്രഭുക്കൾ ഒറ്റപ്പെട്ടതും ദുർലഭമായും ചെയ്യുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളൊഴികെ, ആസൂത്രിതമായി യാതൊന്നും നടത്തിയിരുന്നില്ല. കർക്കടമാസം തുടങ്ങുന്ന പഞ്ഞമാസങ്ങളിൽ കഞ്ഞിപാർച്ചകളും റോഡരികിലെ തണ്ണീർ പന്തലുകളും ഇതിലുൾപ്പെടും. ഇതിനുപുറമെ യാത്രക്കാർക്ക് പാതനീളെ ഇരുവശവും തണൽ മരങ്ങൾ വെച്ചു പിടിപ്പിക്കുകയും ചുമട് ഇറക്കിവെയ്ക്കാനുള്ള അത്താണികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഓണം, വിഷു തുടങ്ങിയ വിശേഷാവസരങ്ങളിൽ പാവങ്ങൾക്ക് സാമ്പത്തികവും അല്ലാതെയുമുള്ള സഹായങ്ങൾ ജന്മിമാർ ചെയ്തിരുന്നു. മാത്രമല്ല, പാവങ്ങളിൽ നിന്നും തുച്ഛമായ വരിപ്പണം വാങ്ങിക്കൊണ്ട് തറിക്കുത്തവകാശമായി വീടുവെയ്ക്കാൻ സ്ഥലവും നൽകിയിരുന്നു. അതതു ജന്മിമാരുടെ കീഴിലുള്ള പണിയാളരുടെ വീടുകളിലുണ്ടാകുന്ന കല്യാണം, തുടങ്ങിയകാര്യങ്ങൾക്കും അതാതു പ്രദേശങ്ങളിലെ അമ്പലങ്ങളിലെ വിശേഷങ്ങൾ എന്നിവയ്ക്കും സഹായങ്ങൾ ചെയ്തു പോന്നു.

സ്വാതന്ത്ര്യസമര പ്രക്ഷോഭകാലത്ത് വിവിധ സംഘടനകളുടെ ആവിർഭാവവും അതുവഴി ജനങ്ങളിൽ അവകാശബോധവും വളർന്നുവന്നു. സ്വാതന്ത്ര്യപ്രാപ്തിയും കേരളസംസ്ഥാന രൂപീകരണത്തിനും ശേഷം പരിമിതമായ തോതിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടന്നിരുന്നു. പക്ഷേ 1975 നു മുമ്പുവരെ വലുതായ പുരോഗതി ഈ രംഗത്തും ഉണ്ടായിരുന്നില്ല. 1975 ൽ രൂപീകൃതമായ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികളുണ്ടായി. എങ്കിലും ഇവയുടെ ഗുണഫലങ്ങൾ ഇവിടെത്തെ ജനങ്ങൾക്ക് വേണ്ട തോതിൽ ലഭിച്ചിട്ടില്ല. ഇതിനുപ്രധാനകാരണം ഗുണഭോക്താക്കളായിത്തീരേണ്ട ജനവിഭാഗങ്ങളുടെ അറിവില്ലായ്മയും സംഘടിത പ്രസ്ഥാനങ്ങളുടെ ആവശ്യങ്ങൾ പിടിച്ചു വാങ്ങാനുള്ള കഴിവുകേടും ആയിരുന്നു. പദ്ധതികൾ ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ അർഹതപ്പെട്ടവർക്കും സമയത്തിന് കിട്ടായ്ക, നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത, സർവ്വോപരി പദ്ധതികൾ അനുവദിക്കുന്ന കാര്യത്തിൽ പാലക്കാട് ജില്ലയോട് കാണിക്കുന്ന അവഗണന ഇവയെല്ലാം ഗ്രാമസഭ ചർച്ചയിൽ പൊന്തിവന്നിട്ടുണ്ട്. ദാരിദ്ര്യവും അവശതയും അനുവദിക്കുന്ന 2867 കുടുംബങ്ങൾ ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം ഈ പ്രദേശത്തുണ്ട്. വിവിധ പദ്ധതികളുടെ പ്രവർത്തനവും ചെലവഴിച്ചതുകയും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

**ഭവന നിർമ്മാണം**

| വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പദ്ധതികളിൽ അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഇനിയും പൂർത്തീകരിക്കാനുള്ള വീടുകൾ | അനുവദിക്കാൻ ബാക്കി | ചെലവാക്കിയ തുക രൂപ |
|---|---|---|---|---|---|
| 822 | 167 | 102 | 65 | 655 | 1614000 |

| പട്ടിക 2<br>കക്കൂസ് നിർമ്മാണം | | | | | |
|---|---|---|---|---|---|
| സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതി കൾവഴി അനുവദിച്ച കക്കൂസുകൾ | പൂർത്തീകരിച്ച കക്കൂസുകൾ എണ്ണം | ബാക്കി | ഇനി നിർമ്മിക്കാനുള്ള കക്കൂസുകൾ | ചെലവ് രൂപ |
| 1590 | 114 | 75 | 39 | 1411 | 141800 |

| പട്ടിക 3<br>ചെറുകിട/പരിമിത കർഷകർക്ക് കിണർ, പമ്പുസെററ് അനുവദിച്ചതിന്റെ വിവരം | | |
|---|---|---|
| ഇനം | അനുവദിച്ച എണ്ണം | ചെലവാക്കിയ തുക (രൂപ) |
| കിണറ് | 24 ) | 343872 |
| പമ്പ് ഹൗസ് | 19 ) | |
| പമ്പ് സെററ് | 65 ) | |

| പട്ടിക 4<br>ഗ്രാമീണ കൈത്തൊഴിൽ ചെയ്യുന്നവർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ വിവരം | | | |
|---|---|---|---|
| IRDP സർവ്വേപ്രകാരം ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടവരുടെ എണ്ണം | സഹായം ലഭ്യമായവരുടെ എണ്ണം | ഇനി സഹായം ലഭിക്കേണ്ടവരുടെ എണ്ണം | ഉപകരണങ്ങൾക്കുവേണ്ടി ചെലവാക്കിയ തുക |
| 75 | 35 | 40 | 110365 |

| പട്ടിക 5<br>ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം | | | | | |
|---|---|---|---|---|---|
| പരിശീലനം ലഭിച്ച വിഷയം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലിൽ ഏർപ്പെട്ടവർ | ബാക്കിയുള്ളവർ | ചെലവു ചെയ്ത തുക രൂപ |
| കൈത്തറിനെയ്ത്ത് | 14 | 10 | 4 | ) | 108000 |
| വയർമാൻ | 3 | 2 | 1 | ) | |
| ലെയ്ത്ത്വർക്ക് | 1 | -- | 1 | ) | |
| കാർപെൻററി | 2 | 2 | -- | ) | |
| ഷീററ് മെററൽ | 1 | -- | 1 | ) | |
| പ്രിൻറിംങ്ങ് | 2 | 2 | -- | ) | |
| എലക്ട്രീഷ്യൻ | 1 | 1 | -- | ) | |
| പുൽപ്പായനെയ്ത്ത് | 14 | 14 | -- | ) | |
| കെട്ടുപണി | 1 | -- | 1 | ) | |
| ടി.വി.ടെക്നോളജി | 1 | -- | 1 | ) | |

| പട്ടിക 6<br>വിവിധ സാമൂഹ്യപെൻഷൻ സംബന്ധിച്ച വിവരം | | |
|---|---|---|
| 1. | അഗതി പെൻഷൻ | 302 |
| 2. | വിധവാ പെൻഷൻ | 227 |
| 3. | വികലാംഗ പെൻഷൻ | 162 |
| 4. | വാർദ്ധക്യകാല പെൻഷൻ | 16 |
| 5. | അവശകലാകാര പെൻഷൻ | 2 |
| 6. | ക്ഷയരോഗ പെൻഷൻ | 1 |
| 7. | കുഷ്ഠരോഗ പെൻഷൻ | 1 |

മേൽക്കാണിച്ച പട്ടികകൾ പരിശോധിച്ചാൽ അർഹരായ വരിൽ ത്തന്നെ 10% ശതമാനത്തിൽ താഴെ കുടുംബ ങ്ങൾക്കു മാത്രമെ സഹായം ലഭിച്ചിട്ടുള്ളു എന്നുകാണാം.

ചിറ്റൂർ ബ്ലോക്കിനുകീഴിൽ നല്ലേപ്പിള്ളി പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന മൂന്നു V.G.O സർക്കിളുകൾ വഴി നടന്ന ക്ഷേമപ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്തണമെങ്കിൽ ഗുണഭോക്താ ക്കളിൽ നിന്ന് ഇനിയും വിവരങ്ങൾ ശേഖരിയ്ക്കേണ്ടി യിരിക്കുന്നു. IRDP വഴി പഞ്ചായത്തിന്റെ ആഭിമുഖ്യ ത്തിലും ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ് മുഖാന്തിരവും 3959387 രൂപ ചിലവാക്കിയിട്ടുണ്ട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

**അവലോകനം**

IRDP പദ്ധതിയുടെ കീഴിൽ ലഭിച്ചുവരുന്ന വിവിധ സഹായങ്ങൾക്ക് അർഹരായവരെ തെരഞ്ഞെടുക്കുന്ന തിൽ കാലതാമസവും അപാകതകളും ചൂണ്ടിക്കാണി ക്കപ്പെടുന്നു. ഇതൊഴിവാക്കുവാൻ ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കുന്ന സന്ദർഭങ്ങളിൽ പഞ്ചായത്തുതല സമിതികളുടെ പരിപൂർണ്ണമായ നിയന്ത്രണവും മേൽനോട്ടവും ഉണ്ടായിരിക്കണം. ഈ പദ്ധതിക്ക് തുക വകയിരുത്തമ്പോൾ പാലക്കാട് ജില്ലയുടേയും പിന്നോക്കവസ്ഥ കണക്കിലെടു ക്കേണ്ടതാണ് . ഇത്തരം സഹായധനം ലഭിക്കുന്നവർ ദുർവിനിയോഗം ചെയ്യുന്നതായും പരാതികളുണ്ട്. ഇതൊഴിവാക്കുവാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ചെയ്യാൻ പോകുന്ന തൊഴിലിനോടുള്ള സന്നദ്ധത ഉറപ്പു വരുത്തണം. ഇതിനായ് പ്രദേശിക വികസന സമിതികൾ, പഞ്ചായത്ത് ഗ്രാമസഭവകൾ ഇവ ഇടപ്പെടണം. ഈ പഞ്ചായത്തിൽ സാമൂഹ്യ സാമ്പത്തിക സർവ്വെ നടത്തേണ്ടതുണ്ട്. വിവിധ വായ്പകൾ വിനിയോഗി ക്കാത്തവരേയും തിരിച്ചടയ്ക്കാത്തവരേയും നിയമ നടപടികൾക്ക് വിധേയരാക്കുകയും സർക്കാരിന്റെ ഇതര ധനസഹായത്തിന് അനർഹരാക്കുകയും വേണം.

**DWCRA**

പദ്ധതിനടത്തിപ്പു പരിശോധിക്കുമ്പോൾ തൊഴി ലെടുക്കാൻ സന്നദ്ധരായിട്ടുള്ള വനിതകളുടെ എണ്ണം ധാരാളമുണ്ടെങ്കിലും പഞ്ചായത്തിൽ 71 യൂണിറ്റുകൾ മത്രമേ സംഘടിപ്പിച്ചിട്ടുള്ളു. ഈ യൂണിറ്റുകളിൽ ആറെണ്ണവും പ്രവർത്തനക്ഷമമല്ല. ഈ പദ്ധതിയിൻ കീഴിൽ വരുന്ന വിവിധ തൊഴിൽ രംഗങ്ങളിൽ യന്ത്ര വൽക്കരണം നിലനിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ലാഭകരമല്ലാതായിതീരുന്നുമുണ്ട്. ഇത്തരം യൂണിറ്റുകൾ തുടങ്ങാനുള്ള നിയമങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടും കൂടുതൽ പേരെ ബോധവൽക്കരി ച്ചുകൊണ്ടും ഈ പോരായ്മകൾ പരിഹരിക്കേണ്ടതാണ്. ഈ സംരംഭങ്ങൾക്കായി 42000 രൂപ 8-ാം പദ്ധതി കാലത്ത് ചെലവാക്കിയിട്ടുണ്ട്.

**ട്രൈസം**

നാല്പതു പേർക്ക് പരിശീലനം നൽകിയതിൽ 31 പേർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായം നൽകിയിട്ടുണ്ട്. ഒമ്പതുപേർ മറ്റുതൊഴിലുകളിലും ഏർപ്പെട്ടിട്ടുണ്ട്. നിലവിലുളളതിന്നു പുറമെ ആധുനിക തൊഴിൽ മേഖലകൾ കണ്ടെത്തുകയും ഇനിയും അർഹരായ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ടും ഈ പദ്ധതി വിപുലീകരിക്കണം. ഓരോ തൊഴിലിനം തെരഞ്ഞെടുക്ക പ്പെടുന്നനും തൊഴിലിൽ പരമ്പരാഗതമായോ അല്ലാതെയും തികച്ചും താല്പര്യമുള്ള വരാണോ എന്നും പരിശീലനത്തിനുശേഷം അവർ അതേ തൊഴിലിൽ തുടരമോ എന്നുള്ള കാര്യത്തിലും ഉറപ്പുവരു ത്തേണ്ടതുണ്ട്. ഇതിനുള്ള സ്റ്റൈപ്പെൻഡ് കാലോചിതമായി വർദ്ധി പ്പിക്കണം.

**ടൂൾ കിറ്റ്**

അർഹരായിട്ടുള്ള 69 പേരിൽ 33 പേർക്കു മാത്രമാണ് ടൂൾകിറ്റ് വിതരണം ചെയ്തിട്ടുള്ളത്. ടൂൾ കിറ്റുകൾ ലഭിച്ചിട്ടുള്ളവർ ആ തൊഴിലിനുവേണ്ടി ഉപയോഗി ക്കുന്നില്ല എന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ആയത് തിരിച്ചു വാങ്ങുവാനും (നഷ്ടപ്പെട്ട ഇനങ്ങൾക്ക് വില ഈടാക്കി കൊണ്ട്) പുതിയ പരിശീലകർക്ക് നൽകുവാനും നടപടികളെടുക്കണം. തുടർപരിശോധന വി. ഇ. ഒ.മാർ നടത്തേണ്ടതാണ്.

വിവിധ ക്ഷേമ പദ്ധതികളിലായി കക്കൂസ് നിർമ്മിക്കാൻ 109 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇനിയും 1411 പേർക്ക് അർഹതയുള്ളവരായി കാണുന്നു. ഈ പദ്ധതിയിൽ കീഴിൽ കൂടുതൽ സംഖ്യവകയിരുത്തുകയും നിശ്ചിത കാലാവധിക്കുള്ളിൽ മുഴുവൻ ലക്ഷ്യഗ്രൂപ്പിനും ഈ സൗകര്യം കിട്ടാറാക്കുകയും വേണം. ഭവന നിർമ്മാണപദ്ധതിയുടെ കീഴിൽ 102 പേർക്ക് വീടുകൾ വെച്ചുകൊടുത്തിട്ടുണ്ട്. ഇനിയും 655 പേർ അർഹരായി ബാക്കി നിൽക്കുന്നു. സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി 10000 രൂപ ചെലവഴിച്ച് 1 0000 വൃക്ഷത്തൈക്കാൾ വിതരണം ചെയ്യാതായിട്ടാണ് കണക്ക്. ആർക്കെല്ലാം ഏതെല്ലാം പ്രദേശങ്ങളിൽ വിതരണം ചെയ്തു എന്ന കണക്ക് ലഭ്യമല്ല. മണ്ണൊലിപ്പ് തടയുക, ഭൂമി ഫലഭൂയി ഷ്ഠമാക്കുക വിറകു ലഭ്യത കൂട്ടുക എന്നി ലക്ഷ്യങ്ങൾ മുൻനിർത്തി നടപ്പാക്കുന്ന ഇത്തരം പദ്ധതികളുടെ ലക്ഷ്യപ്രാപ്തി പുനരവലോകനം ചെയ്യണം. പ്രദേശത്തിനും കാലാവസ്ഥയ്ക്കും പറ്റുന്ന ഫല വൃക്ഷത്തൈകളും മറ്റുമാണ് വിതരണം ചെയ്യേണ്ടി യിരുന്നത്. ഭാരിച്ച

സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കു കയും ജനകീയ ബോധവൽക്കരണത്തിലൂടെ ഈ പദ്ധതി നടപ്പിലാക്കുകയും വേണം.

**പെൻഷൻ**

നല്ലകാലത്തു ആവും വിധം അദ്ധ്വാനിച്ചവർക്ക് ജീവിതത്തിൻെറ സായാഹ്നത്തിൽ ആശ്വാസ ത്തിനായിട്ടാണ് സർക്കാർ പെൻഷനുകൾ ഏർപ്പെടുത്തി യിട്ടുള്ളത്. അർഹിക്കുന്ന ആളുകൾക്ക് അതു ലഭിക്കുന്നതിന് പഞ്ചായത്തു തലവാർഡുതല വികസന സമിതികൾ മുൻകൈയെടുക്കണം. കാലതാമസം ഒഴിവാക്കാൻ നിബന്ധനകളിലെ നൂലാമാലകൾ ഇല്ലാതാക്കുകയും വേണം.

അന്ധർ, മൂകർ, ബധിരർ, അനാഥർ തുടങ്ങി അംഗ വൈകല്യം ബാധിച്ചവർക്കും, കുഷ്ഠം, ക്ഷയം കാൻസർ, മുതലായ രോഗങ്ങൾക്കടിപ്പെട്ടു ചികിത്സ നടത്തുന്ന വർക്കും ആശ്വാസ സദനങ്ങൾ ജില്ലാതലത്തിൽ ഉണ്ടാകണം.

സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ ക്ഷേമനിധികളെ കുറിച്ച് പലർക്കും ശരിയായ അറിവില്ല. ക്ഷേമനിധികൾ ലഭ്യമാക്കുന്ന കാര്യത്തിൽ നിയമത്തിനുവേണ്ടി മാത്രമായി നിയമങ്ങൾ അർഹതപ്പെട്ടവർക്ക് കിട്ടാതിരിക്കാൻ കാരണമാകുന്നുണ്ട്. ഇത് പരിഹരിക്കുവാൻ നിയമങ്ങളിൽ കാലോചിതമായ, പ്രയോഗികമായ മാററം ഉറപ്പുവരുത്തണം.

ഈ പഞ്ചായത്തിലുള്ള കർഷകത്തൊഴിലാളി, ചുമട്ടുതൊഴിലാളി, കെട്ടിട നിർമ്മാണതൊഴിലാളി, ചെത്തുതൊഴിലാളി, ആർട്ടിസാൻസ് എന്നിവിഭാഗത്തിൽ പെട്ടവർക്ക് പെൻഷൻ പദ്ധതികളും ക്ഷേമനിധികളുമുണ്ട്. ഇവരെപ്പോലെത്തന്നെ അപകടകരവും തൊഴിൽ രോഗം പിടിപെടാൻ ഇടയുള്ളതുമായ ക്വാറി, ആഭരണകല്ലും, തുടങ്ങിയ ഇതര തൊഴിൽ രംഗത്തുള്ളവരെക്കൂടി ക്ഷേമപദ്ധതികളിലും പെൻഷൻ പദ്ധതികളിലും ഉൾപ്പെടുത്തണമെന്ന് ഗ്രാമസഭകളിൽ അഭിപ്രായം പൊന്തിവന്നിട്ടുണ്ട്. ഇതിനുപുറമെ അസംഘടിതരും അവശരുമായ ജീവിതത്തിൻെറ വിവിധതലങ്ങളിൽ പ്രവർത്തിച്ച ആളുകൾ ജീവിത സായാഹ്നത്തിൽ അവശത അനുഭവിക്കുന്നതുകാണുന്നുണ്ട്. ഉദാഹരണമായി നാടൻ കലാരുപങ്ങളിൽ പ്രാവീണ്യ മുള്ളവരും അമ്പലങ്ങളിലെ കഴകക്കാരും. ക്ഷേമ പദ്ധതി കളിൽ ഇവർക്കും ഇടം കൊടുക്കേണ്ടതാണ്.

**കർഷകതൊഴിലാളി പെൻഷൻ**

ഈ പഞ്ചായത്തിൽ 749 പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ കിട്ടിവരുന്നു. വിവിധ ക്ഷേമപദ്ധതികളിൽ ഇവർ പങ്കാളികളായിട്ടുമുണ്ട്. പെൻഷനു മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിൽ കുടുംബ വരുമാനം മൊത്തത്തിൽ കണക്കിലെടുക്കുന്നുണ്ട്. അർഹതയുള്ളവർക്ക് കിട്ടാതെവരാൻ ഇത് ഇട യാക്കുന്നു.

**തൊഴിലില്ലായ്മ വേതനം**

78 പേർക്ക് തൊഴിലില്ലായ്മവേതനം ലഭിക്കുന്നുണ്ട്. മറ്റെല്ലാ ക്ഷേമനിധി സഹായങ്ങൾ നൽകുമ്പോഴും എടുക്കാറുള്ള പോലെത്തന്നെ കുടുംബവരുമാനം കണക്കാക്കുന്നതിൽ പ്രയോഗികമല്ലാത്ത സമീപനം കാരണം അർഹരായവർ തഴയപ്പെടുന്നുണ്ട്.

**മഹിളാസമാജം**

അംഗൺവാടി നടത്തിപ്പിനുവേണ്ടി സംഘടിപ്പിച്ചിട്ടുള്ള മഹിളാസമാജങ്ങൾ നിഷ്ക്രിയമാണ്. പുറമെ നല്ലേപ്പിള്ളിയിൽ 40 വർഷക്കാലത്തെ പ്രവർത്തന പാരമ്പര്യമുള്ള മഹിളാസമാജവും നിലവിലുണ്ട്. കുറച്ചു വർഷങ്ങൾ മുമ്പുവരെ കാര്യക്ഷമമായ പ്രവർത്തനങ്ങളുണ്ടായിരുന്നു. ഇപ്പോൾ വനിതാ രംഗത്തുള്ള താല്പര്യകുറവ് ഈ സമാജത്തിനെയും പ്രവർത്തനരഹിതമാക്കിയിട്ടുണ്ട്. ജീവിതത്തിൻെറ നാനാമേഖലകളിലും സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തി സാമൂഹ്യ പുരോഗതി കൈ വരിക്കാൻ യത്നിക്കേണ്ട ഈ കാലഘട്ടത്തിൽ മഹിളാസംഘടനകളുടെ പ്രവർത്തന രാഹിത്യം നിരാശാജനകമത്രെ. ലക്ഷ്യ ബോധമുള്ള വനിതാ സംഘടനകൾ രുപീകരിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പഞ്ചായത്തു സമിതി മുൻകയ്യെടുക്കണം.

**അങ്കൺ വാടികൾ**

പഞ്ചായത്തു വികസന സമിതികളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ അങ്കൺ വാടികളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. (പട്ടിക 1 കാണുക) പോഷകാഹാരം കുടുതൽ പോഷക മൂല്യം ഉള്ളതാക്കണം.

വളരുന്ന തലമുറയ്ക്ക് സദാചാരാബോധം ജനിപ്പിക്കുന്നതിന് പരസ്പരസ്നേഹവും കുട്ടായ്മയും വളർത്തിയെടുക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതവും കാര്യക്ഷമവും ആക്കേണ്ടത് ഏറ്റവും വലിയ ആവശ്യമാണ്.

**പൊതു വിതരണം.**

ഈ പഞ്ചായത്തിൽ പൊതുവിതരണകേന്ദ്രങ്ങൾ എന്ന നിലയിൽ 10 റേഷൻ കടകളാണുള്ളത്. സിവിൽ സപ്ലൈസ് കോർപറേഷൻെറ ആഭിമുഖ്യത്തിലുള്ള

മാവേലി സ്റ്റോറുകൾ ഈ പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറു മുള്ള കൊഴിഞ്ഞമ്പാറയിലും, ചിറ്റൂരു മാണുള്ളത്. ഈ പഞ്ചായത്തിലും ഒരു മാവേലി സ്റ്റോറ് തുടങ്ങാനുള്ള ഉദ്യമം ഔദ്യോഗിക തലത്തിൽ നടന്നിരുന്നു പക്ഷേ തക്കതായ കെട്ടിടം ലഭിക്കാത്തതു കൊണ്ടാണ് ഇത് തുടങ്ങാൻ കഴിയാതെ പോയത്. ഇതിന്റെ ആവശ്യകത ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിരുന്നു.

ഏകദേശം ആറായിരത്തോളം റേഷൻകാർഡുടമകളുണ്ട് ഇതുവഴി 29000 ത്തോളം പേർക്ക് റേഷൻ സാധനങ്ങൾ കിട്ടുന്നുണ്ട്. റേഷൻ കാർഡുകൾ വഴികൾ ലഭിക്കുന്ന ഭക്ഷ്യസാധനങ്ങളും, മണ്ണെണ്ണ തുടങ്ങിയവയുടെയും തോത് വർദ്ധിപ്പിക്കാനും, അവയഥാസമയം കിട്ടാനുള്ള സംവിധാനവും ഉണ്ടാക്കണം കൂടാതെ റേഷൻ കാർഡുകളിൽ പുതുതായി പേര് ഉൾപ്പെടുത്തുന്ന തുൾപ്പെടുയുള്ള പലകാര്യങ്ങൾക്കും ജനങ്ങൾ വളരെ യധികം ബുദ്ധിമുട്ടുന്നു.

| പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|
| 1. വിവിധക്ഷേമപദ്ധതികൾ അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നില്ല. | 1. ഗ്രാമസഭയുടെയും വികസനസമിതിയുടേയും ആഭിമുഖ്യത്തിൽ വിശദമായ സർവ്വേ നടത്തി അർഹതയുള്ളവരെ കണ്ടെത്തണം. |
| 2. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന രീതിയിൽ പോരായ്മകളുണ്ട്. | 2. ഗ്രാമസഭയുടേയും, വികസനസമിതിയുടേയും മേൽനോട്ടത്തിൽ പരിഹാരം കാണണം. |
| 3. TRY തുടങ്ങിയ സ്കീമുകളിൽ ഈ പഞ്ചായത്തിന് വകയിരുത്തുന്ന തുക തികയാതെവരുന്നു. | 3. പാലക്കാട് ജില്ലയുടേയും ഈ പഞ്ചായത്തിന്റെയും പിന്നോക്കാവസ്ഥ കണക്കിലെടുത്ത് കൂടുതൽ തുക വകയിരുത്തണം. |

**D.W.C.R.A**

| | |
|---|---|
| 1. പഞ്ചായത്തിലെ തൊഴിലില്ലാത്ത വനിതകളുടെ എണ്ണത്തിനനുസരിച്ച് DWCRA യൂണിറ്റുകൾ ഇല്ല. | 1. കൂടുതൽ സ്ഥലങ്ങളിലും, കൂടുതൽ രംഗങ്ങളിലും ഇത്തരം യൂണിററുകൾ ആരംഭിക്കുന്നതിനുവേണ്ട പ്രവർത്തനം വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടത്തേണ്ടതുണ്ട്. |
| 2. നിലവിലുള്ള യൂണിറ്റുകൾ കാര്യക്ഷമമായി പ്രവൃത്തിക്കുന്നില്ല. | 2. ഓരോ യൂണിററ് അനുവദിക്കുമ്പോഴും ഒരു തൊഴിലിനു പകരം ലാഭകരവും അനുയോജ്യവുമായ ഒന്നിൽ കൂടുതൽ തൊഴിലുകൾ സംയോജിപ്പിച്ച് പ്രവൃത്തിപ്പിക്കാനുള്ള സാവകാശം യൂണിററുകൾക്ക് നൽകേണ്ടതാണ്. ഏറെടുത്ത തൊഴിൽ ലാഭകരമല്ല എന്നു വരുന്നപക്ഷം പുതിയ തൊഴിലുകൾ ഉൾപ്പെടുത്തി സജീവമാക്കണം. യൂണിററുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥന്മാരുടെ തുടർ അവലോകനങ്ങൾ ഉറപ്പുവരുത്തണം. |

**ട്രൈസം**

| | |
|---|---|
| 1. പരിശീലനം കിടുന്നവരുടെ എണ്ണം വളരെ കുറവാണ്. | 1. നിലവിലുള്ളതിനുപുറമെ ആധുനിക തൊഴിൽ മേഖലകൾ കണ്ടെത്തി കൂടുതൽ ആളുകളെ ഉൾപ്പെടുത്തണം. |
| 2. ട്രൈസം പദ്ധതി ഫലപ്രദമാകുന്നില്ല. | 2. തിരഞ്ഞെടുക്കപ്പെടുന്ന ആളുകൾ ആ പരിശീലന ത്തിനുശേഷം അതേ തൊഴിലിൽ തുടരുമോ എന്ന് ഉറപ്പാക്കണം. |

3. പരിശീലകർക്ക് കിട്ടുന്ന സ്റ്റൈപ്പന്റിൽ പോരായ്മകളുണ്ട്.
   3. സ്റ്റൈപ്പന്റ് തുക കാലോചിതമായി പരിഷ്ക്കരിക്കണം.

4. IRDP സർവ്വേ പ്രകാരം അർഹരായ മുഴുവൻ പേർക്കും വീടും കക്കൂസും നിർമ്മിച്ചുകൊടുത്തിട്ടില്ല.
   4. മുഴുവൻ പേർക്കും ഇത് നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

5. സാമൂഹ്യവനവൽക്കരണ പദ്ധതി തൃപ്തികരമല്ല, ഭാരിച്ച സാമ്പത്തിക ബാധ്യത ഉണ്ടാവുന്നു.
   5. നമ്മുടെ നാടിന് അനുയോജ്യമായ വൃക്ഷ തൈകൾ വിദ്യാർത്ഥികളുടേയും മററു സന്നദ്ധ സംഘടനകളുടേയും ആഭിമുഖ്യത്തിൽ വളർത്തിയെടുത്ത് വിതരണം ചെയ്യണം.

**തൊഴിൽ**

1. ക്വാറി തൊഴിലാളികൾ ആഭരണകല്ല് തൊഴിലാളികൾ എന്നിവർക്ക് ക്ഷേമനിധികളില്ല.
   1. ഇത്തരം തൊഴിലാളികളെ കൂടി ക്ഷേമനിധികളിൽ ഉൾപ്പെടുത്തണം.

2. വിവിധ നാടൻ കലാരംഗങ്ങളിലുള്ള അവശ കലാകാരൻമാർക്ക് പെൻഷൻ ലഭിക്കുന്നില്ല.
   2. ഇത്തരം ആളുകളെ കണ്ടെത്തി പെൻഷൻ ലഭ്യമാക്കണം.

**കർഷകതൊഴിലാളി പെൻഷൻ**

1. അർഹതപെട്ടവർക്ക് ആനുകൂല്യം കിട്ടുന്നില്ല.
   1. കുടുംബവരുമാനം മൊത്തം കണക്കിലെടുക്കാതെ അർഹരായവരെ കണ്ടെത്തി ആനുകൂല്യം ലഭ്യമാക്കണം.

**മഹിളാ സമാജങ്ങൾ**

1. ഇവയുടെ പ്രവർത്തനം മുരടിച്ചിരിക്കുന്നു.
   1. വികസനസമിതികളുടേയും, കുടുംബയോഗങ്ങളുടേയും കൂട്ടായ പരിശ്രമംകൊണ്ട് വനിത സംഘടനകളെ പുനസംഘടിപ്പിക്കണം.

**അങ്കണവാടികൾ**

1. രണ്ടു കി.മീ അകത്ത് അങ്കണവാടികൾ ഇല്ല.
   1. സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ സ്ഥലവും കെട്ടിടവും കണ്ടെത്തണം.

2. ഭൗതിക സൗകര്യങ്ങൾ ഇല്ല.
   2. വിരിപ്പ്, ഫർണീച്ചർ, കളിക്കോപ്പുകൾ, ചെരുപ്പ് ഇവ സന്നദ്ധ സംഘടനകളുടെയും സാമൂഹ്യക്ഷേമ വകുപ്പിന്റേയും സഹകരണത്തോടെ കണ്ടെത്തണം.

**പൊതു വിതരണം**

1. ഈ പഞ്ചായത്തിൽ മാവേലി സ്റ്റോർ ഇല്ല.
   1. പഞ്ചായത്ത് വികസന സമിതിയുടെയും ഗ്രാമസഭയുടേയും സഹായത്താൽ സ്ഥലം കണ്ടെത്തി കെട്ടിടം ഉണ്ടാക്കണം.

2. ഗോതമ്പ്, മണ്ണെണ്ണ എന്നിവ വേണ്ട സമയത്ത് കിട്ടുന്നില്ല.
   2. ഇവയുടെ ക്വാട്ട വർദ്ധിപ്പിക്കണം.

3. റേഷൻ കാർഡ് അനുവദിച്ച് കിട്ടുന്നതുൾപ്പടെയുള്ള കാര്യങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു.
   3. നിയമങ്ങൾ ലഘൂകരിച്ചും വേണ്ട സന്ദർഭങ്ങളിൽ പഞ്ചായത്തിടപെട്ടും പ്രശ്നം പരിഹരിക്കണം.





# 5.8 സംസ്ക്കാരം

ചരിത്രപ്രസിദ്ധമായ പാലക്കാടൻ ചുരത്തിന്റെ ഹൃദയഭാഗത്താണ് നല്ലേപ്പിള്ളി ഗ്രാമം സ്ഥിതിചെയ്യുന്നത്. വിവിധ ഭാഷാസംസ്ക്കാരങ്ങളുടെ സമന്വയം ഇവിടെ ദൃശ്യമാണ്. പ്രാചീനകാലംമുതൽ അയൽദേശങ്ങളായ തമിഴ്നാട്, തെലുങ്കുദേശം, കർണ്ണാടകം എന്നിവിടങ്ങളിൽ നിന്ന് സാമൂഹിക സാംസ്ക്കാരിക വ്യാപരകാര്യങ്ങളുമായി ബന്ധപ്പെട്ടു, വ്യത്യസ്തതലങ്ങളിലുള്ള ജനങ്ങൾ ഇവിടെവന്നു കുടിപാർത്തതായി ചരിത്രം പറയുന്നു. കാലപ്പഴക്കം കൊണ്ടും കൂടികലർന്ന ജീവിതംകൊണ്ടും അതതു ജനവർഗ്ഗങ്ങളുടെ തനതു സംസ്ക്കാരത്തിന്റെ തനിമ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിലും അവ്യക്തമായ സംസ്ക്കാരത്തനിമ നിലനിൽക്കുന്നു. ഹിന്ദു, മുസ്ലീം, ക്രിസ്ത്രീയമത വിഭാഗങ്ങൾ ഇവിടെ സഹവർത്തിത്ത ത്തോടെ ജീവിക്കുന്നു. ജാതിവ്യത്യാസങ്ങൾക്കനുസൃത മായി ആണ് പണ്ട് ഇവർ താമസിച്ചിരുന്നതെന്ന് , നായർ തറ, ആണ്ടിത്തറ, കൊല്ലത്തറ, ആശാരിത്തറ, മുതലിയാർ തറ, വാണിയർ തറ, കൊശത്തറ, അഗ്രഹാരം എന്നീ പ്രാദേശിക സ്ഥലനാമങ്ങളിൽ നിന്ന് വ്യക്തമാവുന്നു.

## ആരാധനാലയങ്ങൾ

ഹിന്ദുക്കൾക്കും, മുസ്ലീമുകൾക്കും, ക്രിസ്ത്യാനികൾക്കും അവരവരുടെ മതാചാരങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ആരാധന നടത്താനുള്ള ക്ഷേത്രങ്ങളും, മോസ്ക്കും, പള്ളിയും ഇവിടെയുണ്ട്. ഭൂരിപക്ഷം വരുന്ന ഹിന്ദുക്കൾക്ക് നിരവധി ആരാധനാലയങ്ങളും അവയോടുബന്ധപ്പെട്ടുള്ള ഉത്സവാഘോഷങ്ങളും ഉണ്ട്. പഞ്ചായത്തിന്റെ ആസ്ഥാനത്തോടടുത്തു കിടക്കുന്ന ചുണങ്ങി ഭഗവതിക്ഷേത്രം ഇവയിൽ പ്രധാനമാണ്. കർണ്ണകിയാണ് ഇവിടുത്തെ പ്രതിഷ്ഠ. പതിന്നാലു ദിവസം നീണ്ടുനില്ക്കുന്ന തോൽപ്പാവകൂത്ത് ഈ നാട്ടിലെ സങ്കരസംസ്ക്കാരത്തിന്റെ ഉത്തമോദാഹര ണമാണ്. ശ്രീ. നടരാജപ്പുലവരുടെ നേതൃത്വത്തിലുള്ള കൂത്തുപുലവർ സംഘമാണ് കുത്ത് അവതരിപ്പിയ്ക്കു ന്നത്. ജാതിമത ഭേദമെന്യേ ഗ്രാമവാസികൾ ഇത്തരം ആഘോഷങ്ങളിൽ സഹകരിയ്ക്കുന്നു. ചുണങ്ങി ഭഗവതിക്ഷേത്രത്തിനു പുറമെ ശിവക്ഷേത്രം, വേട്ടയ്ക്കൊരുമകൻ ക്ഷേത്രം, വിഷ്ണു ക്ഷേത്രം, സിദ്ധിവിനായാക ക്ഷേത്രം, കൃഷ്ണക്ഷേത്രം, എരട്ടക്കുളം മാരിയമ്മൻ ക്ഷേത്രം എന്നീ ആരാധനാകേന്ദ്രങ്ങളും പഴയകുടിപാർപ്പുകളുടെ ആരാധനാലായമൂർത്തികളായ കണ്ടാകർണൻ, മുനിയപ്പൻ, മധുരവീരൻ തുടങ്ങിയ ദേവതകളെ കുടിവെച്ച് ആരാധിയ്ക്കുന്ന ഇടങ്ങളും ഉണ്ട്. ക്രിസ്ത്യാനികൾക്കും മുസ്ലീംകൾക്കും ഓരോ പള്ളിവീതമാണ് ഉള്ളത്.

ചോണ്ടത്ത്, അങ്കരാത്ത് എന്നീ രണ്ടു പുരാതന തറവാട്ടുകാരാണ് ഇവിടുത്തെ പഴയനാടുവാഴികൾ അവരുടെ നിയന്ത്രണത്തിൽ ശിവക്ഷേത്രവും ശാസ്താക്ഷേത്രവും പാരിജാതപുരം വിഷ്ണുക്ഷേത്രവും ഉണ്ട്. ഈ ക്ഷേത്രങ്ങൾ കേന്ദ്രമാക്കി അടുത്തകാലംവരെ കേരളീയ ക്ഷേത്രകലകൾ അവതരിപ്പിച്ചു പോന്ന ആണ്ടുൽസവങ്ങൾ നടന്നിരുന്നു. മാരിയമ്മൻ ഉത്സവവും കാർഷികോത്സവുമായ കതിരും ഇവിടെ ആഘോഷിച്ചു വരുന്നു. ശൂരസംഹാരം ആണ് മറ്റൊരു പ്രധാന ക്ഷേത്രോത്സവം.

ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ഇത്തരം ഉത്സവങ്ങളിലും ആഘോഷങ്ങളിലും ജാതിമതവർഗ്ഗം ഭാഷാവ്യത്യാസങ്ങൾ മറന്ന് ഗ്രാമവാസികൾ പങ്കെടുക്കുന്നു എന്നത് ഗ്രാമത്തിലെ നിവാസികളുടെ ഐക്യം വെളിപ്പെടുത്തുന്നു.

## സാംസ്ക്കാരിക കേന്ദ്രങ്ങൾ പ്രവർത്തനങ്ങൾ

ഈ പഞ്ചായത്തിനകത്ത് ഒരു സാംസ്ക്കാരിക നില യവും ഗ്രന്ഥശാലാസംഘത്തിന്റെ അംഗീകാരമുള്ള ഒരു ഗ്രന്ഥശാലയും യാതൊരു അംഗീകാരവുമില്ലാത്ത കുറച്ചു വായനശാലകളും കായികവിനോദകേന്ദ്രങ്ങളും ഉണ്ട്.

## സാംസ്ക്കാരിക നിലയം

ഇവിടുത്തെ ഏകസാംസ്ക്കാരിക നിലയം പഞ്ചായത്താസ്ഥാനത്തു നിന്ന് രണ്ടു കിലോമീറ്റർ അകലെയുള്ള മാനംകുറ്റിയിലാണ്. ഇത് പഞ്ചായത്തിന്റെ പത്താംവാർഡിൽപ്പെടുന്നു. അഞ്ചുകൊല്ലം മുമ്പു സ്ഥാപിതമായ ഈ നിലയത്തിന്റെ പ്രവർത്തനം നിർജ്ജീവമാണെന്നു പറയാതെ തരമില്ല.

## ഗ്രന്ഥശാലകൾ വായനശാലകൾ

താരതമ്യേന മെച്ചമായ രീതിയിൽ നടന്നു പോരുന്ന വിവേകാനന്ദം ലൈബ്രറി ആൻറ് റീഡിംഗ് രൂം അടക്കം നാലു വായനശാലകളാണ് പഞ്ചായത്തിലുള്ളത്. വിവേകാനന്ദ ഗ്രന്ഥാലയത്തിനു മാത്രമെ സ്വന്തമായ സ്ഥലവും കെട്ടിടവും ഉള്ളു, ഇത് ഏഴാം വാർഡിൽ സ്ഥിതിചെയ്യുന്നു. ഒന്ന്, നാല്, അഞ്ച്, എന്നീ വാർഡുകളിലുള്ള വായനശാലകൾ ഏറെക്കുറെ പ്രവർത്തനരഹിതമാണ്. അതിനുള്ള പ്രധാനകാരണം ഇവയ്ക്കൊന്നുതന്നെ സ്വന്തമായ ആസ്ഥാനങ്ങളോ സ്ഥിരിമായ പ്രവർത്തന സംവിധാനമോ ഇല്ല എന്നതാണ്. പഞ്ചായത്തിലെ പന്ത്രണ്ടു വാർഡുകളിലും വായനശാലകൾ വേണമെന്ന ആവശ്യം ഇപ്പോൾ ശക്തമായി ഉയർന്നുവന്നിട്ടുണ്ട്. വാർഡുതലത്തിൽ സഞ്ചരിയ്ക്കുന്ന ഗ്രന്ഥശാല (മൊബൈൽ ലൈബ്രറി) വേണമെന്ന ആവശ്യവും ശക്തമാണ്.

## വിവേകാനന്ദ ലൈബ്രറി ആൻറ് റീഡിംഗ് റൂം.

സർവ്വശ്രീ മാണിക്യമേനോൻ, ഉണ്ണികൃഷ്ണവാരിയർ എന്നിവരുടെ നേതൃത്വത്തിൽ സഹൃദയരായ ചില സാംസ്ക്കാരിക പ്രവർത്തകരുടെ ശ്രമഫലമായി 1951 ൽ ഒരു ചെറിയ പീടിക മുറിയിലാണ് ഈ ഗ്രന്ഥാലയം പ്രവർത്തനമാരംഭിച്ചത്. വർഷങ്ങൾക്കുശേഷം സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ സജീവതാല്പര്യം ഉണ്ടായിരിന്ന അങ്കരാത്ത് ശ്രീ. വാസുണ്ണിമന്ദാടിയർ നായർ നല്കിയസ്ഥലത്ത് ഗ്രന്ഥശാല സ്ഥിരമായി പ്രവർത്തിച്ചു തുടങ്ങി. അപ്പാട്ട് ശ്രീ. എ. ബി. മേനോനടക്കമുള്ള സാംസ്ക്കാരിക തൽപ്പരരുടെ അനുകരണീയവും ഉദാരവുമായ സഹായസഹകരണങ്ങൾ കൊണ്ട് ഗ്രന്ഥശാലയ്ക്കു സ്വന്തമായി ഒരു ഇരുനിലക്കെട്ടിടമുണ്ടാവുകയും ബൃഹത്തായ ഒരു ഗ്രന്ഥസഞ്ചയമുണ്ടാവുകയും ചെയ്തു പിന്നീടുള്ള ചരിത്രം ഈ ഗ്രന്ഥശാലയുടെ അനുക്രമമായ വളർച്ചയുടെതാണ്. ഈവളർച്ചയുടെ പാതയിൽ രണ്ടുതവണ സംസ്ഥാനത്തെ ഏറ്റവും നല്ല ഗ്രന്ഥാലയങ്ങളിൽ ഒന്നായി വിവേകാനന്ദാ ലൈബ്രറി അംഗീകരിയ്ക്കപ്പെടുകയും ചെയ്തു. ഇപ്പോൾ ഈ ഗ്രന്ഥശാലയിൽ 15873 പുസ്തകങ്ങളുണ്ട്. 2245 പുരുഷന്മാരും 2040 സ്ത്രീകളും അംഗങ്ങളായുണ്ട്. ഇവരിൽ 600 പേർ സജീവാംഗങ്ങളാണ്.

കഷ്ടിച്ച് അരനൂറ്റാണ്ടുമുമ്പ് പാതാപ്പാട്ട് ശ്രീ. ചെന്താമരാക്ഷമേനോൻ പ്രസിഡണ്ടായും സർവ്വശ്രീ എ.എം. മേനോൻ കറുത്തേടത്തു സുന്ദരേശ്വരമേനോൻ, എ.സി. എൻ. യു. മന്ദാടി നായർ, ഫ്രീപ്രസ്സ് ജേണൽ പത്രാധിപരായിരുന്ന എ.ബി.നായർ, ശിവദാസമേനോൻ, എസ്. കൃഷ്ണയ്യർ, എ.ടി. മന്നാടിനായർ, എൻ.എസ്. അനന്തരാമയ്യർ, പി.വി. ഉണ്ണികൃഷ്ണവാരിയർ, വി.വി.കൃഷ്ണൻ, പള്ളത്തു ജയപാലൻ, അപ്പാട്ടു തങ്കസ്വാമി എന്നിവർ പ്രധാനഭാരവാഹികളുമായി പ്രവർത്തനമാരംഭിച്ച ഈ ഗ്രന്ഥാലയത്തിൽ നിരവധി കലാസാഹിത്യസാംസ്ക്കാരിക നായകന്മാർ സാഹിത്യസാംസ്ക്കാരിക പരിപാടികളോടു ബന്ധപ്പെട്ട് വന്നിട്ടുണ്ട്. മഹാകവി ജി. ശങ്കരക്കുറുപ്പ്, മഹാകവി പി. കുഞ്ഞിരാമൻ നായർ, വെട്ടൂർ രാമൻ നായർ, ആനി തയ്യിൽ, ഡോ. എം. ലീലാവതി, വയലാർ രാമവർമ്മ, പ്രേംജനടൻ സത്യൻ, എൻ. വി. കൃഷ്ണവാരിയർ, എം.ടി. വാസുദേവൻ നായർ, എം. വി. ദേവൻ, ടി. എൻ. ഗോപിനാഥൻ നായർ, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, പി. ഭാസ്ക്കരൻ എന്നിവർ വായനശാല സന്ദർശിച്ച പ്രമുഖരിൽ ചിലരാണ്. പ്രമുക്തിയെന്ന പേരിൽ ആദ്യകാലത്ത് പ്രസിദ്ധീകരിച്ചുപോന്ന കയ്യെഴുത്തു മാസിക ഒരു തുടർപ്രസിദ്ധീകരണമായില്ലെങ്കിലും പലപ്പോഴായി കുറച്ചു കയ്യെഴുത്തുമാസികകൾ പുറത്താക്കിയിട്ടുണ്ട്.

നിരക്ഷരത ഗണനീയമായ തോതിൽ നിലനില്ക്കുന്ന പഞ്ചായത്തിൽ വായനക്കാരുടെ എണ്ണം വളരെ കുറവാണ്. 11000 ക വാർഷിക ഗ്രാൻറു ലഭിയ്ക്കുന്നുണ്ടെങ്കിലും വേണ്ടത്ര ആനുകാലിക പ്രസിദ്ധീകരണങ്ങളും പുതിയ പുസ്തകങ്ങളും വാങ്ങാൻ ഈ തുക അപര്യാപ്തമാണ്. അംഗങ്ങളുടെ സംഖ്യ വർദ്ധിപ്പിയ്ക്കാൻ സാധിക്കാതെ വരുന്നതിനുള്ള പ്രധാനകാരണം ഇതാണ്. അധീകൃതസ്ഥാനങ്ങളിൽ നിന്ന് ഇക്കാര്യത്തിൽ അനുകൂല നടപടികളും സഹായങ്ങളും പ്രതീക്ഷിച്ചു കിടക്കുകയാണ് ഈ ഗ്രന്ഥശാല.

## സാഹിത്യവും കലയും

ഈ ഗ്രാമത്തിന്റെ പൂർവ്വകാലചരിത്രത്തിൽ അറിയപ്പെടുന്ന സാഹിത്യകാരന്മാരോ കലാകാരന്മാരോ ഉണ്ടായിരുന്നതായി രേഖകളില്ല. ഇപ്പോൾ ഇവിടെയുള്ള സാഹിത്യകാരന്മാരുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

### 1. കാളിദാസ് പുതുമന

മലയാള നാടക സാഹിത്യത്തിലും ദൃശ്യമാധ്യമരംഗത്തും ആകാശവാണിയിലും പ്രശസ്തനാണ് ശ്രീ. കാളിദാസ് പുതുമന. അദ്ദേഹത്തിന്റെ 'ദിവെബ്ബ്' , 'ഗാഞ്ചലോ'

എന്നീ നാടകങ്ങൾക്ക് കേരള സംഗീത നാടക അക്കാദമിയുടെ സംസ്ഥാനതല സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതി മന്ചന്തരം ശുഭം, വിത്തും കൈക്കോട്ടും, എ.ഡി.2500 എന്നീ നാടകങ്ങൾക്ക് സ്പാർക്ക് അവാർഡുകളും യുഗസന്ധി എന്ന നാടകത്തിന് കെൽട്രോൺ അവാർഡും ലഭിച്ചു. പാണപ്പട, രണ്ടാംപട, ലാബ്രോ തുടങ്ങിയ ഇരുപതോളം നാടകങ്ങൾ അദ്ദേഹത്തിൻെറതായി ഉണ്ട്. ആനുകാലികപ്രസിദ്ധീകരണങ്ങളിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. പതിനഞ്ചോളം നാടകങ്ങൾ ആകാശവാണി പ്രക്ഷേപണം ചെയ്തിട്ടുണ്ട്. നങ്ങേമക്കുട്ടി, സ്ത്രീപർവ്വം, വ്യതിയാനം , പൂർണ്ണവിരാമം, തുഞ്ചത്താചാര്യൻ എന്നിവ അദ്ദേഹത്തിൻെറ ദൂരദർശൻ പരമ്പരകളാണ്. ടിപ്പുസുൽത്താൻ കോട്ടയെ പ്രതി അദ്ദേഹം രചിച്ചു സംവിധാനം ചെയ്ത ചരിത്രകലയാണ് കേരളാത്തിലെ ആദ്യത്തെ ലൈറ്റ് ആൻറ് സൗണ്ട് പരിപാടി. കേരള സർക്കാരിൻെറയും ടൂറിസം ഡവലപ്മെൻറ് കൗൺസിലിൻേറയും നേതൃത്വത്തിൽ രണ്ടുതവണ ഈ പരിപാടി പാലക്കാട് ടിപ്പുസുൽത്താൻ കോട്ടയിൽ അവതരിപ്പിയ്ക്കുയുണ്ടായി. ഇപ്പോഴും സാഹിത്യസാംസ്ക്കാരിക രംഗങ്ങളിൽ ഇദ്ദേഹം സജീവമായി പ്രവർത്തിച്ചുവരുന്നു.

## 2. മുല്ലശ്ശേരി ചന്ദ്രൻ

നോവൽ, ചെറുകഥ, നാടകം കവിത എന്നീ സാഹിത്യമേഘലകളിൽ വിലപ്പെട്ട സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്ന പ്രശസ്തനാണ്. അധ്യാപകനും സാംസ്ക്കാരികപ്രവർത്തകനുമായ ശ്രീ. മുല്ലശ്ശേരി ചന്ദ്രൻ ധ്വനി, താളവട്ടം, ആഴങ്ങൾ, ഉറങ്ങാത്ത നാളുകൾ, എന്നീനോവലുകളും നെഗറ്റീവ് എന്ന നാടകവും അദ്ദേഹത്തിൻേറതായി ലഭിച്ചിട്ടുണ്ട്. ഗ്രന്ഥരചനയിലും സാംസ്ക്കാരിക പ്രവർത്തനങ്ങളിലും അദ്ദേഹത്തിൻെറ സാന്നിധ്യം എന്നും ഈ ഗ്രാമത്തിൽ ഉണ്ടാവറുണ്ട്.

## 3. പി. വി. ഉണ്ണികൃഷ്ണ വാരിയർ,

മൂന്നുപതിറ്റാണ്ട് മാതൃഭൂമി ദിനപത്രത്തിൻെറ പ്രാദേശിക ലേഖകനായി പ്രവർത്തിച്ച ഉണ്ണികൃഷ്ണവാരിയർ പണ്ഡിതനും ലേഖകനുമാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കലാസാഹിത്യസാംസ്ക്കാരിക വിഷയങ്ങളെ ആസ്പദമാക്കി നിരവധി ലേഖനങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. വിവേകാനന്ദാഗ്രന്ഥശാലയോടു ബന്ധപ്പെട്ടു പ്രവർത്തിച്ചുവരുന്ന അദ്ദേഹം ഒരു നല്ല സംഘാടകനുമാണ്.

## കായികരംഗം

മറ്റൊരു പഞ്ചായത്തിലും കാണാനാവത്തവിധം നിർജ്ജീവമായ കായികരംഗത്തിൻെറ കഥയാണ് ഈ പഞ്ചായത്തിനു പറയാനുള്ളത്. റജിസ്ട്രേഷനോ മറ്റംഗീകാരങ്ങളോ ലഭിച്ച ഒരു കായിക വിനോദ കേന്ദ്രങ്ങളും ഇവിടെയില്ല. കേരളോത്സവം പോലുള്ള പരിപാടികളോടു ബന്ധപ്പെട്ട് താല്ക്കാലികമായി രംഗത്തുവരുന്ന ക്ലബ്ബുകളുണ്ട്. ജില്ലാതലം വരെ അംഗീകാരം നേടിയ കായികതാരങ്ങളും ഇവിടെയുണ്ട്. എന്നാൽ അവരെ പ്രോത്സാഹിപ്പിയ്ക്കാനോ കായികപരിശീലനത്തിന് സ്ഥിരമായി ഒരു സംവിധാനമുണ്ടാക്കാനോ ഇതുവരെ പഞ്ചായത്തു തലത്തിൽ ഒരു ശ്രമവും നടന്നിട്ടില്ല. പഞ്ചായത്ത് കളിസ്ഥലത്തിനായി വാങ്ങിയ സ്ഥലം ഒരു സമയബന്ധിതമായ പരിപാടിയുടെ അടിസ്ഥാനത്തിൽ സജ്ജമാക്കിയെടുത്താൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിയ്ക്കാവുന്നതാണ്. ക്ലബ്ബുകളുടെ വിശദവിവരം അന്യത്ര ചേർത്തിട്ടുണ്ട്.

## ഇലക്ട്രോണിക് മാധ്യമസ്വാധീനം

വർത്തമാനകാലത്തെ മനുഷ്യരിൽ അമിതമായ സ്വാധീനം ചെലുത്തുന്ന മാധ്യമമാണല്ലൊ ടി.വി. 25 ശതമാന ത്തിലധികം കുടുംബങ്ങളിൽ ടി.വി.യുണ്ട്. പുറമെ നാലുചാലനുകളിൽ സംപ്രേഷണം നടത്തിവരുന്ന കേബിൾ നെറ്റ് വർക്കും ഇവിടെയുണ്ട്. ഗ്രാമത്തിലെ ജനസംഖ്യയുടെ 70% ത്തോളം ഈ ദൃശ്യമാധ്യമങ്ങളുടെ പ്രേക്ഷകരാണ് ഈ മാധ്യമങ്ങളുടെ സ്വാധീനം വായന, കൂട്ടായ്മ, പരസ്പരധാരണ, സഹകരണാടിസ്ഥാനത്തിലുള്ള പൊതുപ്രവർത്തനം എന്നിവയെ പ്രതികൂലമായി ബാധിയ്ക്കുന്നു. ജനങ്ങളുടെ വീക്ഷണവൈകല്യത്തിനും സമൂഹപുരോഗതിയ്ക്കും ഹാനികരമായ ഉപഭോഗസംസ്ക്കാരത്തിനും ഇതു കാരണമാവുന്നു. മൂല്യമുള്ള പരിപാടികൾ ആസ്വദിയ്ക്കുന്നവരുടെ എണ്ണം വളരെ പരിചിതമാണ്. കുട്ടികളുടെ വിദ്യഭ്യാസത്തെയും മാനസിക വികാസത്തെയും സാംസ്ക്കാരിക വളർച്ചയെയും ഈ പരിപാടികൾ വികലമാക്കുന്നു. നിയന്ത്രണമില്ലാതുള്ള കേബിൾ പരിപാടികളുടെ സംപ്രേഷണം സമൂഹത്തിൻെറ സാംസ്ക്കാരിക ഭദ്രതയ്ക്കു നിത്യഭീഷണിയായിത്തീരുന്നു.

## സിനിമാശാലകൾ

ഈ പഞ്ചായത്തിൽ രണ്ടു സിനിമാശാലകളുണ്ട്. ഒന്ന് പഞ്ചായത്താസ്ഥാനത്തിനടുത്തും മറ്റത് അതിർത്തി പ്രദേശമായ അഞ്ചാംമൈലിലും സ്ഥിതിചെയ്യുന്നു. തമിഴ് ചലചിത്രങ്ങളാണ് കുടുതലായി പ്രദർശിപ്പിയ്ക്കപ്പെടുന്നത്. അശ്ലീലസിനിമകൾ ഇവിടെ പ്രദർശിപ്പിയ്ക്കാറില്ലെങ്കിലും അശ്ലീലസിനിമാപോസ്റ്റുകൾ പൊതുസ്ഥലങ്ങളിലൊക്കെ പ്രദർശിപ്പിയ്ക്കപ്പെടുന്നുണ്ട്.

# വിദ്യാലയങ്ങളിലെ കലാകായികരംഗം.

## പ്രശ്നങ്ങളും

1. പഞ്ചായത്തിലെ ടി. എച്ച്. എസ് നു മാത്രമാണ് ഭേദപ്പെട്ട കളിസ്ഥലമുള്ളത്. മറ്റൊരു വിദ്യാലയങ്ങളിലും കളിസ്ഥലമില്ല. സ്ഥിരമായി കലാകായിക പരിശീലനം നല്കാനുള്ള സംവിധാനം ഒരു വിദ്യാലയങ്ങളിലും ഇല്ല.
2. വിദ്യാലയങ്ങളിലെ വായനശാലകൾ പ്രവർത്തന രഹിതമാണ്.
3. പുസ്തകങ്ങൾ താരതമ്യേന മൂല്യം കുറഞ്ഞവയാണ്. 20% കമ്മീഷനുള്ള പുസ്തകങ്ങളേ വാങ്ങാവൂ എന്ന നിബന്ധന ഉള്ളതുകൊണ്ട് നല്ല പുസ്തകങ്ങൾ വാങ്ങാൻ സാധിയ്ക്കുന്നില്ല.
4. സാഹിത്യസമാജം തുടങ്ങിയ വായനാശീലം വളർത്താനുതകുന്ന ഒരു പരിപാടിയും പാഠ്യപദ്ധതിയിലില്ല.
5. വിദ്യാലയങ്ങളിൽ റീഡിംഗ് റൂമില്ല.
6. ഹൈസ്ക്കൂൾ തലത്തിൽപോലും ലൈബ്രറിയൻ ഇല്ല.
7. വിദ്യാലയങ്ങളിലെ വായനശാലകളിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൻെറയോ ശാസ്ത്രസാഹിത്യപരിഷത്തിൻെറയോ ഗ്രന്ഥങ്ങളും പ്രസിദ്ധീകരണങ്ങളും ഇല്ല.
8. വിദ്യാർത്ഥികൾക്ക് പൊതുഗ്രന്ഥശാലകളുമായി ബന്ധമില്ല.
9. സ്ക്കൂൾ പാർലമെൻെറ് നിലവിലില്ല.

## പരിഹാരങ്ങളും

1. പഞ്ചായത്തു തലത്തിൽ പൊതുവായ സൗകര്യങ്ങൾ ഉണ്ടാവണം.
2. പുസ്തകവിതരണം പി.ടി.എ. കൂടി സഹകരിച്ചു കൊണ്ടിക്കണം.
3. 20% കമ്മീഷനുള്ള പുസ്തകങ്ങളേ വാങ്ങാവൂ എന്ന നിബന്ധന മാറ്റണം.
4. സാഹിത്യസമാജം, സയിൻസ്ക്ലബ്ബ് എന്നിവയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കണം.
5. റീഡിംഗ് റൂം ഉണ്ടാവണം
6. ലൈബ്രേറിയൻ വേണം.
7. കുട്ടികളിൽ നിന്നു പിരിയ്ക്കുന്ന ലൈബ്രറി ഫീസ് ഇത്തരം വിജ്ഞാനപ്രദമായ പ്രസിദ്ധീകരണങ്ങൾ വാങ്ങാൻ വിനിയോഗിക്കണം. പ്രധാന ദിനപത്രങ്ങളും വിതരണം ചെയ്യണം. വാൾമാഗസിൻ, കയ്യെഴുത്തുമാസിക എന്നിവ നിർബ്ബന്ധമായും ഉണ്ടാവണം. ഓരോ ക്ലാസ്സിലും പ്രതിദിനം ഒരു പീര്യേഡ് വായനയ്ക്കു നീക്കിവെയ്ക്കണം.
8. വിദ്യാർത്ഥികളെ സമീപഗ്രന്ഥശാലകളുമായി പരിചയപ്പെടുത്തണം.
9. സ്ക്കൂൾ പാർലമെൻെറ് നിർബ്ബന്ധമായും നടപ്പിലാക്കണം.

## പൊതുരംഗം

1. ഭൂരിഭാഗം ജനങ്ങളും ഗ്രന്ഥശാലകളോ വായനശാലകളോ ആയി ബന്ധപ്പെടുന്നില്ല.
2. അംഗീകൃത ഗ്രന്ഥശാലയ്ക്കുതന്നെ മതിയായ സാമ്പത്തിക സഹായം ലഭിയ്ക്കുന്നില്ല.
3. പഞ്ചായത്തിൻെറ ആസ്ഥാനത്ത് ഒരു സാംസ്ക്കാരിക നിലയമില്ല.

1. വാർഡുതല ബോധവൽക്കരണവും പുസ്തക വിതരണവും നടക്കണം. ഓരോ കുടുംബവും ഗ്രന്ഥശാലയിൽ അംഗമാവണം.
2. സാമ്പത്തിക സഹായം വർദ്ധിപ്പിയ്ക്കണ്. മൂല്യമുള്ള പുതിയ പുസ്തകങ്ങളും ആനുകാലികങ്ങളും വാങ്ങാൻ സംവിധാനമുണ്ടാക്കണം.
3. ആസ്ഥാനത്ത് സാംസ്ക്കാരിക നിലയം ഉണ്ടാക്കണം. കമ്മ്യൂണിറ്റി ഹാൾ സാഹിത്യസാംസ്ക്കാരിക സാക്ഷരതാ പ്രവർത്തനങ്ങൾക്ക് സൗജന്യമായി വിട്ടുകൊടുക്കണം.





# 5.9 വനിത

1991 ലെ സെൻസ്സ് അനുസരിച്ച് ജനസംഖ്യയിൽ 16.195 പേർ സ്ത്രീകളാണ്. കേരളത്തിൽ സാമൂഹികമായി താര തമ്യേന പിന്നോക്കം നിൽക്കുന്ന പാലക്കാട് ജില്ലയിൽ തെക്കുകിഴക്കു ഭാഗത്തു സ്ഥിതിചെയ്യുന്ന നല്ലേപ്പിള്ളി പഞ്ചായത്തിലെ സാമൂഹികാവസ്ഥ സ്വാതന്ത്ര്യം കിട്ടുന്ന തിനു മുമ്പുള്ള കാലഘട്ടത്തിൽ വളരെ പിന്നോക്ക മായിരുന്നു. തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന പ്രദേശ മായതിനാൽ സ്ത്രീകളുടെ സാമൂഹികസാംസ്ക്കാരിക ബോധനിലവാരവും വ്യത്യസ്തമാണ്. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ഇതുകാണാം. സ്വാതന്ത്ര്യം കിട്ടുന്ന തിനുമുമ്പ് ഇവരുടെ വിദ്യാഭ്യാസ നില വളരെ പിന്നിലായി രുന്നു. അതുകൊണ്ട് തൊഴിൽ സാംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. അന്നുനിലവിലിരുന്ന ജന്മിത്വസമ്പ്രദായമായിരുന്നു അതിനു പ്രധാനകാരണം. ജാതിവ്യവസ്ഥയും. അനാചാര ങ്ങളും മറ്റുസാമൂഹികവിലക്കുകളും അതിനുകാരണമായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷ മുണ്ടായ ജനാധി പത്യപ്രക്ഷോഭങ്ങളും ഭൂപരിഷ്ക്ക രണ നിയമത്തിൻെറ ഫലമായി ജന്മിത്വം അവസാനി ക്കലും ഈ രംഗത്ത് ഏറെ ഗുണഫലങ്ങളുണ്ടാക്കി. ഇപ്പോൾ വിദ്യാഭ്യാസം ഉദ്യോഗം മറ്റുതൊഴിൽ മേഖലകൾ ഇവയിൽ വനിതകൾ അവരുടെതായ സാന്നിദ്ധ്യം ഉറപ്പിച്ചുവരുന്നു. എങ്കിലും ഈ രംഗങ്ങളിൽ അർഹമായസ്ഥാനം സ്ത്രീകൾക്ക് ലഭിച്ചിട്ടില്ല. കുടിൽ വ്യവസായങ്ങാളായ കുട്ട, പായ പരമ്പ് നെയ്ത്ത് കളിമൺപാത്രനിർമ്മാണം എന്നിവ നാശോന്മുഖമായി തീരുന്നതുകൊണ്ട് സ്ത്രീസമൂഹം ഈ രംഗത്ത് തുടരാൻ ഈ പ്രവണത കാണിക്കുന്നില്ല. തുല്യജോലിയ്ക്ക് തുല്യവേതനമെന്നതത്വം സ്ത്രീതൊഴി ലാളികൾക്ക് പ്രാവർത്തികമാക്കിയിട്ടില്ല.

രോഗാതുരരായി കഴിയുന്നവരിൽ ഭൂരിഭാഗവും സ്ത്രീ കളാണ് അവരുടെ കുടുംബഭാരവും പോഷകാഹാര കുറവും അവരുടെ സഹജമായ ശാരീരിക അസ്വസ്ഥ തകളുമാണ് ഇതിനുപ്രധാനകാരണം. സ്ത്രീകൾ കുടുംബ നാഥകളായുള്ള ധാരാളം വീടുകളുണ്ട് അർഹരായ വരിൽ 227 പേർക്ക് വിധവാപെൻഷൻ ലഭിച്ചിട്ടുണ്ട്. പതിന ഞ്ചോളം മഹിളാസമാജങ്ങൾ രജിസ്ട്ര് ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. സാമ്പത്തിക പരാധീനതയും ഇത്തരം പ്രസ്ഥാനങ്ങളെ ക്കുറിച്ചു വേണ്ട അവബോധത്തിൻെറ കുറവുമാണ് ഇതിനുകാരണം. DWCRA യൂണിറ്റുകൾ വഴി ചില തൊഴിൽ സംരംഭങ്ങൾ തുടങ്ങിയെങ്കിലും പുരോഗതി ആശാ വഹമല്ല. ഗ്രാമീണ സ്ത്രീകളുടെ സ്വാശ്രയത്വം ലക്ഷ്യമാക്കി കൊണ്ടുള്ള ഈ പദ്ധതി പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉർജ്ജിത നടപടികൾ എടുക്കണം. അഭ്യസ്ഥവിദ്യര ടക്കം യോഗ്യത യുള്ള ധാരാളം വനിതകൾ തൊഴിലിനു വേണ്ടി കാത്തിരിക്കുന്നുണ്ട്. സ്ത്രീകളുടെ മാത്രമായി സാമൂഹിക സാംസ്ക്കാരിക സംഘടനകൾ ഒന്നും തന്നെയില്ല. എങ്കിലും ഈ മേഖലകളിൽ നാമമാത്ര മായി പുരുഷന്മാരുമായി സഹകരിച് പ്രവർത്തിക്കുന്ന വരുണ്ട്.

മദ്യപാനം മൂലവും സ്ത്രീപീഡന പ്രശ്നവുമായി ബന്ധപ്പെട്ട് സ്ത്രീപീഢനം നിലനിൽക്കുന്നുണ്ട്. വനിതാരംഗത്ത് ഏറെ ശ്രദ്ധിക്കപ്പെട്ടേണ്ട പ്രധാനപ്രശ്നം പാചകത്തിനാ വശ്യമായ ഇന്ധനത്തിൻെറ കുറവാണ്. ഇതു പരിഹരിക്കുവാൻ പാചകവാതകവിതരണം പഞ്ചാ യത്തു തലത്തിൽകൂടി ഏർപ്പെടുത്തണം. പരിഷത്തി ൻെറയും അനെർട്ടിൻെറ ദക്ഷത കൂടിയ അടുപ്പുകൾ വ്യാപകമായി സ്ഥാപിക്കാൻ കഴിയണം.

| പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|
| a) പരമ്പാരഗത തൊഴിൽ രംഗത്തും കാർഷികരംഗത്തും അഭ്യസ്ഥവിദ്യരുടെ മേഖലയിലും ഉള്ള വനിതകളുടെ വരുമാനം ഒട്ടും തൃപ്തികരമല്ല. | a.1 മൃഗപരിപാലനരംഗത്ത് സ്ത്രീകൾക്ക് മുൻഗണനനൽകിയും D.W..C.R.A യൂണിറ്റുകൾ പരമാവധി സംഘടിപ്പിച്ചും തൊഴിൽ നൽകുക.<br>a.2 പരമ്പരാഗത കുടിൽവ്യവസായങ്ങളുടെ പുനരുദ്ധാരണം നടത്തണം.<br>a.3 പഞ്ചായത്തടിസ്ഥാനത്തിൽ വനിതാ എംപ്ലോയ്മെൻറ് ബ്യൂറോ സ്ഥാപിക്കണം.<br>a.4 വൈർക്കാൽ, ഉമി, ചകിരി,പനംപട്ട, തുടങ്ങിയവ ഉപയോഗിച്ച് സാധനസമാഗ്രികൾ ഉണ്ടാകുവാൻ പരിശീലനം നൽകി തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കണം.<br>a.5 വീടുകളിൽത്തന്നെ നടത്താവുന്ന മുല്ലകൃഷി വികസിപ്പിക്കണം.<br>a.6 വനിതകൾക്ക് പച്ചക്കറി വിത്തുകൾ കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്ത് ഉല്പാദനം വർദ്ധിപ്പുക്കണം.<br>a.7 അവരവർക്ക് ആവശ്യമായ സോപ്പുനിർമ്മാണം കുടുംബങ്ങളിൽ നടത്തണം പരിശീലനം സന്നദ്ധസംഘടനകളുടെ സഹായത്തോടെ നടത്തണം.<br>a.8 ഐ.ആർ.ഡി.പി., സ്വയംതൊഴിൽ ചെയ്യാനുള്ള സാമ്പത്തിക സഹായം ഇവ നൽകുന്നതിൽ വനിതകൾക്ക് പ്രത്യേക പരിഗണനവേണം. |
| b) തുല്യ ജോലിയ്ക്ക് തുല്യവേതനം കിട്ടുന്നില്ല. | b. ആവശ്യമായ നിയമനിർമ്മാണം സ്റ്റേറ്റ് നടത്തണം. |
| c) വാർദ്ധ്യകാല, വിധവാ, അനാഥ തുടങ്ങിയവർക്കുള്ള ക്ഷേമപദ്ധതികൾ അർഹയായവർക്ക് കിട്ടുന്നില്ല. | c. ഗുണഭോക്താക്കളെ തിരെഞ്ഞെടുക്കുന്ന രീതി നീതിപൂർവ്വവക മായിരിക്കണം മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടത് പഞ്ചായത്ത് വകസമിതിയും സന്നദ്ധസംഘടനയും ചേർന്നാകണം. |
| II. പാചകത്തിനുള്ള ഇന്ധനങ്ങൾക്ക് ക്ഷാമവും വിലക്കയറ്റവും ഉണ്ട്. | II. a. ദക്ഷിത കൂടിയ അടുപ്പുകൾ സന്നദ്ധസംഘടനകളുടെയും മറ്റുവകുപ്പുകളുടെയും സഹായത്തോടെയും നിർമ്മിക്കുക.<br>b. L.P .G. വിതരണം പഞ്ചായത്തുപ്രദേശത്തും ലഭ്യമാക്കുക<br>c. മണ്ണെണ്ണയുടെ വില കുറയ്ക്കുകയും പൊതുവിതരണത്തിലൂടെ ആവശ്യമായതോതിൽ ലഭ്യമാക്കുകയും വേണം. |
| III. a. സമൂഹത്തിൽ സ്ത്രീകൾക്ക് മാന്യമായ പദവി കിട്ടിയിട്ടില്ല. | III. a) സ്ത്രീധനം സ്ത്രീപീഡനം കയ്യേറ്റം ഇത്തരം ആവലാതികൾ ശരിയായും സത്യസന്ധമായും ഉത്തരവാദപ്പെട്ടവരെ കർശനമായ ശിക്ഷാനടപടികൾക്ക് വിധേയമാക്കണം. |
| b. അശ്ലീലച്ചുവയുള്ള വാൾപോസ്റ്റുകൾ, ആനുകാലികങ്ങൾ കുട്ടികളുടെ സാംസ്ക്കാരികാവബോധത്തെ ബാധി ച്ചിട്ടുണ്ട്. | b) സന്നദ്ധസംഘടനകളുടെ സഹായത്തോടെ സാംസ്ക്കാരിക അവബോധം ഉണ്ടാക്കണം. |









# 5.10 സഹകരണം

കടബാധ്യതകളിൽ നിന്ന് കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904 ൽ സഹകരണ നിയമത്തിൻെറ അടിസ്ഥാനത്തിൽ രുപംകൊണ്ട കാർഷിക വായ്പാ സംഘങ്ങളുടെ തുടക്കത്തോടെയാണ് ഇന്ത്യയിൽ സഹകരണപ്രസ്ഥാനം ആരംഭിക്കുന്നത്. നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 1962 വർഷത്തിലാണ് ആദ്യത്തെ സഹകരണസംഘംസ്ഥാപിക്കപ്പെട്ടത്

വിവിധമേഖലകളിലായി 12 സഹകരണസംഘങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. സഹകരണമേഖലയിൽ പ്രത്യക്ഷമായി 123 പേരും പരോക്ഷമായി 50 പേരും ജോലിചെയ്തുവരുന്നു. താലൂക്ക് തലത്തിൽ പ്രവർത്തിച്ചുവരുന്ന പല സംഘങ്ങളുടെയും പ്രവർത്തന പരിധി ഈ ഗ്രാമപഞ്ചായത്ത് കൂടിഉൾപ്പെട്ടതാണ്.

### സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

നല്ലേപ്പിള്ളി സർവ്വീസ് സഹകരണബാങ്ക്, ചിറ്റൂർ നെയ്ത്ത് സഹകരണസംഘം എന്നിവ ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ചുവരുന്നു. ഈ ഗ്രാമപഞ്ചായത്തിൽ ആകെ 6 ക്ഷീരോല്പാദക സഹകരണസംഘങ്ങളുണ്ട്. ഇവയുടെ പരിധി I,II,IV, V, VI, VII, VIII, IX, X XI, XII, വാർഡുകളിലാണ്. നിലവിലുള്ള സഹകരണ സംഘങ്ങളിൽ നല്ലേപ്പിള്ളിയിൽസ്ഥിതിചെയ്യുന്ന APCOS സംഘമാണ് സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്നത്.

### കാർഷികമേഖല

ഏകദേശം 4703 കാർഷിക കുടുംബങ്ങളുള്ള ഗ്രാമ പഞ്ചായത്താണ് നല്ലേപ്പിള്ളി. ഹ്രസ്വകാല കാർഷിക, കാർഷികേതര വായ്പകളാണ് ഗ്രാമ പഞ്ചായത്തിലെ സഹകരണബാങ്ക് മുഖ്യമായും നൽകിവരുന്നത്. എങ്കിലും മുഴുവൻ കർഷകർക്കും യഥാസമയം അർഹമായ വായ്പനൽകുവാൻ ഈ സംഘത്തിന് കഴിഞ്ഞിട്ടില്ല. ഈ ബാങ്കിൽ മുഴുവൻ കർഷകരും അംഗങ്ങളായിട്ടില്ല. മുൻകാലത്ത് നടന്ന ധനാപഹരണം കാരണം ലക്ഷക്കണക്കിന് രുപയുടെ നഷ്ടത്തിലാണ് ഈ ബാങ്ക് പ്രവർത്തിച്ച് വരുന്നത്. കർഷകഅംഗങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ പരിമിതമായി നിർവ്വഹിക്കുവാൻ ഏകദേശം 3 കോടിരുപ വേണ്ടിവരും. നബാർഡ് നിലവിലുള്ള കാർഷികവായ്പാവിതരണ സംവിധാനത്തിൽ മാറ്റം വരുത്തിയാൽ മാത്രമെ ഉദ്ദേശിച്ച രുപത്തിൽ വായ്പാവിതരണം നടത്തുവാൻ കഴിയുകയുള്ളു. കൃത്യസമയത്ത് വായ്പാതിരിച്ചടയ്ക്കാത്തതും ബാങ്ക് പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. വളം വിതരണവും കാർഷികോല്പന്നങ്ങളുടെ വിതരണവും സംഭരണവും ചിട്ടയായി നടക്കുന്നില്ല.

| സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ചവർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭം | നഷ്ടം | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാർഷികം | കാർഷികേതര | | | | സ്ഥിരം | താൽക്കാലികം |
| നല്ലേപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 1962 | നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്ത് മുഴുവനും | 28592 (A+B+C) | 3084708.50 | 5721209 | 45159910.14 | 5948451 | 34202448 | 53274087.20 | -- | (1992-93) 4240885.39 | 15 | 4 |

## വിവിധ മേഖലയിൽ നടപ്പിലാക്കേണ്ടപദ്ധതികൾ

1. നല്ലേപ്പിള്ളി സർവ്വീസ് സഹകരണബാങ്ക് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് ഈ നഷ്ടം നികത്താതെ വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ ഈ ബാങ്ക് വഴി നടത്തുവാൻ സാധിക്കുകയില്ല. അതിനാൽ ബാങ്കിന്റെ നഷ്ടം നികത്തുന്നതിനായി നഷ്ടത്തിനു തുല്യമായി തുക ജില്ലാ ബാങ്കിൽ നിന്ന് പലിശരഹിത ദീർഘകാലവായ്പ യായോ ഓഹരി മൂലധനമായോ, അനുവദിക്കുക.
2. ധനാപഹരണത്തിൽപ്പെട്ട തുക വസൂലാക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടി കൈക്കൊള്ളുക.
3. മുഴുവൻ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
4. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ഈ തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക. സ്വർണ്ണപണ്ടം പണയവായ്പ, ഭവനനിർമ്മാണ വായ്പ, മരണാനാന്തര, വിവാഹചടങ്ങുകൾക്ക് വായ്പകൾ കൊടുക്കുക.
5. കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങിക്കൊണ്ട് കീ ലോൺ അനുവദിച്ച് കൊടുക്കുവാൻ സംവിധാനം ചെയ്യണം.
6. അർഹതപ്പെട്ട വ്യക്തികൾക്ക് അംഗത്വം ലഭിക്കുന്നില്ല. എന്ന ആരോപണം ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ അർഹരായ എല്ലാവർക്കും അംഗത്വം ഉറപ്പു വരുത്തണം
7. നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കെട്ടിടനിർമ്മാണം, നാണ്യവിളകൾ, ഇഷ്ടിക നിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്കായി കൃഷിനിലം മാററിക്കൊണ്ടിരിക്കുന്നു. നെൽകൃഷി നിലനിർത്താനും ലാഭകരമാക്കാനും നല്ലതരം വിത്ത്, കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യൽ, രാസവളം, ജൈവവളംലഭ്യമാക്കൽ, പാടശേഖര സഹകരണ സംഘംരൂപീകരണം, കുറഞ്ഞ നിരക്കിൽ കീടനാശിനി ലഭ്യമാക്കൽ, തുടങ്ങിയ കാര്യങ്ങൾ കൃഷി ലാഭകരമാക്കാൻ എത്രയും വേഗം ചെയ്യേണ്ടതാണ്.
8. ഓരോ കർഷകനും ഒരു വർഷത്തെ ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുമ്പ്തന്നെ പാസാക്കണം. ക്രെഡിററ് കാർഡ് സമ്പ്രദായം നടപ്പിലാക്കണം.

## കൈത്തറി

നിലവിലുള്ള പഞ്ചായത്ത് പരിധിയിൽവരുന്ന കൈത്തറി സഹകരണ സംഘം, ഈ മേഖലയുടെ പ്രവർത്തനം പൂർണ്ണമായും നിർവ്വഹിക്കുന്നില്ല. കൈത്തറി മേഖലയിൽ ധാരാളം കുടുംബങ്ങൾ ഉണ്ടെങ്കിലും ചുരുക്കംപേർ മാത്രമേ സഹകരണ സംഘത്തിൽ അംഗങ്ങളായിട്ടുള്ളു. അംഗങ്ങളായവർക്ക് അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുന്നതിലും ഉല്പാദിപ്പിച്ചവ സംഭരിച്ചു വിതരണം ത്വരിതപ്പെടുത്തിയാലും മാത്രമേ സംഘത്തിന് സജീവത കാണുകയുള്ളു.

നല്ലേപ്പിള്ളി പഞ്ചായത്തിലെ മാഞ്ചിറയിൽ കൈത്തറി നെയ്ത്തു സഹകരണസംഘം പ്രവർത്തിച്ചുവരുന്നുണ്ട് 243 അംഗങ്ങൾക്കാണുള്ളത് മോശമല്ലാത്തരീതിയിൽ പ്രവർത്തിച്ചുവരുന്നു.

## പുതിയ സഹകരണസംഘത്തിനുള്ള സാധ്യതകൾ

1. കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ
2. ടെയ്‌ലറിങ്ങ് സഹകരണസംഘം
3. റെഡിമെയ്ഡ് വസ്ത്രനിർമ്മാണസഹകരണസംഘം
4. ക്ഷീരവ്യവസായസഹകരണസംഘം
5. പച്ചക്കറി മാർക്കറ്റിംഗ് സഹകരണസംഘം
6. ഇഷ്ടിക നിർമ്മാണ സഹകരണസംഘം.
7. കാർഷികോല്പന്ന സഹകരണസംഘം
8. കോഴി വളർത്തൽ സഹകരണസംഘം
9. ചകിരി ഉല്പന്ന സഹകരണ സംഘം
10. സഹകരണ മാവേലിസ്റ്റോർ
11. ഓട് നിർമ്മാണ സഹകരണസംഘം
12. സഹകരണമേഖലയിൽ റൈസ് ഫ്ലവർവിൽ
13. ബാംബൂ ഉല്പന്നസഹകരണസംഘം
14. ചെരിപ്പ്, ബ്രഷ് നിർമ്മാണസഹകരണസംഘം
15. സഹകരണ പ്രിൻറിംങ്ങ് പ്രസ്സ്
16. സോപ്പ്, തീപ്പെട്ടി നിർമ്മാണ സഹകരണസംഘം
17. പുൽപ്പായ നെയ്ത്ത് സഹകരണസംഘം
18. ഹോളോ ബ്രിക്സ് സഹകരണസംഘം
19. സഹകരണ ആശുപത്രി, സഹകരണ കോളേജ്, സഹകരണ കൊപ്രമിൽ എന്നിവ രൂപീകരിക്കണമെന്ന് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും നിർദ്ദേശങ്ങൾ വരികയുണ്ടായി.

### ക്ഷീര വ്യവസായ സഹകരണസംഘം

നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്ത് പരിധിയിൽ 6 ക്ഷീര വ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു ഇവയുടെ പ്രവർത്തന പരിധി രണ്ട് വാർഡുകൾ കേന്ദ്രീകരിച്ചാണ്. ഇതു കാരണം വിവിധ പ്രദേശ ങ്ങളിലുള്ള ക്ഷീര കർഷകർക്ക് ഉല്പാദിപ്പിക്കുന്ന പാല് സഹകരണസംഘങ്ങളിൽ എത്തിക്കാൻ പ്രയാസം നേരിടുന്നു. ക്ഷീര കർഷകരിൽ നിന്നും നേരിട്ടു ശേഖരിക്കുന്ന സംവിധാനം ഈ സഹകരണ സംഘ ങ്ങളിൽ നിലവിലില്ല. ഈ സാഹചര്യം സ്വകാര്യ പാൽകച്ചവടക്കാർ ചൂഷണം ചെയ്യുന്നു. തന്മൂലം ക്ഷീരോല്പാദകന് മതിയായ വില ലഭ്യമല്ല. അടുത്ത അഞ്ചുവർഷത്തിനകം, ദിവസംപ്രതി സംഭരിക്കാൻ ഉദ്ദേശിക്കുന്ന പാൽ പഞ്ചായത്തിലെ ആവശ്യം കഴിഞ്ഞ് ബാക്കി കേടുകൂടാതെ സംഭരിച്ച് വെയ്ക്കാനും സംസ്ക്കരിക്കാനും വേണ്ട സൗകര്യം പഞ്ചായത്തിൽ ഒരു ക്ഷീരോൽപാദക സഹകരണസംഘത്തിൽ എങ്കിലും ചെയ്യേണ്ടതാണ്. കാലിതീറ്റയും, തീറ്റപുൽകൃഷിയും മുഴുവൻ, ക്ഷീരകർഷകന് ന്യായമായ വിലയ്ക്ക് ലഭിക്കാൻ വേണ്ടുന്ന സൗകര്യം, ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടതാണ്. അതുപോലെ നല്ലയിനം കന്നുകാലികൾ, പ്രതിരോധകുത്തിവെയ്പു കൾ യഥാസമയം നടത്താനും ലഭ്യമാക്കാനും സഹകരണസംഘങ്ങളിലൂടെ കഴിയണം.

### കൺസ്യൂമർ മേഖല

നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്ത് പരിധിയിൽ സഹകരണ കൺസ്യൂമർസ്റ്റോർ രൂപികരിച്ച് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യണം.

### പട്ടികജാതി സഹകരണസംഘം

പഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം നിലവിലുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ലാ. ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ട നടപടി കൈക്കൊള്ളേണ്ടതാണ്.

### ലേബർ കോൺട്രാക്റ്റ് സഹകരണസംഘം

അസംഘടിത തൊഴിൽമേഖലയിൽ ധാരാളം തൊളിലാളികൾ പഞ്ചായത്തിൽ ഉണ്ട് ഇവർക്ക് സ്ഥിരമായിതൊഴിൽ ലഭിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരുലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കേണ്ടതും പഞ്ചായത്തുകൾ നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതുമാണ്.

### ഇറച്ചി കോഴി മുട്ടകോഴിവളർത്തൽ സഹകരണ സംഘം

പഞ്ചായത്ത് തലത്തിൽ കോഴിവളർത്തൽ കേന്ദ്രം രുപികരിച്ച ഇറച്ചി കോഴി, മുട്ട കോഴി എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടുന്ന നടപടി സ്വീകരിക്കുകയും ഇവ സംരക്ഷിക്കുന്നതിനാവശ്യമായ മൃഗസംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും, മററ് സാമ്പത്തിക സഹായവും ലഭ്യമാക്കുകയും വേണം.



# 5.11 പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമം

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 15.51% പട്ടികജാതി കുടുംബങ്ങളും 30 പട്ടിക വർഗ്ഗ കുടുംബവും ഇവിടെ താമസിച്ചുവരുന്നു. 22 പട്ടികജാതി അംഗീകൃത കോളനിയും 2 പട്ടികവർഗ്ഗ കോളനികളും ഉണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഇവർക്ക് കഴിഞ്ഞിട്ടില്ല.

ഈ വിഭാഗത്തിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളാണ്. കൂടാതെ പരമ്പരാഗത തൊഴിലായ കുട്ടനെയ്ത്ത്, പുൽപായനെയ്ത്ത്, എന്നിവയുമായി ബന്ധപ്പെട്ടവരാണ്. പട്ടികജാതി വർഗ്ഗങ്ങൾക്കിടയിൽ നിരക്ഷർ കുടുതലാണ്. സ്വന്തം വീട്ടില്ലാത്ത വരാണ് മിക്കവരും. ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു അളവുവരെ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ച ഉച്ചനീചത്വങ്ങളിൽ നിന്ന്. പൂർണ്ണമായും മോചനം ലഭിച്ചിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടെയും ചടങ്ങുകളിലും പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്.

സർക്കാർ നൽകി വരുന്ന നിരവധി സൗജന്യങ്ങൾ ഇവർക്ക് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോളനി നിവാസികൾക്കാണ് കുടുതൽ നേട്ടമുള്ളത്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്.

വിദ്യാഭ്യസ രംഗത്ത് നിരക്ഷരർ കുറവാണെങ്കിലും വേണ്ടത്ര പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. S.S.L.C. യ്ക്കുശേഷം തുടർന്നു പഠിക്കുന്നതിന് കുട്ടികൾ താൽപര്യം കാണിക്കുന്നില്ല. മാത്രമല്ല രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. ഇതിന് സഹായകമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

പൊതുവെ S.S.L.C. ക്ക് മുകളിൽ വിദ്യാഭ്യാസമുള്ള വരുടെ എണ്ണം വളരെ കുറവാണ്. ഈ സ്ഥിതി മാറ്റിയെടുക്കേണ്ടതാണ്.

## തൊഴിൽ

ഭുരിഭാഗവും കാർഷിക മേഖലയിൽ പണിയെടുത്തു ഉപജീവനം നടത്തുന്ന വരാണ്. ഈ രംഗത്ത് പുരഷന് 50 രൂപയും സ്ത്രീക്ക് 35 രൂപയുമാണ് നിലവിലുള്ള കുലി. പക്ഷേ ഇതിനേക്കാൾ കുലികുടുതൽ കിട്ടുന്ന നിർമ്മാണ മേഖലയിലേക്കാണ് തൊഴിലിനു വേണ്ടിയുള്ള എടുത്തുച്ചാട്ടം. തൃപ്തികരമായ കുലി ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്ന് മാറിപോവുന്നു. അതിൻെറ ഫലമായി കാർഷിക രംഗത്ത് പണിയെടുക്കന്നതിന് ആളെ കിട്ടാത്ത അവസ്ഥയുണ്ട്. ഭക്ഷ്യധാന്യ ഉൽപ്പാദന വർദ്ധനവിൻെറ ആവശ്യകത കണക്കിലെടുത്ത് കാർഷികമേഖലയിലേക്ക് കുടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## സാമൂഹ്യപദവി

മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് സർക്കാരിൽ നിന്നും കുടുതൽ അനുകുല്യങ്ങൾ ലഭിക്കുന്നത് ഇവർക്കാണെങ്കിലും ഇക്കാര്യത്തെ കുറിച്ചുള്ള യഥാർത്ഥ വിവരം ഇല്ലാത്തതുകൊണ്ടും ഇടത്തട്ടുക്കാരുടെ ചൂഷണവും ഉദ്യോഗസ്ഥന്മാരെ അഭിമുഖികരിക്കാനുള്ള മടിയും കൊണ്ട് ഭുരിഭാഗം ആനുകുല്യങ്ങളും നഷ്ടപ്പെട്ടു പോവുകയാണ്. ഭുരിപക്ഷവും സംഘടിത വിഭാഗത്തിലാണെങ്കിലും സംഘടന രംഗത്ത് നേതൃത്വം വഹിക്കുന്നവർ ഇല്ല എന്നു തന്നെ പറയാം.

## കോളനികളുടെ കണക്ക്

| ക്രമനമ്പർ | കോളനിയുടെ പേര് | എണ്ണം | കുടിവെള്ളം | വെളിച്ചം | റോഡ് | വാർഡ് |
|---|---|---|---|---|---|---|
| 1. | കോട്ടപ്പള്ളം | 15 | ഉണ്ട് | ഉണ്ട് | ഉണ്ട് | 3 |
| 2. | കേണംപിള്ളി | 26 | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 |
| 3 | കല്ലായിക്കുളമ്പ് | 12 | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 |
| 4. | നെടുങ്ങോട് | 46 | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 |
| 5. | കരിഞ്ഞാലിപ്പള്ളം | 20 | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 |
| 6. | നീർക്കോട് | 12 | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 |
| 7. | കമ്പിളിച്ചുങ്കം | 24 | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 |
| 8. | കൊറ്റമംഗലം | 11 | ഉണ്ട് | ഉണ്ട് | ഉണ്ട് | 5 |
| 9. | വടക്കുംപുറം | 20 | ഉണ്ട് | ഉണ്ട് | ഇല്ല | 8 |
| 10. | തോട്ടശ്ശേരി | 12 | ഉണ്ട് | ഉണ്ട് | ഇല്ല | 8 |
| 11. | ഏരിപ്പറമ്പ് | 10 | ഉണ്ട് | ഉണ്ട് | ഇല്ല | 8 |
| 12. | മലമ്പതി | 12 | ഉണ്ട് | ഉണ്ട് | ഇല്ല | 11 |
| 13. | അണ്ണാന്തോട് | 12 | ഉണ്ട് | ഉണ്ട് | ഇല്ല | 3 |
| 14. | രായർകളം | 34 | ഉണ്ട് | ഉണ്ട് | ഇല്ല | 2 |
| 15. | കുറുമണ്ണാമ്പള്ളം | 31 | ഇല്ല | ഉണ്ട് | ഇല്ല | 3 |
| 16. | നവക്കോണം | 12 | ഇല്ല | ഉണ്ട് | ഉണ്ട് | 5 |
| 17. | ചുവട്ടിലെക്കളം | 14 | ഇല്ല | ഉണ്ട് | ഇല്ല | 11 |
| 18. | കുറുക്കൻപൊറ്റ | 13 | ഇല്ല | ഉണ്ട് | ഇല്ല | 6 |
| 19 | ശനിയാരംപൊറ്റ | 22 | ഇല്ല | ഉണ്ട് | ഇല്ല | 7 |
| 20. | കൗണ്ടൻകളം | 19 | ഇല്ല | ഉണ്ട് | ഇല്ല | 10 |
| 21. | മാനാംകുറ്റി | 17 | ഇല്ല | ഉണ്ട് | ഇല്ല | 10 |
| 22. | കുറ്റിപ്പള്ളം | 21 | ഇല്ല | ഉണ്ട് | ഇല്ല | 11 |
| 23. | കണക്കൻപാറ | 28 | ഇല്ല | ഉണ്ട് | ഉണ്ട് | 11 |
| 24. | വെന്തപാളയം | 18 | ഇല്ല | ഉണ്ട് | ഇല്ല | 5 |
| 25. | എരട്ടക്കുളം | 16 | ഇല്ല | ഉണ്ട് | ഇല്ല | 6 |
| 26. | വാരിയർചള്ള | 11 | ഇല്ല | ഉണ്ട് | ഇല്ല | 10 |
| 27. | ചേരിൻകാട് | 18 | ഇല്ല | ഉണ്ട് | ഇല്ല | 2 |
| 28. | വട്ടംപൊറ്റ | 20 | ഇല്ല | ഉണ്ട് | ഇല്ല | 2 |
| 29. | ഉപ്പുമൺപടി | 25 | ഇല്ല | ഉണ്ട് | ഇല്ല | 4 |
| 30. | ഒലുവുംപൊറ്റ | 20 | ഇല്ല | ഉണ്ട് | ഇല്ല | 7 |
| 31. | പാറക്കളം | 20 | ഇല്ല | ഉണ്ട് | ഇല്ല | 9 |

വിദ്യാഭ്യാസപരമായും ജീവിത ക്ലേശങ്ങളും നിമിത്തമാണ് നേതൃത്വ നിരയിലേക്കുവരുന്നതിന് തടസ്സം നിൽക്കുന്നത്.

## കോളനി സൗകര്യങ്ങൾ

1. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ സാക്ഷരതാ പ്രവർത്തനം ബോധവൽക്കരണ ക്ലാസ്സു നടത്തണം.
2. പുറംപോക്കു സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് ഗ്രാമപഞ്ചായത്തു വക സ്ഥലം വാങ്ങി കോളനികൾ സ്ഥാപിക്കണം.
3. പട്ടികജാതി വനിത സഹകരണങ്ങൾ രൂപീകരിച്ച് തൊഴിലില്ലായ്മ പരിഹരിക്കേണ്ടതാണ്.
4. പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ റോഡുകൾ, മെറ്റലിട്ട് യാത്രാ സൗകര്യം വർദ്ധിപ്പിക്കുക.
5. കോളനികളിലെ വീടുകൾ വൈദ്യുതികരിക്കുകയും എല്ലാ വീടുകളിലും കക്കൂസ് നിർമ്മിച്ച് കൊടുക്കുകയും വേണം.
6. കോളനികളിൽ ടി.വി., പഞ്ചായത്ത് വക വായനശാലകൾ എന്നിവ ഏർപ്പെടുത്തി അവരുടെ ബോധ നിലവാരം ഉറപ്പുവരുത്തുക.
7. കോളനികളിലെ ശോചനീയാവസ്ഥയിലുള്ള വീടുകളുടെ അറ്റകുറ്റപണി നടത്തണം.
8. ലക്ഷം വീടു കോളനിയിലെ കൂട്ടായ വീടുകൾ ഒറ്റ വീടാക്കി മാറ്റുക.
9. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന 3 മുതൽ 5 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികളും നഴ്സറികളും കോളനികൾക്ക് സംയുക്തമായി ഏർപ്പെടുത്തുക.
10. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
11. വീട് പുതുക്കി പണിയുന്നതിനും, അറ്റകുറ്റപ്പണികൾക്കും പലിശ രഹിത വായ്പ ലളിതമായ വ്യവസ്ഥയിൽ നടപ്പാക്കുക.
12. അംഗീകാരം ഇല്ലാത്ത കോളനികൾക്കും അംഗീകാരം നൽകി വേണ്ട സൗകര്യങ്ങൾ നൽകണം.

## പട്ടിക വർഗ്ഗം

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 30 പട്ടികവർഗ്ഗ കുടുംബങ്ങൾ കണക്കൻചിറ, വളവുപാലം, എന്നീ സ്ഥലങ്ങളിൽ ജീവിച്ചു വരുന്നു. ഇവരുടെ പ്രധാന തൊഴിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ടാണ്. വിദ്യാഭ്യാസപരമായി വളരെ പിന്നിലാണ്.

കുട്ടികളെ താമസിപ്പിച്ചു പഠിപ്പിക്കുന്നതിന് ഹോസ്റ്റൽ സൗകര്യം ഉണ്ടാക്കി വിദ്യ അഭ്യസിപ്പിക്കുയാണെങ്കിൽ ഇവരെ ഉയർത്തികൊണ്ടുവരാൻ കഴിയും. ഇവരുടെ വീടുകളിൽ വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിച്ചു കൊടുക്കണം.

തൊഴിലില്ലാത്ത യുവതി, യുവാക്കൾക്ക് അവർക്ക് താൽപര്യമുള്ള തൊഴിലുകൾ കണ്ടെത്തി പരിശീലനം കൊടുക്കണം. ഇവർക്ക് ആരോഗ്യസംരക്ഷണാർത്ഥം. പോഷകാഹാരക്കുറവ് പരിഹരിക്കാനുള്ള സംവിധാനം ഉണ്ടാകണം.



# 5.12 വിഭവസമാഹരണം

നല്ലേപ്പിള്ളി പഞ്ചായത്തിന്റെ സമ്പത്ഘടന ഏറെക്കുറെ പൂർണ്ണമായും കാർഷികമേഖലയെ ആണ് ആശ്രയിക്കുന്നത്. നാളിതുവരെയായും പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ നടക്കുന്ന 3 ചെറുകിട വ്യവസായസ്ഥാപനങ്ങളും സഹകരണമേഖലയിലുള്ള ഒരു കൈത്തറി വ്യവസായസ്ഥാപനവും ഒഴികെ വേറെ ഒരു വ്യവസായസ്ഥാപനവും ഇല്ല. ഈ പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ വിവിധയിനത്തിൽ ലഭിക്കുന്ന നികുതികളും സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാൻറുകളും മാത്രമാണ്. ജനങ്ങളുടെ ഭാഗത്തുനിന്ന് ഉയർന്നു വരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ പഞ്ചായത്തിന്റെ ഇന്നത്തെ വരുമാനം പര്യാപ്തമല്ല. 92-93 മുതൽ 95-96 വരെയുള്ള വരുമാനം സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

**പഞ്ചായത്തിന്റെ വരുമാനം സംബന്ധിച്ച വിവരം**

| ക്രമ നമ്പ്ര് | ഇനം | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1. | കെട്ടിടനികുതി | 172778 | 99634 | 295516 | 158000 |
| 2. | സർവ്വീസ് ചാർജ്ജ് | 18431 | 12049 | 22767 | 12200 |
| 3. | തൊഴിൽ നികുതി | 84776 | 86917 | 145045 | 102900 |
| 4. | വിനോദ നികുതി | 43921 | 53913 | 60276 | 78000 |
| 5. | ലൈസൻസ് ഫീ | 7399 | 5796 | 10454 | 22000 |
| 6. | ലേലം | 78589 | 21250 | 257725 | 505905 |
| 7. | കെട്ടിട വാടക | 19438 | 28006 | 34368 | 34656 |
| | **സർക്കാർ വക** | | | | |
| 1. | അൺടൈഡ് | 217000 | 227000 | 314000 | 340500 |
| 2. | V.T.C | 170461 | -- | -- | 99000 |
| 3. | V.R.M | 14818 | 14603 | 14495 | 14500 |
| 4. | M.I | 2300 | 2300 | 2300 | 2300 |
| 5. | അടിസ്ഥാന നികുതി | 38740 | 40173 | 47970 | 20990 |
| 6. | J.R.Y | 537400 | 620300 | 458500 | 421100 |
| 7. | സ്റ്റാമ്പ് ഡ്യൂട്ടി | 200146 | 199337 | 216750 | 125000 |

### കെട്ടിടനികുതി

പഞ്ചായത്തിൻെറ കെട്ടിട നികുതി 246502 രൂപയാണ്. 95-96 ൽ 1,58,000 രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. 92-93 വർഷംതൊട്ട് കെട്ടിടനികുതി പിരിവ് പരിശോധി ച്ചാൽ ഒരു വർഷത്തിലും നികുതി പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് മനസ്സിലാക്കാം. 94-95 വർഷത്തിലെ കെട്ടിടനികുതി വരവ് മുൻ വർഷങ്ങളിലെ കുടിശ്ശിക ചേർന്നതാണ്. വർഷങ്ങളോളം കുടിശ്ശിക വരുത്തി പഞ്ചായത്തിന് ലഭിക്കേണ്ട സംഖ്യ ഒരു തരത്തിലും ലഭിക്കാത്തവണ്ണം നഷ്ടപ്പെടുന്നുണ്ട്. ഇതിന് പ്രധാനകാരണം ഡിമാൻറ് നോട്ടീസ് അനുസരിച്ച് നികുതി കൃത്യമായും പിരിച്ചെടുക്കുവാൻ നടപടികൾ കൈകൊള്ളാത്തതാണ്. നിലവിലുള്ള നികുതി കുടിശ്ശിക വാർഡ് തിരിച്ച് തിട്ടപ്പെടുത്തി മെമ്പർമാരുടെ സഹായ ത്തോടുകൂടി പിരിച്ചെടുക്കുവാനുള്ള ശ്രമം നടത്തണം. കഴിഞ്ഞ കുറെ വർഷങ്ങളിലുണ്ടായ കുടിശ്ശിക ലക്ഷ ക്കണക്കിന് രൂപയോളം വരും എന്നുള്ളത് പിരിച്ചെടു ക്കേണ്ടതിൻെറ ഗൗരവം വർദ്ധിപ്പിക്കുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ അജണ്ടയിൽ നികുതി പിരിവ് സംബന്ധിച്ചു റിവ്യു നടത്തേണ്ടതും ഇതിനു പുറമെ മാസത്തിൽ ഒന്ന് രണ്ടും ദിവസം വിവിധവാർഡുകളിൽ ഏതെങ്കിലും നിശ്ചയിക്കുന്ന സ്ഥലത്ത് പഞ്ചായത്തു ഉദ്യോഗസ്ഥർ പോയി നികുതി പിരിച്ചെടുക്കുന്ന രീതിയും പരിശോധിക്കേണ്ടതാണ്.

പഞ്ചായത്തിൽ നികുതി ഈടാക്കുന്ന വീടുകളുടെ എണ്ണം 6257 ആണ്. വരുമാനവുമായി ബന്ധപ്പെടു ത്തുമ്പോൾ ഒരു വീടിന് ശരാശരി 38 രൂപ നികുതിവരും. സംസ്ഥാന ശരാശരിയിൽ നിന്ന് ഇത് കുറവാണ്. വീടുകളുടെ മേൽ ചുമത്തിയിട്ടുള്ള നികുതികളിൽ അപാകതകൾ ഉണ്ടെന്നും അവ പുനഃപരിശോധി ക്കേണ്ടതാണെന്നും ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ പഞ്ചായത്ത് തലത്തിൽ നികുതി പുന ഃക്രമീകരണത്തിന് സംവിധാനം കണ്ടെത്തണം. 5 വർഷത്തിലൊരിക്കൽ നികുതി പുതുക്കി നിശ്ചയിക്കുന്ന സമയത്ത്, ഒരു പൊതുമാനദണ്ഡത്തിന്നടിസ്ഥാനത്തിൽ, നികുതി പുനഃനിർണ്ണയം നടത്തേണ്ടതാണ്

### തൊഴിൽ നികുതി

പഞ്ചായത്തിൻെറ തൊഴിൽ നികുതിയിനത്തിൽ പ്രതീക്ഷിച്ച വരുമാനം 1,00,000 രൂപയാണ്. 92 93 സാമ്പത്തികവർഷം മുതൽക്കുള്ള നികുതി പിരിവ് പരിശോധിക്കുകയാണെങ്കിൽ പ്രതീക്ഷിച്ച വരുമാനം മുഴുവനും പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല. സ്ഥലമാറ്റം കൊണ്ട് നികുതിദായകരിൽ നിന്നും കൃത്യമായി തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ കഴിയാറില്ല. നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്. തൊഴിൽ നികുതി ചുമത്തുവാനും അത് പഞ്ചായത്തിൽ അടക്കുവാനുമുള്ള ചുമതല ശമ്പളം വാങ്ങി വിതരണം ചെയ്യുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കികൊണ്ട് ഈ പോരായ്മ പരിഹരിക്കാവുന്നതാണ്.

കൃഷിമേഖലയിൽ 631 പേരിൽ നിന്നാണ് തൊഴിൽ നികുതി ലഭിച്ചുകൊണ്ടിരിക്കുന്നത്. കൃഷിഭവന ത്തിനുമായി ബന്ധപ്പെട്ട് നികുതി പരിഷ്കരിക്കേണ്ടതു മാണ്. അതുപോലെ എല്ലാവിഭാഗ തൊഴിലാളികളിൽ നിന്നും വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ചുമത്തേണ്ട കാര്യം ആലോചിക്കാവുന്നതാണ്. ഇങ്ങനെ ചെയ്യുന്ന പക്ഷം പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പി ക്കാൻ കഴിയും.

### വിനോദനികുതി

പഞ്ചായത്തിൻെറ വിനോദനികുതി വരിമാനം 2 സിനിമാ തിയ്യേറ്ററുകളിൽ നിന്നാണ് ഈ രണ്ട് തിയ്യേറ്ററുകൾക്ക് അനുബന്ധമായി കിടക്കുന്ന പ്രദേശങ്ങളിലെ ജനസാന്ദ്രതയും അവരുടെ മറ്റു വിനോദങ്ങൾക്കുള്ള സാധ്യതക്കുറവും പരിഗണിക്കുമ്പോൾ ഇനിയും ഒന്ന് രണ്ട് സിനിമാതിയറ്ററുകൾക്ക് സാധ്യതയുണ്ട്. നിലവിലുള്ള തിയ്യേറ്ററുകളിൽ നിന്നുള്ള വരുമാന ത്തെക്കുറിച്ച് ഗ്രാമസഭകളിൽ പരക്കെ വിമർശനം ഉയർന്നിട്ടുണ്ട്. ഒരു വർഷത്തിൽ മിക്കവാറും ദിവസ ങ്ങളിലും മോശമല്ലാത്ത എണ്ണം കാണികൾ തിയ്യേറ്ററു കളിൽ ഉണ്ടായാലും അതനനുസരിച്ചുള്ള നികുതി പഞ്ചായത്തിന് ലഭിക്കുന്നുണ്ടോ എന്ന കാര്യത്തിൽ സംശയം ഉന്നയിച്ചിട്ടുണ്ട്. ഇവ കൃത്യമായി പരിശോ ധിക്കുന്നതിനുള്ള വീഴ്ചകുറവിനെ സംബന്ധച്ചും പരാതികളുണ്ട്. ഇതിന് ഒരു പരിഹാരം എന്ന നിലയിൽ നിലവിലുള്ള നികുതി സമ്പ്രദായം മാറ്റി മൊത്തം സീറ്റുകളുടെ എണ്ണവും നിരക്കും പരിശോധിച്ച് നിശ്ചിതമായ ഒരു സംഖ്യ ഏർപ്പെടുത്തുന്ന പക്ഷം ഈ അപാകത ഒഴിവാക്കാമെന്ന നിർദേശം ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. ഇതുമൂലം പഞ്ചായത്ത് ജീവനക്കാരെ നിയോഗിച്ചുകൊണ്ടുള്ള പരിശോധനയും അനുബന്ധ ജോലികളും ഒഴിവാക്കാവുന്നതാണ്.

മറ്റ് രംഗങ്ങളിലെ പോലെ തന്നെ ഉദ്യോഗസ്ഥൻമാരെ ഒഴിവാക്കി പഞ്ചായത്ത് സ്റ്റാൻറിങ്ങ് കമ്മിറ്റി പരിശോധനകൾ നടത്തി തിയ്യേറ്ററുകളുടെ വരുമാനം

ഏറെക്കുറെ തിട്ടപ്പെടുത്തി മേൽപറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## മറ്റുധനാഗമ മാർഗ്ഗങ്ങൾ

### ലേലം

പഞ്ചായത്തിലെ ലേലവരുമാനം എന്നത് മണൽ, വൃക്ഷങ്ങൾ, മൽസ്യം എന്നിവയിൽ നിന്നാണ്. ഇതിൽ പ്രധാനവരുമാനം മണലിൽ നിന്നാണ്. 95-96ൽ ഈ ഇനത്തിൽ 505905 രൂപ ലഭിച്ചപ്പോൾ 96-97 ൽ മണൽ ലേലം തന്നെ നടന്നിട്ടില്ല. റവന്യു അധികാരികളുടെ ഭാഗത്ത് നിന്ന് ഉണ്ടായ വീഴ്ചയാണ് എന്ന് അറിയുന്നു. കുറച്ച് കാലം മുമ്പ് വരെ മണൻ ലേലം പഞ്ചായത്തുകൾ തന്നെയാണ് നടത്തിയിരുന്നത്. എന്നാൽ ഇപ്പോൾ റവന്യു വകുപ്പിൻെറ കുടി സഹകരണം ഈ കാര്യത്തിൽ വേണം എന്നുള്ളത് ഇത്തരം വീഴ്ചകൾക്ക് കാരണ മാകുന്നു. ലക്ഷണകണക്കിന് രൂപയുടെ വരുമാനം 96-97 ൽ പഞ്ചായത്തിന് നഷ്ടമായി എന്നുള്ളത് ഒരു ദുഃഖകരമായ സത്യമാണ്. ഇത് പരിഹരിക്കാൻ ഇത്തരം ലേലങ്ങൾ പഞ്ചായത്തിന് തനിച്ച് നടത്തുവാനുള്ള നിയമ ഭേദഗതിയിൽ ഉണ്ടാവേണ്ടതാണ്.

വൃക്ഷലേലത്തിൽ വിവിധയിനം 94 മരങ്ങളിൽ നിന്നായി 5000 രൂപയോളം ലഭിക്കുന്നുണ്ട്. കാലോചിതമായി ലേലതുക വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തുക യാണെങ്കിൽ ഈ ഇനത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും. പഞ്ചായത്തിലെ 2 കുളങ്ങളിൽ നിന്നാണ് മീൻ ലേലം വഴി ഏകദേശം 8610 രൂപ ലഭിക്കുന്നത്. ഈ ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാൻ ലേലത്തുക കാലോചിതമായി പരിഷ്കരിക്കുകയും കൂടുതൽ പരസ്യം നൽകുകയും വേണം.

### കെട്ടിട വാടക

കെട്ടിട വാകയിനത്തിൽ 95-96 ൽ 34656 രൂപ പഞ്ചായത്തിന് ലഭിച്ചുട്ടുണ്ട്. ഇതിൽ സൗത്ത് ഇൻഡ്യൻ ബാങ്ക് കെട്ടിടത്തിൽ നിന്നും 31056 രൂപയും. ബാക്കിയുള്ളത് പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൽ നിന്നുമാണ്. കമ്മ്യൂണിററി ഹാളിൻെറ പ്രതിദിന വാടക 525 രൂപയാണ്. വൈദ്യതി സൗകര്യങ്ങളും ഫർണി ച്ചറുകളും ഈ ഹാളിനുണ്ട്. ഈ പഞ്ചായത്തിൻെറ മിക്ക കല്ല്യാണങ്ങളും ഒരു നല്ല കല്യാണമണ്ഡപത്തിൻെറ അഭാവത്തിൽ ചിറ്റൂരിനെയും പാലക്കാടിനെയും ആശ്രയി ച്ചുവരുന്നു. ഇതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നതിന് പുറമെ പഞ്ചായത്തിന് നല്ലൊരു വരുമാനം ന ഷ്ടമായി കൊണ്ടിരിക്കുന്നു. കമ്മ്യൂണിറ്റിഹാളിന് വെള്ളം, അടുക്കള, ഡൈനിങ്ങ് ഹാൾ, രണ്ടുമുറികളും പണിയുന്ന പക്ഷം ഇതിന് കുടുതൽ വാടക ഏർപ്പെടുത്തുവാനും വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും. ഈ ആവശ്യം ഗ്രാമസഭകളുൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായ ത്തിൽ ധാരാളം ബസ്സ് സർവ്വീസുകൾ ഉണ്ടെങ്കിലും ഒരു ബസ്സ് സ്റ്റാൻറ് ഇല്ല. ഇതിന് സൗകര്യപ്രദമായ സ്ഥലങ്ങൾ ടൗൺ അതിർത്തിയിൽ ഇല്ലാതായി കൊണ്ടിരിക്കുന്നു. എത്രയുംവേഗം തക്കസ്ഥലം കണ്ടുപിടിച്ച് ബസ്സ് സ്റ്റാൻറ് പണിയുകയാണെങ്കിൽ ജനങ്ങൾക്കും സൗകര്യവും പഞ്ചായത്തന് വരുമാനമാർഗ്ഗമാവുകയും ചെയ്യും.

### മാർക്കറ്റ്

ഈ പഞ്ചായത്തിൽ, പഞ്ചായത്തൻെറതായ ഒരു ചന്തയും ഇല്ല. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഇനിയും ആഴ്ച ചന്തകൾ തുടങ്ങണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. തക്ക സ്ഥലം കണ്ടു പിടിച്ച് ഇതു തുടങ്ങുന്ന പക്ഷം ഈ ഇനത്തിലും പഞ്ചായത്തിനു വരുമാനം ഉണ്ടാകുന്നതാണ്.

സർക്കാർ വക ഈ പഞ്ചായത്തിന് ലഭിക്കുന്ന തുക കളുടെ വിവരം പട്ടിക 1 ൽ കൊടുത്തിട്ടുണ്ട്. ജനസംഖ്യ യുടെയും മറ്റു അടിസ്ഥാനത്തിൽ ലഭിക്കുന്നവയാണ്. ഇവ ഇതിൽ VRM (വില്ലേജ് റോഡ് മെയിൻറനൻസ്) ഇനത്തിൽ ലഭിക്കുന്ന തുക വളരെകാലം മുമ്പ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ള റോഡുകളെ സംബന്ധിച്ച വിവരങ്ങളെ അടിസ്ഥാനമാക്കിയാണ്. ഇത്തരം വരുമാനങ്ങൾ പഞ്ചായത്തിന് അർഹമായ രീതിയിൽ നേടിയെടുക്കാനുള്ള ശ്രമം പഞ്ചായത്ത് സമിതി തന്നെ സ്വീകരിക്കേണ്ടതാണ്.

വിവാഹ രജിസ്ട്രേഷനു ഒരു ഫീസ് ചുമത്താവുന്നതാണ്. ജനനമരണ സർട്ടിഫിക്കറ്റുകൾ ഇപ്പോൾ സൗജന്യമായും കുടാതെ ഒരു രൂപ ഫീസ് ചുമത്തിയുമാണ് നൽകി വരുന്നത്. ഈ ഒരു രൂപ എന്നത് കാലോചിതമായി പരിഷ്കരിക്കണം. റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ സൗജന്യമായി നൽകുന്നതിനു പകരം ഒരു ചെറിയ ഫീസ് നിശ്ചയിച്ചാൽ ഫാറത്തിൻെറയും മറ്റും ചിലവുകൾക്കു തുക കണ്ടെത്താനാകും.

പഞ്ചായത്തിലെ പ്രധാന ചെലവുസംബന്ധിച്ച വിവരങ്ങൾ പട്ടിക 2 ൽ കാണിച്ചിട്ടുണ്ട്. ഇത് പരിശോധിക്കുമ്പോൾ ചിലവിനത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് പൊതുമരാമത്ത്

പട്ടിക 2

**പഞ്ചായത്തിൻെറ ചെലവ് സംബന്ധിച്ച വിവരം**

| ക്രമ നമ്പ്ര് | ഇനം | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1. | എസ്റ്റാബ്ലിഷ്മെൻറ് ആൻറ് മാനേജ്മെൻറ് | 400309.55 | 442048.50 | 522055.25 | 622522.52 |
| 2. | പൊതുമരാമത്ത് | 910596.10 | 843949.00 | 900293.00 | 890552.00 |
| 3. | വിദ്യാഭ്യാസം | 3681.35 | 2870.35 | -- | 12764.00 |
| 4. | ജലവിതരണം ഡ്രൈനേജ് | 145172.00 | 340.00 | 11764.00 | 27200.00 |
| 5. | തെരുവ് വിളക്ക് | 52663.00 | 229541.00 | 136747.00 | 138747.00 |
| 6. | ശുചികരണം ആരോഗ്യം | 66964.00 | 80253.00 | 82762.00 | 82647.00 |
| 7. | സാമൂഹ്യക്ഷേമം | 8272.60 | 20057.00 | 25043.00 | 34050.00 |

ചിലവുതന്നെയാണ്. ഇതിനുകീഴിൽ, പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപണിതീർക്കൽ, ഭവനനിർമ്മാണം ചെറിയ കലുങ്കുകളുടെ നിർമാണം തുടങ്ങിയവ ഉൾപ്പെടുന്നു. ഗ്രാമസഭകളിൽ പൊന്തിവന്നിട്ടുള്ള ആവശ്യങ്ങളും മറ്റും പരിശോധിക്കുമ്പോൾ, ഈ ഇനത്തിൽ ഇനിയും കുടുതൽ സംഖ്യ ഉൾപ്പെടുത്തേണ്ടി യിരിക്കുന്നു എന്നു കാണാം.

തെരുവുവിളക്കുകളുടെ ആവശ്യത്തിലേക്കായി നല്ല ഒരു സംഖ്യ ചിലവഴിക്കുന്നുണ്ട്. തെരുവു വിളക്കുൾക്കായ് ഒരു വർഷം 151,164 രൂപ ചെലവഴിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ ഏറെക്കുറെ എല്ലാവാർഡിലെ ഗ്രാമ സഭകളിലും പൊന്തിവന്ന വലിയ പരാതി തെരുവുവിള ക്കുകൾ കത്തുന്നില്ല എന്നതാണ്. സ്ഥാപിക്കപ്പെട്ട എല്ലാ തെരുവുവിളക്കുകൾക്കും കറൻറ് ചാർജ്ജ് അടക്കു ന്നുണ്ട്. ഫ്യൂസ് ആയിപ്പോയ ബൾബുകൾക്ക് പകരം ബൾബ് വെക്കാതെയും വരുന്ന കേടുപാടുകൾ തക്കസമയത്ത് പരിഹരിക്കാതെയും ആണ് ഈ പരാതിക്ക് ഇടവരുന്നത്.

തെരുവ് വിളക്കായി വെക്കുന്ന ബൾബുകൾ തരം താണതാണ് ഇതിനു പ്രധാന കാരണം എന്ന ഗ്രാമസഭകളിൽ പരാതി ഉയർന്നിട്ടുണ്ട്. ഭീമമായ തുക ചിലവഴിച്ചിട്ടും ജനങ്ങളിൽ പരാതി മാത്രം ബാക്കി നിൽക്കുന്നു. ഈ അവസ്ഥ ഒഴിവാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് ഉപയോഗിക്കുന്ന വൈദ്യുതിയുടെ യഥാർത്ഥ കണക്ക് അതതു കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുകളിൽ നിന്ന് ലഭിക്കും. ഇത് കൃത്യമായി മനസ്സിലാക്കിയശേഷം മാത്രം കറൻറ് ചാർജ്ജ് അടക്കുന്ന ഒരു സംവിധാനം ഏർപ്പെടുത്തുന്നപക്ഷം കത്താത്ത വിളക്കിന് കറൻറ് ചാർജ്ജ് അടക്കാതെ കഴിക്കാം.

ശുചീകരണത്തെ സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പരാതികൾ പരിഹരിക്കുവാൻ ഇനിയും കൂടുതൽ തുക ചെലവാക്കേണ്ടിവരും.

നിലവിലുള്ള ചിലവിനങ്ങൾക്കുപുറമെ വിവിധ പെൻഷനുകൾ അയക്കേണ്ട ചുമതലകൂടി പഞ്ചായ ത്തുകൾക്ക് വന്നിരിക്കുന്നു. ഇതിൻെറ പ്രക്രിയ മുഴുവനായിട്ടില്ല എന്നിരുന്നാലും ഏകദേശ കണക്കുവെച്ച് നോക്കുമ്പോൾ ഈ ഇനത്തിൽ ഒരു ലക്ഷം രൂപയോളം വർഷംതോറും വേണ്ടിവരും എന്ന് കാണാം.

കേരളസർക്കാറിൻെറ പുതിയനയം അനുസരിച്ച് ഓരോ പഞ്ചായത്തിലും ഒരു വൺമാൻ ട്രഷറി അനുവദിക്കുവാൻ തീരുമാനമുണ്ട്. പഞ്ചായത്തിൻെറ അപേക്ഷ വരുന്ന മുറക്ക് ഇതിനു സർക്കാർ അനുമതി തരുന്നതാണ്. ഇങ്ങനെ ഒരു വൺമാൻ ട്രഷറി നമ്മുടെ പഞ്ചായത്തിലും വരുന്നപക്ഷം ഈ പെൻഷനുകൾ ആ ട്രഷറി വഴി വിതരണം ചെയ്യാവുന്നതും അതുവഴി ഭാരിച്ച മണിയോർഡർ കമ്മീഷൻ തുക ലാഭിക്കാവുന്നതുമാണ്.

പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടക്കുന്ന വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ കുറിച്ച് ഗ്രാമ സഭകളിൽ പരാതികൾ ഉയർന്നിട്ടുണ്ടെന്ന വസ്തുത മാററി നിർത്തികൊണ്ട് പരിശോധിക്കുമ്പോൾ നേരിയ ഒരു സംഖ്യ നീക്കി ബാക്കി വരുന്നുണ്ട് എന്ന് കാണാം. കൂടുതൽ ആവശ്യങ്ങൾ നിറവേററുവാൻ കൂടുതൽ വരുമാനം ഉണ്ടാക്കിയും ഒഴിവാക്കാവുന്ന ചെലവുകൾ ചുരുക്കിയും ധനവിഭവം സമാഹരിക്കേണ്ടിയിരിക്കുന്നു.





എന്റെ ജീവിതമാണ്
എന്റെ സന്ദേശം.

M.K.Gandhi

# 6 ഉപസംഹാരം

സ്വാതന്ത്ര്യലബ്ധിക്കുശേഷം നാളിതുവരെ നടന്നിട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് ഭൂരിപക്ഷം ജനങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്താനായിട്ടില്ല. ഇതിനു പ്രധാന കാരണം ജനങ്ങളുടെ അടിയന്തിരവും പ്രാഥമികവുമായ ആവശ്യങ്ങൾ എന്തെന്ന് അവരോട് അന്വേഷിക്കാത്തതും പദ്ധതികളുടെ നടത്തിപ്പിൽ ജനങ്ങളുടെ പങ്കാളിത്തവും മേൽനോട്ടവും ഉറപ്പുവരുത്താത്തതും ആയിരുന്നു. ഇതിനൊരു പരിഹാരമെന്ന നിലയിൽ ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യത്തിന്റെ പുറകിൽ നമ്മുടെ പഞ്ചായത്തും അണിചേർന്നിരിക്കയാണ്.

രാജ്യം പൊതുവിൽ നേരിടുന്നതും നമ്മുടെ സംസ്ഥാനം പ്രത്യേകിച്ചും നേരിടുന്ന വിവിധ പ്രശ്നങ്ങളുമായി അഭേദ്യമായ ബന്ധം ഉള്ളവതന്നെയാണ് നമ്മുടെ പഞ്ചായത്തും നേരിടുന്നത് എന്ന് ഈ റിപ്പോർട്ടിൽ കൂടി ഒന്ന് കണ്ണോടിച്ചാൽ കാണാൻ കഴിയും. ഈ വെല്ലുവിളികളെ നേരിടുവാൻ മുൻകാല പ്രവർത്തനങ്ങളെ വിമർശനബുദ്ധ്യാ വിലയിരുത്തുന്നതോടൊപ്പം കൂടുതൽ ജനപങ്കാളിത്തത്തോടെ ഇതിനെ അതിജീവിയ്ക്കാനുള്ള കർമ്മപദ്ധതികൾക്ക് രൂപം നൽകുകയും വേണം. രാജ്യപുരോഗതിയിൽ തങ്ങളുടെ അവകാശം സ്ഥാപിച്ചെടുക്കാനുള്ള വ്യഗ്രതയോടൊപ്പംതന്നെ രാഷ്ട്രീയ, ജാതി മത ചിന്തകൾക്കതീതമായി രാജ്യപുരോഗതിയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ ഓരോ പൗരനും കടമയുണ്ട്.

നമ്മൾ നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ ഉടനടി സാധിക്കുകയില്ല, എന്നിരുന്നാലും ജനകീയ അടിത്തറയിൽ നിന്നുകൊണ്ട് ഘട്ടംഘട്ടമായി പരിഹരിക്കാൻ കഴിയും എന്നുള്ള ശുഭാപ്തി വിശ്വാസം നമുക്കുണ്ട്.

പന്ത്രണ്ടു വാർഡുകളിലെയും ഗ്രാമസഭകളിൽ പൊന്തിവന്നിട്ടുള്ള പ്രശ്നങ്ങളും ആവശ്യങ്ങളും ലഭ്യമായ ദ്വിതീയ വിവരക്കണക്കുകളുടെ അടിസ്ഥാനത്തിലും ആണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ചുരുങ്ങിയ സമയവും സൗകര്യവുംകൊണ്ട് ഉണ്ടാക്കിയിട്ടുള്ള ഈ റിപ്പോർട്ട് അതുകൊണ്ടുതന്നെ, പൂർണ്ണമാണെന്ന് അവകാശപ്പെടാൻ കഴിയില്ലെന്നു പറയട്ടെ.

മേൽപ്പറഞ്ഞ പ്രകാരം തയ്യാറാക്കിയിട്ടുള്ള ഈ റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിച്ച് ഇത് സംപുഷ്ടമാക്കണമെന്ന് ഏവരോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

നാടിന്റെ പുരോഗതിയിൽ പങ്കാളികളാകുവാൻ കിട്ടിയ ഈ സുവർണ്ണാവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ തുടർന്നുള്ള പ്രവർത്തനങ്ങളിൽ ഏവരും മുന്നോട്ടുവരണമെന്നഭ്യർത്ഥിച്ചുകൊണ്ടും ഈ ഉദ്യമത്തിന് പഞ്ചായത്തുസമിതിയെ സഹായിച്ച എല്ലാവരോടും ഹൃദയം നിറഞ്ഞ നന്ദിയും രേഖപ്പെടുത്തുന്നു.

എ. ശെൽവം
പ്രസിഡണ്ട്
നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്